**നിയമനിർമ്മാണകാര്യം**

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ.

(ii) 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ.

(iii) 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ.

(iv) 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ

(v) 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(2) 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

**ക്രമപ്രശ്നം**

<u>നിരാകരണപ്രമേയത്തിന് അവസരം നിഷേധിക്കൽ</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ഇന്നിവിടെ ചർച്ചയ്ക്കുവരുന്ന 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ, 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ, 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില

കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ എന്നീ നാല് ബില്ലുകൾ നിലവിൽ ഓർഡിനൻസുകളാണ്. ആ ഓർഡിനൻസുകൾ പല തവണ ദീർഘിപ്പിച്ചിട്ടുമുണ്ട്. ഓർഡിനൻസുകൾക്ക് പകരമായി ബിൽ വരുമ്പോൾ സാധാരണ ഓർഡിനൻസ് നിരാകരണപ്രമേയത്തിന് അംഗങ്ങൾക്ക് അനുവാദമുണ്ടാകാറുണ്ട്. എന്നാൽ ഓർഡിനൻസ് നിരാകരണത്തിനുള്ള അവസരം നിഷേധിച്ചത് 6 ബില്ലുകൾ ഒരു ദിവസം ചർച്ച ചെയ്യുന്നതുകൊണ്ടായിരിക്കാം. എന്നാൽ അതിന് പറയുന്നകാരണം ബില്ലുകളെല്ലാം ഈ മാസം 08-ാം തീയതി ലാപ്സായിപ്പോയിയെന്നും ആ ഓർഡിനൻസ് പ്രാബല്യത്തിലില്ലെന്നും അതിന് നിരാകരണം വേണ്ടായെന്നുമാണ്. പക്ഷേ ആ ഓർഡിനൻസിലെ അതേ വ്യവസ്ഥകൾക്ക് പരിരക്ഷ നൽകാനാണ് ഈ ബിൽ. ആ ഓർഡിനൻസ് എന്നാണോ തുടങ്ങിയത് അന്നുമുതൽ ചെയ്ത ആക്ടുകൾക്കെല്ലാം പരിരക്ഷ വേണമെന്ന് ഈ ബില്ലിൽ പറയുന്നുമുണ്ട്. ആ സാഹചര്യത്തിൽ ഓർഡിനൻസ് നിരാകരണത്തിനുള്ള അവസരം അംഗങ്ങൾക്ക് നിഷേധിച്ചത് സഭയുടെ കീഴ്വഴക്കങ്ങൾക്ക് വിരുദ്ധമാണ്. ഈ കാര്യം പരിഗണിച്ച് ഓർഡിനൻസ്

നിരാകരണത്തിനുള്ള അവസരംകൂടി നൽകണമെന്ന് ഞാൻ ഈ ക്രമപ്രശ്നത്തിലൂടെ അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇവിടെ ഉന്നയിച്ച ക്രമപ്രശ്നം വസ്തുതാപരമല്ല. അദ്ദേഹം പറഞ്ഞൊരു ഭാഗം നിലവിൽ ഇവയെല്ലാം ഓർഡിനൻസുകളാണെന്നാണ്. അത് വസ്തുതാപരമായി തെറ്റാണ്. ഒന്നും ഇപ്പോൾ ഓർഡിനൻസുകളല്ല. രണ്ടാമതായി ഇത് ഓർഡിനൻസിന് പകരമുള്ള ബിൽ അല്ല, പുതിയ ബില്ലുകളാണ്. നിയമനിർമ്മാണം നടത്തുമ്പോൾ, ആ നിയമനിർമ്മാണ പ്രക്രിയയിൽ ഏത് ദിവസം മുതൽ റെട്രോസ്പെക്ടീവ് ഇഫക്ട് നൽകാനും ആ നിയമത്തിലൂടെ സഭയ്ക്ക് അധികാരമുണ്ട്. എന്തുകൊണ്ട് ആ തീയതി റെട്രോസ്പെക്ടീവ് ഇഫക്ടിന് ബാധകമാക്കുന്നുവെന്നത് സംബന്ധിച്ച് ന്യായീകരണമുണ്ടാകും. എന്താണ് ഈ തീയതിയുടെ ലോജിക് എന്നതിനൊരു കാരണമുണ്ട്. കാരണം നമ്മുടെ സംസ്ഥാനത്ത് ഇങ്ങനെയൊരു നിയമം നിലനിന്നിരുന്നു. അത് ഓർഡിനൻസാകാം, ആക്ടാകാം. സ്വാഭാവികമായും ഒരു നിയമം നിലനിന്ന കാലഘട്ടത്തിൽ ആ നിയമത്തിനനുസൃതമായ നടപടികളെടുക്കാൻ നിയമപരമായി

എക്സിക്യൂട്ടീവിന് അധികാരമുണ്ട്. അങ്ങനെയെടുത്ത കാര്യങ്ങൾ നമുക്ക് റദ്ദാക്കാൻ കഴിയില്ല. അതുകൊണ്ട് സ്വാഭാവികമായും അങ്ങനെയൊരു clause പുതിയ ബില്ലിന്റെ ഭാഗമായി ഉൾപ്പെടുത്താം. അത് പല കോടതി വിധികളിലുമുണ്ട്. ഇന്നലെ ഈ ഓർഡിനൻസ് ചോദ്യംചെയ്ത ഒരു കേസിനകത്ത് ഹൈക്കോടതി infructuous ആണെന്ന് പറഞ്ഞു. കാരണം ആ ഓർഡിനൻസേയില്ല, അതുകൊണ്ട് നിയമപരമായ പ്രശ്നമേ നിലനിൽക്കില്ലായെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഇന്നലെ പറയുകയുണ്ടായി. നമ്മുടെ കീഴ്വഴക്കങ്ങളിലും അങ്ങനെതന്നെയാണ്. അതുകൊണ്ട് ഇത് ഓർഡിനൻസിന് പകരമുള്ള ബിൽ അല്ല; നിലവിൽ ഓർഡിനൻസുകളില്ല, പുതിയ ബില്ലുകളാണെല്ലാം അവതരിപ്പിക്കുന്നത്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ഓർഡർ..... ഓർഡർ..... ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2022-ലെ കേരള സഹകരണസംഘ (രണ്ടാം ഭേദഗതി) ബിൽ, 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ, 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും

സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ, 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ ആണെങ്കിൽക്കൂടി പ്രസ്തുത ഓർഡിനൻസുകൾ യഥാസമയം റീപ്രൊമൽഗേഷൻ നടത്താത്തതുമൂലം കാലഹരണപ്പെടുകയും അവയ്ക്കുപകരമുള്ള ബില്ലുകൾ പരിഗണിക്കുന്ന വേളയിൽ ഓർഡിനൻസ് നിരാകരണപ്രമേയം അവതരിപ്പിക്കാനുള്ള അവകാശം അംഗങ്ങൾക്ക് നഷ്ടപ്പെടുകയും ചെയ്തതിനെതിരെയാണ് ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ ക്രമപ്രശ്നം ഉന്നയിച്ചത്.

ഇക്കാര്യത്തിൽ യഥാർത്ഥത്തിൽ സംഭവിച്ച കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി. അതിനുപരിയായി എന്തെങ്കിലും ഇക്കാര്യത്തിൽ ചെയറിൽനിന്നും റൂൾ ചെയ്യേണ്ട കാര്യമുണ്ടെന്ന് കാണുന്നില്ല. നിയമസഭാ നടപടി ചട്ടം പ്രകാരം നിലവിലില്ലാത്ത അഥവാ ലാപ്സായ ഒരു ഓർഡിനൻസിനെ നിരാകരിക്കുവാനുള്ള ഒരു ഉപക്ഷേപം അവതരിപ്പിക്കുവാനോ അതിന്മേലുള്ള അനന്തരഘട്ടങ്ങളിലേയ്ക്ക് കടക്കുവാനോ കഴിയുകയില്ല. ഇന്ന് സഭയിൽ അവതരിപ്പിക്കുന്ന 6

ബില്ലുകളിൽ 5 എണ്ണവും നിലവിലുണ്ടായിരുന്ന ഓർഡിനൻസുകളുടെ വ്യവസ്ഥകൾക്ക് തുടർപ്രാബല്യം നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള നിയമ നിർമ്മാണം ആണെങ്കിൽപ്പോലും പ്രസ്തുത ഓർഡിനൻസുകൾ ലാപ്സായ സാഹചര്യത്തിൽ ഓർഡിനൻസിന് പകരമുള്ള ബില്ലുകളായല്ല അവ സഭയ്ക്കുമുമ്പാകെ വന്നിട്ടുള്ളത്. അതുകൊണ്ടുതന്നെ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

(i) <u>2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ</u>

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി <u>(ശ്രീ. വി. എൻ. വാസവൻ):</u> 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

**ക്രമപ്രശ്നം**

<u>ബില്ലിലെ അപാകത</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഈ നിയമം വന്നതിനുശേഷം രണ്ട് വർഷത്തിനുള്ളിൽ അതാത് ജില്ലാ ബാങ്കുകൾ അവരുടെ ജനറൽ ബോഡികൂടി ഇത് പാസ്സാക്കണമെന്നുള്ളതിന് പകരം കോടതിയിലെ കേസിൽ സ്റ്റേയുള്ളതുകൊണ്ട് രണ്ട് വർഷമെന്നത് മൂന്ന് വർഷമാക്കി

മാറ്റാനാണ് ഇപ്പോൾ ഭേദഗതി വരുത്തുന്നത്. എത്ര നിരുത്തരവാദപരമായിട്ടാണ്..... ഇതിന്റെ മറ്റ് വശത്തിലേയ്ക്ക് വരുന്നില്ല. കാരണം മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ മാത്രം ലക്ഷ്യമിട്ടിട്ടാണ് ഈ ഭേദഗതിയെന്ന് നമുക്കെല്ലാം അറിയാം. അതിന്റെ പൊളിറ്റിക്സിലേയ്ക്ക് ഞാൻ വരുന്നില്ല. നിയമനിർമ്മാണത്തിൽ ഇവിടെ കാണിക്കുന്ന ഉദാസീനതയാണ് ഞാൻ പറയുന്നത്. കോടതിയുടെ സ്റ്റേയുള്ളതുകൊണ്ട് നിങ്ങൾക്ക് രണ്ട് വർഷംകൊണ്ട് പൂർത്തിയാക്കാൻ സാധിച്ചില്ല. ഇപ്പോൾ ചെയ്യുന്നത് രണ്ട് വർഷമെന്നത് മൂന്ന് വർഷമെന്നാക്കി ഭേദഗതി വരുത്തുകയാണ്. മൂന്ന് വർഷത്തിനുള്ളിൽ സ്റ്റേ തീരുമെന്ന് ആരാണ് പറഞ്ഞത്? മൂന്നുവർഷത്തിനിടയിൽ സ്റ്റേ തീർന്നില്ലെങ്കിൽ അടുത്ത നിയമസഭയിൽ നമ്മൾ മൂന്ന് എന്നത് നാലാക്കേണ്ടി വരും. നാല് കൊണ്ടും സ്റ്റേ തീർന്നില്ലെങ്കിൽ നാല് എന്നത് അഞ്ചാക്കേണ്ടി വരും. ഇത് എത്ര ഉദാസീനമായ സമീപനമാണെന്നതുകൊണ്ട് എനിക്ക് പറയാനുള്ളത്, ഇത് ആവശ്യമില്ലാത്തൊരു നിയമനിർമ്മാണമാണ്. കാരണം രണ്ട് വർഷത്തിനുള്ളിൽ നിങ്ങൾക്ക് തീർക്കാൻ കഴിയാതെ പോയത് കോടതിയുടെ ഇടപെടലുള്ളതുകൊണ്ടാണ്. അതിനെക്കുറിച്ച് ഞാൻ

പറഞ്ഞുതരേണ്ട കാര്യമില്ല. ആ ന്യായംകൊണ്ട് രണ്ട് വർഷം തീർത്തില്ലെങ്കിലും പ്രശ്നമില്ല. ഭേദഗതി കൊണ്ടുവരേണ്ടത് ഇങ്ങനെയല്ല. കോടതി നടപടികളുണ്ടാകുമ്പോൾ ഈ രണ്ട് വർഷം ബാധകമല്ലെന്ന് പറഞ്ഞൊരു ഭേദഗതിയാണ് കൊണ്ടുവരേണ്ടത്. അപ്പോൾ എത്ര വർഷം നീണ്ടുപോയാലും ആ ഭേദഗതിയുടെ മേൽ പിടിക്കാം. വളരെ നിരുത്തരവാദപരമായ ആവശ്യമില്ലാത്തൊരു ഭേദഗതിയാകുകയാൽ ഇതിന് അനുമതി നൽകരുതെന്നാണ് എന്റെ വാദം.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ബഹുമാനപ്പെട്ട മെമ്പറുടെ ക്രമപ്രശ്നം ശരിയല്ല. ബഹുമാനപ്പെട്ട കോടതി, ഈ കാര്യത്തിലുണ്ടായിരുന്ന status quo മെയിന്റയിൽ ചെയ്യണമെന്ന് പറഞ്ഞ് നൽകിയിരുന്ന ഉത്തരവുകളെല്ലാം തീർന്നിരിക്കുന്നു. ഇപ്പോൾ കോടതി മുമ്പാകെ ഒരു കേസ്സും നിലവിലില്ല. ഇതുസംബന്ധിച്ച നടപടിക്രമങ്ങളുമായി മുന്നോട്ടുപോകാൻ കോടതി അനുമതി നൽകിയിരുന്നു. ഇനി ആർ.ബി.ഐ.-യുടെ ലൈസൻസ് കിട്ടുകയാണ് വേണ്ടത്. കോടതിയിൽ കേസ് നിലനിൽക്കുമ്പോൾ ആർ.ബി.ഐ.-യുടെ ലൈസൻസ് നൽകില്ല. കോടതി അത് കഴിഞ്ഞിരിക്കുന്നുവെന്ന വിവരം

അറിയിച്ചിരിക്കുന്നു. അത് കിട്ടുന്ന ഉടൻതന്നെ ഈ കാര്യത്തിൽ ലയനപ്രക്രിയയിലേയ്ക്ക് നീങ്ങും. ഇതാണ് ഇതിന്റെ അടിസ്ഥാനം. കോടതിയിൽ ഇപ്പോഴും സ്റ്റേ നിൽക്കുന്നുവെന്ന് പറഞ്ഞത് അദ്ദേഹം തെറ്റിദ്ധരിച്ചതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സ്റ്റേ നിലനിൽക്കുന്നുവെന്ന് ബില്ലിൽത്തന്നെ പറയുന്നുണ്ട്. (......മൈക്ക് ഓഫ്.....)

ശ്രീ. വി. എൻ. വാസവൻ: സർ, അതുണ്ടായിരുന്നതുകൊണ്ടാണ് താമസിച്ചതെന്ന് പറയുകയായിരുന്നു. ഇപ്പോൾ കോടതിയിലെ കേസിലെ സ്റ്റേ വെക്കേറ്റ് ചെയ്തിരിക്കുന്നു. ഇനി ആർ.ബി.ഐ.-യുടെ പെർമിഷൻ കിട്ടിയാലുടൻതന്നെ ലയനപ്രക്രിയ നടക്കും. അതുകൊണ്ട് ഒരു വർഷക്കാലത്തേയ്ക്ക് നീട്ടണമെന്നുമാത്രമുള്ളതാണ് ഈ ബില്ലിലെ ആകെ ഭേദഗതി.

**റൂളിംഗ്**

മി. സ്പീക്കർ: 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബില്ലിലെ വ്യവസ്ഥകൾ ഭരണഘടനാ വിരുദ്ധവും നിയമനിർമ്മാണ തത്വങ്ങൾക്ക് നിരക്കാത്തതും സ്വാഭാവിക നീതിയുടെ

ലംഘനവുമാണെന്നാണ് ശ്രീ. എൻ. ഷംസുദ്ദീൻ തടസ്സവാദം ഉന്നയിച്ചിരിക്കുന്നത്.

ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി അതുസംബന്ധിച്ച വിശദീകരണം നൽകികഴിഞ്ഞിട്ടുണ്ട്. സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളിൽ കടന്നുകൂടിയിട്ടുള്ളതായി പറയപ്പെടുന്ന ഇത്തരം അപാകതകൾ വിശദമായി പരിഗണിച്ച് പരിഹാരം കാണുന്നതിനാണ് ബില്ലിന്മേലുള്ള പൊതുചർച്ച, സബ്ജക്ട് കമ്മിറ്റി/സെലക്ട് കമ്മിറ്റി തലത്തിലുള്ള പരിശോധന, വീണ്ടും അതിനുശേഷമുള്ള പൊതുചർച്ച, ഏറ്റവും ഒടുവിലായി വിശദമായ വകുപ്പുതിരിച്ചുള്ള പരിശോധന എന്നീ ക്രമത്തിൽ നമ്മുടെ നിയമനിർമ്മാണ നടപടിക്രമം ചിട്ടപ്പെടുത്തിയിരിക്കുന്നത്.

സഭയ്ക്ക് സമ്പൂർണ്ണ നിയമനിർമ്മാണാധികാരം ഭരണഘടന പ്രകാരം ലഭ്യമായിട്ടുള്ള ഒരു വിഷയത്തിന്മേലുള്ള ഈ ബില്ലിന്റെ അവതരണ ഘട്ടത്തിൽതന്നെ ഉന്നയിച്ചിരിക്കുന്ന തടസ്സവാദങ്ങൾക്ക് യാതൊരു അടിസ്ഥാനവും ഇല്ലെന്നാണ് കാണുന്നത്. ബില്ലിൽ ഏതെങ്കിലും തരത്തിലുള്ള അപാകതകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അത്

പരിശോധിക്കുവാനും പരിഹരിക്കുവാനുമുള്ള അവസരം അംഗങ്ങൾക്ക് ലഭ്യമാകുന്നതാണ്. അതുകൊണ്ടുതന്നെ തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എൻ. വാസവൻ: സർ, പ്രസ്തുത ബില്ലുമായി ബന്ധപ്പെട്ട വിശദാംശങ്ങളെക്കുറിച്ചെല്ലാം 2021-ൽ സുദീർഘമായ ചർച്ച നടത്തി പാസ്സാക്കിയതാണ്. സംയോജന നടപടികൾ പൂർത്തിയാക്കാനുള്ള കാലാവധി ഒരുവർഷത്തേയ്ക്കുകൂടി നീട്ടുന്നതിനുള്ള ഭേദഗതിയാണിത്. അത്

ആർ.ബി.ഐ.-യുടെ പെർമിഷൻ ലഭിക്കുന്ന മുറയ്ക്ക് കൃത്യമായി നടത്തുന്നതിനുവേണ്ടിയുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചുവരികയാണ്. മറ്റ് 13 ജില്ലാ ബാങ്കുകളും 14 (എ) അനുസരിച്ചുള്ള പ്രമേയം പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിലാണ് അന്ന് ലയനപ്രക്രിയ പൂർത്തീകരിച്ച് ഏതാണ്ട് 2019-ൽ കേരള ബാങ്ക് എന്ന ആശയം നിലവിൽവന്നത്. അതിനുശേഷം 769 ബ്രാഞ്ചുകൾക്കും ആർ.ബി.ഐ. ലൈസൻസ് ലഭിച്ചു. ഇപ്പോൾ ബാങ്കിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. അന്ന് മലപ്പുറം ജില്ലാ സഹകരണ ബാങ്ക് കോടതിയിൽ പോയപ്പോൾ സിംഗിൾ ബഞ്ച് അനുകൂലമായി വിധിച്ചു. ഡിവിഷൻ ബഞ്ച് സ്റ്റാറ്റസ്-കോ ഓർഡർ പുറപ്പെടുവിച്ചു. അത്തരമൊരു സാഹചര്യം വന്നതുകൊണ്ടാണ് കാലതാമസമുണ്ടായത്. ഇപ്പോൾ അത് പരിഹരിക്കപ്പെട്ടിരിക്കുന്നു. ആർ.ബി.ഐ.-യുടെ പെർമിഷൻ ലഭിച്ചാലുടൻതന്നെ ലയനപ്രക്രിയ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. അതുകൊണ്ടുതന്നെ വിശദമായ പ്രസംഗത്തിന് പ്രസക്തിയില്ല.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി

26-08-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിന്റെ സാമൂഹിക പുരോഗതിക്ക് ഏറ്റവും പ്രധാനപ്പെട്ട പങ്കുവഹിച്ചത് സഹകരണ പ്രസ്ഥാനങ്ങളാണ്. കേരളം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് എന്തുകൊണ്ട് വ്യത്യസ്തമായി എന്ന ചോദ്യത്തിന്റെ ഉത്തരം കേരളത്തിൽനിന്നും നിരവധി ആളുകൾ ഗൾഫ് രാജ്യങ്ങളിൽപോയി സമ്പാദിച്ച് അവർ നാട്ടിലേയ്ക്ക് പണമയച്ച് കൊടുക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ സാമൂഹിക പുരോഗതിയുണ്ടായിയെന്നതാണ്. ആ സാമൂഹിക പുരോഗതിക്ക് വഴിതെളിച്ച മറ്റൊരു പ്രധാന ഘടകം സഹകരണ പ്രസ്ഥാനങ്ങളാണ്. കേരളത്തിന്റെ സാമൂഹിക മാറ്റത്തിന് സഹകരണ പ്രസ്ഥാനം വഹിച്ച പങ്കിനെ സംബന്ധിച്ച് സഭയ്ക്കകത്തിരിക്കുന്ന അംഗങ്ങളാരും തന്നെ വ്യത്യസ്ത അഭിപ്രായം രേഖപ്പെടുത്തുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എല്ലാവരും അംഗീകരിക്കുന്ന കാര്യമാണത്. കേരളത്തിലെ സഹകരണ പ്രസ്ഥാനം ത്രീ ടയർ സിസ്റ്റമായിരുന്നുവെന്ന് എല്ലാവർക്കുമറിയാം. കേരളത്തിലെ സഹകരണ ബാങ്കുകൾ ത്രീ ടയർ സിസ്റ്റത്തിൽനിന്നും ടൂ ടയർ സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ 13 ജില്ലകളും

ആ പൊതുധാരയ്ക്കൊപ്പം ഒഴുകി. പക്ഷെ ഒരു ജില്ല മാത്രം അതിനോടൊപ്പം കൂടിയില്ല. അത് ശരിയാണോയെന്ന് ആ ജില്ലാ സഹകരണ ബാങ്കിന് നേതൃത്വം കൊടുക്കുന്ന ആളുകളാണ് ചിന്തിക്കേണ്ടത്.

മി. സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ, ഒരു മിനിട്ട്... ഒരു ദിവസം ആറ് ബില്ലുകൾ സഭയിൽ എടുക്കേണ്ടിവരുന്ന സാഹചര്യത്തെ സംബന്ധിച്ച് നേരത്തെ ഇവിടെ വിശദീകരിച്ചതാണ്. അസാധാരണമായ സാഹചര്യത്തിലാണ് നമുക്ക് ഇത്തരത്തിൽ ആറ് ബില്ലുകൾ പരിഗണനയ്ക്കെടുക്കേണ്ടി വന്നിട്ടുള്ളത്. അതുകൊണ്ട് സമയക്ലിപ്തതയുടെ കാര്യത്തിൽ ഒരു ആത്മനിയന്ത്രണം ബഹുമാനപ്പെട്ട അംഗങ്ങൾ പാലിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, ബഹു. ചെയർ ആദ്യംതന്നെ ഇങ്ങനെയൊരു റൂളിംഗ് നൽകുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. ഏതായാലും ബഹുമാനപ്പെട്ട ചെയറിന്റെ നിർദ്ദേശത്തെ പൂർണ്ണമായും അംഗീകരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ പരമാവധി ശ്രമിക്കാം.

കേരളത്തിലെ സഹകരണ ബാങ്കുകൾ ടൂ ടയർ സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ മലപ്പുറം ജില്ലാ സഹകരണ ബാങ്ക് മാത്രം ഇതിൽനിന്നും മാറി

സഞ്ചരിക്കുകയാണ്. അത്തരമൊരു സമീപനം മലപ്പുറം ജില്ലാ ബാങ്ക് സ്വീകരിക്കണോ; സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന ഘട്ടത്തിൽ മുസ്ലീംലീഗിന്റെ ബഹുമാന്യനായ നേതാവ് പി. കെ. കുഞ്ഞാലിക്കുട്ടിയുടെ പ്രസംഗം ഞാൻ വളരെ ശ്രദ്ധാപൂർവ്വം ശ്രവിച്ചു. അദ്ദേഹം പ്രസംഗത്തിൽ പറഞ്ഞത് ചില നാട്ടുരാജാക്കന്മാർ ബ്രിട്ടീഷുകാരെ സേവിച്ചിരുന്നുവെന്നാണ്. അതിന് സമാനമായി കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ ദേശീയതലത്തിൽ ബി.ജെ.പി. സർക്കാർ ശ്രമിക്കുമ്പോൾ അവരുടെ കയ്യിലെ ആയുധമായി മലപ്പുറം ജില്ലാ സഹകരണ ബാങ്ക് മാറണോയെന്ന ചോദ്യമാണ് ഞാനിവിടെ ഉന്നയിക്കുന്നത്. പൊതുധാരയ്ക്കൊപ്പം സഞ്ചരിക്കാൻ അവരും തയ്യാറാകണം. ബ്രിട്ടീഷുകാർ ഇന്ത്യയെ അടിമപ്പെടുത്തുന്ന സമയത്ത് എപ്രകാരമാണോ നാട്ടുരാജാക്കന്മാർ കൂടെനിന്നത് അതിന് സമാനമായ ഒരു സാഹചര്യം സംസ്ഥാനത്തും കേരള ബാങ്ക് രൂപീകരിക്കപ്പെടുന്ന ഘട്ടത്തിലുണ്ടായിയെന്നത് നിരാശജനകമാണ്. പതിമൂന്ന് ജില്ലാ ബാങ്കുകൾ സഹകരിച്ചു. 14 (എ) വകുപ്പുപ്രകാരം അവരുടെ ജനറൽ ബോഡികൾ റെസല്യൂഷൻ പാസ്സാക്കിയാണ് 29-11-2019-ൽ കേരള ബാങ്ക് രൂപീകരിച്ചത്. ഭാവിയിൽ പി.എസ്.സി. പരീക്ഷയ്ക്ക് ചോദ്യം

വന്നേക്കാം. ഏത് സർക്കാരാണ് കേരള ബാങ്ക് രൂപീകരിച്ചത്? ഉത്തരം- 2016-2021-ലെ പിണാറായി വിജയൻ സർക്കാർ. ആരായിരുന്ന അന്നത്തെ സഹകരണ വകുപ്പുമന്ത്രി? കടകംപള്ളി സുരേന്ദ്രൻ എന്ന് എഴുതിയാൽമാത്രമേ ശരിയുത്തരമാകുകയുള്ളൂ. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് 14 (എ) പ്രകാരമുള്ള റെസല്യൂഷൻ പാസ്സാക്കിയില്ല. ഞങ്ങൾ ഈ പൊതുധാരയ്ക്കൊപ്പം വരില്ല, ഞങ്ങൾ വിഘടിച്ച് നിൽക്കും എന്നത് വിഘടനവാദമാണ്. ആ വിഘടനവാദ സമീപനം മലപ്പുറം ജില്ലാ സഹകരണ ബാങ്ക് സ്വീകരിക്കുന്നത് ശരിയല്ലായെന്നാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ 2021-ൽ ബിൽ പാസ്സാക്കി. ആ ഭേദഗതി ആക്ട് പ്രകാരം ഉപവകുപ്പ് (ia)യുടെ പ്രൊവിഷൻ ചുവടെ ചേർക്കുന്നതുപ്രകാരമാണ്.

" Provided that if the general body of a District Co-operative Bank has not passed the resolution under Section 14A, it shall continue as such for a period of two years from the date of commencement of the Kerala Co-operative Societies (Amendment) Act, 2021 or till the Registrar completes the process under clauses

(a), (b) and (c) of sub-section (1) of section 74H, whichever is earlier;" ;

കേരള ബാങ്ക് രൂപീകരണത്തിനുശേഷം രണ്ട് വർഷം പൂർത്തീകരിക്കുകയാണ്. സ്വാഭാവികമായും രണ്ട് വർഷം പൂർത്തീകരിക്കുന്ന ഘട്ടത്തിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ ലയിപ്പിക്കുന്നതിനുള്ള പ്രോസസ്സുമായി മുന്നോട്ടുപോകാൻ സാധിക്കാത്ത പശ്ചാത്തലത്തിലാണ് സംസ്ഥാന സർക്കാർ ലയനപ്രക്രിയയ്ക്ക് രണ്ട് വർഷമെന്നത് മൂന്ന് വർഷമാക്കണമെന്നുള്ള ഭേദഗതി ബിൽ കൊണ്ടുവരുന്നത്. എന്തിനാണ് പ്രതിപക്ഷനിരയിലെ നിയമത്തെക്കുറിച്ച് പാണ്ഡിത്യമുള്ളവർ ഈ ഭേദഗതിയെ എതിർക്കുന്നത്; കേരള ബാങ്കിൽ മലപ്പുറം ബാങ്ക് ലയിച്ചില്ലെങ്കിൽ മലപ്പുറത്തെ പാവപ്പെട്ട ജനങ്ങൾക്കാണ് അതിന്റെ നഷ്ടം. മലപ്പുറത്ത് ഒരു മൈക്രോസ്കോപ്പിക് മൈനോറിറ്റി മാത്രമേ സമ്പന്നരുള്ളൂ. ആ മൈക്രോസ്കോപ്പിക് മൈനോറിറ്റിക്കപ്പുറത്ത് വലിയൊരു വിഭാഗം സാധുക്കളാണുള്ളത്. ആ സാധുക്കൾ ആശ്രയിക്കുന്ന മലപ്പുറം ജില്ലാ സഹകരണ ബാങ്ക് പൊതുധാരയ്ക്കൊപ്പം സഞ്ചരിച്ചില്ലെങ്കിൽ അതില്ലാതാകും. പ്രതിപക്ഷനിരയിലെ സുഹൃത്തുക്കളോട് ഞാൻ

വിനയപൂരസരം അഭ്യർത്ഥിക്കുന്നത് നിങ്ങൾ പൊതുധാരയ്ക്കൊപ്പം സഞ്ചരിക്കാൻ മുന്നോട്ടുവരണമെന്നാണ്. 'ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം' എന്ന് പറഞ്ഞതുപോലെ, ഇടതുപക്ഷം ചെയ്തതുകൊണ്ടാണോ നിങ്ങൾ അതിനെ എതിർക്കുന്നത്; ഇടതുപക്ഷ ജനാധിപത്യമുന്നണി കേരള ബാങ്ക് രൂപീകരിച്ചുവെന്നത് വസ്തുതയാണ്. ആന്ധ്രാ ബാങ്ക്, കർണ്ണാടക ബാങ്ക് ഇങ്ങനെ ഓരോ സംസ്ഥാനങ്ങൾക്കകത്തും ഓരോ ബാങ്കുകളുണ്ടെന്നുള്ളത് നിങ്ങൾ ഓർക്കണം. അതുപോലെ, നമ്മുടെ സംസ്ഥാനത്ത് കേരള ബാങ്ക് എന്ന പേരിൽ ഒരു ബാങ്ക് രൂപപ്പെട്ടാൽ അതിന്റെ ദോഷഫലം എന്താണെന്ന് സൂചിപ്പിക്കണ്ടേ; ആ ദോഷഫലം സൂചിപ്പിക്കാതെ പകരം അതിനെ പൂർണ്ണമായും എതിർക്കുന്ന, പൊതുധാരയ്ക്കെതിരെ സഞ്ചരിക്കുന്ന സമീപനം നിർഭാഗ്യവശാൽ യു.ഡി.എഫ്.-ലെ ഏറ്റവും പ്രബല പാർട്ടിയായ മുസ്ലീംലീഗ് സ്വീകരിച്ചുവെന്നത് നിരാശാജനകമാണ്. അത് യു.ഡി.എഫ്.-ന്റെ പൊതു അഭിപ്രായമായിരിക്കാം. പക്ഷെ മുസ്ലീംലീഗ് ഒന്നുമാറ്റി ചിന്തിച്ചാൽ പൊതുധാരയ്ക്കൊപ്പം സഞ്ചരിക്കാം. അങ്ങനെ സഞ്ചരിക്കുമ്പോൾ അതിന്റെ ഗുണം മലപ്പുറത്തെ പാവപ്പെട്ട ജനങ്ങൾക്കാണ് ലഭിക്കുന്നത്. മലപ്പുറമെന്നത് നിങ്ങൾക്ക് thumping majority നൽകുന്ന

ജില്ലയല്ലേ; ഞങ്ങളോട് വെറുപ്പുണ്ടെന്ന് കരുതി, ഏത് കാറ്റിലും കോളിലും യു.ഡി.എഫ്. രാഷ്ട്രീയത്തോടൊപ്പം ഹൃദയം ചേർന്നുനിന്ന ജനങ്ങളെ ദ്രോഹിക്കുന്നതെന്തിനാണ്. രാഷ്ട്രീയമായി ഞങ്ങളെ എതിർത്തോളൂ. അതിനുപകരം അവിടത്തെ ജനങ്ങളെയാകെ ദ്രോഹിക്കുന്ന സമീപനമെന്തിനാണ് നിങ്ങൾ സ്വീകരിക്കുന്നത്. കേരള ബാങ്കിൽ ലയിച്ചപ്പോൾ ഗോൾഡ് ലോണിന്റെയും കാർഷിക വായ്പയുടെയും പലിശ വലിയ രീതിയിൽ കുറഞ്ഞു. ഇങ്ങനെയുള്ള ധാരാളം ഗുണഫലങ്ങൾ മലപ്പുറത്തെ ജനങ്ങൾക്കുകൂടി കിട്ടട്ടെ എന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതിന്റെ ഭാഗമായാണ് ഈയൊരു അമെന്റ്മെന്റ് ബില്ലായി മൂവ് ചെയ്യേണ്ടി വന്നത്. ഇത് വെറും പൊളിറ്റിക്കലാണ്. മലപ്പുറം ജില്ലാ ബാങ്കിലെ അഞ്ഞൂറോളം ജീവനക്കാർക്കിടയിൽ റഫറണ്ടം നടത്തിയാൽ, കേരളാ ബാങ്കിൽ ലയിക്കണമെന്നുള്ളതാണ് അവരുടെ പൊതു അഭിപ്രായമെന്ന് മനസ്സിലാകും. അങ്ങനെയല്ല എന്നുപറയാൻ മുസ്ലീംലീഗ് നേതൃത്വത്തിനും യു.ഡിഎഫ്.-നും കഴിയുമോ? മലപ്പുറം ജില്ലാ ബാങ്കിലെ അഞ്ഞൂറോളം വരുന്ന ജീവനക്കാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെയും കഴിഞ്ഞ മന്ത്രിസഭയിലെ സഹകരണ വകുപ്പുമന്ത്രി

ശ്രീ. കടകംപള്ളി സുരേന്ദ്രനെയും മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയെയും മുസ്ലീംലീഗിന്റെ സമുന്നതനായ നേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെയും കണ്ടു. അവരുടെ പൊതുവികാരം കേരള ബാങ്ക് എന്ന പൊതുധാരയ്ക്കൊപ്പം ഒഴുകണം എന്നാണ്. പക്ഷേ നിർഭാഗ്യവശാൽ, രാഷ്ട്രീയ തീരുമാനത്തിന്റെ ഭാഗമായി ഇടതുപക്ഷ രാഷ്ട്രീയത്തെ എതിർക്കണമെന്നുള്ളതുകൊണ്ടുമാത്രം കേരള ബാങ്കിൽ ലയിക്കില്ല എന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഒരുപക്ഷേ നിങ്ങളിൽ ആർക്കെങ്കിലുമൊരാൾക്ക് പ്രസിഡന്റായിരിക്കാം എന്നതിനപ്പുറത്ത് എന്താണ് നേട്ടം; അവിടത്തെ സാധാരണക്കാരന് എന്ത് ഗുണമാണുള്ളത്? സമ്പന്നർ ലോണെടുക്കുന്നത് വളരെ കുറവല്ലേ. സഹകരണ ബാങ്കുകൾപോലെയുള്ള ബാങ്കുകളിൽനിന്ന് ലോണെടുക്കുന്നത് സാധാരണക്കാരനാണ്. മക്കളുടെ കല്ല്യാണത്തിനും വീടുവയ്ക്കാനും സ്ഥലം വാങ്ങാനും മക്കളുടെ വിദ്യാഭ്യാസത്തിനുമൊക്കെ ലോണെടുക്കുന്നതും അവിടെ ഡെപ്പോസിറ്റ് ചെയ്യുന്നതും സാധാരണക്കാരാണ്. അവിടത്തെ സാധാരണ ജനങ്ങൾക്ക് കിട്ടുന്ന ഗുണത്തെ ഞങ്ങൾ യു.ഡി.എഫ്.-ന്റെ രാഷ്ട്രീയത്തിന് വോട്ട് ചെയ്തു എന്നതുകൊണ്ടുമാത്രം അതിനെ എതിർക്കുന്ന സമീപനം

സ്വീകരിക്കുന്നത് ശരിയാണോ? ഇത് ശക്തമായ രീതിയിൽ ഒരു ക്യാമ്പയിനാക്കി ഉയർത്തിക്കൊണ്ടുവരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. പൊതുധാരയ്ക്കൊപ്പം ഒഴുകാതെ മാറിനിന്നാൽ അതിന്റെ ദോഷമനുഭവിക്കാൻ പോകുന്നത് മലപ്പുറത്തെ ജനങ്ങളാണ്. അത് മനസ്സിലാക്കാൻ അന്ധമായ രാഷ്ട്രീയക്കണ്ണട മാറ്റി കാര്യങ്ങളെ നോക്കാൻ മുസ്ലീം ലീഗ് നേതൃത്വം തയ്യാറാകണം എന്നാണ് സൂചിപ്പിക്കാനുള്ളത്. സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് പറയുമ്പോൾ ഇവിടെ സൂചിപ്പിക്കാനുള്ള കാര്യം, കേരളത്തിൽ ആകെ സഹകരണ ബാങ്കുകളുടെ ഡെപ്പോസിറ്റ് 2.5 ലക്ഷം കോടി രൂപയാണ് എന്നതാണ്. അത് ഇന്ത്യയിൽ ആകെയുള്ള ബാങ്കുകളുടെ ഡെപ്പോസിറ്റുമായി താരതമ്യം ചെയ്യുമ്പോൾ മൊത്തം ഡെപ്പോസിറ്റുകളുടെ 67 ശതമാനവും വരുന്നത് കേരളത്തിലെ സഹകരണ ബാങ്കുകളിലാണ്. കേരളത്തിലേത് സുശക്തമായ ഒരു സഹകരണ പ്രസ്ഥാനമാണ്. ആ സുശക്തമായ സഹകരണ പ്രസ്ഥാനത്തെ തകർക്കുക എന്ന ലക്ഷ്യം പൊളിറ്റിക്കലാണ്. ശ്രീ. അമിത് ഷാ ബി.ജെ.പി.-യുടെ സോഷ്യൽ എഞ്ചിനീയറിംഗിലെ ഏറ്റവും പ്രധാനപ്പെട്ട കക്ഷിയാണ്. അദ്ദേഹത്തെ സഹകരണ വകുപ്പ് ഏൽപ്പിച്ചിരിക്കുന്നത് എന്തിനാണ്. അത്

ഞങ്ങളെ മാത്രം ലക്ഷ്യം വച്ചല്ല. ചില കേന്ദ്രങ്ങളിൽ സഹകരണ പ്രസ്ഥാനം ശക്തമാണ്. ഈ കുത്തിയൊഴുക്കിൽ ഒരു ഭാഗത്ത് പ്രതിപക്ഷംതന്നെ അപ്രത്യക്ഷമാകുന്ന ഘട്ടത്തിലും ചില സംസ്ഥാനങ്ങളിൽ പ്രതിപക്ഷ രാഷ്ട്രീയം പിടിച്ചുനിൽക്കുന്നത് സഹകരണ മൂവ്മെന്റിലൂടെയാണ്. മഹാരാഷ്ട്രയിൽ കോ-ഓപ്പറേറ്റീവ് മേഖലയിൽ ഷുഗർകെയിൻ സെക്ടറുണ്ട്. ഗുജറാത്തിൽ ഒരു പരിധിവരെ പിടിച്ചുനിന്നത് അവിടത്തെ പാലുൽപാദന മേഖലയിലുള്ള സഹകരണ പ്രസ്ഥാനങ്ങളാണ്. ഈ സഹകരണ പ്രസ്ഥാനങ്ങളെ കൈയിലെടുക്കുകയും തകർക്കുകയും ചെയ്യുന്നതിനായി സഹകരണ പ്രസ്ഥാനത്തിൽ കൈവയ്ക്കുക എന്ന ലക്ഷ്യമാണ് ഇപ്പോൾ ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്നത്. അതിനാണ് ശ്രീ. അമിത് ഷായെ സഹകരണ വകുപ്പ് നേരിട്ട് ഏൽപ്പിച്ചിരിക്കുന്നത്. അങ്ങനെ അദ്ദേഹത്തെ ചുമതലപ്പെടുത്തിക്കൊണ്ട് ശ്രീ. അമിത് ഷായിലൂടെ ബി.ജെ.പി. അജണ്ട നടപ്പിലാക്കാൻ സംഘപരിവാർ രാഷ്ട്രീയം ശ്രമിക്കുമ്പോൾ നാം കരുതലോടെ നിൽക്കേണ്ടതല്ലേ? തകർക്കപ്പെടുമ്പോൾ ഇടതുപക്ഷത്തിന്റെ ബാങ്കുകൾ മാത്രമാണോ തകരുന്നത്. ഇടതുപക്ഷത്തെപ്പോലെതന്നെ യു.ഡി.എഫ്.-നും കേരളത്തിൽ ബാങ്കുകളുണ്ടല്ലോ. ഇടതുപക്ഷത്തെയും വലതുപക്ഷത്തെയും

ഒരുപോലെ കടന്നാക്രമിച്ച് കേരളം കീഴ്പ്പെടുത്താൻ ശ്രീ. അമിത് ഷായും ശ്രീ. നരേന്ദ്ര മോദിയും ഓടിയടുക്കുമ്പോൾ അവരുടെ കൈയിൽ നാം ആയുധം വച്ചുകൊടുക്കേണ്ടതുണ്ടോ? ഒരു കാരണവശാലും അവരുടെ കൈയിൽ ആയുധം വച്ചുകൊടുക്കാൻ നാം കൂട്ടുനിൽക്കാൻ പാടില്ല എന്നാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഈ സഹകരണ പ്രസ്ഥാനത്തിന്റെ വിശ്വാസ്യത തകർക്കാൻ വലിയ ശ്രമം നടക്കുകയാണ്. അതിൽ യു.ഡി.എഫ്. ഒരു പക്ഷം ചേരുകയാണ്. കരുവന്നൂർ ബാങ്കാണ് ഇവിടെ ഉയർത്തിക്കാണിക്കുന്നത്. കേരളത്തിലെ എല്ലാ ബാങ്കും കരുവന്നൂർ ബാങ്കാണോ. അവിടെ പോരായ്മകൾ സംഭവിച്ചു എന്നുള്ളത് ഞങ്ങൾ ഉൾക്കൊള്ളുന്നു. അതിന്റെ ഭാഗമായി അവിടെ ക്രമക്കേട് നടത്തിയവർക്കെതിരെ കൃത്യമായി നടപടി സ്വീകരിച്ചിട്ടുണ്ട്. എന്തിനാണ് മീഡിയ കരുവന്നൂർ ബാങ്കിനെ ഫോക്കസ് ചെയ്യുന്നത്. കേരളത്തിലെ സഹകരണ ബാങ്കുകളിൽ ഡെപ്പോസിറ്റുണ്ട്. ചില പത്രങ്ങൾ സഹകരണ പ്രസ്ഥാനങ്ങൾക്കകത്ത് നടക്കുന്ന ചില തെറ്റായതും ഒറ്റപ്പെട്ടതുമായ പ്രവർത്തനങ്ങളെ പർവതീകരിച്ച് അവതരിപ്പിച്ച് ഡെപ്പോസിറ്റ് എറോഷന് ഇടയാക്കുകയാണ്. പല ബാങ്കുകളിൽനിന്നും ആളുകൾ ഡെപ്പോസിറ്റ്

പിൻവലിക്കുകയാണ്. സഹകരണ ബാങ്കുകളിൽ മാത്രമാണോ മാൽപ്രാക്ടീസ് നടക്കുന്നത്. സഹകരണ ബാങ്കുകൾക്കപ്പുറത്ത് നിങ്ങൾ പരിശോധിച്ചാൽ, എത്ര നാഷണലൈസ്ഡ് ബാങ്കുകളിലെ ഡെപ്പോസിറ്റ് പല തരത്തിൽ മാൽപ്രാക്ടീസ് നടക്കുന്നതായി കാണാം. നാഷണലൈസ്ഡ് ബാങ്കുകളിൽനിന്നും പ്രതിദിനം നൂറ് കോടി രൂപയാണ് ലോണായി കൊള്ളയടിക്കപ്പെടുന്നത് എന്ന് കാണാൻ സാധിക്കും. അവ തിരിച്ചടയ്ക്കുന്നുണ്ടോ? കോർപ്പറേറ്റ് പാദസേവയുടെ കാര്യത്തിൽ ബി.ജെ.പി.-യും കോൺഗ്രസും അനിയൻ ബാവയും ചേട്ടൻ ബാവയുമാണ്. രണ്ടുപേരും കോർപ്പറേറ്റുകളെ തരാതരംപോലെ താലോലിച്ചിട്ടുണ്ട്. നിയമത്തിൽനിന്ന് ഒളിച്ചോടുക എന്ന അർത്ഥത്തിൽ fugitive എന്നൊരു വാക്കുണ്ട്. വിജയ് മല്യ, മെഹുൽ ചോക്സി, നീരവ് മോദി തുടങ്ങിയവരെല്ലാം അങ്ങനെ നിയമത്തിൽനിന്ന് ഒളിച്ചോടിയവരാണ്. ഇവരെല്ലാം ലോണെടുത്തത് കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്നല്ല, ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ബഹുരാഷ്ട്ര നാഷണലൈസ്ഡ് ബാങ്കുകളിൽനിന്നാണ്. ഇവർ എടുക്കുന്ന ലോൺ തിരിച്ചടയ്ക്കാതെ ഒളിച്ചോടുകയും മറ്റ് രാജ്യങ്ങളിൽ അഭയം പ്രാപിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടാണ് ഇവിടത്തെ പ്രിന്റ്/വിഷ്വൽ

മീഡിയ ഇത് ഫോക്കസ് ചെയ്യാത്തത്? ഇരുപത്തിയേഴ് നാഷണലൈസ്ഡ് ബാങ്കുകളുണ്ടായിരുന്നത് ഇപ്പോൾ പന്ത്രണ്ടായി ചുരുങ്ങി എന്നുള്ള കാര്യം നിങ്ങളാലോചിക്കണം. പതിനഞ്ചെണ്ണം സ്വകാര്യവൽക്കരിക്കുകയും ചില ബാങ്കുകൾ മെർജ് ചെയ്യുകയും ചെയ്തു. അദാനി ഉൾപ്പെടെയുള്ള കോർപ്പറേറ്റ് ഭീമന്മാർ നാഷണലൈസ്ഡ് ബാങ്കുകളിൽനിന്നും പണം ലൂട്ട് ചെയ്തുകൊണ്ടുപോകുമ്പോൾ അതിനെക്കുറിച്ച് പത്രവാർത്തകൾ കൊടുക്കാൻ, നേതൃത്വം കൊടുക്കാത്തവർ എന്തുകൊണ്ട് സഹകരണ പ്രസ്ഥാനത്തെ മാത്രം ലക്ഷ്യമിട്ട് മുന്നോട്ടുവരുന്നു. കേരളത്തിലെ വിശ്വാസ്യതയാർജ്ജിച്ച സഹകരണ പ്രസ്ഥാനത്തെ തകർക്കുക എന്ന ലക്ഷ്യം ഇതിന്റെ പിന്നിലുണ്ട് എന്നാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

<u>മി. ചെയർമാൻ</u>: ശ്രീ. എ. എൻ. ഷംസീർ, പതിമൂന്ന് മിനിറ്റ് കഴിഞ്ഞു.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, സഹകരണ ഓഡിറ്റിൽ സമഗ്രമായ മാറ്റം വരുത്തിയിട്ടുണ്ട്. സഹകരണ ബാങ്കുകളിൽ ഏതെങ്കിലും തരത്തിൽ തട്ടിപ്പ് നടത്തിയാൽ അത് ക്രിമിനൽ കുറ്റമാക്കി മാറ്റുന്ന പ്രവർത്തനത്തിന് നേതൃത്വം കൊടുത്തിട്ടുണ്ട്. നിക്ഷേപക ഗ്യാരന്റി ബോർഡ് വ്യവസ്ഥയിൽ മാറ്റം വരുത്തി. നേരത്തെ രണ്ട് ലക്ഷം രൂപയാണ് നിക്ഷേപത്തിന്

ഗ്യാരന്റിയുണ്ടായിരുന്നതെങ്കിൽ ഇപ്പോഴത് അഞ്ച് ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. നിക്ഷേപ ഗ്യാരന്റി ബോർഡിലൂടെ നിക്ഷേപങ്ങൾക്ക് കൂടുതൽ സുരക്ഷിതത്വം നൽകുന്നു. അത് കരുവന്നൂർ ബാങ്ക് തട്ടിപ്പിന്റെകൂടി പശ്ചാത്തലത്തിലാണ്. ഇവിടെ അസൂത്രിതമായി കുപ്രചരണങ്ങൾ നടത്തി ഈ സഹകരണ പ്രസ്ഥാനത്തെ അസ്ഥിരപ്പെടുത്താൻ ശ്രമിക്കുന്നതിന്റെ രാഷ്ട്രീയം നമുക്ക് തിരിച്ചറിയാൻ സാധിക്കണം എന്നാണ് സൂചിപ്പിക്കാനുള്ളത്. സഹകരണ ബാങ്കുകൾ നമ്മുടെ നാടിന്റെ സാമൂഹിക മാറ്റത്തിലുണ്ടാക്കിയ സംഭാവന കുറച്ചുകാണിക്കാൻ കഴിയില്ല. കേരളത്തിലാകെ രജിസ്ട്രാറുടെ കീഴിൽ 16112 സഹകരണ സംഘങ്ങളുണ്ട്. ഇതിൽ ഏഴായിരത്തിലധികം ഇതര സംഘങ്ങളാണ്. 1951 നവംബർ 1-ന് കേരളത്തിൽ രൂപപ്പെട്ട 3111 സഹകരണ സംഘങ്ങളിൽനിന്നാണ് ഇപ്പോൾ വർദ്ധനവുണ്ടായിട്ടുള്ളത്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, അർബൻ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ, ജീവനക്കാരുടെ സംഘങ്ങൾ, റൂറൽ ബാങ്കുകൾ എന്നിങ്ങനെ വ്യത്യസ്ത സംഘങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നു. ഇവരെല്ലാം അവരുടേതായ പങ്ക് വഹിക്കുന്നു എന്നാണ് സൂചിപ്പിക്കാനുള്ളത്. PACS (Primary Agricultural Credit

Societies)-ന്റെ നേതൃത്വത്തിൽ കാർഷിക സഹായങ്ങൾ നൽകുന്നുണ്ട്. ഇങ്ങനെ വലിയ രീതിയിലുള്ള സഹായങ്ങൾ സഹകരണ പ്രസ്ഥാനം നൽകുന്നുണ്ട്. വായ്പക്കാർക്ക് പരിരക്ഷ കൊടുക്കുന്നുണ്ട്. റിസ്ക് ഫണ്ടിലൂടെ ഏകദേശം 85936 ഗുണഭോക്താക്കൾക്ക് 638 കോടി രൂപയുടെ ആനുകൂല്യം ലഭിച്ചു. ലോണെടുത്ത ഒരാൾ ഏതെങ്കിലും തരത്തിലുള്ള രോഗം ബാധിച്ച് മരണപ്പെട്ടാൽ റിസ്ക് ഫണ്ടിലുൾപ്പെടുത്തി അവരെ സഹായിക്കുന്നുണ്ട്. മെമ്പർ റിലീഫ് ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ, സഹകാരികൾക്ക് സഹകാരി സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അതുമാത്രമല്ല, യു.ഡി.എഫ്.-ന്റെ കാലത്ത് സാമൂഹ്യക്ഷേമ പെൻഷൻ കൊടുക്കാതെ മാറ്റിവച്ചപ്പോൾ ഇടതുപക്ഷം അധികാരത്തിൽ വന്നതിനുശേഷം അത് കൊടുത്തത് ഈ സഹകരണ ബാങ്കുകളിലൂടെയാണ്. ഇരുപത്തിയൊന്ന് ലക്ഷത്തിലധികം പേർക്കാണ് പെൻഷൻ തുക സഹകരണ സംഘങ്ങൾ നേരിട്ട് വീട്ടിലെത്തിച്ചിട്ടുള്ളത്. നമ്മുടെ നാട് രണ്ട് പ്രളയങ്ങൾ നേരിട്ടപ്പോൾ 'കെയർ ഹോം' പദ്ധതിയിലൂടെ 2091 വീടുകൾ നിർമ്മിച്ച് നൽകിയതും സഹകരണ പ്രസ്ഥാനമാണ്. സഹകരണ പ്രസ്ഥാനം കേരളത്തിന്റെ സാമൂഹിക മാറ്റത്തിൽ വഹിച്ച പങ്ക് നമുക്ക് നിഷേധിക്കാൻ സാധിക്കില്ല.

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ മാത്രം നാൽപത് ഭവനങ്ങളാണ് ഇതിനോടകം നിർമ്മിച്ച് നൽകിയിട്ടുള്ളത്.

മി. ചെയർമാൻ: ശ്രീ. എ. എൻ. ഷംസീർ, അങ്ങ് ചുരുക്കണം.

ശ്രീ. എ. എൻ. ഷംസീർ: സർ, നിർത്താം. One Time Settlement (OTS)-മായി ബന്ധപ്പെട്ട് പലരും ഞങ്ങളെ സമീപിക്കുന്നുണ്ട്. One Time Settlement നടപ്പിലാക്കിയ കണക്ക് സൂചിപ്പിക്കുമ്പോൾ അതിലും വലിയ ഗുണം ലഭിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കാം. കോവിഡ് കാലത്ത് പലിശ തിരിച്ചടയ്ക്കാൻ പറ്റാത്ത പശ്ചാത്തലത്തിൽ One Time Settlement പ്രഖ്യാപിച്ചതിലൂടെ ധാരാളമാളുകൾക്ക് ഇളവ് നൽകാൻ ഈ സർക്കാരിന് കഴിഞ്ഞു. മുറ്റത്തെ മുല്ല, സ്നേഹതീരം വായ്പാ പദ്ധതി തുടങ്ങിയവ കൊണ്ടുവന്നു. തീരദേശ മേഖലയുമായി ബന്ധപ്പെട്ട് ഇന്ന് ഒരു അടിയന്തര പ്രമേയം ഇവിടെ അവതരിപ്പിച്ചു. അവിടെയൊക്കെ വലിയ രീതിയിലുള്ള സഹായങ്ങൾ കൊടുത്തിട്ടുണ്ട്. സഹകരണ ബാങ്കിന്റെ ജൂറിസ്ഡിക്ഷനിൽത്തന്നെ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഉണ്ടാകും. കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ നൽകുന്ന ചികിത്സാ സംവിധാനങ്ങളായ ലബോറട്ടറി അല്ലെങ്കിൽ ഫാർമസി അതെല്ലാമുണ്ടാകും. അവിടെ

സഹകരണ ബാങ്കുകൾ ആരംഭിക്കാൻ പാടില്ല. അത് നമുക്ക് ശക്തമായി നിയന്ത്രിക്കാൻ സാധിക്കണം. ഒരു ഭാഗത്ത് സഹകരണ മൂവ്മെന്റ് എന്നുള്ള നിലയിൽ ആശുപത്രികൾ നിലനിൽക്കുന്നു. അതേ ജ്യൂറിസ്ഡിക്ഷനകത്ത് ഒരു ബാങ്കും ഫാർമസിയും ലബോറട്ടറിയും തുടങ്ങുമ്പോൾ അത് സഹകരണ ഹോസ്പിറ്റലിന്റെ പ്രവർത്തനത്തെ ബാധിക്കും. സഹകരണ ഹോസ്പിറ്റലാണെങ്കിൽ വലിയ രീതിയിൽ ആശ്വാസം നൽകുന്നതാണ്. ഇത്തരം കാര്യങ്ങളിൽക്കൂടി ഇടപെടുന്ന നിലപാട് നമുക്ക് സ്വീകരിക്കാനാവണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്. സർക്കാരിന്റെ രണ്ട് നൂറുദിന കർമ്മപദ്ധതിയിലുംകൂടി വലിയ സഹായമാണ് സംസ്ഥാന സർക്കാരിന് സഹകരണമേഖല നൽകിയിട്ടുള്ളത്. ഇങ്ങനെ സഹകരണ പ്രസ്ഥാനം രാജ്യത്ത് സ്വകാര്യ കോർപ്പറേറ്റ് കുത്തക ബാങ്കുകൾക്ക് ബദലാണെന്ന വസ്തുത നാം മനസ്സിലാക്കണം. സ്വകാര്യ കോർപ്പറേറ്റ് കുത്തക ബാങ്കുകളിൽനിന്ന് സാധാരണക്കാരന് ലോൺ എളുപ്പത്തിൽ കിട്ടുകയില്ല. സാധാരണക്കാരന് അത്തരം ബാങ്കുകളിൽ പോകാനും സാധിക്കില്ല. കോർപ്പറേറ്റ് കുത്തക ബാങ്കുകൾക്ക് പകരമായി നാട്ടിലെ സാധാരണക്കാരന് ആശ്രയിക്കാൻ

സാധിക്കുന്ന കേന്ദ്രമാണ് സഹകരണ ബാങ്ക് എന്ന കാര്യം നാം മറന്നുപോകരുത്. ആ സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്തണം. അതിനെ തകർക്കാൻ കേന്ദ്ര ഗവൺമെന്റ് ബാങ്കിംഗ് അമെന്റ്മെന്റ് നടപ്പാക്കാൻ പോകുകയാണ്. റിസർവ് ബാങ്ക് ഇപ്പോൾ റിവേഴ്സ് ബാങ്കാണ്. ഇന്ത്യയുടെ സമ്പദ്ഘടന റിവേഴ്സ് അടുപ്പിക്കുന്ന ബാങ്കായി റിസർവ് ബാങ്ക് മാറുന്നു. സഹകരണ സംഘങ്ങളോട് ബാങ്ക് എന്ന പേര് ഉപയോഗിക്കാൻ പാടില്ലായെന്ന് പറയുന്നു. സഹകരണ സൊസൈറ്റി എന്നുമാത്രമേ പറയാൻ പാടുള്ളൂവെന്ന രീതിയിലേയ്ക്ക് സഹകരണ സംഘങ്ങളെ തകർക്കാൻ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും കേന്ദ്ര ഗവൺമെന്റും ശ്രമിക്കുമ്പോൾ അതിനെതിരെ കർക്കശമായ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകാനാകണം. അതുകൊണ്ട് ഈ ബില്ലിൽ പറയുന്നതുപോലെ സംയോജന നടപടികൾ പൂർത്തിയാക്കാനുള്ള കാലാവധി രണ്ടുവർഷമെന്ന് പറയുന്നത് മൂന്ന് വർഷമാക്കി മാറ്റുമ്പോൾ എന്റെ പ്രിയപ്പെട്ട പ്രതിപക്ഷനിരയിലുള്ള സുഹൃത്തുക്കളോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് നിങ്ങൾ പൊതുധാരയ്ക്കൊപ്പം ഒഴുകാൻ തയ്യാറാകണമെന്നാണ്. സംസ്ഥാനത്ത് 13 ബാങ്കുകൾക്ക് ലയിക്കാമെങ്കിൽ മലപ്പുറം ജില്ലാ

സഹകരണ ബാങ്കിന് എന്തുകൊണ്ട് ലയിച്ചുകൂടാ? മലപ്പുറം ജില്ലാ സഹകരണ ബാങ്ക് അനാവശ്യമായ വിവാദത്തിലേയ്ക്ക് പോകാതെ പൊതുധാരയുടെകൂടെ ഒഴുകിവരാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സർക്കാരിന്റെകൂടെ നിൽക്കാൻ തയ്യാറാകണം. ഇതിനൊരു അഹംഭാവത്തിന്റെ ആവശ്യമില്ല. അത് ഉപേക്ഷിക്കാൻ തയ്യാറാകണമെന്നുള്ളതാണ്. ബില്ലിൽ രാഷ്ട്രീയം ചർച്ച ചെയ്യാൻ പാടില്ലായെന്നാണ്. എന്നാലും ഞാൻ ഒന്നുരണ്ട് കാര്യങ്ങൾ പറയാം,. കോൺഗ്രസ്സുകാർ ഭാരത് ജോഡോ യാത്ര നടത്തുന്നു. അതുകഴിയുന്നതോടുകൂടി ഭാരതംവിട്ട് കോൺഗ്രസ്സുകാർ ഓടേണ്ട അവസ്ഥയിലേയ്ക്കെത്തും. കാരണം കോൺഗ്രസ്സിന്റെ പല നേതാക്കന്മാരും കോൺഗ്രസ്സ് വിടുകയാണ്. ആനന്ദ് ശർമ്മ, ഗുലാം നബി ആസാദ് എന്നിവർ കോൺഗ്രസ് വിട്ടു. ശശി തരൂർ കോൺഗ്രസ് വിടുന്നതിന്റെ ചില സൂചനകൾ നൽകി. അതുകൊണ്ട് കോൺഗ്രസ് മനസ്സിലാക്കണം, രാജ്യത്തിനകത്തുള്ള ചുവരെഴുത്ത് മനസ്സിലാക്കി, നിങ്ങളുടെ പല നേതാക്കന്മാരും എന്തുകൊണ്ടാണ് നിങ്ങളിൽനിന്ന് വിട്ടുപോകാൻ തയ്യാറാകുന്നതിന്റെ ഉത്തരം നിങ്ങൾ സ്വീകരിക്കുന്ന സമീപനങ്ങളാണ്.

മി. ചെയർമാൻ: അങ്ങ് ചുരുക്കണം.

ശ്രീ. എ. എൻ. ഷംസീർ: സർ, നിങ്ങൾ പൊതുധാരയ്ക്കൊപ്പം ഒഴുകാതെ മാറി സഞ്ചരിക്കുന്നു. അതിന്റെ ഭാഗമായാണ് അസംതൃപ്തരായ പല നേതാക്കളും കോൺഗ്രസ് വിട്ട് മറുപാളയത്തിലേയ്ക്ക് പോകാൻ തയ്യാറാകുന്നത്. അതുകൊണ്ടുതന്നെ ഞാൻ ഒരിക്കൽക്കൂടി പറയുന്നത്, പൊതുധാരയ്ക്കൊപ്പം ഒഴുകാൻ കേരളത്തിലെ 13 ജില്ലാ ബാങ്കുകൾ തയ്യാറായെങ്കിൽ ആ 13 ജില്ലാ ബാങ്കുകളുടെകൂടെ മലപ്പുറം ജില്ല ബാങ്കുകൂടി വരണമെന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഭേദഗതിയെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട അംഗം ശ്രീ. എ. എൻ. ഷംസീർ എല്ലാക്കാലത്തും കോൺഗ്രസ്സിന് നല്ല ഉപദേശങ്ങൾ നൽകുന്നയാളാണ്. പക്ഷേ സ്വന്തം ജില്ലയായ കണ്ണൂരിൽനിന്ന് കിട്ടുന്ന സന്ദേശമെങ്കിലും അദ്ദേഹമൊന്ന് ഉൾക്കൊള്ളണമായിരുന്നുവെന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്. അദ്ദേഹം മനസ്സിലാക്കേണ്ടത്, 85 വോട്ടുകൂടി കിട്ടിയിരുന്നെങ്കിൽ ഇന്ന് മട്ടന്നൂർ

നഗരസഭയിൽ യു.ഡി.എഫ്.-ന്റെ ചെയർമാൻ ഇരിക്കുമായിരുന്നു. അദ്ദേഹം പറഞ്ഞതിൽ ഒരു ലോജിക്ക് മാത്രമേയുള്ളൂ. 13 ജില്ലാ സഹകരണ ബാങ്കുകൾ ലയിച്ചു. പിന്നെ നിങ്ങൾക്ക് ലയിക്കാനെന്താണ് കുഴപ്പം; ആ ഒരു യുക്തി മാത്രമാണ് അദ്ദേഹം പറഞ്ഞത്. 13 ബാങ്കുകൾ ലയിച്ചപ്പോഴും മലപ്പുറം ജില്ലാ ബാങ്ക് ലയിക്കാതെ നിൽക്കുന്നത് ജില്ലാ സഹകരണ ബാങ്കുകളിൽ സാധാരണ ജനങ്ങൾക്കുള്ള അക്സസ്സബിലിറ്റി സ്റ്റേറ്റ് ബാങ്ക് ആയതോടുകൂടി ഇല്ലാതാകുമോ എന്നുള്ളതാണ്. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് അതിന്റെ എല്ലാ ഐഡന്റിറ്റിയും കാത്തുസൂക്ഷിച്ച് മുന്നോട്ടുപോകുന്നു. മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെക്കൂടി കേരള ബാങ്കിലേയ്ക്ക് ലയിപ്പിക്കുന്നതിനുവേണ്ടിയിട്ടുള്ള ഒരു ഭേദഗതിയാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ഒരു നിയമനിർമ്മാണം നടത്തുമ്പോൾ ഉദ്ദേശിക്കുന്ന ജനവിഭാഗങ്ങൾക്ക് അതിന്റെ ഗുണഫലമുണ്ടാകണം. അതല്ലാതെ ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ചൂണ്ടിക്കാണിച്ചതുപോലെ സഭയുടെ സമയം കളയാൻ കോടതിയിൽ കേസുമായി പോയാൽ ഇത് അനന്തമായി നീണ്ടുപോകുകയും വീണ്ടും ഭേദഗതി കൊണ്ടുവരേണ്ടി വരികയും ചെയ്യും. ഇപ്പോൾ രണ്ടാം പിണറായി സർക്കാർ എന്നുപറയുന്നതുപോലെ രണ്ടാംഭേദഗതിയായി, ഇനിയത് മൂന്നാംഭേദഗതിയായി ഇങ്ങനെ പൊയ്ക്കൊണ്ടിരിക്കും. നിലവിൽ 13 ജില്ലാ സഹകരണ ബാങ്കുകളെ

ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചു. എസ്.ബി.ടി. എസ്.ബി.ഐ.-യിലേയ്ക്ക് ലയിച്ചു. കേരളത്തിന്റെ സ്വന്തം ബാങ്കെന്നും ഒരു അപ്പെക്സ് ബാങ്ക് എന്ന നിലയ്ക്ക് വാണിജ്യ ബാങ്കുകളോടും ന്യൂജെൻ ബാങ്കുകളോടും മത്സരിക്കുന്ന തരത്തിൽ ടെക്നോളജി കൊണ്ടുവരുമെന്നുമെല്ലാമുള്ള പ്രഖ്യാപനങ്ങളാണ് അന്ന് ഗവൺമെന്റ് നടത്തിയത്. ആ പ്രഖ്യാപനങ്ങളെല്ലാം പാഴ്വാക്കായി മാറി. എസ്.ബി.ടി., എസ്.ബി.ഐ. ലയനം കഴിഞ്ഞ് രണ്ടുവർഷം കഴിഞ്ഞപ്പോൾത്തന്നെ ഇതൊരു ബാങ്കാണ് എന്ന പ്രതീതി ഇടപാടുകാർക്ക് ലഭിച്ചിരുന്നു. എന്നാൽ കേരള ബാങ്ക് ഇപ്പോഴും ജില്ലാ സഹകരണ ബാങ്കുകളുടെ ചെക്കുകളാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. സോഫ്റ്റ്‌വെയർ ഇന്റഗ്രേഷൻ കാര്യക്ഷമമായി നടപ്പിലാക്കാൻ ബാങ്കിന് ഇപ്പോഴും കഴിഞ്ഞിട്ടില്ല. ആവശ്യത്തിന് ജീവനക്കാരെ വിന്യസിക്കാനും കേരള ബാങ്കിന് കഴിയുന്നില്ല. 1500-ലേറെ ഒഴിവുകളിപ്പോൾ നിലവിലുണ്ട്. ഇത് ജില്ലാ സഹകരണ ബാങ്കായിരുന്നെങ്കിൽ ഇതിനോടകംതന്നെ ആയിരത്തി അഞ്ഞൂറോ അതിലധികമോ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ജോലി ലഭിക്കുന്ന ഒരു സാഹചര്യമുണ്ടാകുമായിരുന്നു. ഈ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയോ അല്ലെങ്കിൽ പി.എസ്.സി. അതിനുവേണ്ട നടപടികൾ രണ്ടുവർഷമായി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്ന് നമുക്ക് കാണാൻ കഴിയും.

ശ്രീ. സണ്ണി ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിൻസെന്റും ശ്രീ. എ. എൻ. ഷംസീറും ഞാനുമുൾപ്പെടെ എല്ലാ അംഗങ്ങളും എസ്.ബി.ടി.-യെ എസ്.ബി.ഐ.-യിൽ ലയിപ്പിക്കുന്നതിനെതിരായി കേരള നിയമസഭ ഐക്യകണ്ഠേന പ്രമേയം പാസ്സാക്കിയതാണ് എന്ന കാര്യം അങ്ങയുടെ ഓർമ്മയിലുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, ശരിയാണ്. അന്ന് വലിയൊരു ബാങ്ക് നമ്മുടെ ബാങ്കിനെ വിഴുങ്ങുന്നു, നമ്മുടെ ആളുകൾക്ക് ആ ബാങ്കിലേയ്ക്കുള്ള അക്സസ്സബിലിറ്റി കുറയുന്നു എന്നെല്ലാമുള്ള വാദങ്ങളാണ് നമ്മളെല്ലാവരും ചേർന്ന് എടുത്തിട്ടുള്ളത്. ഇപ്പോൾ ജില്ലാ സഹകരണ ബാങ്കുകളെക്കൂടി ലയിപ്പിക്കുമ്പോൾ യഥാർത്ഥത്തിൽ അവർ എന്തുചെയ്തോ അതുതന്നെയാണ് ഇവരും ചെയ്യുന്നത്. റിസർവ് ബാങ്ക് റിവേഴ്സ് ബാങ്കായെന്ന് ശ്രീ. എ. എൻ. ഷംസീർ സൂചിപ്പിച്ചല്ലോ; പല കാര്യങ്ങളിലും ജില്ലാ സഹകരണ ബാങ്കുകൾക്ക് തീരുമാനമെടുക്കാം. ജില്ലാ സഹകരണ ബാങ്കുകൾക്ക് തീരുമാനമെടുക്കാൻ എന്തെങ്കിലും സാങ്കേതികമായ പ്രയാസമുണ്ടെങ്കിൽ ഗവൺമെന്റിനെ സമീപിച്ചാൽമതി. ഇന്ന് കേരള ബാങ്കിന് എല്ലാ കാര്യങ്ങൾക്കും റിസർവ് ബാങ്കിനെ ആശ്രയിക്കേണ്ട സ്ഥിതിയല്ലേ; ഫിസ്കൽ ഫെഡറലിസത്തിനുവേണ്ടി വാദിക്കുന്ന നമ്മൾ

ഇതെല്ലാംകൂടി റിസർവ് ബാങ്കിന്റെ കാൽക്കീഴിലേയ്ക്ക് കൊണ്ടുവയ്ക്കുകയല്ലേ; ഇന്നിപ്പോൾ കരുവന്നൂർ ബാങ്ക് ഉൾപ്പെടെയുള്ള പല ബാങ്കുകൾക്കും ഉണ്ടായിരിക്കുന്ന പ്രതിസന്ധിയിൽനിന്നും ഇടപാടുകാരെ സഹായിക്കാൻ ജില്ലാ ബാങ്കുകളായിരുന്നെങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടെ സാധിക്കുമായിരുന്ന പല കാര്യങ്ങളും ഇന്ന് റിസർവ് ബാങ്കിന്റെ അനുമതിക്കുവേണ്ടി കാത്തിരിക്കേണ്ടി വരുന്ന ഒരു സ്ഥിതി യഥാർത്ഥത്തിൽ ഫിസ്കൽ ഫെഡറലിസത്തിനെതിരായിട്ടുള്ള ഒരു നടപടിയായിപോയി എന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്. സംസ്ഥാന സഹകരണ ബാങ്ക് ആയി മാറി എന്നുപറയുമ്പോഴും ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് ഏകീകൃതമായൊരു നയം, ഒരു ട്രാൻസ്ഫർ പോളിസി ഉണ്ടാക്കിയിട്ടില്ല. കേരളത്തിലെ സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം സംബന്ധിച്ച് പൊതുഭരണ വകുപ്പിന്റെ 25-02-2017-ലെ ഉത്തരവ് 3/2017 അനുസരിച്ച് കേരളത്തിലെ എല്ലാ സർക്കാർ വകുപ്പുകളിലും ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നടപ്പിലാക്കുമ്പോൾ സഹകരണ വകുപ്പിൽ മാത്രം അത് നടപ്പാക്കാതിരിക്കുന്നത് തീർച്ചയായും അഴിമതിക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥരെ സ്ഥലംമാറ്റാതിരിക്കാനും അഴിമതിയെ

പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയല്ലേ എന്ന് ആരെങ്കിലും ചോദിച്ചാൽ അവരെ കുറ്റപ്പെടുത്താൻ സാധിക്കുമോ? ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16-07-2021-ലെ O.A.No.1315/2021-ാം നമ്പർ കേസിന്റെ വിധിയും അത് നടപ്പിലാക്കാതിരുന്നപ്പോൾ ഫയൽ ചെയ്ത അപ്പീൽ പെറ്റീഷൻ വിധിയും സഹകരണ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് മുൻ സഹകരണ സംഘം രജിസ്ട്രാറിനെ നേരിട്ട് കോടതിയിൽ ഹാജരാകാൻ ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. ഇത്രയും സാഹചര്യങ്ങൾ നിലനിൽക്കെ സഹകരണ വകുപ്പിൽ മാത്രം ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കില്ലായെന്ന വകുപ്പ് നയം അഴിമതിക്ക് കുടപിടിക്കാനും ചില ഉദ്യോഗസ്ഥന്മാരെ തങ്ങളുടെ ഇംഗിതത്തിന് വരുതിയിൽ നിർത്തിക്കൊണ്ട് സഹകരണ വകുപ്പിൽ നിയമപരമല്ലാത്ത കാര്യങ്ങൾ ചെയ്യിക്കാനുമാണ്. പല പ്രാഥമിക സഹകരണ സംഘങ്ങളെയും പിടിച്ചെടുക്കാനുൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഉദ്യോഗസ്ഥന്മാരെ ഉപയോഗിക്കുന്നതുപോലെയാണിത്. അതിനാൽ സഹകരണ അഴിമതിക്ക് അന്ത്യം വരുത്താൻ ആദ്യം ചെയ്യേണ്ടത്

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരമുള്ള ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നടപ്പിലാക്കുക എന്നതാണ്. ഇത് ജീവനക്കാർക്ക് ആത്മാഭിമാനത്തോടെ ജോലി ചെയ്യാനും അഴിമതി തടയാനുമുള്ള കാരണമാകുമെന്നത് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതോടൊപ്പംതന്നെ പല ക്രമക്കേടുകൾ നടന്ന കരുവന്നൂർ ഉൾപ്പെടെയുള്ള ബാങ്കുകളിൽ അതിന് ഉത്തരവാദികളായിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ സ്വത്തുക്കൾ കണ്ടുകെട്ടി നിയമനടപടികളുമായി മുന്നോട്ടുപോകാൻ സർക്കാർ തയ്യാറായിട്ടില്ല. നമ്മുടെ സഹകരണ നിയമത്തിൽ 68(1)-ൽ പറയുന്നത് ഈ കാര്യങ്ങളെ സംബന്ധിച്ചാണ്. പല ഉദ്യോഗസ്ഥന്മാർക്കെതിരെയും നടപടി സ്വീകരിക്കാൻ കഴിയുന്നില്ല എന്നുമാത്രമല്ല അവരെ വഴിവിട്ട് സഹായിക്കുന്നതിനുവേണ്ടിയാണ് ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നടപ്പാക്കാതിരിക്കുന്നത്. അതിന് നിയതമായൊരു ട്രാൻസ്ഫർ പോളിസി സഹകരണ രജിസ്ട്രാർ ഇതുവരെ അംഗീകരിച്ച് നൽകിയിട്ടുമില്ല. ജില്ലാ സഹകരണ ബാങ്കുകളായി പ്രവർത്തിച്ചിരുന്നപ്പോൾ പല ജില്ലാ സഹകരണ ബാങ്കുകളും ലാഭത്തിലായിരുന്നു. അതനുസരിച്ച് ഗണ്യമായ ലാഭത്തിലെത്താൻ കേരള

ബാങ്കിന് സാധിച്ചിട്ടില്ല. 31-03-2022-ലെ net profit 77.24 കോടി രൂപയാണ്. ഈ പറയുന്നത് വെറും സാങ്കേതികമാണ്. കേരള ബാങ്കിന്റെ സഞ്ചിത നഷ്ടം 637.03 കോടി രൂപയാണ്. ഇക്കണക്കിന് പോയാൽ കനത്ത നഷ്ടത്തിലേയ്ക്കായിരിക്കും ബാങ്ക് പോകുന്നത്. ത്രീ ടെയർ സിസ്റ്റം ടു ടെയറായത് തത്വത്തിൽ സഹകരണ മേഖലയെ തളർത്തുന്നതാണ് എന്ന് കേരള ബാങ്കിന്റെ രണ്ട് വർഷത്തെ സ്ഥിതിവിവരം തെളിയിക്കുകയാണ്. ബാങ്കിന്റെ 31-03-2022-ലെ ആകെ നിക്ഷേപം 69,907.12 കോടി രൂപയും വായ്പാ ബാക്കി നിൽപ്പ് 40,950.03 കോടി രൂപയുമാണ്. നിക്ഷേപ-വായ്പ അനുപാതമാണ് ഒരു സാമ്പത്തിക സ്ഥാപനത്തിന്റെ ആരോഗ്യപരമായ വളർച്ചയും നിലവാരവും വ്യക്തമാക്കുന്നത്. ഇവിടെ അത് വെറും 58 ശതമാനമാണ്. അതായത് നൂറ് രൂപ ബാങ്കിന്റെ കയ്യിലുണ്ടെങ്കിൽ 58 രൂപയാണ് വായ്പ കൊടുക്കാൻ സാധിക്കുന്നത്. സ്വകാര്യ ബാങ്കുകളുടെയും വാണിജ്യ ബാങ്കുകളുടെയും CD (Credit-Deposit) ratio ഇതിനേക്കാൾ വളരെ ഉയർന്നു നിൽക്കുന്നതാണ്. ഇതിൽനിന്നുതന്നെ കേരള ബാങ്കിന്റെ stability നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ്. കേരളത്തിൽ ജില്ലാ സഹകരണ ബാങ്കുകളായിരുന്നപ്പോഴുള്ള വളർച്ചയും വിശ്വാസ്യതയും കേരള

ബാങ്ക് ആയപ്പോൾ ഇല്ലായെന്ന് നമുക്ക് കാണാൻ സാധിക്കും. സംസ്ഥാനങ്ങളിൽ ത്രീ ടെയർ സംവിധാനമുണ്ടായിരുന്നു. കേരളത്തിലത് ഇപ്പോൾ ടു ടെയർ സിസ്റ്റമായി. കേരളം പോലെയുള്ള സംസ്ഥാനങ്ങൾ ടു ടെയർ സിസ്റ്റത്തിലേയ്ക്ക് മാറ്റുന്നതിലെ പ്രസക്തിയും സാധ്യതകളെയുംപ്പറ്റി ആർ.ബി.ഐ. പഠനം നടത്തി വിലയിരുത്തൽ നടത്തിയപ്പോൾ ടു ടെയർ സിസ്റ്റം സംസ്ഥാനങ്ങളിലെ സഹകരണ മേഖലയ്ക്ക് ഗുണം ചെയ്യില്ലയെന്നുള്ളതാണ് ആർ.ബി.ഐ.-യുടെ നിലവിലുള്ള സമീപനമായി കാണുന്നത്. കേരള ബാങ്കായി സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾ മാറിയപ്പോൾ 'എ' ക്ലാസ് സംഘ അംഗങ്ങളായിട്ടുള്ളത് കേരളത്തിലെ 1557 സംഘങ്ങളാണ്. എന്നാൽ ജില്ലാ സഹകരണ ബാങ്കുകളായിരിക്കെ 'എ' ക്ലാസ്സ് സംഘങ്ങളായിട്ടുള്ള other societies ഇപ്പോൾ 'സി' ക്ലാസ്സായിട്ടാണ് മാറിയിരിക്കുന്നത്. കേരള ബാങ്കിൽ 71229 അക്കൗണ്ടുകളിലായി 8612.95 കോടി രൂപ ഈ miscellaneous സംഘങ്ങളുടെ പേരിലുണ്ട്. ഇത് സംസ്ഥാനത്തിന്റെ 8605 miscellaneous സംഘങ്ങളുടേതാണ്. അവരുടെ 99 കോടി രൂപയുടെ മൂലധന ഷെയർ ഈ ബാങ്കുകളിലുണ്ട്. ഈ സംഘങ്ങളെ സഹായിക്കാനോ അവർക്കുവേണ്ടി വായ്പാ പദ്ധതികൾ

നടപ്പിലാക്കുവാനോ നബാർഡുമായി ബന്ധപ്പെട്ട് കുറഞ്ഞ പലിശനിരക്കിൽ സബ്സിഡൈസ്ഡ് വായ്പകൾ നൽകാനോ നമുക്ക് കഴിയുന്നില്ല. കേരളത്തിലെ സഹകരണ മേഖലയിലെ ജില്ലാ സഹകരണ ബാങ്കുകൾക്ക് revival package-കളും restructuring schemes-ഉം ലഭ്യമാക്കി സഹായിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ പ്രസ്തുത വിഭാഗം സംഘങ്ങൾ ഇന്ന് കാണുന്ന പ്രതിസന്ധിയിലേയ്ക്ക് പോകുകയില്ലായിരുന്നു. കൃത്യമായ അവലോകനവും പഠനവും നടത്തിയാൽ കേരള ബാങ്ക് സഹകരണ മേഖലയെ തളർത്തുകയും തകർക്കുകയും ചെയ്യുന്നതായി കാണാൻ സാധിക്കും. ഈ സാഹചര്യത്തിൽ compulsory amalgamation ലക്ഷ്യമിട്ടാണ് മലപ്പുറം ബാങ്കിനെ കേരള ബാങ്കിൽ ഉൾപ്പെടുത്താനുള്ള നടപടിയുമായി മുന്നോട്ടുപോകുന്നത്. നമ്മുടെ സഭയിൽതന്നെ അംഗമായ ശ്രീ. യു. എ. ലത്തീഫാണ് മലപ്പുറം ബാങ്കിന്റെ പ്രസിഡന്റ്. വളരെ മാതൃകാപരമായി പ്രവർത്തിക്കുന്ന ആ ബാങ്കിനെക്കൂടി ഈ പറയുന്ന നിലയിലേയ്ക്ക് കൊണ്ടുവരാനാണ് അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. 1969-ലെ കേരള സഹകരണ സംഘ ആക്ടിൽ കഴിഞ്ഞ ഭേദഗതിക്കുശേഷം രണ്ടാമതായി 14 എ ഭേദഗതി മൂന്ന് വർഷമാക്കി മാറ്റുക എന്നുള്ള ഈ

നിയമനിർമ്മാണം ചെരുപ്പിനനുസരിച്ച് കാല് മുറിക്കുന്നതായി മാറിയിരിക്കുകയാണ്. ഇവിടെ ഈ ഗവൺമെന്റ് കൊണ്ടുവരുന്ന പല നിയമനിർമ്മാണങ്ങളും തങ്ങളുടെ രാഷ്ട്രീയ താൽപര്യങ്ങൾക്ക്, malicious intention നടപ്പിലാക്കുന്നതിനുവേണ്ടിയിട്ടുള്ള മാർഗ്ഗമായി ഈ നിയമനിർമ്മാണ സഭയെയും ലെജിസ്ലേറ്റീവ് പ്രോസസ്സിനെയും മാറ്റുന്നതിന്റെ മറ്റൊരു ഉദാഹരണം മാത്രമാണിത്. ഇത്രയും ചെറിയൊരു ആവശ്യത്തിനുവേണ്ടി ഒരു നിയമനിർമ്മാണം നടത്തുകയും..., കേരള ബാങ്ക് കൊണ്ട് എന്തെങ്കിലും ഗുണകരമായ മാറ്റമുണ്ടായിട്ടുണ്ടെങ്കിൽ നമുക്ക് പറയാൻ സാധിക്കും.

മി. ചെയർമാൻ: ശ്രീ. എം. വിൻസെന്റ്, ദയവായി ചുരുക്കിപ്പറയൂ.

ശ്രീ. എം. വിൻസെന്റ്: സർ, മലപ്പുറം ബാങ്കിന്റെ പ്രവർത്തനങ്ങളെ കേരള ബാങ്കിൽ ഉൾപ്പെടുത്തി തകർക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. പല ജില്ലാ സഹകരണ ബാങ്കുകൾക്കും നേരത്തെ എൻ.ആർ.ഐ. നിക്ഷേപങ്ങൾ സ്വീകരിക്കാനും മൊബൈൽ ബാങ്കിംഗ് സേവനങ്ങൾ നൽകാനും കഴിയുമായിരുന്നു. എന്നാൽ ഇന്ന് കേരള ബാങ്ക് ആയി മാറിയപ്പോൾ ആ സംവിധാനങ്ങൾ നഷ്ടമായിരിക്കുന്നുവെന്നാണ്

നമുക്കിപ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്. കേരള ബാങ്കിന് ഇപ്പോൾ എൻ.ആർ.ഐ. നിക്ഷേപം സ്വീകരിക്കാനോ മൊബൈൽ ബാങ്കിംഗ് സൗകര്യങ്ങൾ കൊടുക്കാനോ കഴിയുന്നില്ല. ബ്രാഞ്ചുകളെ ആശ്രയിക്കാതെതന്നെ മൊബൈൽ വഴി പണം നിക്ഷേപിക്കുവാനും പിൻവലിക്കാനുമുൾപ്പെടെയുള്ള എല്ലാ ബാങ്കിംഗ് ഇടപാടുകളും വാണിജ്യ ബാങ്കുകൾക്കും ന്യൂജെൻ ബാങ്കുകൾക്കും ഉള്ളപ്പോൾ ഏറ്റവും കൂടുതൽ പ്രവാസികളുള്ളതും പണമിടപാടുകൾ നടക്കുന്നതുമായ ഒരു സംസ്ഥാനത്തിൽ കേരളത്തിന്റെ സ്വന്തം ബാങ്ക് എന്നുപറയുന്ന കേരള ബാങ്കിന് എൻ.ആർ.ഐ. നിക്ഷേപം സ്വീകരിക്കുന്നതിനുള്ള സംവിധാനമില്ല എന്നുപറയുന്നതുതന്നെ സഹകരണ മേഖലയെ എവിടെ എത്തിക്കും എന്നുള്ളതാണ് കാണിക്കുന്നത്. പല ബാങ്കുകൾക്കും ആ സൗകര്യങ്ങളുണ്ടായിരുന്നു. അതുപോലെതന്നെ കാൽനൂറ്റാണ്ടിലേറെയായി സി.പി.സി. (കമ്മ്യൂണിസ്റ്റ് പ്രൊസീജ്യർ കോഡ്) ഭരണം നടത്തുന്ന പ്രാഥമിക കർഷക സംഘങ്ങളിൽ പരിശോധനയും അന്വേഷണവും നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ കരുവന്നൂർ ബാങ്ക് പല

സ്ഥലങ്ങളിലും ആവർത്തിക്കുമെന്നുള്ളതാണ് നമുക്ക് കാണാൻ സാധിക്കുന്നത്.

വളരെ വലിയ രാഷ്ട്രീയ ഇടപെടലുകൾ സഹകരണ മേഖലയിൽ നടന്നുകൊണ്ടിരിക്കുകയാണ്. കേരള സഹകരണ എംപ്ലോയീസ് പെൻഷൻ ഫണ്ട് ബോർഡിൽ എല്ലാ കാലത്തും യു.ഡി.എഫ്.-ന്റേതായാലും എൽ.ഡി.എഫ്.-ന്റേതായാലും ജീവനക്കാരുടെ എല്ലാ സംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തിയാണ് പുന:സംഘടിപ്പിച്ചിട്ടുള്ളതെങ്കിൽ 08-08-2022-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ ഏകപക്ഷീയമായി തങ്ങളുടെ ആളുകളെ മാത്രം ഉൾപ്പെടുത്തിയാണ് അത് ചെയ്തിരിക്കുന്നത്. ബഹുമാനപ്പെട്ട പഴയ സഹകരണ വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഉണ്ടായിരുന്നപ്പോൾപ്പോലും എല്ലാ സംഘടനകളുടെയും പ്രതിനിധികളെ ഇതിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഇപ്പോൾ ഏകപക്ഷീയമായിട്ടാണ് സംഘങ്ങളിൽ എംപ്ലോയീസ് പെൻഷൻ ഫണ്ട് ബോർഡ് പുന:സംഘടിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് കേരള ബാങ്കിന്റെയും മാനേജ്മെന്റിന്റെയും ജീവനക്കാരുടെ എല്ലാ സംഘടനാ പ്രതിനിധികളെയും

ഉൾപ്പെടുത്തുന്നതിനുവേണ്ടി നടപടി സ്വീകരിക്കണം. അതുകൊണ്ട് ഈ ഉത്തരവ് പുന:പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ചുരുക്കിപ്പറഞ്ഞാൽ, ക്രമക്കേടുകൾ നേരിടുന്ന പി.എ.സി.-കളെ നിയന്ത്രിക്കാനും miscellaneous സംഘങ്ങളെ സഹായിക്കാനും അവരെ പുനരുദ്ധരിക്കാനും കഴിയുന്നില്ല. എൻ.ആർ.ഐ. മൊബൈൽ ബാങ്കിംഗ് സൗകര്യങ്ങൾ പല ജില്ലാ ബാങ്കുകൾക്കും ഉണ്ടായിരുന്നത് രണ്ട് വർഷമായിട്ടും കേരള ബാങ്കിന് നൽകാൻ കഴിയുന്നില്ല, ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിലെ 2021-ൽ നടപ്പിലാക്കിയ അപാകതകൾ ഇപ്പോഴും നിലനിൽക്കുന്നു, ട്രാൻസ്ഫറിന് norms നടപ്പിലാക്കിയിട്ടില്ല, രാഷ്ട്രീയ സ്ഥലംമാറ്റങ്ങൾ നടക്കുന്നു, സഞ്ചിത നഷ്ടം കേരള ബാങ്കിന് 637 കോടി രൂപയായി നിലനിൽക്കുന്നു.

<u>മി. ചെയർമാൻ</u>: ശ്രീ. എം. വിൻസെന്റ്, പ്രസംഗം ചുരുക്കി സഹകരിക്കണം.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഇനിയും ലാഭകരമായി പ്രവർത്തിക്കുന്ന മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെക്കൂടി ഈയൊരു അവസ്ഥയിലേയ്ക്ക് കൊണ്ടുവരാനുള്ള ഈ ഭേദഗതി തീർച്ചയായും എതിർക്കപ്പെടേണ്ടതാണ്.

ഇതിനുവേണ്ടി ഉന്നതമായ കേരള നിയമസഭയുടെ സമയം യഥാർത്ഥത്തിൽ വിനിയോഗിക്കരുതെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ബിൽ ഒരു സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നുള്ള എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ഉന്നയിച്ച ക്രിയാത്മകമായ നിർദ്ദേശങ്ങളും സൃഷ്ടിപരമായ വിമർശനങ്ങളും ഞാൻ സ്വാഗതം ചെയ്യുന്നു. ആശുപത്രി സഹകരണ സംഘങ്ങളുള്ള പ്രദേശങ്ങളിൽ പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ ഫാർമസിയും ലബോറട്ടറിയുമൊക്കെ തുടങ്ങുന്നത് ഒഴിവാക്കണമെന്ന് ബഹുമാന്യനായ എ. എൻ. ഷംസീർ ഇവിടെ സൂചിപ്പിച്ചു. നേരത്തെതന്നെ അത് ഒഴിവാക്കണമെന്നൊരു നിലപാടാണ് സഹകരണവകുപ്പ് കൊടുത്തിട്ടുള്ളത്. ചില സംഘങ്ങൾ അനുമതി കൂടാതെ ഇത്തരത്തിലുള്ള ലബോറട്ടറികളൊക്കെ തുടങ്ങിവരുന്നത് അവസാനിപ്പിക്കുമെന്നാണ് അദ്ദേഹത്തോട് അക്കാര്യത്തിൽ പറയാനുള്ളത്.

ഈ വിഷയത്തിൽ വകുപ്പ് രൂപീകരിച്ചുകൊണ്ട് കേന്ദ്രം നടത്തുന്ന നീക്കങ്ങളുടെ റിസൾട്ട് സമീപകാലഭാവിയിൽ നമുക്കറിയാം. അതിന്

എല്ലാവരും യോജിച്ചുനിന്നുകൊണ്ട് സഹകരണ മേഖലയുടെ സംരക്ഷണത്തിനുവേണ്ടി പൊതുവിൽ നീങ്ങേണ്ട സാഹചര്യമാണുള്ളത്. അത്തരത്തിലുള്ള നീക്കം ഇടക്കാലഘട്ടത്തിലും ആർ.ബി.ഐ.-യുടെ സർക്കുലർ വന്നപ്പോഴും ഉയർത്തിക്കൊണ്ടുവന്നു. തുടർന്നും അത് തുടരണമെന്നുതന്നെയാണ് ഈ സന്ദർഭത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. ബഹുമാന്യനായ ശ്രീ. എം. വിൻസെന്റ് ചില കാര്യങ്ങളിൽ ധാരണയില്ലാതെ സംസാരിച്ചിട്ടുണ്ട്. തെറ്റായകാര്യങ്ങളും നല്ല കാര്യങ്ങളും അദ്ദേഹം പറഞ്ഞിട്ടുണ്ട്. കേരള ബാങ്കായിരുന്ന കാലഘട്ടത്തിൽ എല്ലാം ലാഭമായിരുന്നുവെന്ന് പറഞ്ഞു. അദ്ദേഹം പഴയ കണക്ക് കണ്ടിട്ടില്ല. കേരള ബാങ്കിന്റെ ലയനം വരുന്ന സമയത്ത് ജില്ലാ ബാങ്കുകളിൽ 9 എണ്ണം യഥാർത്ഥത്തിൽ നഷ്ടത്തിലായിരുന്നു. തിരുവനന്തപുരം ജില്ലാ ബാങ്കൊക്കെ നിലനിൽക്കാനാകാത്ത വിധം നഷ്ടത്തിലായിരുന്നു. എന്നാൽ കേരളാ ബാങ്ക് വന്നപ്പോൾ രണ്ട് വർഷങ്ങളിലും ലാഭമായിരിക്കുന്നു. നമ്മുടെ സഞ്ചിത നഷ്ടം ആകെ പരിഹരിച്ചില്ല. കഴിഞ്ഞ വർഷം 64.84 കോടി രൂപയുടെ ലാഭമായിരുന്നത് ഈ വർഷം ഏകദേശം 77 കോടി ആയി മാറി. ഈ രണ്ടുവർഷങ്ങളിലും ലാഭമാണുണ്ടായത്; അങ്ങേയ്ക്ക് കണക്ക് നൽകിയവർ

തെറ്റായി നൽകിയതാണ്. അപ്പോൾ കേരളബാങ്ക് രൂപീകരിച്ചതുകൊണ്ട് ജില്ലാ ബാങ്കുകൾ ആകെ .....

ശ്രീ. എം. വിൻസെന്റ്: സർ, സഞ്ചിതനഷ്ടത്തിന്റെ കാര്യമാണ് പറഞ്ഞത്.

ശ്രീ. വി. എൻ. വാസവൻ: സർ, സഞ്ചിതനഷ്ടം കുറച്ചുണ്ട്. നേരത്തെ ആയിരത്തിൽപ്പരം കോടി രൂപയായിരുന്നു ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ സഭയിൽ ചൂണ്ടിക്കാണിച്ചത്. അതിൽനിന്നും കുറച്ചുകൊണ്ട് ഇപ്പോൾ 600 കോടി രൂപയിൽ എത്തിനിൽക്കുകയാണ്. അതിനാൽ കേരള ബാങ്ക് രൂപീകരിച്ചതുകൊണ്ട് വീണ്ടും നഷ്ടത്തിലോട്ടുന്നുവെന്ന അങ്ങയുടെ വാദം നിലനിൽക്കുന്നില്ല. മാത്രവുമല്ല ഇതിന്റെ പെർഫോമൻസിൽ വന്നിട്ടുള്ള വ്യത്യാസം, എന്ത് ലാഭം; എന്ത് ഗുണം; ഗുണഭോക്താക്കൾക്ക് രണ്ട് ശതമാനം കാർഷിക വായ്പയിൽ പലിശയും ഗോൾഡ് ലോണിൽ പലിശയും കുറച്ചു. ഇപ്പോൾ വ്യവസായ വായ്പ കേരളത്തിലെ പുതിയ സംരംഭങ്ങളായ സ്റ്റാർട്ടപ്പുകൾക്ക് ഏറ്റവും കൂടുതൽ പലിശകുറച്ച് വായ്പ കൊടുക്കുന്നതിലേയ്ക്ക് വന്നിരിക്കുന്നു. അതോടൊപ്പം നബാർഡുമായി സഹകരിച്ചുകൊണ്ടുള്ള വായ്പയും ഇത്തരം രൂപത്തിൽ ഇടപാടുകാർക്ക് സഹായങ്ങളുമെല്ലാം

കിട്ടിക്കൊണ്ടിരിക്കുന്നു. കേരളബാങ്കിൽക്കൂടി വന്നുകൊണ്ടിരിക്കുന്ന ഈ സഹായങ്ങൾ മലപ്പുറം ജില്ലാ ബാങ്ക് കേരള ബാങ്കിൽ ലയിക്കാത്തതുകൊണ്ട് അവർ മുഖാന്തരം അവിടത്തെ സാധാരണക്കാർക്ക് സമയബന്ധിതമായി വാങ്ങിക്കൊടുക്കാൻ കഴിയുന്നില്ലെന്നുള്ളതാണ് വിമർശനം. അതേ സ്ഥലത്ത് അവിടത്തെ സാധാരണ പി.എ.സി.എസ്.-നെല്ലാം നബാർഡിന്റെ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ടുണ്ട്. 2 കോടി രൂപ ഒരു ശതമാനം പലിശയ്ക്ക് മലപ്പുറം ജില്ലയിലെ സാധാരണ പി.എ.സി.എസ്.-നുൾപ്പെടെ കൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് മലപ്പുറം ജില്ലാ ബാങ്ക് കേരള ബാങ്കിലേയ്ക്ക് ലയിച്ചില്ലെങ്കിൽ അവർക്ക് കിട്ടിയില്ലെന്നുള്ള ആക്ഷേപം നിലനിൽക്കത്തക്കതല്ല. അത്തരം കാര്യങ്ങൾ ദയവായി അങ്ങ് മനസ്സിലാക്കണമെന്ന കാര്യം സൂചിപ്പിക്കുന്നു.

ജീവനക്കാരുടെ അഭാവം, സോഫ്റ്റ് വെയറിന്റെ പ്രശ്നം എന്നീ കാര്യങ്ങൾക്കെല്ലാം പരിഹാരമാകും. കേരളാ ബാങ്ക് വന്നതിനുശേഷം ന്യൂജെൻ ബാങ്കിനോടൊപ്പം കോംപീറ്റ് ചെയ്യാൻ കഴിയുന്ന രൂപത്തിൽ ഇപ്പോൾ എ.ടി.എം., ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ്, ആർ.ടി.ജി.എസ്., നെഫ്റ്റ് എന്നിവയെല്ലാം നടപ്പാക്കുന്ന ഓൺഗോയിംഗ്

പ്രോജക്ട്, കേരള ബാങ്കും കോട്ടയം ഡിസ്ട്രിക്ട് ഹെഡ് ക്വാർട്ടേഴ്സുമായുള്ള ബന്ധം സ്ഥാപിച്ചുകഴിഞ്ഞു. ആദ്യ ഫേസ് തീർന്നു. അതിന്റെ ഓൺഗോയിങ് പ്രോജക്ട് ഏതാണ്ട് ഡിസംബറോടുകൂടി പൂർണ്ണമായും പൂർത്തിയാകുന്നതാണ്. ന്യൂജെൻ ബാങ്കിനോടൊപ്പം കോംപീറ്റ് ചെയ്യാൻ കഴിയുന്ന രൂപത്തിൽ എല്ലാ ആധുനിക സംവിധാനങ്ങളും കേരള ബാങ്കിൽ വരികയാണ്. അതിനുള്ള നടപടികൾ തീർന്നുവരുന്നതിന്റെ കാലതാമസം മാത്രമാണ് ഇപ്പോഴുള്ളത്. ഇതിന്റെ ഒരു ഭാഗം കമ്മീഷൻ ചെയ്തു കഴിഞ്ഞിരിക്കുന്നുവെന്നത് അങ്ങയെ വിനയപൂർവ്വം അറിയിക്കുകയാണ്. പി.എ.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടത് റിപ്പോർട്ട് ചെയ്ത് കഴിഞ്ഞിരിക്കുന്നു. കൃത്യമായി സംഘടനകളുമായി ചർച്ചചെയ്ത് നോംസുണ്ടാക്കാൻ കേരള ബാങ്കിൽ നിർദ്ദേശിച്ചിട്ടുള്ളതിന്റെ നടപടിക്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഭരണ വകുപ്പിലെ നോംസിന് ഒരു പ്രശ്നമുണ്ട്. അതുസംബന്ധിച്ച് സംഘടനകളുമായി ചർച്ചനടക്കുകയാണ്. സാധാരണ മറ്റ് ഡിപ്പാർട്ട്മെന്റുപോലെ ഈ ഡിപ്പാർട്ട്മെന്റിൽ നടക്കാത്തതിന് കാരണം, സംഘങ്ങളിൽ ഓഡിറ്റ് നടത്തിക്കൊണ്ടിരിക്കുന്നവർക്ക് അത് പൂർത്തീകരിച്ചാലേ മടങ്ങാൻ കഴിയൂവെന്നതാണ്. ഇതാണ് ഇതിനകത്തെ പ്രായോഗികമായൊരു പ്രശ്നം.

എന്നിരുന്നാൽപോലും അങ്ങ് സൂചിപ്പിച്ചതുപോലെ ഇക്കാര്യത്തിൽ ഓൺലൈൻ ട്രാൻസ്ഫർ ഇവിടെ നടപ്പാക്കുന്നത് സംബന്ധിച്ച നടപടികൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ഒരു തരത്തിലുള്ള വിട്ടുവീഴ്ചയുമില്ല.

സി.ഡി.ആർ.-നെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. 58.8 ശതമാനത്തിലാണ് ഇപ്പോൾ കേരള ബാങ്ക് നിൽക്കുന്നത്. അതേ സമയത്ത് കാത്തലിക്ക് സിറിയൻ ബാങ്കും അതുപോലെ മറ്റു ചില ബാങ്കുകളും 36 ശതമാനം, 38 ശതമാനത്തിലൊക്കെ നിലനിൽക്കുമ്പോഴാണ് കേരള ബാങ്ക് 58.8 ശതമാനത്തിൽ നിൽക്കുന്നത്. അത് സ്വാഭാവികമായും ഇനിയും ഉയരേണ്ടതാണെന്ന കാര്യത്തിൽ സംശയമില്ല. ഇവിടെയെല്ലാം ആർ.ബി.ഐ.-യുടെ മുമ്പിൽ മാത്രമാണ് കേരള ബാങ്കിന്റെ നിയന്ത്രണമെന്ന് അങ്ങ് പറഞ്ഞത് ശരിയല്ല. ആർ.ബി.ഐ. ഇതിന് അനുമതി തരുമ്പോൾ ഒന്നാമത്തെ ക്ലോസിൽ കേരള ബാങ്ക് കേരളത്തിലെ സഹകരണ മേഖലയിൽതന്നെ നിലനിൽക്കണമെന്നും ഇവിടത്തെ കോ-ഓപ്പറേറ്റീവ് ആക്ട് ആന്റ് റൂൾസ് അനുസരിച്ച് പ്രവർത്തിക്കണമെന്നുമാണ് നിഷ്കർഷിച്ചിരിക്കുന്നത്. അതേസമയം അതിന്റെ ബിസിനസ്സ്

ട്രാൻസാക്ഷനമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളിൽ അവർ സാധാരണഗതിയിലെടുക്കുന്ന തീരുമാനങ്ങളിലുൾപ്പെടുത്തി നടപടികൾ സ്വീകരിക്കും. ആയതിനാൽ സഹകരണ മേഖലയുമായി ഒരു ബന്ധവുമില്ലെന്ന രൂപത്തിൽ അങ്ങ് ധരിച്ചുവച്ചിരിക്കുന്നത് തെറ്റാണ്. അതിലെ 19 ക്ലോസുകളിൽ ഒന്നാമത്തെ ക്ലോസ് പറഞ്ഞിരിക്കുന്നത്, സംസ്ഥാന സഹകരണ ബാങ്കെന്ന രൂപത്തിൽ സഹകരണത്തിൽ തന്നെ പോകണമെന്നാണ്. അതുകൊണ്ടാണ് പഞ്ചാബിലെ ബാങ്കിന് അനുമതി കൊടുക്കുമ്പോൾ കേരളാ മോഡലാക്കാൻ പറഞ്ഞത്. അങ്ങനെയൊരു സർക്കുലർ ആർ.ബി.ഐ. ഇറക്കിയിരിക്കുന്നതും അതുകൊണ്ടായതിനാൽ അക്കാര്യത്തിൽ നമുക്കഭിമാനമാണ്.

ഇന്ത്യയിലെ സംസ്ഥാന ബാങ്കുകളുടെ ഫെഡറേഷന്റെ ഇപ്രാവശ്യത്തെ ദേശീയ അവാർഡ് കേരള ബാങ്കിനാണെന്ന് അങ്ങയെ വിനയപൂർവ്വം അറിയിക്കുകയാണ്. അഭിമാനകരമായ ഒരു നേട്ടത്തിന്റെ ഭാഗമാണിതെന്നത് ചെറിയ കാര്യമല്ല.

ജീവനക്കാരുടെ ചില അനോമലികൾ പരിഹരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ചയിലാണ്, ആയത് ഇപ്പോൾത്തന്നെ പരിഹരിക്കും.

അതോടൊപ്പം പെൻഷൻ ബോർഡുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ നേരത്തെ ബന്ധപ്പെട്ട പ്രതിനിധികളെ ആദ്യഘട്ടത്തിൽ ലഭ്യമാക്കാതിരുന്നപ്പോൾ സംഭവിച്ചതാണിത്. എല്ലാവരെയും ഉൾപ്പെടുത്തി കൊണ്ടുപോകുമെന്ന ഗവൺമെന്റിന്റെ നയത്തിൽ മാറ്റമുണ്ടാകില്ല. ഡി.സി.ബി.-കൾക്ക് മാത്രമല്ല; കേരള ബാങ്കും ഇക്കാര്യത്തിൽ സമയബന്ധിതമായി പൊതുവിൽ അങ്ങ് സൂചിപ്പിച്ച ഈ റിവൈവൽ പാക്കേജ് നടപ്പാക്കുന്നു. ഏറ്റവും അവസാനമായി കരുവന്നൂർ സംബന്ധിച്ച് ചർച്ചചെയ്ത് പൊതുവിൽ അംഗീകരിച്ച കാര്യത്തിൽ റിവൈവൽ പാക്കേജുമായി ബന്ധപ്പെട്ട് കേരള ബാങ്ക് തന്നെയാണ് ആദ്യം സഹായിക്കുന്നത്. അതുപോലെ റിസ്ക് ഫണ്ട് ഇക്കാര്യത്തിൽ സഹായിക്കുന്നു. കൂടാതെ ഈ മേഖലയിൽ സഹകരണ സംരക്ഷണ നിധി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഭാവിയിൽ തകരാൻ സാധ്യതയുള്ള സംഘങ്ങളും ഒരു പക്ഷെ പല രൂപത്തിൽ നേരത്തെ തകർന്നുപോയിട്ടുള്ള ചില സംഘങ്ങളുമുണ്ട്. അത്തരത്തിലുള്ള സംഘങ്ങളെയുൾപ്പെടുത്തി കൃത്യമായി പ്രോജക്ട് തയ്യാറാക്കി ഒരു റിവൈവൽ പാക്കേജ് അവരുടെ മുമ്പിൽ കൊണ്ടുവരുമ്പോൾ അതിനെ സഹായിക്കാനാവശ്യമായ ഒരു സ്കീമാണ് നിധിയുടെ ഭാഗമായുണ്ടാകുന്നത്. അത്തരത്തിൽ ഇക്കാര്യങ്ങൾ

പരിഹരിക്കുമെന്ന കാര്യമാണ് സൂചിപ്പിക്കാനുള്ളത്. പൊതുവിൽ ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം മലപ്പുറം ബാങ്കിനെ ഏതെങ്കിലും തരത്തിൽ ദ്രോഹിക്കുന്നതല്ല; മലപ്പുറം ജില്ലയിലെ സഹകാരികൾക്കും അവിടത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുമെല്ലാം നബാർഡ് വഴിവരുന്ന എല്ലാ ആനുകൂല്യങ്ങളും സഹായങ്ങളും ലഭ്യമാക്കാനും അതോടൊപ്പം സംസ്ഥാനത്തെ 14 ജില്ലാ ബാങ്കുകളും കേരള ബാങ്ക് എന്ന രൂപത്തിലുള്ള ആശയം പൂർണ്ണ അർത്ഥത്തിൽ പ്രാപ്തമാക്കാനുള്ള ലക്ഷ്യം കൈവരിച്ചുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു അമെന്റ്മെന്റ്സ് കൊണ്ടുവന്നിട്ടുള്ളത്. ഈ തരത്തിൽ 14 ജില്ലാ ബാങ്കും ഒരുമിച്ച് ആയിക്കഴിയുമ്പോൾ നമ്മുടെ സംസ്ഥാനത്ത് വലിയ രൂപത്തിലുള്ള ഒരു സ്ട്രെങ്ത്തായി അത് രൂപാന്തരപ്പെടും. അതിനാൽ  ഈ ബില്ലിൽ ഞങ്ങൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് രാഷ്ട്രീയകാര്യങ്ങളൊന്നും വരാത്തതിനാൽ മറ്റൊന്നും പറയാനില്ല.

മി. ചെയർമാൻ: ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2022-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

(ii) 2022-ലെ കേരള ലോകായുക്ത (ഭേദഗതി) ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള ലോകായുക്ത (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

**ക്രമപ്രശ്നം**

ബിൽ ഭരണഘടനാ വിരുദ്ധം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, I am challenging the legality and constitutionality of Clause 5 of this bill. ക്ലോസ് 5, പതിനാലാം വകുപ്പിന്റെ ഭേദഗതിയാണ്. പതിനാലാം വകുപ്പനുസരിച്ച് ഒരു പരാതിയിന്മേൽ ഒരു പബ്ലിക് സർവന്റിനെതിരായിട്ടുള്ള ആരോപണം ബോധ്യപ്പെടുന്നപക്ഷം ആ പരാതി തെളിയിക്കപ്പെട്ടിട്ടുണ്ടെന്നും ആ പബ്ലിക് സർവന്റ് താൻ വഹിക്കുന്ന സ്ഥാനം തുടർന്ന് വഹിക്കാൻ പാടില്ലെന്ന് ലോകായുക്തയ്ക്ക് ഡിക്ലറേഷൻ നടത്താം. ആ ഡിക്ലറേഷൻ കോംപീറ്റന്റ് അതോറിറ്റിയായ ഗവർണറോ കേരള ഗവൺമെന്റോ മുഖ്യമന്ത്രിയോ സ്വീകരിക്കാൻ ബാധ്യസ്ഥമാണ്; അതാണ് സെക്ഷൻ 14. സെക്ഷൻ 14-ൽ, ബില്ലിലൂടെ കൊണ്ടുവരുന്ന അമന്റ്മെന്റ് അനുസരിച്ച് ഈ

ഡിക്ലറേഷൻ കിട്ടിയാൽ കോംപീറ്റന്റ് അതോറിറ്റിയായ ഗവർണർക്കും മുഖ്യമന്ത്രിക്കും ഗവൺമെന്റിനും അത് സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാവുന്നതാണ്. Now the Executive, the Governor, the Government or the Chief Minister has become the appellate authority. An executive is encroaching the domain of the judiciary or the judicial body, which is in contravention to the doctrine of separation of powers, അതാണ് അതിന്റെ പ്രധാനപ്പെട്ട പോയിന്റ്. Article 50 is very clear. ആർട്ടിക്കിൾ 50 പറയുന്നത്, separation of judiciary from executive എന്നാണ്. The State shall take steps to separate the judiciary from the executive in the public services of the State. ജുഡീഷ്യറിയും എക്സിക്യൂട്ടീവും രണ്ടായിരിക്കണം. ഇവിടെ എന്താണ് വരുന്നത്? Executive is allowed to function as an appellate authority by stealing away judicial authority. ജുഡീഷ്യൽ അധികാരത്തെ കവർന്നെടുക്കുന്ന ഒരു അപ്പലേറ്റ് അതോറിറ്റിയായി എക്സിക്യൂട്ടീവ് മാറുകയാണ്. ഡിക്ലറേഷൻ ആരാണ് നൽകുന്നത്? സുപ്രീം കോടതി ജഡ്ജിയായിരുന്ന, ഹൈക്കോടതി ചീഫ് ജസ്റ്റിസ്സായിരുന്ന

ലോകായുക്തയോ ഉപലോകായുക്തയോ; ഒരു ജുഡീഷ്യൽ പ്രോസസ്സിലൂടെ അവർ നടത്തുന്ന ഡിക്ലറേഷൻ അതിന്റെ അപ്പലേറ്റ് അതോറിറ്റിയായി എക്സിക്യൂട്ടീവാകുകയാണ്. ജുഡീഷ്യൽ അതോറിറ്റിയെയാണ് അതെടുക്കുന്നത്. യഥാർത്ഥത്തിൽ, What is the role of the judiciary? Judiciary is to adjudicate the issue. അവരുടെ മുമ്പിൽ പെന്റിംഗുള്ള ഇഷ്യൂ അഡ്ജ്യൂഡിക്കേറ്റ് ചെയ്യുകയെന്നുള്ളതാണ് ജുഡീഷ്യറിയുടെ ജോലി. എന്താണ് എക്സിക്യൂട്ടീവിന്റെ ജോലി? It has to execute the orders passed by the judiciary. ജുഡീഷ്യറി പാസ്സാക്കുന്ന ഒരു ഓർഡർ എക്സിക്യൂട്ട് ചെയ്യുകയെന്നുള്ളതാണ് എക്സിക്യൂട്ടീവിന്റെ ജോലി. ഇവിടെ നേരെ റിവേഴ്സ് പ്രോസസ്സിലാണ്. ജുഡീഷ്യറി ജുഡീഷ്യൽ പ്രോസസ്സിലൂടെ പാസ്സാക്കുന്ന ഒരു ഡിക്ലറേഷൻ അതിന്റെ അപ്പലേറ്റ് അതോറിറ്റിയായി ആക്ട് ചെയ്ത് എക്സിക്യൂട്ടീവായി മാറുകയാണ്. Reversal of the function ആണ് യഥാർത്ഥത്തിൽ നടക്കുന്നത്. ഇതിനെ സംബന്ധിച്ച് വളരെ വ്യക്തമായി Indira Nehru Gandhi vs Shri Raj Narain & Anr കേസ്സിൽ സുപ്രീം കോടതി പറഞ്ഞിട്ടുണ്ട്. സുപ്രീം കോടതിയുടെ വളരെ പ്രഖ്യാതമായ ഒരു ജഡ്ജ്മെന്റാണ്- “ This Constitution has a basic structure comprising

the three organs of the Republic: the Executive, the Legislature, and the Judiciary. It is through each of these organs that the Sovereign Will of the People has to operate and manifest itself and not through only one of them. Neither of these three separate organs of the Republic can take over the function assigned to the other. This is the basic structure or scheme of the system of Government of the Republic laid down in this Constitution." ഒരാൾക്ക് കൊടുത്തിരിക്കുന്ന അധികാരം മറ്റൊരാൾ കവർന്നെടുക്കാൻ പാടില്ല, അവിടെ എൻക്രോച്ച് ചെയ്യാൻ പാടില്ലെന്നാണ് വളരെ വ്യക്തമായി പറയുന്നത്. Now it has been granted with the right to reject the finding of the judicial body. എക്സിക്യൂട്ടീവിന് കിട്ടിയിരിക്കുന്ന അനുവാദമെന്താണ്? ജുഡീഷ്യൽ ബോഡി എടുത്തിരിക്കുന്ന തീരുമാനം റിജക്റ്റ് ചെയ്യാനുള്ള അധികാരം ഈ ബില്ലിലൂടെ എക്സിക്യൂട്ടീവിന് നൽകിയിരിക്കുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. രണ്ടാമത്തേത്, ജുഡീഷ്യറിക്ക് ഒരു ഡിക്റ്റമുണ്ട്, " Nemo judex in causa sua" എന്നുപറഞ്ഞാൽ " No one should be a judge in his/her own cause" . ഒരാൾക്ക് അയാളുടെ കേസ്സിൽതന്നെ ജഡ്ജിയായിരിക്കാൻ

പറ്റില്ല. ഇത് ആർക്കെതിരായിട്ടാണ് ഈ ഡിക്ലറേഷൻ വരുന്നത്; Who is the public servant? Public servant may be the Chief Minister or the Ministers. He himself by placing the Government as the appellate authority to hear a matter where in the potential wrongdoer could be a Member of the Government. The consequence is bias at the hands of the State and Justice to the complainant will be overwhelmed. ഗവൺമെന്റിൽ ഉൾപ്പെട്ട പബ്ലിക് സെർവന്റിനെയാണ്..... അയാൾ ആ സ്ഥലത്ത് തുടരാൻ പാടില്ലെന്നുള്ള ഡിക്ലറേഷനുണ്ടാകുന്നത്. ആരാണ് തീരുമാനിക്കുന്നത്? ഗവൺമെന്റുതന്നെ തീരുമാനിക്കുകയാണ്. 'No one should be a Judge in his/her own cause' എന്ന ബേസിക് പ്രിൻസിപ്പിൾ ജുഡീഷ്യറിക്ക് ഏറ്റവുമെതിരായിട്ടുള്ള കാര്യമാണ്. അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം, ആർട്ടിക്കിൾ 14, equality before law ആണ്. സുപ്രീം കോടതി വിവിധ ജഡ്ജ്മെന്റുകളിലൂടെ വളരെ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. Right to adjudication by an independent forum. ഒരു independent judicial ഫോറത്തിലൂടെ അഡ്ജ്യൂഡിക്കേഷൻ നടത്തുകയെന്നുള്ളത് ഒരാളുടെ റൈറ്റാണ്, അത് ആർട്ടിക്കിൾ 14-ന്റെ

ഭാഗമാണ്. Right to adjudication ആർട്ടിക്കിൾ 14-ന്റെ ഭാഗമാണെന്ന് സുപ്രീം കോടതി നിരവധി വിധിന്യായങ്ങളിലൂടെ ഇവിടെ സൂചിപ്പിച്ചിട്ടുണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ ഏറ്റവും ലേറ്റസ്റ്റായി Union Of India vs R. Gandhi എന്ന കേസ്സിൽ ജഡ്ജ്മെന്റ് വന്നിട്ടുണ്ട്. ആർ. ഗാന്ധി മദ്രാസ് ബാർ അസോസിയേഷന്റെ പ്രസിഡന്റാണ്. അത് സുപ്രീം കോടതിയുടെ ഏകകണ്ഠമായ ഡിസിഷനാണ്. The fundamental right to equality before law and equal protection of laws guaranteed by Article 14 of the Constitution, clearly includes a right to have the person's rights, adjudicated by a forum which exercises judicial power in an impartial and independent manner, consistent with the recognized principles of adjudication. ഈ ബില്ലിലെ ക്ലോസ് 5, article 14-ന്റെ വയലേഷനാണ്. സുപ്രീം കോടതി വെർഡിക്ട് അനുസരിച്ച്, right to adjudicate, judicial forum is the right of the person. ആ അവകാശമാണ് ക്ലോസ് 5-ലൂടെ എടുത്തുകളയുന്നത്. യഥാർത്ഥത്തിൽ അത് ആർട്ടിക്കിൾ 14-ന്റെ വയലേഷൻകൂടിയാണ്. മറ്റൊന്ന്, ആർട്ടിക്കിൾ 254 (2)- കൺകറന്റ് ലിസ്റ്റ് പ്രകാരമുണ്ടാകുന്ന ഒരു നിയമത്തിൽ കേന്ദ്ര

നിയമത്തിലെ വ്യവസ്ഥകളിൽ ഇൻകൺസിസ്റ്റന്റായിട്ടുള്ള ഒരു പ്രൊവിഷനുണ്ടാകാൻ പാടില്ല. Already there is a Lokpal Act. ലോക്പാൽ ആക്ട് ക്വാസി ജുഡീഷ്യൽ സമിതിയാണ്. അതിന്റെ വിധികൾ എക്സിക്യൂട്ടീവ് ബോഡികൾക്ക് അപ്പലേറ്റ് അതോറിറ്റിയായി വീണ്ടും പരിശോധിക്കാനുള്ള അധികാരം നൽകുന്നില്ല. അതുകൊണ്ട് ലോക്പാൽ നിയമത്തിലെ പ്രൊവിഷൻ അനുസരിച്ച് രൂപവൽകരിക്കപ്പെടുന്ന നമ്മുടെ ലോകായുക്ത ആക്ടിൽ ലോക്പാൽ ബില്ലിന്റെ പ്രൊവിഷൻസിന് വിരുദ്ധമായിട്ടുള്ള ഒരു കാര്യവും ഉൾപ്പെടുത്താൻ പാടില്ലെന്നത് വളരെ വ്യക്തമാണ്. നാല് കാര്യങ്ങൾ ഞാൻ പറഞ്ഞു. ഒന്ന്, എക്സിക്യൂട്ടീവ് അപ്പലേറ്റ് അതോറിറ്റിയായി മാറുന്നത് അർട്ടിക്കിൾ 50-യുടെ വയലേഷനാണ്. രണ്ടാമത്തെ പ്രശ്നം, No one should be a Judge in his/her own cause എന്നുള്ള ബേസിക്ക് പ്രിൻസിപ്പിളിന്റെ വയലേഷനാണ്. മൂന്ന്, ആർട്ടിക്കിൾ 14-ന്റെ വയലേഷൻ. നാല്, ആർട്ടിക്കിൾ 254 (2)-ന്റെ വയലേഷൻ. ഇവിടെ already ഇങ്ങനെയൊരു ഡിക്ലറേഷൻ തന്നാൽ അല്ലെങ്കിൽ ഒരു വിധിയുണ്ടായാൽ ഉടൻതന്നെ ഹൈക്കോടതിയിൽ പോകാം. ഹൈക്കോടതി ഒരു അപ്പലേറ്റ് അതോറിറ്റിയായിട്ടാണ് ആക്ട്

ചെയ്യുന്നത്. ലോകായുക്തയുടെ വിധിയുടെ പുറത്ത് സെക്ഷൻ 227 അനുസരിച്ചാണെങ്കിലും നമുക്കിപ്പോഴും ഹൈക്കോടതിയിൽ പോകാം. എല്ലാ ലോകായുക്ത വിധികൾക്കെതിരായിട്ടും ആളുകൾ ഹൈക്കോടതിയിൽ പോകാറുണ്ട്. There is an appellate provision. ആർട്ടിക്കിൾ 227 വഴിയാണെങ്കിലും ഹൈക്കോടതിയെ അപ്രോച്ച് ചെയ്യാനുള്ള അവകാശം നിലനിൽക്കുന്നുണ്ട്. ആ സമയത്ത് ഹൈക്കോടതിക്കുള്ള അധികാരംകൂടി ഈ അപ്പലേറ്റ് അതോറിറ്റി ടേക്ക് ഓവർ ചെയ്യുകയാണ്, ഗവൺമെന്റ് ടേക്ക് ഓവർ ചെയ്യുകയാണ്. Prevention of Corruption Act-ൽ കേന്ദ്ര ഗവൺമെന്റ് പാർലമെന്റിൽ ചില ഭേദഗതികൾ കൊണ്ടുവന്നു. ആ ഭേദഗതികളോടുകൂടി ഒരു public servant-നും എതിരായി ഒരു കേസും നിൽക്കാത്ത സ്ഥിതിയുണ്ടായി. അന്വേഷണം നടത്തണമെങ്കിലും കുറ്റപത്രം സമർപ്പിക്കണമെങ്കിലും ഗവൺമെന്റുകളുടെ അനുവാദം വേണം. ഒരു ഗവൺമെന്റും അവർക്ക് താൽപര്യമുള്ള ആളുകളുടെ പേരിൽ PC Act (Prevention of Corruption Act) അനുസരിച്ച് അന്വേഷണം നടത്താൻ അനുമതി നൽകുകയില്ല. പ്രോസിക്യൂഷന് സാംഗ്ഷൻ കൊടുക്കില്ല, അപ്പോൾ എന്തു പറ്റി? Now there is no mechanism to prevent

corruption അതാണ് പ്രശ്നം. It was the only mechanism in Kerala to prevent Corruption. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ പറഞ്ഞിട്ടുള്ളത്, ഓംബുഡ്സ്മാനെ പോലെ പല്ലും നഖവുമില്ലാത്ത നിയമമല്ലെന്നാണ്. കേരളത്തിലെ ലോകായുക്ത നിയമം പല്ലും നഖവുമുള്ള നിയമമാണ്. മുഖ്യമന്ത്രി അടക്കമുള്ളവർ ഇത് വളരെ അഭിമാനത്തോടെയാണ് പറഞ്ഞിരുന്നത്. 22 വർഷം മുമ്പ് ഈ സഭയിൽ ഇതിന്റെ നിയമനിർമ്മാണം നടക്കുന്ന സമയത്ത് എക്സിക്യൂട്ടീവിന് അധികാരം കൊണ്ടുവരാൻ ശ്രമിച്ചപ്പോൾ അതിനെതിരെ ശക്തമായി സംവാദം നടത്തി. അന്നത്തെ നിയമമന്ത്രിയായിരുന്ന റവന്യൂ മന്ത്രിയുടെ സ്ഥാനത്തിരുന്ന ഇ. ചന്ദ്രശേഖരൻ നായർ നടത്തിയ പ്രസംഗം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും സി.പി.ഐ(എം)-ന്റെ മന്ത്രിമാരും, എം.എൽ.എ.-മാരും വായിച്ചുനോക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. നിങ്ങളെ പരിഹസിക്കാനൊന്നുമല്ല ഇതുപറയുന്നത്. ഈ നിയമത്തിന്റെ ഉള്ളടക്കമെന്താണെന്ന് നിങ്ങൾ വായിച്ച് നോക്കണം. What was the intention of the Legislation? എന്തായിരുന്നു അതിന്റെ ഉദ്ദേശ്യം; He has made it very clear. ചോദ്യങ്ങൾക്ക് വളരെ മനോഹരമായി ഉത്തരം

പറഞ്ഞിരുന്ന മന്ത്രിയായിരുന്നു അദ്ദേഹം. അതുകൊണ്ട് 22 വർഷത്തിനുശേഷം ഇന്ന് ലോകായുക്തയുടെ പല്ലും നഖവും പിഴുതെടുക്കാൻ വേണ്ടി കൊണ്ടുവരുന്ന ഈ നിയമം ഒരു കാരണവശാലും പാസ്സാക്കരുത്. ഈ നിയമത്തിന്റെ Legislative intention-നും purpose of the legislation-നും തകരുമെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം നടത്തിയ പ്രസംഗമുണ്ട്. നിങ്ങളെല്ലാവരും നിയമസഭയ്ക്ക് പുറത്ത് ഇതിനെ എതിർത്തിരുന്നുവെങ്കിലും ഇപ്പോൾ ഒരു സെറ്റിൽമെന്റുണ്ടാക്കി. എന്ത് സെറ്റിൽമെന്റാണെന്ന് ഞങ്ങൾക്ക് ആർക്കും അറിയില്ല. സെറ്റിൽമെന്റ് എന്തായാലും ലോകായുക്തയുടെ പല്ല് പറിക്കാൻ ചവണ കൂടി സി.പി.ഐ.-ക്കാരുകൂടി കൊടുത്തു. മുഖ്യമന്ത്രി ഒറ്റയ്ക്ക് പല്ല് പറിക്കാൻ പോയപ്പോൾ ഒരു ആയുധം കൂടി നിങ്ങൾ കൊടുത്തുവെന്നല്ലാതെ നിങ്ങളുടെ സെറ്റിൽമെന്റ് എന്താണെന്ന് ഞങ്ങൾക്ക് അറിയില്ല. വളരെ ദൗർഭാഗ്യകരമായ ഒരു നിയമനിർമ്മാണമാണ് ഇന്ന് ഈ സഭയിൽ നടക്കുന്നത്. ഈ സഭയുടെ അന്തസ്സിന് യോജിച്ച ഒരു നിയമനിർമ്മാണമല്ല ഇത്. ഞാൻ ഇതിന്റെ Constitutionality-യേയും legality-യേയും ചലഞ്ച് ചെയ്യുന്നു. അതോടൊപ്പം നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ഏക

അഴിമതി നിരോധന സംവിധാനം നമ്മുടെ മുമ്പിൽ തകർന്നുവീഴുകയാണ്. അതിന് ഈ സഭ കൂട്ടുനിൽക്കുകയാണ്. ഈ സഭയുടെ റെക്കോർഡിൽ ഇതുണ്ടാകണം. ഈ സഭയുണ്ടാക്കിയ കേരളത്തിലെ ഏറ്റവും വലിയ അഴിമതി വിരുദ്ധ മെക്കാനിസം നമ്മൾ തന്നെ ഇല്ലാതാക്കുന്ന ദൗർഭാഗ്യകരമായ കാര്യമാണ് ഈ ലോകായുക്ത ബില്ലിലൂടെ ചെയ്യുന്നത്. അതുകൊണ്ട് ഈ ഒബ്ജക്ഷൻസ് സ്വീകരിച്ച് ഈ ബിൽ അവതരിപ്പിക്കാൻ അനുവദിക്കരുതെന്നാണ് എന്റെ അഭ്യർത്ഥന.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇവിടെ പ്രതിപക്ഷനേതാവ് നിയമത്തിന്റെ ഭരണഘടനാ വിരുദ്ധതയും നിയമ വിരുദ്ധതയുമൊക്കെ ചൂണ്ടിക്കാണിക്കുകയും വിശദമായി കോടതി ഉത്തരവുകളെക്കുറിച്ച് സൂചിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് അത്തരം ഒരു വിശദീകരണത്തിലേയ്ക്ക് പോകുന്നില്ല. 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ-ന് അവതരാണാനുമതി നിഷേധിക്കണമെന്നുള്ളതിന് മൂന്ന് കാരണങ്ങളാണ് ഞാൻ പറയുന്നത്. ഒന്ന്, ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്നത് Separation of Power ആണ്. ജുഡീഷ്യറിക്കും ലെജിസ്ലേച്ചറിനും എക്സിക്യൂട്ടിവിനും ഓരോ ഉത്തരവാദിത്വമുണ്ട്, ഇത് പരസ്പരം

അങ്ങോട്ടുമിങ്ങോട്ടും കടന്നുകയറാൻ പാടില്ല. ലോകായുക്ത എന്ന് ഇവിടെ പറയുന്നത് ജുഡീഷ്യൽ സംവിധാനമാണ്. ഒരാൾക്ക് എതിരെ വരുന്ന ആരോപണം കൃത്യമായി ജ്യുഡീഷ്യസായി പരിശോധിച്ച് ആ ആരോപണത്തിന് കഴമ്പുണ്ടോ, ഇല്ലയോ എന്ന് കണ്ടെത്തിയാണ് ലോകായുക്ത ഒരു തീരുമാനം പറയുന്നത്. പിന്നെ അതിന് അപ്പീൽ തീരുമാനിക്കാൻ എക്സിക്യൂട്ടീവിന്റെ പ്രതിനിധികളായിട്ടുള്ള മുഖ്യമന്ത്രിക്കും മന്ത്രി സഭയ്ക്കും അധികാരം കൊടുക്കുകയെന്നുള്ളത് separation of power-ന് അതായത് ഭരണഘടനയ്ക്ക് കൃത്യമായി വിരുദ്ധമാണ്. അതാണ് ഈ ഭേദഗതിയിലൂടെ നിങ്ങൾ ചെയ്യാൻ പോകുന്നത്. ലോകായുക്ത എന്ത് പറഞ്ഞാലും മന്ത്രിമാരുടെ കാര്യത്തിലാണെങ്കിൽ, സ്വന്തം മന്ത്രിയുടെ കാര്യം മുഖ്യമന്ത്രി തീരുമാനിക്കണം. ഇത് separation of power-ന് എതിരാണ്. മുഖ്യമന്ത്രിക്ക് എതിരാണെങ്കിൽ ഗവർണർ തീരുമാനിക്കണമെന്നായിരുന്നു ആദ്യമുണ്ടായിരുന്നത്. ഇപ്പോൾ അതുമാറ്റി മന്ത്രിസഭയുടെ ഉപദേശപ്രകാരം ഗവർണർ തീരുമാനിക്കണം. സ്വന്തം മന്ത്രിസഭ മുഖ്യമന്ത്രിക്ക് എതിരായി എന്തെങ്കിലും പറയുമോ? അതുകൊണ്ടുതന്നെ എക്സിക്യൂട്ടീവ് ജുഡീഷ്യറിയുടെ അധികാരം

കവർന്നെടുക്കുന്ന ഈ നടപടി ശരിയല്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞിട്ടുള്ളതാണ് ഇവിടെ പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചത്. മറ്റൊന്ന്, അവരവരുടെ കേസുകളിൽ അവരവർ തന്നെ ജഡ്ജിയാകുകയാണ്. ഇപ്പോൾ അതാണ് വിശദീകരിച്ചത്. മന്ത്രിയുടെ കാര്യം മുഖ്യമന്ത്രിയും, മുഖ്യമന്ത്രിയുടെ കാര്യം മന്ത്രിസഭയും തീരുമാനിക്കാം. അങ്ങനെ തീരുമാനിക്കുമ്പോൾ അവരവരുടെ കേസുകളിൽ അവരവർതന്നെ ജഡ്ജിമാരാകുന്നുവെന്നത് സ്വാഭാവിക നീതിക്ക് നിരക്കാത്തതാണ്. അതുകൊണ്ട് അക്കാരണത്താൽ ഈ നിയമനിർമ്മാണത്തിന് അനുമതി നൽകാൻ പാടില്ല. നീതിന്യായ വ്യവസ്ഥയിൽ പൊതുസമൂഹത്തിനുള്ള വിശ്വാസം തകരുകയും ചെയ്യും. ലോകായുക്തയിൽനിന്നും ചില വിധികൾ വന്നപ്പോൾ ഒരു മന്ത്രിക്ക് കഴിഞ്ഞ തവണ രാജിവയ്ക്കേണ്ടിവന്നു, ഇങ്ങനെയുള്ള പ്രശ്നങ്ങളുണ്ടായി. അപ്പോൾ നിങ്ങൾ നിയമത്തെ അട്ടിമറിക്കുകയാണ്. കോടതിയും ലോക്ആയുക്തയും എന്തുപറഞ്ഞാലും അത് ഭേദഗതിയിലൂടെ മാറ്റാൻ സാധിക്കുമെന്ന വ്യവസ്ഥ വന്നാൽ രാജ്യത്തെ സാധാരണക്കാരന് നിയമ സംഹിതയിലുള്ള വിശ്വാസം തകർക്കുന്ന ഭേദഗതിയായി ഇത് മാറാൻ പോകുകയാണ്. സി.പി.ഐ.-ക്കാരെക്കുറിച്ച്

ഇവിടെ പറഞ്ഞു. മുമ്പിത് അവതരിപ്പിക്കുമ്പോൾ അഭിമാനം കൊണ്ടവർ ഇന്ന് ഇതിന് കൂട്ട് നിൽക്കേണ്ട ഒരു ഗതികേടിലാണ്. ഞങ്ങളും ഈ തീരുമാനത്തിന്റെ ഭാഗമായാൽ പ്രശ്നമില്ലെന്നുള്ള നിലയ്ക്കാണ് സി.പി.ഐ.-ക്കാർ വരുന്നത്. ഏതായാലും ഞാൻ അത്തരം വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇത് ഭരണഘടനാ വിരുദ്ധവും നിയമ വിരുദ്ധവുമാണ്. അതുകൊണ്ടുതന്നെ വളരെ ഗൗരവത്തോടുകൂടി ഞങ്ങൾ ഇതിന്റെ കാര്യം പറയുകയാണ്. മുമ്പ് വഖഫ് നിയമം വന്ന സമയത്ത് ഞങ്ങൾ പറഞ്ഞു, അത് ഭരണഘടനയ്ക്കും വഖഫ് ആക്റ്റിനും വിരുദ്ധമാണെന്ന്. അന്നത് ചെവിക്കൊള്ളാതെ/ആ തടസ്സവാദം ഉൾക്കൊള്ളാതെ പാസാക്കിയ നിയമം നിങ്ങൾക്കുതന്നെ കാര്യങ്ങൾ ബോധ്യപ്പെട്ട് പിൻവലിക്കേണ്ടിവന്നു. ഇത് ലോകം മുഴുവനും ഉറ്റുനോക്കുന്ന ഒന്നാണെന്ന് ഇന്ന് ഞങ്ങൾ പറയുന്നു. അതുകൊണ്ട് ഭരണഘടനാ വിരുദ്ധമായ ലോക്ആയുക്ത (ഭേദഗതി) ബിൽ-ന് അവതരണാനുമതി നൽകരുതെന്ന് ബഹുമാനപ്പെട്ട സ്പീക്കറോട് വിനയത്തോടുകൂടി അപേക്ഷിക്കുകയാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ശ്രീ. എൻ. ഷംസുദ്ദീനും പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുന്നില്ല.

രണ്ട് വാചകം മാത്രമെ പറയുന്നുള്ളൂ. 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ, ഭരണഘടനാ വ്യവസ്ഥകളുടെ ലംഘനമാണെന്ന് കാണേണ്ടതാണ്. ആർട്ടിക്കിൾ 227 പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് സംസ്ഥാനത്തെ എല്ലാ കോടതികളുടെയും മേൽനോട്ടത്തിനുള്ള സൂപ്പർവൈസറി അധികാരമുണ്ട്. എന്നാൽ ഈ ഭേദഗതിയിലൂടെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അധികാരം ഒഴിവാക്കി എക്സിക്യൂട്ടീവിന് അധികാരം നൽകുന്ന ഭേദഗതിയാണിത്. ഇത് അഞ്ചാം അദ്ധ്യായത്തിലെ വ്യവസ്ഥകളുടെ ലംഘനമാണെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞു. ഈ വ്യവസ്ഥ വരുന്നതോടെ അധികാരം എക്സിക്യൂട്ടീവിൽ കേന്ദ്രീകരിക്കുകയാണ്. അതാണ് ഇതിന്റെ ഏറ്റവും വലിയ പ്രശ്നം. ജുഡീഷ്യൽ റിവ്യൂ നിലനിൽക്കാൻ ഇടയില്ലാത്തൊരു നിയമമാണ് ഇവിടെ പാസാക്കാൻ പോകുന്നത്. പല നിയമങ്ങളും പാസാക്കി ഇന്ത്യയ്ക്ക് തന്നെ മാതൃകയായ കേരളം ഈ ഭേദഗതി വരുത്തി കേരളത്തിന് പൊതുവെ തലകുനിക്കേണ്ട ഒരു സാഹചര്യമുണ്ടാക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ഇതിന് അവതരണാനുമതി നൽകരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, നല്ലൊരു അക്കാദമിക് എക്സർസൈസിനുള്ള വാദമുഖങ്ങളാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഉന്നയിച്ചത്. അദ്ദേഹം ആദ്യം പറഞ്ഞ ഭാഗങ്ങളോടെല്ലാം ഞാൻ യോജിക്കുകയാണ്. Separation of powers, എന്താണ് എക്സിക്യൂട്ടീവിന്റെ അധികാരം; എന്താണ് ലെജിസ്ലേച്ചറിന്റെ അധികാരം; എന്താണ് ജൂഡീഷ്യറിയുടെ അധികാരം; എന്താണ് ആർട്ടിക്കിൾ 50 പറയുന്നത്; encroachment പാടില്ല, ജൂഡീഷ്യറിക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുമതിനൽകും. എന്നാൽ വിധിന്യായങ്ങളോട് എനിക്ക് തർക്കമില്ല. അതുകൊണ്ട് ആ വിധിന്യായങ്ങളുടെ സാധൂകരണവും അതുമായി ബന്ധപ്പെട്ട് വിയോജിപ്പുകളൊന്നും പ്രകടിപ്പിക്കുന്നില്ല. ഭരണഘടനയിലെ പാർട്ട് 5 ചാപ്റ്റർ 4, പാർട്ട് 6 ചാപ്റ്റർ 5 ഇതാണ് ജൂഡീഷ്യറി. എന്താണ് ജൂഡീഷ്യറി; എന്താണ് അതിന്റെ സംവിധാനങ്ങളെന്ന് വിശദീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ അംഗം സൂചിപ്പിച്ചപ്പോൾ എല്ലാ കോടതികൾക്കും മുകളിലുള്ള സൂപ്പർവിഷന്റെ കാര്യം പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞ ഒരു കാര്യം,

ആരാണ് ഇതിനകത്തുള്ളതെന്നാണ്. ഒന്നുകിൽ സുപ്രീംകോടതി ജഡ്ജി അല്ലെങ്കിൽ റിട്ടയർ ചെയ്ത ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആയിരുന്ന ആൾ, അവരാണ്, ആരാണ് എന്നുള്ളത് അല്ല, എന്തിന്റെ അടിസ്ഥാനത്തിൽ നിയമപരമായി ചുമതല വഹിക്കുന്നുവെന്നുള്ളതാണ് പ്രശ്നം. ബഹുമാനപ്പെട്ട സുപ്രീംകോടതി ചീഫ് ജസ്റ്റിസായിരുന്ന ശ്രീ. രഞ്ജൻ ഗൊഗോയ് രാജ്യസഭയിൽ പ്രസംഗിക്കുമ്പോൾ അത് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവായി മാറുമോ? നിങ്ങൾ എവിടെയിരിക്കുന്നുവെന്നതല്ല, ഇരിക്കുന്ന സ്ഥലമെന്താണ്; ഏതിന്റെ അടിസ്ഥാനത്തിലാണ് അവിടം പ്രവർത്തിക്കുന്നത്; നിയമാനുസൃതമായോ ഭരണഘടനാനുസൃതമായോ എന്തെല്ലാം അധികാരങ്ങൾ അവിടെ നിങ്ങൾക്ക് നൽകിയിട്ടുണ്ട്? ഇതാണ് പ്രധാനം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് അങ്ങുപറഞ്ഞ.....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ലോക്ആയുക്ത ഒരു ജുഡിഷ്യൽ ഫോറമല്ലായെന്നാണ്.

ശ്രീ. പി. രാജീവ്: സർ, ഞാനതിലേയ്ക്ക് വരട്ടെ, അദ്ദേഹം പറഞ്ഞൊരു വാദം പറയുകയാണ്. അങ്ങ് യോജിക്കാനിടയില്ല. ബഹുമാനപ്പെട്ട

സുപ്രീംകോടതി ജഡ്ജിയായാലും ഹൈക്കോടതി ജഡ്ജിയായാലും ഇവിടിരുന്ന് പറയുമ്പോൾ ആരായിരുന്നുവെന്നതല്ല, എന്താണ്; എന്തധികാരം ആ സംവിധാനത്തിലുണ്ട്; എന്താണ് അതിന്റെ സ്റ്റാറ്റസ്? ലോകായുക്ത ആക്ട് 1999, അതിന്റെ തുടക്കം വായിച്ചാൽ മതി, 'WHEREAS it is expedient to make provision for the appointment and functions of certain authorities for making enquiries...' അതായത് എൻക്വയറി നടത്താനുള്ളതാണ് ഈ സംവിധാനം. അധികാരത്തിനുള്ളതല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു, അന്നത്തെ നിയമത്തിന്റെ സ്റ്റേറ്റ്മെന്റ്സ് നോക്കണമെന്ന്. എന്തിനുവേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നത്? നിലവിലുള്ളതിന്റെ പരിമിതികൾ പറഞ്ഞിട്ട് പറയുന്നുണ്ട്, Comprehensive new legislation for effective enquiry and investigation of complaints against public servants and matters connected therewith or... അതുമായി ബന്ധപ്പെട്ട് ഇതാണ് പറയുന്നത്. എന്തിനാണ് ലോകായുക്ത? Lok Ayukta is not a Judiciary Body. It is an investigating mechanism. എൻക്വയറി നടത്താൻ... നിയമം നോക്കിയാൽ മതി. ഇതാണ് ഗസറ്റിൽ വിജ്ഞാപനം ചെയ്ത നിയമം. ഈ നിയമത്തിൽ

എവിടെയാണ്;.... നിയമം വായിക്കു. (ബഹളം) നിലവിലെ നിയമത്തെക്കുറിച്ചാണ് പറയുന്നത്. ബാക്കി വാദങ്ങൾ വേറെ. നിയമത്തെക്കുറിച്ചും ഭരണഘടനയെക്കുറിച്ചും സംസാരിക്കുമ്പോൾ നാട്ടുവർത്തമാനം പറയാൻ പാടില്ല. നിങ്ങൾ ഒന്നുകിൽ ഭരണഘടനയ്ക്കകത്തുനിന്നുപറയുക അല്ലെങ്കിൽ നിയമത്തിനകത്തുനിന്ന് പറയുക. What is the powers of the Lok Ayukta? അതാണ് Section 3-ൽ പരാമർശിക്കുന്നത് Appointment of Lok Ayukta and Upa-Lok Ayuktas-യെക്കുറിച്ചാണ്. “ For the purpose of conducting investigations and inquiries in accordance with the provisions of this Act, the Governor shall appoint a person to be known as a Lok Ayukta and two the other persons to be known as Upa-Lok Ayuktas” . Appointment of Lok Ayukta, നിയമത്തിന്റെ ഒരു വകുപ്പ്, നിയമത്തിന്റെ Preamble, Statements of objects and reason അതുമായി ബന്ധപ്പെട്ട് എങ്ങനെ നിൽക്കുന്നുവെന്നതാണ് ഒരു നിയമത്തിനെ നിയമപരമായി നിൽക്കുന്നു എന്നതിന്റെ അടിസ്ഥാന പരിശോധന. ഈ പറയുന്ന Preamble-മായി സെക്ഷൻ 14 നിൽക്കുന്നില്ലെങ്കിൽ അതാണ് മാറ്റേണ്ടത്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങുപറയുന്നത് ഈ നിയമനിർമ്മാണം നടത്തിയ സമയത്ത് ഇൻവെസ്റ്റിഗേഷൻ നടത്താനും എൻക്വയറി നടത്താനുമുള്ള പ്രൊവിഷനുണ്ട്. അതാണ് അവരുടെ ആദ്യത്തെ ജോലി. അത് Procedure ആണ്. അവരുടെ മുമ്പിൽ ഒരു പരാതിവന്നാൽ അതിൽ എൻക്വയറി നടത്താനും ഇൻവെസ്റ്റിഗേഷൻ നടത്താനുമുള്ള പ്രൊവിഷൻ. അത് ജുഡീഷ്യൽ പ്രോസസ്സാണ്. It is a Quasi-judicial Body. എൻക്വയറി നടത്തിയ ജുഡീഷ്യൽ പ്രോസസ്സിന്റെ ഫൈൻഡിംഗ് എന്തായിരിക്കണമെന്നാണ് സെക്ഷൻ 14-ൽ പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെയും മന്ത്രിമാർക്കെതിരെയും കുറെ കേസ്സുകൾ വന്നപ്പോൾ 22 വർഷത്തിനുശേഷം അങ്ങനെയൊരു അധികാരം ലോകായുക്തയ്ക്കില്ല, ലോകായുക്ത എൻക്വയറി നടത്തി ഇൻവെസ്റ്റിഗേഷൻ നടത്തി ആ റിപ്പോർട്ടെടുത്ത് ഷെൽഫിൽ വയ്ക്കണമോ; What is the purpose; What is the intention? ലോകായുക്ത എന്നുപറയുന്നൊരു മെക്കാനിസം ഈ ലെജിസ്ലേച്ചർ ഉണ്ടാക്കിയപ്പോൾ അതിന്റെ പർപ്പസ് എന്തായിരുന്നു? To prevent corruption; അഴിമതി തടയാനായിരുന്നു. അഴിമതി തടയാനായി

ഇൻവെസ്റ്റിഗേഷൻ നടത്തി ഷെൽഫിൽ വച്ചാൽ മതിയോ? എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പി. രാജീവ്: സർ, ആദ്യത്തെ പ്രതിപക്ഷനേതാവല്ല ഇപ്പോൾ സംസാരിക്കുന്നത്. ആദ്യം സംസാരിച്ച പ്രതിപക്ഷനേതാവ് ഭരണഘടനയും നിയമവുമാണ് പറഞ്ഞത്. ഇപ്പോൾ പ്രതിപക്ഷനേതാവ് ശൂന്യമായിട്ട് പറയുകയാണ്. ഞാൻ പ്രതിപക്ഷനേതാവിനെ വെല്ലുവിളിക്കുന്നു. ഇതൊരു ജുഡീഷ്യൽ പ്രോസസ്സും ജുഡീഷ്യൽ സംവിധാനവുമാണെന്നു പറയുന്നൊരു വാചകം നിലവിലുള്ള ഈ നിയമത്തിൽ നിങ്ങൾക്ക് കണ്ടെത്താൻ സാധിക്കുമോ?

ശ്രീ. വി. ഡി സതീശൻ: സർ, ഏതെങ്കിലും ലെജിസ്ലേഷനകത്ത് ഇത് ജുഡീഷ്യൽ പ്രോസസ്സാണെന്ന് നിയമത്തിൽ എഴുതി വയ്ക്കാറുണ്ടോ; ഇത് വായിച്ചാൽ അറിയാമല്ലോ. ഒരു കംപ്ലയിന്റ് അവരുടെ മുമ്പിൽ വരുമ്പോൾ അവരത് ഡീൽ ചെയ്യുന്നതെങ്ങനെയാണെന്ന് കൃത്യമായി എഴുതി വച്ചിരിക്കുകയല്ലേ. That is the judicial process. എന്നാൽ പിന്നെ സർക്കാരിൽനിന്നും റിട്ടയർ ചെയ്യുന്ന ഏതെങ്കിലും അഡീഷണൽ സെക്രട്ടറിയെ ലോകായുക്തയിൽ നിയമിച്ചാൽ പോരായിരുന്നോ;

എന്തിനാണ് സുപ്രീംകോടതിയുടെ റിട്ടയേർഡ് ജഡ്ജിയെ വയ്ക്കുന്നത്; എന്തിനാണ് റിട്ടയേർഡ് ചെയ്ത ചീഫ് ജസ്റ്റിസിനെ വയ്ക്കുന്നത്? സർക്കാരിൽനിന്നും ഏതെങ്കിലും ജോയിന്റ് സെക്രട്ടറിയെയോ അണ്ടർ സെക്രട്ടറിയേയോ അല്ലെങ്കിൽ ഏതെങ്കിലും പാർട്ടിക്കാരനെ ലോക്ആയുക്തയിൽ വച്ചാൽ മതി. അവിടെയൊരു ജൂഡീഷ്യൽ പ്രോസസ്സുണ്ട്. ആ ജൂഡീഷ്യൽ പ്രോസസ്സ് ഇംപ്ലൈഡാണ്. അങ്ങ് എന്നെ വെല്ലുവിളിക്കുന്നു. ഏതു നിയമത്തിലാണ് അങ്ങനെ ഇതൊരു ജൂഡീഷ്യൽ പ്രോസസ്സാണെന്ന് എഴുതിവയ്ക്കുന്നത്? ഏതുനിയമത്തിൽ എഴുതിവയ്ക്കും. It is very clear that this is a judicial process.

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങ് ഭരണഘടനയുടെ പാർട്ട് 5, പാർട്ട് 6 വായിച്ചാൽ മതിയാകും. അതിൽ പറയുന്നുണ്ട്, What is Judiciary? What is Judicial Process? What are the Functions and Powers of a Judicial Officer? What is the distinction in between Legislature and Judiciary as per Article 50? State judiciary .... ഞാൻ പ്രതിപക്ഷനേതാവിന് വഴങ്ങി. എല്ലാവർക്കും വഴങ്ങുന്നില്ല.

മി. സ്പീക്കർ: അദ്ദേഹം വഴങ്ങുന്നില്ലെങ്കിൽ പിന്നെ എന്തുചെയ്യാൻ ഇരിക്കു.

ശ്രീ. പി. രാജീവ്: സർ, ഒരു നിയമത്തിന്റെ Statement of objects and reasons, ബില്ല് ആക്റ്റ് ആകുന്നതോടുകൂടി അതുമാറും. Preamble കൃത്യമായി പറഞ്ഞിരിക്കുന്നത് 'Investigation and enquiry, അന്വേഷണം പരിശോധന'. രണ്ട് മലയാളർത്ഥവും ചിലപ്പോൾ കാണാൻ സാധിക്കും. പക്ഷെ, എൻക്വയറി, അന്വേഷണം, പരിശോധന ഈ അധികാരമാണ് ഒരു നിയമത്തിന്റെ പൊതുകാഴ്ചപ്പാടിനും Statement of objects and reasons-നും Preamble-നും അതിന്റെ ലക്ഷ്യത്തിനുമപ്പുറത്ത് ഏതെങ്കിലുമൊരു വകുപ്പ് ആ നിയമത്തിനകത്തുണ്ടെങ്കിൽ ആ വകുപ്പ് നിൽക്കില്ല അതാണ് ഒന്നാമത്തേത്. രണ്ട്, അതുകൊണ്ടുതന്നെ ഇതൊരു എൻക്വയറിക്കും ഇൻവെസ്റ്റിഗേഷനുമുള്ള ഏജൻസിയാണ്. ഒരു എൻക്വയറി നടത്തുന്ന ഏജൻസിതന്നെ ശിക്ഷ വിധിക്കുന്നത് jurisprudence-ന്റെ ബേസിക് പ്രിൻസിപ്പിളിനെതിരാണ്. നാളെ പോലീസ് അന്വേഷണം നടത്തി പോലീസ് തന്നെ വധശിക്ഷ വിധിച്ചാലോ? അന്വേഷണ ഏജൻസിയും തീരുമാനമെടുക്കുന്ന ഏജൻസിയും രണ്ടുംരണ്ടാണ്. ഇവിടെ എൻക്വയറിയും ഇൻവെസ്റ്റിഗേഷനും നടത്തുന്ന

ആളുതന്നെ വിധിയും പ്രഖ്യാപിക്കണമെന്നുള്ളത് ലോകത്തൊരിടത്തുമില്ലാത്ത നീതിന്യായ സംവിധാനമാണ്. അത് jurisprudence-ൽ ഇല്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഓംബുഡ്സ്മാൻ എങ്ങനെയാണ്?

ശ്രീ. പി. രാജീവ്: സർ, ലോക്പാലിനെക്കുറിച്ചാണ് പറയുന്നത്. അതിനെക്കുറിച്ച് വേറൊരു സംവാദം ചെയ്യാം.

ശ്രീ. സണ്ണി ജോസഫ്: സർ, എങ്ങനെയാണ് റിട്ട് ജൂറിസ്ഡിക്ഷനിൽ കോടതി ഉത്തരവിടുന്നത്? ആരെങ്കിലും എൻക്വയറി നടത്തിയിട്ടാണോ, റിട്ട് പെറ്റിഷനിൽ വാദം കേട്ട് ജഡ്ജി വിധി പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്?

ശ്രീ. വി. ഡി. സതീശൻ: സർ, ജുഡീഷ്യൽ പ്രൊസീഡിംഗ് എന്ന് എവിടെയെങ്കിലുമുണ്ടോയെന്ന് ചോദിച്ച് അങ്ങ് എന്നെ വെല്ലുവിളിച്ചു. ലോകായുക്ത ആക്ടിന്റെ സെക്ഷൻ 11(2) 'For the purpose of any such investigation (including the preliminary inquiry) the Lok Ayukta or an Upa-Lok Ayukta shall have all the powers of a Civil Court, while trying a suit under the Code of Civil Procedure, 1908' and Section 11(3) 'Any proceeding before the Lok Ayukta or an Upa-Lok Ayukta

shall be deemed to be a judicial proceeding within the meaning of Section 193 of the Indian Penal Code'. അപ്പോൾ ജുഡീഷ്യൽ പ്രൊസീഡിംഗിസായില്ലേ. (ബഹളം)

ശ്രീ. പി. രാജീവ്: സർ, (ബഹളം) ഞാൻ എന്റെ ഭാഗം പറയട്ടെ. നിങ്ങൾ ഉന്നയിച്ചല്ലോ. നിങ്ങളുടെ പ്രതിപക്ഷനേതാവിന് നല്ല കരുത്തുണ്ടെന്നാണ് ഞങ്ങൾ കരുതുന്നത്. അതിന് പുറകിലിരിക്കുന്ന ബഞ്ചുകാരുടെ സാങ്കേതികവും നിയമപരവുമായ ഉപദേശം അദ്ദേഹത്തിന് വേണ്ടതില്ല. അദ്ദേഹം പറഞ്ഞല്ലോ. ഇവിടെന്താണ് പറഞ്ഞത്. ഇതൊരു ജുഡീഷ്യൽ ബോഡിയല്ല. എന്തുകൊണ്ടല്ല. ഇത് എൻക്വയറി നടത്താനും ഇൻവെസ്റ്റിഗേഷൻ നടത്താനുമുള്ളതാണ്. ഇതുപോലെയുള്ള സംവിധാനങ്ങൾക്കെല്ലാം സിവിൽ കോടതിക്ക് അധികാരം കൊടുക്കും. ഞങ്ങളുടെ സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയായ ഗ്രീവൻസ് റിഡ്രസൽ മെക്കാനിസത്തിന് സി.ആർ.പി.സി. അധികാരമുണ്ട്. പല നിയമങ്ങൾക്കും സി.ആർ.പി.സി. അധികാരമുണ്ട്. സമ്മൻ ചെയ്യാനും രേഖകൾ പിടിച്ചെടുക്കാനും അധികാരമുണ്ട്. പക്ഷേ On the part of investigation and enquiry. അല്ലാതെ ജുഡീഷ്യൽ അല്ല. അങ്ങ് പറഞ്ഞതിലേയ്ക്ക് വരാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ നിയമത്തിൽ എവിടെയെങ്കിലും ജുഡീഷ്യൽ പ്രൊസീഡിംഗ് എന്നൊരു വാക്കുണ്ടോ, എന്നു പറഞ്ഞാണ് ബഹുമാനപ്പെട്ട മന്ത്രി എന്നെ വെല്ലുവിളിച്ചത്, It is on record. I have quoted the same word 11(3)-ൽ '.....shall be deemed to be a judicial proceeding within the meaning of section 193 of the Indian Penal Code'. അതുപോലെ Cr.P.C. പ്രൊവിഷൻ പറഞ്ഞു.

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എന്താണ് പറഞ്ഞത്. Separation of Powers, Judicial, Executive, Legislature, Whether this Mechanism come under the purview of a Judicial Body? എങ്കിലാണ് Separation of… ഞാൻ പറയട്ടെ ഡോ. മാത്യു കുഴൽനാടൻ. അല്ലെങ്കിൽ നിങ്ങൾ പറയൂ...

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മൈക്ക് അങ്ങേയ്ക്കാണ്, അങ്ങ് ചെയറിനെ അഭിസംബോധന ചെയ്യൂ.

ശ്രീ. പി. രാജീവ്: സർ, ഡോ. മാത്യു കുഴൽനാടനെപ്പോലുള്ള ആളുകൾ. ഞാൻ എത്രയോ തവണ അദ്ദേഹത്തിന് വഴങ്ങി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഒരു നിമിഷം കേൾക്കു. അങ്ങ് ഉന്നയിച്ച കാര്യങ്ങളിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇടപെട്ടു. അതിന് മറുപടി പറയൂ. അതിനിടയിൽ സംസാരിക്കുന്ന അംഗങ്ങൾക്ക് മൈക്കില്ല. മൈക്ക് നൽകിയത് പ്രതിപക്ഷനേതാവിനാണ്. പിന്നീട് അങ്ങേയ്ക്കും, അങ്ങ് ചെയറിനെ അഭിസംബോധന ചെയ്യൂ.

ശ്രീ. പി. രാജീവ്: സർ, ബേസിക് ക്വസ്റ്റ്യൻ എന്താണ്; ഇതൊരു ജൂഡീഷ്യൽ ബോഡിയാണോ? ഇപ്പോൾ അദ്ദേഹം ഉദ്ധരിച്ച കാര്യം നൂറിലധികം സംവിധാനങ്ങളിൽ കാണാം. അതെല്ലാം ജൂഡീഷ്യൽ ബോഡിയാണോ, അല്ല. ഇത് ഇൻവെസ്റ്റിഗേഷൻ, എൻക്വയറി, ഡിക്ലറേഷൻ, ജഡ്ജ്മെന്റ്, ഒരേ ബോഡി ലോകത്തിലേതെങ്കിലും jurisprudence-ലുണ്ടാകുമോ? അത് jurisprudence-ന്റെ അടിസ്ഥാന തത്വങ്ങൾക്കെതിരാണ്. അതാണ് ഒന്നാമത്തേത്. ഞാനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലും പാർലമെന്റിലുണ്ടായിരുന്ന സമയത്താണ് ലോക്പാൽ ബില്ലും ലോകായുക്ത ബില്ലും പാസ്സാക്കുന്നത്. അദ്ദേഹം അതിന്റെ സെലക്ട് കമ്മിറ്റിയിലുമുണ്ടായിരുന്നു. അന്നത്തെ വിമർശനം എന്താണെന്നറിയാമോ?

യഥാർത്ഥത്തിൽ ലോക്പാൽ എന്നത് ഇൻവെസ്റ്റിഗേഷൻ ഏജൻസിയായിരുന്നു. ഇപ്പോൾ നിങ്ങൾ അതിനെയൊരു കംപ്ലയിന്റ് ഏജൻസി മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. ഇതാണ് അന്നത്തെ ആർഗ്യുമെന്റ്. ഞങ്ങൾ പാർലമെന്റിൽ ഉണ്ടായിരുന്നവരാണ്. ബഹുമാനപ്പെട്ട ചെയറും അന്ന് ലോക്സഭയിൽ ഉണ്ടായിരുന്നു. അന്നത്തെ ആർഗ്യുമെന്റ് ഇതാണ്, Lok Pal is an Investigation Agency. അന്ന് കോൺഗ്രസ്സാണ് (യു.പി.എ) അധികാരത്തിൽ. ഇപ്പോഴത്തെ നിങ്ങളുടെ ഭേദഗതി വഴി ഈ ഇൻവെസ്റ്റിഗേഷൻ ഏജൻസിയെ നിങ്ങൾ വെറുമൊരു കംപ്ലയിന്റ് കൊടുക്കുന്ന ഏജൻസിയായി പരിമിതപ്പെടുത്തിയിരിക്കുന്നു. ഇതാണ് അന്നത്തെ വാദമെന്നുപറയുന്നത്. അപ്പോൾ separation of powers നിൽക്കില്ല. രണ്ട്, യഥാർത്ഥത്തിൽ സെക്ഷൻ 14 എന്നുള്ളത് ultra vires to the Constitution, കോൺസ്റ്റിറ്റ്യൂഷൻ അനുസരിച്ച് ആർട്ടിക്കിൾ 163, 164 എങ്ങനെയാണ് മന്ത്രി, എങ്ങനെയാണ് മുഖ്യമന്ത്രി. ഇവിടെ Quo Warranto-യിൽ പോലും ബാലകൃഷ്ണപിള്ള കേസിൽ പറഞ്ഞു. ആകെ ഒരു Quo Warranto ആണുള്ളത്, ഇപ്പോഴും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുന്നുണ്ട്. ചരിത്രത്തിലുള്ള ഒരു Quo Warranto എന്ന് പറയുന്നത്

ജയലളിത തമിഴ്നാട്ടിൽ മത്സരിക്കാൻ നോമിനേഷൻ നൽകി. അവർ മൂന്നുവർഷത്തേയ്ക്ക് ശിക്ഷിക്കപ്പെട്ടു. തുടർന്ന് അവരുടെ നോമിനേഷൻ തള്ളി, മത്സരിക്കാൻ സാധിച്ചില്ല. AIADMK (All India Anna Dravida Munnetra Kazhagam)-ക്ക് ഭൂരിപക്ഷം ലഭിക്കുകയും ജയലളിതയെ മുഖ്യമന്ത്രി ആക്കുകയും ചെയ്തു. ആ സമയത്ത് ഒരു Quo Warranto വന്നു. ആ Quo Warranto, Article 191 - disqualification, Article 173 - qualification, കോൺസ്റ്റിറ്റ്യൂഷന്റെ 163, 164 ഇതുമായി ചേർന്ന് നിൽക്കുമോ? ഇതാണ് ബേസിക്ക് പ്രശ്നമായി ഇന്ത്യയുടെ ചരിത്രത്തിൽ Quo Warranto. എം.എൽ.എ. ആയി മത്സരിക്കാൻ 191 പ്രകാരം disqualified ആയൊരു വ്യക്തിക്ക് മുഖ്യമന്ത്രിയാകാൻ സാധിക്കുമോ; ആറ് മാസത്തെ സമയപരിധിക്കകത്ത് മത്സരിക്കാതെ തന്നെ മന്ത്രിയാകാൻ കഴിയുമോ? ഒറ്റ Quo Warranto-യേ ഉള്ളൂ. ബാക്കി നിങ്ങൾ കേരള ഹൈക്കോടതി, സുപ്രീം കോടതി, മദ്രാസ് ഹൈക്കോടതി എല്ലാം Quo Warranto എന്തുകൊണ്ട് നിൽക്കില്ല, 163, 164. കഴിഞ്ഞ വർഷത്തെ മന്ത്രിസഭയിൽ തന്നെവന്ന കേസ്സുൾപ്പെടെ അതിനകത്തുണ്ട്. സെക്ഷൻ 14 എന്നുള്ളത് കോൺസ്റ്റിറ്റ്യൂഷന്റെ 163, 164-ന് ultra vires ആണ്. ഒരു കോൺസ്റ്റിറ്റ്യൂഷൻ

പ്രൊവിഷനെ നിങ്ങൾക്കൊരു നിയമപരമായ വ്യവസ്ഥകൊണ്ട് മറികടക്കാൻ പറ്റില്ല. നിയമത്തിന്റെ ലീഗാലിറ്റിയുടെ ഒന്നാമത്തേത് ലെജിസ്ലേറ്റീവ് കോമ്പിറ്റൻസി പരിശോധിക്കുകയാണ്. introduction time-ൽ. ആദ്യം നോക്കുന്നത് Whether it is ultra vires to the Constitution or in accordance with the provisions of the Constitution, that is the basic litmus test of a legislation or a law making process. ഇവിടെ എന്താണ്? ഇവിടെയെന്താ ഇത് ultra vires to the Constitution. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ച പ്രൊസീഡിംഗ്സ് മുഴുവൻ ഞാൻ നോക്കി. സെക്ഷൻ 14 അല്ല 13 ആണ്. 13 എടുത്തുമാറ്റി. ഈ ഭേദഗതി എടുക്കുന്നത് അവസാനമാണ്. ആ ഭേദഗതിയിൽ ഒരു പ്രസംഗവുമില്ല, ഒരു ഭേദഗതി കൊണ്ടുവരികയാണ്. ഇത് കോൺസ്റ്റിറ്റ്യൂഷനോട് ചേർന്ന് നിൽക്കുമോ; ഇത് നിയമത്തിന്റെ preamble-മായി ചേർന്ന് നിൽക്കുമോ? ഈ വകുപ്പ് അന്നത്തെ 13, മറ്റ് സെക്ഷനുകളുമായി കോൺട്രഡിക്ടറിയാണോ. ഈയൊരു പരിശോധനയുടെ പ്രോസസ്സ് ആ നിയമനിർമ്മാണ പ്രക്രിയയിൽ ഇല്ല. But it is the collective will of that house at that time. അവർ അത് തീരുമാനിച്ചു, അത് നിയമമാണ്. It is part of the Act, Law of the land

for the time being. പക്ഷേ ഇപ്പോൾ ഭരണഘടനാപരമായി ഇത് നിൽക്കുന്നതല്ലെന്ന ഉപദേശം ലഭിച്ചു. അതുകൊണ്ട് സെക്ഷൻ 14 ആണ് .....

മി. സ്പീക്കർ: അങ്ങ് വീണ്ടും അങ്ങോട്ടാണ് അഭിസംബോധന ചെയ്യുന്നത്. ആവശ്യത്തിലധികം സമയം നമ്മളിപ്പോൾ ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. പി. രാജീവ്: സർ, കുറേ പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ മനോഹരമായൊരു ക്വാട്ടിംഗ് തരാം. Law is rarely static is or morbidant, it is changing, ഇതിങ്ങനെ മരിച്ച് നിൽക്കുകയല്ലല്ലോ. It is not static, it is dynamic, it is changing ഓരോ കാലത്തെയും നോക്കിക്കൊണ്ട്. അന്ന് ലോക്പാലും ലോകായുക്തയുമില്ല.

ഇനി അടുത്ത പോയിന്റിലേയ്ക്ക് വരാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുതന്നെ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)വും പറഞ്ഞു - അപ്പീൽ ഉണ്ടല്ലോ, ആർട്ടിക്കിൾ 226 ഉണ്ടല്ലോ, പിന്നെ എന്താണ് പ്രശ്നം എന്ന്. Judicial Review or a writ is not an Appeal. ഒരു അപ്പീൽ ഡിസിഷനെയാണ് ക്വസ്റ്റ്യൻ ചെയ്യുന്നത്. ഒരു റിട്ട് ക്വസ്റ്റ്യൻ ചെയ്യുന്നത്, the process to taking this decision ആ പ്രോസസ്സാണ് ചോദ്യം ചെയ്യുന്നത്. വളരെ പ്രശസ്തമായൊരു വിധിന്യായം

ഞാൻ ഇവിടെ പറയാം, Bhubaneswar Development Authority v. Adikanda Biswal [2012 (11 SCC 731)]" it is trite law that the power of judicial review under Article 226 of the Constitution of India is not directed against the decision but is confined to the decision making process. The judicial review is not an appeal from a decision, but a review of the manner in which the decision is made and the courts sits in judgment only on the correctness of the decision making process and not on the correctness of the decision itself" . ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് റിട്ട് ഉണ്ടല്ലോ, അപ്പീൽ ഉണ്ടല്ലോ. റിട്ട് എന്നുള്ളത് ഇന്ത്യയിലെ ഏത് സിറ്റിസണും ഉള്ളൊരു അധികാരമാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, അതിന് ഇപ്പോൾ അപ്പീൽ ഉണ്ടോ?

ശ്രീ. പി. രാജീവ്: സർ, അപ്പീലിന്റെ ആവശ്യമില്ല. അപ്പീൽ എങ്ങനെയാണ് വരുന്നത്. അപ്പീൽ വരുന്നത് ഈ ബോഡിക്ക് ഇങ്ങനെയൊരു തീരുമാനമെടുക്കാൻ അവകാശമുണ്ടോ, ഇല്ലയോ. ഇതൊരു മാൻഡേറ്ററി ജൂറിസ്ഡിക്ഷനാണോ, റെക്കമെന്റേറ്ററി ജൂറിസ്ഡിക്ഷനാണോ

എന്ന പ്രശ്നം വരുമ്പോഴാണ്. This is only a mandatory jurisdiction. . (ബഹളം) ... എനിക്ക് ഇങ്ങനെ അപശബ്ദങ്ങൾ ഉയർന്നുവന്നാൽ അതിനകത്ത് ഒഴുക്ക് കിട്ടില്ല. അത് പ്രതിപക്ഷനേതാവ് പറയണം.

മി. സ്പീക്കർ: അങ്ങ് ചെയറിനെ അഭിസംബോധന ചെയ്യൂ.

ശ്രീ. പി. രാജീവ്: സർ, അപ്പോൾ ഇവിടെ അപ്പീൽ ഉണ്ടെന്ന വാദവും തെറ്റാണ്. അത് പൂർണ്ണമായും നിൽക്കുന്നതല്ല. സെപ്പറേഷൻസ് ഓഫ് പവർ പറഞ്ഞു, ഭരണഘടന പറഞ്ഞു. ഇതിനകത്ത് അപ്പീൽ ഇല്ലെന്ന കാര്യം കൂടി ഇവിടെ വിവാദമായ കേസ്സിനകത്തും ബഹുമാനപ്പെട്ട കോടതി പറയുന്നുണ്ട്. The said intention is explicit from the fact that no appeal is provided for under the Act against these decisions. ഇതാണ് ഹൈക്കോടതി ഡോ. കെ. ടി. ജലീലിനെതിരെയുള്ള കേസ്സിൽ പറയുന്നത്. ഞങ്ങൾ അതിലേയ്ക്ക് കടക്കാത്തത് ലെജിസ്ലേറ്റീവ് ഇന്റൻഷനിൽ അപ്പീലില്ല എന്നതിനാലാണ്. ഇതിനകത്ത് ഇത് നിൽക്കുന്നതാണോ അല്ലയോ. ഇതിന്റെ കോൺസ്റ്റിറ്റ്യൂഷണൽ വാലിഡിറ്റി ഒന്നും ചർച്ച ചെയ്തിട്ടില്ല. മറ്റ് പ്രൊസീഡിംഗ്സിലേയ്ക്ക് വരുന്നില്ല, ആവശ്യമെങ്കിൽ ചർച്ചയ്ക്കിടയിൽ പറയാമല്ലോ. ഇത് നിലവിലുള്ള നിയമത്തിന്റെ ഒരു വ്യവസ്ഥ, ആ നിയമത്തിന്റെ പൊതുവായിട്ടുള്ള statement of objects and reasons-നും Preamble-നും കോൺട്രഡിക്ടറിയായി നിൽക്കുന്നു. ആ വ്യവസ്ഥ മറ്റ്

വകുപ്പുകളുമായി കോൺട്രഡിക്ടറിയാണ്. ആ വ്യവസ്ഥ ultra vires to the Constitution. അതുകൊണ്ട് അത് should be in accordance with the provisions of the Constitution. അതാണ് ലെജിസ്ലേച്ചറിന്റെ ഉത്തരവാദിത്വം. ആ ഉത്തരവാദിത്വത്തിനാണ് ഈ ബില്ല് അവതരിപ്പിച്ചിരിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒന്ന് വഴങ്ങാമോ?

ശ്രീ. പി. രാജീവ്: സർ, ഞാൻ ഈ പോയിന്റ് തീർക്കട്ടെ. ഇത് അഴിമതിക്കെതിരെയുള്ള ശക്തമായ നിലപാടാണ്. അദ്ദേഹത്തിന്റെ അവസാനത്തെ ഒരു പോയിന്റ് കൂടിയുണ്ട്, Lok Pal അത് വിട്ടുപോയി. ലോക്പാൽ ആൻഡ് ലോകായുക്ത ബിൽ 2013 വായിക്കൂ. ലോകായുക്ത ബിൽ അദ്ദേഹം പറഞ്ഞത് എതിരാകുന്നതുകൊണ്ട് സ്റ്റേറ്റിന് വ്യത്യസ്തതയുണ്ടാകുമെന്നാണ്. ലോക്പാൽ അവതരിപ്പിക്കുമ്പോൾ ലോക്പാൽ & ലോക്ആയുക്ത ആയിരുന്നു. ലോക്പാലിനൊപ്പം ഒരു ചാപ്റ്റർ മുഴുവൻ ലോക്ആയുക്ത ആയിരുന്നു. ബഹുമാനപ്പെട്ട ശ്രീ. കെ. എൻ. ബാലഗോപാൽ, എം.പി. ആയിരുന്നപ്പോഴുണ്ടായിരുന്ന സെലക്ട് കമ്മിറ്റി ചർച്ച ചെയ്തിട്ട് പറഞ്ഞു; We have no legislative competence to make a

law for creation of a Lok Ayukta of a State. Only the State Legislature has the legislative competency to do it. അതുകൊണ്ട് നമുക്ക് എന്തുചെയ്യാൻ കഴിയും. അതാണ് പിന്നീട് സെക്ഷൻ 65 ആയി വന്നത് എല്ലാ സ്റ്റേറ്റിലും ഒരു വർഷത്തിനുള്ളിൽ ഒരു ലോകായുക്ത ഉണ്ടാക്കണം എന്നത്. അത് നമുക്ക് ഉണ്ട്. ഇനി നിങ്ങൾ Please read the Lok Pal and Lokayukta Bill along with the Standing Committee Report. സ്റ്റാൻഡിംഗ് കമ്മിറ്റി ഈ വാദമുഖങ്ങളെല്ലാം sum up ചെയ്ത് പറഞ്ഞു - നമുക്ക് ലെജിസ്ലേറ്റീവ് കോമ്പിറ്റൻസിയില്ല, അതിനാൽ ഇങ്ങനെയൊരു പ്രൊവിഷൻ വയ്ക്കാം, ഒരു വർഷത്തിനുള്ളിൽ എല്ലാ സ്റ്റേറ്റിനും നമ്മുടെ ലോകായുക്തയുടെ ഈ ഭാഗം/ചാപ്റ്റർ മോഡൽ ലോകായുക്തയായി അയച്ചുകൊടുക്കണമെന്ന്. മോഡൽ ലോകായുക്തയുടെ സെക്ഷൻ 85 വായിച്ചോളൂ. എല്ലാ സ്റ്റേറ്റും മോഡൽ ആക്കി കൊണ്ടുവരണമെന്ന് പറഞ്ഞ ടി സെക്ഷൻ 85 നോക്കിക്കൊള്ളൂ. Section 85-ൽ Competent Authority അതിൽ competent Authority-ക്ക് മിനിസ്റ്ററുടെ കാര്യത്തിൽ... ഇതാണ് എല്ലാ സ്റ്റേറ്റും നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടത്. Competent authority of the State.. ഏതൊക്കെ ആണെന്ന് പറയുന്നുണ്ട്. മിനിസ്റ്ററുടെ

കാര്യത്തിൽ മുഖ്യമന്ത്രി, എം.എൽ.എ.-യുടെ കാര്യത്തിൽ Chairman of the Assembly, Legislative Council ഉള്ളിടത്ത് Chairman of Legislative Council, " in the case of a Member of that Council shall, as soon may be, after the receipt of report under sub-section(1), cause the same to be laid before the Legislative Assembly or the Legislative Council, as the case may be, ...

(3) The competent authority shall examine the report forwarded to it under sub-section (1) and communicate to the Lokayukta, within a period of ninety days from the date of receipt of the report, the action taken or proposed to be taken on the basis of the report and the reasons for not taking any action on the recommendation of the Lokayukta" എല്ലാ സംസ്ഥാനങ്ങൾക്കും അയച്ചുകൊടുത്തിരിക്കുന്ന മോഡലിതാണ്, സെക്ഷൻ 85. മോഡൽ ലോകായുക്തയുടെ സെക്ഷൻ 85 അടിസ്ഥാനമാക്കി കോംപീറ്റന്റ് അതോറിറ്റിക്ക് തീരുമാനിക്കാമെന്നാണ് പറയുന്നത്. അതായത് റിപ്പോർട്ടിന്മേൽ എന്ത് നടപടിയെടുത്തു; എന്ത് നടപടിയാണ് എടുക്കാൻ

പോകുന്നത്; നടപടി എടുക്കുന്നില്ലെങ്കിൽ, അത് എന്തുകൊണ്ട് തുടങ്ങിയ കാര്യങ്ങളാണ് പറയുന്നത്. What are the reasons for not taking any decision on the basis of that report. This is in par with the provisions of the Lokpal and Lok Ayukta. അതിൽ എന്തെങ്കിലും വ്യത്യാസമുണ്ടാകും, അത് വേറെ നോക്കാം. പക്ഷെ ഇപ്പോൾ ഈ വ്യവസ്ഥകൾക്കനുസരിച്ചാണുള്ളത്. അത് കേന്ദ്ര നിയമവുമായി ചേർന്നുനിൽക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറയുന്നത് വളരെ രസകരമായ വാദമാണ്. Preamble-ൽ ഈ അധികാരത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്നില്ലെന്നാണ് പറയുന്നത്. ആദ്യം അങ്ങ് പറഞ്ഞത് ഇത് ജുഡീഷ്യൽ പ്രോസസ്സോ പ്രൊസീഡിംഗ്സോ അല്ലെന്നാണ്. ഇപ്പോൾ അതിൽ നിന്ന് മാറി preamble-ലെ കാര്യമാണ് സൂചിപ്പിക്കുന്നത്. കേരളത്തിന്റെ നിയമമന്ത്രി അല്ലെങ്കിൽ കേരള സർക്കാർ ഇപ്പോൾ ഒരു ഫൈൻഡിംഗിൽ എത്തിയിരിക്കുകയാണ്. നിയമസഭ പാസ്സാക്കിയ ഈ നിയമത്തിലെ വ്യവസ്ഥകൾ unconstitutional ആണെന്നാണ് കണ്ടെത്തിയിരിക്കുന്നത്. That is ultravires to the Constitution എന്നൊരു

ഫൈൻഡിംഗിലാണ് എത്തിയിരിക്കുന്നത്. What is your competency; who are you to say that? Only the court can say that a law passed by the Legislature is unconstitutional or not. Nobody is competent to say that a law passed by a Legislative Assembly is ultravires or unconstitutional. How can you say like that? ഡോ. കെ. ടി. ജലീലിന്റെ കേസ് ബഹുമാനപ്പെട്ട സുപ്രീംകോടതി പരിശോധിച്ചശേഷം Section 14 unconstitutional ആണെന്ന് പറഞ്ഞോ; ഇല്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി അത് സപ്പോർട്ട് ചെയ്യുകയാണ് ചെയ്തത്. You have no right to say that this law is unconstitutional which is passed by this august house. You are not competent.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റ് അംഗങ്ങളും തടസ്സവാദങ്ങളിൽ ഉന്നയിച്ച കാര്യങ്ങൾക്ക് മാത്രം മറുപടി പറഞ്ഞാൽ മതിയാകും.

ശ്രീ. പി. രാജീവ്: തീർച്ചയായും, ആ ഭാഗങ്ങൾ മാത്രമേ എടുക്കുന്നുള്ളൂ. ബഹുമാന്യനായ പ്രതിപക്ഷനേതാവ് സംസാരിച്ച ആദ്യഭാഗം രേഖകളിൽ നിന്ന് നീക്കം ചെയ്യാൻ പറയണം. ഇത് കോൺസ്റ്റിറ്റ്യൂഷനായി

നിൽക്കില്ലെന്നാണ് അദ്ദേഹം ആദ്യം പറഞ്ഞത്. നമുക്ക് അധികാരമില്ലാത്ത കാര്യത്തെ സംബന്ധിച്ച് എങ്ങനെയാണ് പറയുന്നത്? ഇത് ഭരണഘടനയ്ക്ക് ഒപ്പമാണോ ഇല്ലയോ എന്നതുസംബന്ധിച്ച് കോടതിക്ക് വിട്ടാൽ പോരെ; അങ്ങ് എന്തിനാണ് ഇവിടെ വാദിക്കുന്നത്; ഒരു ലെജിസ്ലേറ്റീവ് മേക്കിംഗ് പ്രോസസ്സിൽ, ഭരണഘടനയ്ക്ക് അനുസൃതമാണോ അല്ലയോ എന്ന് പറയാൻപോലും അവകാശമില്ലെങ്കിൽ എവിടെയെത്തും. ഭരണഘടനാ അനുസൃതമാണോ അല്ലയോ എന്ന് പിന്നീട് ഏത് ഘട്ടത്തിലും ഒരു സഭയ്ക്ക് തോന്നിയാൽ അതിനകത്ത് മാറ്റം വരുത്താം. അങ്ങ് ഉദ്ധരിച്ചുകൊണ്ടിരിക്കുന്ന കേസിന്റെ അവസാനഭാഗം നോക്കിയാൽ മതിയാകും. അങ്ങേയറ്റത്തെ സ്വപ്നങ്ങളിൽപോലും ഞങ്ങൾക്ക് നിയമസഭയോ പാർലമെന്റോ പാസ്സാക്കിയ ഒരു നിയമത്തെ തൊടാനോ അതിലെ ഒരു വാചകത്തെയോ വാക്കിനെയോ അങ്ങോട്ടുമിങ്ങോട്ടും മാറ്റിയെടുക്കാനോ കഴിയില്ല. അതുകൊണ്ട് ഇത്തരം ഭേദഗതിയുണ്ടായില്ലെങ്കിൽ, judiciary is forced to step into our shoes; 1998-ൽ പ്രസ്തുത നിയമം ചർച്ച ചെയ്യുമ്പോൾ ലോക്പാലും ലോകായുക്തയും ഇല്ലായിരുന്നു. വളരെ വികാരഭരിതനായി അഴിമതിക്കെതിരെയുള്ള

കുരിശുയുദ്ധത്തിന്റെ വക്താവ് എന്ന നിലയിൽ ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവസാനം ചില വാചകങ്ങൾ വൈകാരികമായി പറഞ്ഞു. 1960-ൽ തുടങ്ങിയതാണ് ലോക്പാൽ ബില്ലിന്റെ ചർച്ച. 1968-ൽ ലോക് സഭ പാസ്സാക്കിയെങ്കിലും രാജ്യസഭ പാസ്സാക്കുന്നത് 2013-ലാണ്. കോൺഗ്രസ് അധികാരത്തിൽനിന്ന് താഴെയിറങ്ങുന്നതുവരെ പ്രസ്തുത നിയമത്തെ അടിസ്ഥാനമാക്കി ലോക്പാലിനെപ്പോലും നിയമിച്ചില്ലായിരുന്നു. എന്നിട്ടാണ് നിങ്ങളാണ് ഇതിന്റെ വക്താക്കളെന്ന് പറയുന്നത്. അങ്ങനെ ലോക്പാലും ലോകായുക്തയും നിലവിൽ വന്നു. അതിനെ അടിസ്ഥാനമാക്കി പല സംസ്ഥാനങ്ങളും നിയമങ്ങൾ ഭേദഗതി ചെയ്തു. നമ്മുടെ പരിശോധനയിൽ കോൺസ്റ്റിറ്റ്യൂഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അതിന്റെ പൊതുവായ ഘടകങ്ങളിൽ വ്യത്യസ്തതയുമുള്ളതായി കണ്ടതുകൊണ്ടാണ് 2013-ൽ പാസ്സാക്കിയ ലോക്പാലിന് അനുസൃതമായ മാറ്റങ്ങൾ വരുത്തണമെന്ന് സർക്കാർ ഉദ്ദേശിക്കുന്നത്. അതാണ് പ്രസ്തുത നിയമത്തിൽ കൊണ്ടുവന്നിട്ടുള്ളത്. ഇത് നിലവിലുള്ള നിയമത്തെ കുറെക്കൂടി ഭരണാനുസൃതവും നിയമാനുസൃതവുമാക്കാനാണ് ഉദ്ദേശിക്കുന്നത്.

അതുകൊണ്ട് ഇവിടെ ഉയർന്നുവന്ന തടസ്സവാദങ്ങളൊന്നും നിലനിൽക്കുന്നതല്ല.

**റൂളിംഗ്**

മി. സ്പീക്കർ: ആവശ്യത്തിൽ കൂടുതൽ സമയം തടസ്സവാദങ്ങൾ ഉന്നയിക്കുന്നതിനും വിശദീകരണം നൽകുന്നതിനും ചെയർ അനുവദിച്ചിട്ടുണ്ട്.

ഓർഡർ... ഓർഡർ... 2022-ലെ കേരള ലോകായുക്ത ബില്ലിന്റെ അവതരണത്തിനെതിരെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) എന്നിവർ തടസ്സവാദങ്ങൾ ഉന്നയിക്കുകയുണ്ടായി. ബഹുമാനപ്പെട്ട നിയമം, വ്യവസായം കയർ വകുപ്പുമന്ത്രി തടസ്സവാദങ്ങൾക്ക് വിശദമായ വിശദീകരണവും മറുപടിയും നൽകിക്കഴിഞ്ഞു. മൂലനിയമത്തിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് ഗവൺമെന്റ് കൈക്കൊണ്ട നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സഭ സമ്മേളിക്കാതിരുന്ന സമയം ഓർഡിനൻസായിട്ടാണ് ഈ ഭേദഗതി ആദ്യം നിലവിൽ വന്നത്. ഭരണഘടനയിലെ അനുച്ഛേദം 213 പ്രകാരം ബഹുമാനപ്പെട്ട ഗവർണർ പുറപ്പെടുവിച്ച ഓർഡിനൻസിലൂടെയാണ് ഈ ഭേദഗതി ആദ്യം നിലവിൽ

വന്നതെന്ന് എല്ലാവർക്കുമറിയാം. പ്രസ്തുത ഓർഡിനൻസ് ആവർത്തിച്ച് പുനഃപ്രഖ്യാപനം നടത്തുവാൻ കഴിയാത്ത സാഹചര്യത്തിലാണ് ഓർഡിനൻസിന് പകരമുള്ള നിയമനിർമ്മാണത്തിനായി സഭയിൽ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ബില്ലിലെ വ്യവസ്ഥകളിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്താൻ സഭയ്ക്ക് സമ്പൂർണ്ണ അധികാരമുള്ളതിനാൽ ഇവിടെ ഉന്നയിക്കപ്പെട്ട തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല എന്ന് റൂൾ ചെയ്യുന്നു.

ബിൽ അവതരിപ്പിച്ചിരിക്കുന്നു.

2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി ബിൽ)

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള ലോക്ആയുക്ത ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ബാലഗോപാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ബില്ലിനെക്കുറിച്ചുള്ള പൊതുവായ കാര്യങ്ങൾ നേരത്തെതന്നെ സഭയിൽ സൂചിപ്പിച്ചിട്ടുണ്ട്. ചർച്ചകൾക്കുശേഷം മറ്റ് കാര്യങ്ങൾ സൂചിപ്പിക്കാം.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ 26-08-2022 വരെ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. പൊതുപ്രവർത്തകർക്കിടയിലുള്ള അഴിമതി തടയുന്നതിന് ഒരു പരിശോധന നടത്തുകയെന്ന ഉദ്ദേശത്തെ അടിസ്ഥാനമാക്കിത്തന്നെയാണ് ലോക്ആയുക്ത ബിൽ 1999-ൽ അവതരിപ്പിച്ചത്. പ്രസ്തുത നിയമത്തിലെ ചില വകുപ്പുകൾ ഭരണഘടന അനുസരിച്ച് പൗരന്മാർക്ക് അനുഭവിക്കേണ്ടതായ ചില അവകാശങ്ങൾ കവരുന്നതാകുന്നു എന്ന് കണ്ടതിനാലാണ് നിയമ വകുപ്പിന്റെ ഉപദേശത്തോടുകൂടി പ്രത്യേകിച്ച് അഡ്വക്കേറ്റ് ജനറലിന്റെ അടക്കം ഉപദേശത്തോടുകൂടി പ്രസ്തുത വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് അപാകതകൾ തിരുത്തുന്നതിനുവേണ്ടി ഇങ്ങനെയൊരു നിയമഭേദഗതി

കൊണ്ടുവന്നിട്ടുള്ളത്. ഇതിൽ മൂന്ന് നാല് ഭേദഗതികളുണ്ട്. അതിൽ മൂന്നാം വകുപ്പിന്റെ ഭേദഗതിയെക്കുറിച്ച് വലിയ തർക്കമുണ്ടെന്ന് തോന്നുന്നില്ല. അതിന്റെ രണ്ടാം ഉപവകുപ്പിൽ 'ഹൈക്കോടതി ചീഫ് ജസ്റ്റിസായോ' എന്നതിനുപകരം 'ഹൈക്കോടതി ജഡ്ജിയായോ' എന്നീ വാക്കുകൾ കൂട്ടിചേർത്തുകൊണ്ടാണ് ഭേദഗതി വന്നിട്ടുള്ളത്. 5-ാം വകുപ്പിന്റെ ഭേദഗതിയിൽ 'അഞ്ചുവർഷക്കാലത്തേയ്ക്ക്' എന്ന വാക്കിനുശേഷം 'അല്ലെങ്കിൽ അദ്ദേഹത്തിന് എഴുപത് വയസ്സ് പൂർത്തിയാകുന്നത് വരെ, ഏതാണോ ആദ്യം അതുവരെ' എന്ന ഭേദഗതിയാണ് വരുത്തിയിട്ടുള്ളത്. 7-ാം വകുപ്പിൽ ലോക്ആയുക്ത ഉദ്യോഗസ്ഥരിൽ ഒഴിവു വരുന്ന സമയത്ത്, ലോക്ആയുക്തയുടെ ചാർജ് ആരെ ഏൽപ്പിക്കണം എന്നതു സംബന്ധിച്ചാണ്. അതിനും വലിയ തർക്കങ്ങൾ വരാൻ സാധ്യതയില്ല. എന്നാൽ 14-ാം വകുപ്പാണ് തർക്കത്തിന് കാരണമായി മാറുന്നത്. എനിക്ക് അത്ഭുതം തോന്നുകയാണ്. നേരത്തെ ഭരണപക്ഷത്തിരുന്നിരുന്ന ഇപ്പോഴത്തെ പ്രതിപക്ഷം, ലെജിസ്ലേച്ചറിന്റെ ഭാഗമാണ്. എങ്ങനെയാണ് പ്രതിപക്ഷം ഭരണഘടനാദത്തമായ അവകാശത്തെ സംരക്ഷിക്കുന്നതിന് കൊണ്ടുവരുന്ന ഭേദഗതിയെ എതിർക്കുന്നത്. നമ്മുടെ ഭരണഘടന അല്ലെങ്കിൽ

നമ്മുടെ ജനാധിപത്യം എക്സിക്യൂട്ടീവിലും ജൂഡീഷ്യറിയിലും ലെജിസ്ലേച്ചറിലും ഊന്നി നിൽക്കുന്നതാണ്. ഇതിന്റെയൊരു സമന്വയമുണ്ട്. ഇതിൽ ഏതെങ്കിലുമൊന്ന് മറ്റൊന്നിനെ കീഴ്പ്പെടുത്താൻ ശ്രമിക്കാതിരിക്കുന്നതാണ് ജനാധിപത്യത്തിന്റെ നിലനിൽപ്പിന് ഏറ്റവും ഉചിതം. അതിൽ ലെജിസ്ലേച്ചറിന് പ്രധാനപ്പെട്ട പങ്കുണ്ട്. നിയമം നിർമ്മിക്കുന്നത് ലെജിസ്ലേച്ചറാണ്. നിയമത്തിൽ അപാകതയുണ്ടെങ്കിൽ അത് തീർക്കുന്നതും ലെജിസ്ലേച്ചറാണ്. അതിന് ലെജിസ്ലേച്ചറിന് അധികാരമില്ലെന്ന് ലെജിസ്ലേച്ചറിനകത്ത് നിന്ന് വാദിക്കുന്നത് കേവലമായ രാഷ്ട്രീയ വൈരാഗ്യത്തിന്റെ ഭാഗമായിട്ടല്ലാതെ മറ്റൊന്നുമാകാൻ തരമില്ലെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. ലോക് ആയുക്ത ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനവും ലെജിസ്ലേച്ചർ എന്നത് ഒരു ഭരണഘടനാ സ്ഥാപനവുമാണെന്ന് ഇവിടെ വളരെ വ്യക്തമാണ്. സ്റ്റാറ്റ്യൂട്ടറി സ്ഥാപനത്തിന് ഭരണഘടനാ സ്ഥാപനത്തിനുമേൽ അധികാരം പ്രയോഗിച്ചുകൊണ്ട് അതിനെ നിയന്ത്രിക്കാനും ഇല്ലാതാക്കാനും അധികാരമുണ്ടോയെന്നുള്ളതാണ് കേവലമായ ചോദ്യം. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി വളരെ വിശദമായി സഭയ്ക്കകത്ത് സൂചിപ്പിച്ചിട്ടുള്ളതിനാൽ ഞാൻ കൂടുതൽ

വിശദീകരിക്കുന്നില്ല. ഒരു ക്വാസി ജുഡീഷ്യൽ ബോഡി, അതായത് ഇൻവെസ്റ്റിഗേഷനും എൻക്വയറിക്കുമൊക്കെ അധികാരമുള്ള സ്ഥാപനമായ ലോക് ആയുക്ത ഇക്കാര്യങ്ങൾ ഭംഗിയായി നിർവ്വഹിക്കണം. അത് വളരെ ഭംഗിയായി നിർവ്വഹിച്ചുപോരുന്നുമുണ്ട്. പക്ഷേ, കേരളത്തിന്റെ ലോക് ആയുക്ത നിയമത്തിന്റെ 14-ാം ക്ലോസിൽ ലോക് ആയുക്ത അന്വേഷിച്ച് ഇൻവെസ്റ്റിഗേഷനും എൻക്വയറിയും നടത്തി ഒരു റിപ്പോർട്ട് തയ്യാറാക്കി ഭരണഘടനാ സ്ഥാപനത്തിലെ ബഹുമാനപ്പെട്ട ഗവർണർക്കോ മുഖ്യമന്ത്രിക്കോ അയച്ചാൽ അത് അങ്ങനെതന്നെ സ്വീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തുപോയിരിക്കുകയാണ്. അത് ഈ നിയമം പാസ്സാക്കുന്ന സമയത്ത് നമുക്കുണ്ടായിരിക്കുന്ന ഒരു പിഴവ് തന്നെയാണ്. കാരണം, ഭരണഘടനയുടെ ആർട്ടിക്കിൾ 164, 19, 20, 21 എന്നിവ അടിസ്ഥാനമാക്കിയുള്ള കാര്യങ്ങൾ പരിശോധിക്കുമ്പോൾ ഇതൊരു പൗരന്റെ ഭരണഘടനാദത്തമായ അവകാശങ്ങൾക്കുള്ള വെല്ലുവിളിയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് 16-ാം വകുപ്പ് ഇവിടെ ഉദ്ധരിച്ച് പറയുന്നത് കേട്ടു. അദ്ദേഹം ഭരണഘടനയുടെ 19-ാം വകുപ്പിനെക്കുറിച്ച് പറയുന്നത് കേട്ടില്ല. ഭരണഘടനയുടെ 19-ാം വകുപ്പനുസരിച്ച് 'Everyone

has the right to freedom of opinion and expression' എന്നാണ്. ഒരാളിന്റെ പേരിലൊരു കുറ്റാരോപണം നടത്തിയാൽ അത് കോടതിയുടെ/ ജുഡീഷ്യൽ ബോഡിയുടെ മുമ്പാകെ വരുന്ന സമയത്ത് ആ പൗരന് താൻ കുറ്റകൃത്യത്തിൽ പങ്കാളിയല്ലെന്ന് പറയാനുള്ള അവകാശമുണ്ട്. അത് കേട്ടതിനുശേഷം വിവേചനാധികാരപ്രകാരം കോടതിക്ക് വിധി പുറപ്പെടുവിക്കാം. പക്ഷേ, കുറ്റാരോപിതനായ വ്യക്തിയെ കേൾക്കാതെ വിധി പുറപ്പെടുവിക്കുകയെന്നുള്ളത് നമുക്ക് എങ്ങനെയാണ് അംഗീകരിക്കാൻ സാധിക്കുന്നത്? നിങ്ങളിപ്പോൾ പ്രതിപക്ഷത്താണ്. ഭരണപക്ഷത്ത് നിങ്ങൾ വരുമോ ഇല്ലയോ എന്നുള്ളത് തീരുമാനിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. എപ്പോഴെങ്കിലും നിങ്ങൾ അബദ്ധത്തിൽ വന്നാൽ എന്ത് ചെയ്യും? ലെജിസ്ലേച്ചറിന്റെ അധികാരത്തിനുമേൽ, ഭരണഘടന പൗരന് നൽകുന്ന അവകാശത്തിനുമേൽ സ്റ്റാട്ട്യൂട്ടറി സ്ഥാപനമായ ജുഡീഷ്യൽ ബോഡിക്ക് മന്ത്രി സ്ഥാനമില്ലാതാക്കാനും എം.എൽ.എ. സ്ഥാനത്തുനിന്ന് പിരിച്ചുവിടാനുമുള്ള അധികാരം എങ്ങനെയാണ് കൊടുക്കുന്നത്? അതാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. 1999-ലെ ലോക് ആയുക്ത ആക്ടിൽ വന്നിട്ടുള്ള ഭരണഘടനാപരമായ പൗരന്റെ അവകാശം നിയന്ത്രിക്കുന്ന 14-ാം

വകുപ്പ് മാത്രമാണ് ഇപ്പോൾ ഭേദഗതി ചെയ്ത് ഒന്നുകൂടി വ്യക്തതയുള്ളതാക്കി മാറ്റാൻ തീരുമാനിച്ചിരിക്കുന്നത്. വക്കീലന്മാരായ അംഗങ്ങളെല്ലാം പ്രതിപക്ഷത്തിരിക്കുകയാണ്. എല്ലാ വക്കീലന്മാരും വാദിക്കുന്നത് ഒരു പൗരന് കോടതിയിൽ സംസാരിക്കാനുള്ള അവകാശം നൽകരുതെന്ന് തന്നെയാണ്. ആ അവസ്ഥ അവനവന് വ്യക്തിപരമായി വരുമ്പോഴുള്ള കാര്യം ആലോചിച്ചു നോക്കൂ. ഉദാഹരണത്തിന്, ഞാനൊരു കുറ്റവും ചെയ്യാതെ എനിക്കെതിരെ ഒരു പരാതി ലോക് ആയുക്ത മുമ്പാകെ വരികയാണെങ്കിൽ, പരാതിയുമായി ബന്ധപ്പെട്ട് കക്ഷികൾ കുറെ തെളിവുകൾ ഹാജരാക്കുമ്പോൾ അതെല്ലാം ശരിയാണെന്ന് ലോക്ആയുക്തയ്ക്ക് തോന്നുകയാണ്. അതിൽ ലോക് ആയുക്തയെ കുറ്റം പറയുന്നില്ല. കാരണം അവിടെ മറുത്തൊരു വാദമില്ലല്ലോ; അങ്ങനെ കൊടുക്കുന്ന തെളിവുകൾ തെളിവായി അംഗീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണർക്കോ മുഖ്യമന്ത്രിക്കോ റിപ്പോർട്ടും സമർപ്പിക്കുന്നു. അപ്പോൾ ഞാൻ കുറ്റം ചെയ്തിട്ടില്ലെന്ന് പറയാനുള്ള അവസരം എനിക്ക് ലഭ്യമാകണ്ടേ; ഞാൻ ഈ കുറ്റം ചെയ്തിട്ടില്ലെന്നും ഇതിൽ എനിക്ക് പങ്കില്ലെന്നും പറയാൻ അവസരമില്ല. കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ പിന്നീട് ശിക്ഷിക്കപ്പെടും. ഞാൻ കുറ്റം

ചെയ്തിട്ടില്ലെന്ന് പറയാനുള്ള ഒരവസരം നിഷേധിക്കപ്പെടുന്നതുകൊണ്ടാണ് 14-ാം വകുപ്പ് ഭരണഘടനാടിസ്ഥാനത്തിൽ, ഭരണഘടനക്കുടി അംഗീകരിക്കുന്ന രീതിയിൽ മാറ്റിയെടുക്കുന്നത്.

ഡോ. കെ. ടി. ജലീൽ: സർ, 2021 മാർച്ച് 26-നാണ് എനിക്കെതിരെ നൽകിയ ഒരു പരാതിയിൽ പ്രാഥമിക പരിശോധന നടത്തി പരാതി ഫയലിൽ സ്വീകരിച്ചത്. പ്രസ്തുത പരാതിയിന്മേൽ 2021 മാർച്ച് 30-ന് വാദം കേൾക്കുകയും വിധി പറയാനായി ഏപ്രിൽ 9-ാം തീയതിലേയ്ക്ക് മാറ്റുകയും ഏപ്രിൽ 9-ന് ഒന്നാമത്തെ കേസ്സായി വിധി പറയുകയും ചെയ്തു. ഇക്കാര്യത്തിൽ ഒരു സാധാരണ പൗരന് ലഭിക്കേണ്ട പ്രാഥമികമായ നീതി എനിക്ക് നിഷേധിക്കപ്പെട്ടു. ഇങ്ങനെയൊരു കേസ് ഫയൽ ചെയ്തിട്ടുണ്ടെന്ന വിവരം ഒരു നോട്ടീസ് മുഖേനപോലും എന്നെ അറിയിക്കുകയോ എന്റെ ഭാഗം വിശദീകരിക്കാനുള്ള അവസരം നൽകുകയോ ചെയ്തിട്ടില്ല. ഇക്കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിലുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, തീർച്ചയായും. അത് ഇന്നയാളെന്നല്ല, ഭരണ-പ്രതിപക്ഷത്തുള്ള ഏത് വ്യക്തിയുമാകട്ടെ, ആ വ്യക്തിക്ക് അദ്ദേഹത്തിന്റെ ഭാഗം അവതരിപ്പിക്കാനുള്ള ഒരവസരം

എവിടെയാണെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം. നാച്വറൽ ജസ്റ്റിസ് ലഭിക്കേണ്ടത് ഒരു പൗരന്റെ അവകാശമാണ്. ആ അവകാശം നിഷേധിക്കപ്പെടുന്നുവെന്നുള്ളത് കൊണ്ടുതന്നെയാണ് 14-ാം വകുപ്പിൽ ഒരു ഭേദഗതി വരുത്താൻ തീരുമാനിച്ചത്. അത് മറ്റൊന്നുമല്ല, തീരുമാനിക്കാനുള്ള അവകാശം കോംപീറ്റന്റ് അതോറിറ്റിക്കുണ്ട്. തീരുമാനിക്കാതിരിക്കാനുള്ള അവകാശവുമുണ്ടെന്നുള്ളതാണ് ഭേദഗതി. അതോടുകൂടി എല്ലാം അവസാനിക്കുന്നില്ല. നിയമസഭ അത്തരത്തിൽ തീരുമാനമെടുത്താൽ അതോടുകൂടി ആ കുറ്റവാളിയായ പൗരൻ വെള്ളപൂശപ്പെട്ട് വേറെ ശിക്ഷ കിട്ടില്ലെന്നല്ല. നിയമ വ്യവസ്ഥ വീണ്ടും ഇവിടെയുണ്ട്. 2013-ൽ നിങ്ങൾ പാസ്സാക്കിയിട്ടുള്ള ലോക് ആയുക്ത നിയമമുണ്ട്, അത് നിങ്ങൾ മറക്കുകയാണ്. ലോക്പാൽ നിയമം നിങ്ങൾ പാസ്സാക്കാനിടയായ സാഹചര്യത്തെക്കുറിച്ച് ഞാൻ ഒരുപാട് വിശദീകരിക്കേണ്ട കാര്യമില്ല. അന്നത്തെ കാലഘട്ടം ഒരുപാട് കേസുകളുടെയും അഴിമതിയുടെയുമൊരു കുത്തൊഴുക്കായിരുന്നു. അതിൽ 2G സ്പെക്ട്രം, കോമൺ വെൽത്ത് ഗെയിംസ്, കൽക്കരി കുംഭകോണം, ടെട്രാ ടെക്ക് തുടങ്ങിയ അഴിമതി കേസ്സുകളുടെ മാലപടക്കമായിരുന്നു. അതിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടിയാണ്

തൽക്കാലമൊരു ലോക്പാൽ നിയമം കൊണ്ടുവന്നതെന്ന് കരുതാം. പക്ഷെ ആ നിയമത്തിന്റെ 24-ാം വകുപ്പിൽ "Action on investigation against public servant being Prime Minister, Ministers or Members of Parliament" പറയുന്നത്, ".......the Lokpal may file a case in the Special Court and shall send a copy of the report together with its findings to the competent authority." എന്നാണ്. ഇതിൽ റിപ്പോർട്ട് ചെയ്യാൻ മാത്രമെ പറഞ്ഞിട്ടുള്ളൂ. ലോക്പാൽ എടുക്കുന്ന തീരുമാനം നിയമസഭയോ മുഖ്യമന്ത്രിയോ കോംപീറ്റന്റ് അതോറിറ്റിയോ അംഗീകരിക്കണമെന്നില്ല. അദ്ദേഹത്തിന്റെ കണ്ടെത്തൽ ഒരു റിപ്പോർട്ടായി അയയ്ക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. നിങ്ങൾ പാസ്സാക്കിയ നിയമത്തെ നിങ്ങൾക്ക് വിശ്വാസമില്ലെങ്കിൽ എന്താണ് ചെയ്യാൻ കഴിയുന്നത്? ഇവിടെ നിയമം പാസ്സാക്കുമ്പോൾ അത് 'അംഗീകരിക്കണമെന്ന്' മാത്രമായി പോയി. അത് 'അംഗീകരിക്കാതിരിക്കുകയോ' ചെയ്യാമെന്ന ഒരു വാക്ക് അതിൽ ചേർക്കാൻ വിട്ടുപോയിയെന്നത് ഒരു ചെറിയ ഒമിഷനല്ല. അത് നിയമസഭയുടെ അധികാരം അല്ലെങ്കിൽ ഭരണഘടനാദത്തമായ അവകാശം കവരുന്ന ഒരു ഒമിഷനായിപ്പോയി എന്ന് തോന്നിയതുകൊണ്ടാണ്

അഡ്വക്കേറ്റ് ജനറൽ അടക്കമുള്ള നിയമ ഉപദേഷ്ടാക്കൾ അത് മാറ്റണമെന്നും അത് മാറ്റിയിട്ട് സ്വീകരിക്കാതിരിക്കാനുള്ള അധികാരവും കോംപീറ്റന്റ് അതോറിറ്റിക്കുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും ഉപദേശിച്ചിരിക്കുന്നത്. രാജസ്ഥാനിൽ കോൺഗ്രസ് ഗവൺമെന്റായിരുന്നില്ലേ? രാജസ്ഥാനിലെ ലോക്പാൽ നിയമം എന്താണ്? ലോക്പാൽ നിയമം എല്ലാ സംസ്ഥാനങ്ങളും അംഗീകരിക്കണമെന്ന് പറഞ്ഞാണ് ആദ്യം വന്നത്. എന്നിട്ട് അതിന്റെ ഒരു മാതൃക തയ്യാറാക്കി അതെല്ലാവരും പാസ്സാക്കണമെന്നും പറഞ്ഞു. അപ്പോഴാണ് ഓരോ സംസ്ഥാന സർക്കാരിനുള്ള വ്യക്തിത്വം അല്ലെങ്കിൽ സംസ്ഥാന സർക്കാരിനുള്ള അധികാരം ഹനിക്കുന്നത് ശരിയല്ലെന്ന നിയമപരമായ ഉപദേശത്തിന്റെകൂടി അടിസ്ഥാനത്തിൽ ആ ഭാഗം വിട്ടുകളഞ്ഞിട്ട് സംസ്ഥാന സർക്കാരിന് വേണമെങ്കിൽ അതുപോലെ അങ്ങനെ അഡോപ്റ്റ് ചെയ്യാം അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ സാധ്യതയ്ക്കും താല്പര്യത്തിനുമനുസരിച്ചുള്ള ലോക് ആയുക്ത നിയമമുണ്ടാക്കാമെന്ന് പറഞ്ഞത്. അതനുസരിച്ചാണ് നിയമമുണ്ടാക്കിയത്. രാജസ്ഥാനിലും വളരെ വ്യക്തമായി പറയുന്നത്, ഇത് റിപ്പോർട്ട് ചെയ്യാമെന്നുള്ളതുതന്നെയാണ്. ആ നിയമത്തിന്റെ കോപ്പി എന്റെ

കയ്യിലുണ്ട്. അതുപോലെ ഗുജറാത്തിലെ നിയമത്തിലെ സെക്ഷൻ 15-ൽ പറയുന്നത്, "…...it shall by a report in writing, communicate its findings along with the relevant documents, materials and other evidence, to the competent authority." എന്നാണ്. പഞ്ചാബിലെയും തമിഴ്നാട്ടിലെയും നിയമം എന്റെ കയ്യിലുണ്ട്. അതിലും പറയുന്നത് ഇതുതന്നെയാണ്. എല്ലാ സംസ്ഥാനങ്ങളിലെയും നിയമം ഏകദേശം ഒരുപോലെയായതുകൊണ്ട് ഞാനിവിടെ വായിക്കുന്നില്ല. അതുകൊണ്ട് ഇത് വളരെ പകൽ പോലെ വ്യക്തമായ കാര്യമാണ്. നമ്മൾ അന്ന് വരുത്തിയിട്ടുള്ള ചെറിയ പിശക് തിരുത്താൻവേണ്ടിയാണ് ഇപ്പോൾ ഭേദഗതി ചെയ്യുന്നത്. ഗവർണറും സ്പീക്കറും പൊളിട്ടിക്കൽ അപ്പോയിന്റ്മെന്റായിട്ടാണ് വരുന്നത്. അപ്പോയിന്റ് ചെയ്ത് ഗവർണറും സ്പീക്കറുമൊക്കെ ആയിക്കഴിഞ്ഞാൽ അവർ പിന്നെ നിഷ്പക്ഷരാണ്. നിഷ്പക്ഷനാണെങ്കിലും ഗവർണറുടെ പ്രീതി ആരോടായിരിക്കണം? ഗവർണറുടെ പ്രീതി മുഖ്യമന്ത്രിയോടും മന്ത്രിസഭയോടുമായിരിക്കണം. അത് വളരെ വ്യക്തമായി ഭരണഘടന നിർദ്ദേശിക്കുന്നുണ്ട്. ഗവർണറുടെ പ്രീതിക്കനുസരിച്ച് മാത്രമെ മുഖ്യമന്ത്രിക്ക് തുടരാൻ സാധിക്കുകയുള്ളൂ. പക്ഷെ

ഗവർണർ അപ്രീതി കാണിച്ചിട്ട് മുഖ്യമന്ത്രിയെ ലെജിസ്ലേച്ചറിന്റെ അനുവാദമില്ലാതെ അല്ലെങ്കിൽ ലെജിസ്ലേച്ചറിൽ കാര്യങ്ങൾ കൊണ്ടുവരാതെ ഒരു മുഖ്യമന്ത്രിയെ പിരിച്ചുവിടാൻ ഗവർണർ മുതിർന്നാൽ അത് ഇന്ത്യൻ ജനാധിപത്യത്തിന് അപകടകരമായി മാറും? ജൂഡീഷ്യറിപോലും ഇന്ത്യൻ ജനാധിപത്യത്തെ അപകടപ്പെടുത്തുന്ന രീതിയിൽ വിധി പുറപ്പെടുവിക്കാറില്ല. നമ്മൾ ജൂഡീഷ്യൽ ആക്ടിവിസത്തെകുറിച്ച് പറയാറില്ലേ; ജൂഡീഷ്യൽ ആക്ടിവിസം പോസിറ്റീവായും നെഗറ്റീവായും വരാറുണ്ട്. ഭരണഘടനാദത്തമായ പൗരന്റെ അവകാശങ്ങൾ ഹനിക്കപ്പെടാതെ തീരുമാനമെടുക്കുന്ന സമയത്താണ് ജൂഡീഷ്യൽ ആക്ടിവിസം പോസിറ്റീവാകുന്നത്. അതല്ലാത്ത കാര്യങ്ങളുണ്ടാകുമ്പോഴാണ് നെഗറ്റീവാകുന്നത്. പ്രസിദ്ധമായ എസ്.ആർ. ബൊമ്മെ കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി എന്താണ് വിധിച്ചത്? 356-ാം വകുപ്പിന്റെ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു സംസ്ഥാന ഗവൺമെന്റിനെ പിരിച്ചുവിട്ടുകൊണ്ട് പ്രസിഡൻഷ്യൽ ഭരണം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചപ്പോഴാണ് സുപ്രീംകോടതി ആ കേസിൽ സുപ്രധാനമായ ഒരു വിധി പുറപ്പെടുവിച്ചത്. അതിൽ പറയുന്നത്, "......the power of President

to dismiss a State Government is not absolute", എന്നാണ്. അതുമാത്രമല്ല, "President should exercise the power only after his proclamation is approved by both Houses of the Parliament", എന്നും പറയുന്നുണ്ട്. പാർലമെന്റിനും ജനാധിപത്യ സഭയ്ക്കും ലെജിസ്ലേച്ചറിനുമൊക്കെ ഇന്ത്യയുടെ പരമോന്നത കോടതി നൽകുന്ന ഏറ്റവും വലിയ പ്രാധാന്യത്തെയാണ് എസ്. ആർ. ബൊമ്മെ കേസിന്റെ വിധിയിലൂടെ കണ്ടത്. ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ള ഒരു സ്ഥാപനത്തിൽ ഒരു തീരുമാനമെടുത്താൽ അത് നിഷേധിക്കാതെ അംഗീകരിക്കണമെന്നാണ് ഇവിടെ നമ്മുടെ സാമാജികന്മാർ വാദിക്കുന്നത്. നിരാകരിക്കാനുള്ള സ്വാതന്ത്ര്യംകൂടി ചേർക്കുമ്പോൾ മാത്രമെ ജനാധിപത്യം പൂർണ്ണമാകുകയുള്ളൂ. അത്രമാത്രമെ ഇവിടെ ചെയ്യുന്നുള്ളൂ. ഗവർണർ എങ്ങനെയാണ് ഒരു ഗവൺമെന്റിനെ കാണുന്നത്? ഇവിടെ നയപ്രഖ്യാപന പ്രസംഗം വായിക്കുമ്പോൾ 'എന്റെ ഗവൺമെന്റ്' എന്ന് സംബോധന ചെയ്തുകൊണ്ടാണ് അദ്ദേഹം വായിക്കുന്നത്. ഇത് ഗവർണറുടെ ഗവൺമെന്റാണ്. അതാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ മഹത്വവും. ഗവർണർ എന്ന പദവിയെക്കുറിച്ചുള്ള ഒരുപാട് അഭിപ്രായങ്ങളും നിയമപരമായുള്ള

വിലയിരുത്തലുകളുമൊക്കെ വരുന്ന സമയമാണിത്. പക്ഷെ ഗവർണർ ഒരു നിയമസഭയിൽ വന്ന് നയപ്രഖ്യാപനം വായിക്കുമ്പോൾ അത് 'എന്റെ ഗവൺമെന്റാണ്.' അപ്പോൾ ലോക് ആയുക്ത ഒരു നിർദ്ദേശം നൽകുമ്പോൾ, മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരം നിയമിതരായിട്ടുള്ള മന്ത്രിമാർ, ആ മന്ത്രിമാർ കുറ്റം ചെയ്തിട്ടുണ്ടെന്ന് ഉറപ്പിച്ചുപറയാൻ തീരുമാനിക്കുന്നതിനുമുമ്പ് മുഖ്യമന്ത്രിയുടെ ഉപദേശം തേടണ്ടേ? മുഖ്യമന്ത്രിയുടെ ഉപദേശത്തോടുകൂടി മാത്രമെ അത് ചെയ്യാൻ സാധിക്കുകയുള്ളൂ. അങ്ങനെ ലെജിസ്ലേച്ചറിന്റെ പങ്ക് തീരെ അവഗണിക്കുന്നരീതിയിൽ ഒരു നിയമം പാസ്സാക്കാൻ നമുക്ക് സാധിക്കില്ലെന്നുള്ളതുകൊണ്ടുതന്നെയാണ് ഈ ഭേദഗതി കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്ന് പറയുമ്പോൾ എല്ലാം പറയണമല്ലോ; നിങ്ങൾ ഇതിനെയെല്ലാം മാനിക്കുന്നവരാണോ? ഇവിടെ രാഷ്ട്രീയം പറയണമെന്ന് ഞാൻ ഉദ്ദേശിച്ചതല്ല. പക്ഷെ 1975-ൽ ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് അലഹബാദ് ഹൈക്കോടതി റദ്ദാക്കിയപ്പോൾ നിങ്ങൾ ഭരണഘടനയെ ഭേദഗതി ചെയ്യാൻ ശ്രമിച്ചു. 39-ാം ഭരണഘടന ഭേദഗതിയുടെ ഭാഗമായി പ്രധാനമന്ത്രിയെയും പ്രസിഡന്റിനെയും ഒന്ന് തൊടാൻപോലുമുള്ള

അധികാരം ജുഡീഷ്യറിക്കില്ലെന്നുപറഞ്ഞുകൊണ്ടാണ് അവിടെ ഭരണഘടന തന്നെ ഭേദഗതി ചെയ്യാൻ ശ്രമിച്ചത്. പക്ഷെ പിന്നീടത് സുപ്രീംകോടതി റദ്ദാക്കുകയാണുണ്ടായത്. അപ്പോൾ ലെജിസ്ലേച്ചറോ എക്സിക്യൂട്ടീവോ ജുഡീഷ്യറിയോ അമിതാധികാരം പ്രയോഗിക്കരുതെന്നുതന്നെയാണ് ഇതിന്റെ ഭാഗമായി കാണുന്നത്. വളരെ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഇക്കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. 14-ാം വകുപ്പ് ഭേദഗതി ചെയ്യേണ്ടത് നമ്മുടെ നിയമപരമായ അല്ലെങ്കിൽ ഭരണഘടനാപരമായ അവകാശങ്ങൾ നേടുന്നതിനുവേണ്ടിയാണ്. ആർട്ടിക്കിൾ 16, 19, 21 ഇവയെല്ലാം പൗരന് അനുഭവിക്കാനുള്ള അവകാശങ്ങളാണ്. അതൊന്നും നമുക്കില്ലെങ്കിൽ, ഒരു സാധാരണ പൗരന്റെ എല്ലാ അവകാശങ്ങളും ഈ നിയമസഭയിൽ വന്നിരിക്കുന്ന മന്ത്രിക്കും എം.എൽ.എ.-ക്കുമുണ്ട്. ആ അവകാശം ഒരു പൗരന് അനുഭവിക്കാൻ സാധിക്കാത്തവിധം മുമ്പ് വന്നുപോയിട്ടുള്ള പിശക് തിരുത്താൻ മുതിരുമ്പോൾ ഐകകണ്ഠ്യേന തിരുത്തേണ്ടതിനുപകരം പ്രതിപക്ഷത്തിരിക്കുന്ന പ്രതിപക്ഷ നേതാവടക്കമുള്ള എം.എൽ.എ.-മാർ അതിനെ ശരിവച്ച് വാദിക്കുകയാണ് ചെയ്യുന്നത്. അത് വളരെ മോശമായിപ്പോയി, നിയമത്തെക്കുറിച്ചും ഭരണഘടനയെക്കുറിച്ചും നല്ല

ധാരണയോടുകൂടി ഇടപെടണം. ജനാധിപത്യം ഇതിലെല്ലാം അധിഷ്ഠിതമായിട്ടുള്ളതാണ്. ജുഡീഷ്യറിയുടെയും എക്സിക്യൂട്ടീവിന്റെയും ലെജിസ്ലേച്ചറിന്റെയും എല്ലാം സമന്വയത്തിലൂടെയും പരസ്പര ബഹുമാനത്തിലൂടെയും മാത്രമെ ജനാധിപത്യം പുലരുകയുള്ളൂ എന്നതിനാൽ ഭരണഘടനയ്ക്കനുസൃതമായി 14-ാം വകുപ്പിൽ ഭേദഗതി വരുത്തി റെക്കമെന്റേഷൻ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള അധികാരം കോംപീറ്റന്റ് അതോറിറ്റിക്ക് നൽകണം എന്നുമാത്രമാണ് ഇതിൽ പറയുന്നത്. അല്ലാതെ ലോക് ആയുക്തയുടെ ഇൻവെസ്റ്റിഗേഷനെയോ എൻക്വയറിയെയോ ഒന്നും നിയമസഭ തള്ളിക്കളയുന്നില്ല. അതിനുപകരം കോംപീറ്റന്റ് അതോറിറ്റിക്ക് അത് സ്വീകരിക്കാനോ നിരസിക്കാനോ ഉള്ള അധികാരമുണ്ടെന്നുള്ളത് ഭരണഘടനാപരമായി ചൂണ്ടിക്കാണിക്കുന്ന ഒരു ഭേദഗതിയാണ് കൊണ്ടുവന്നതെന്നതിനാൽ ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്.

ശ്രീമതി ഉമ തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. മാത്യു കുഴൽനാടൻ: സർ, 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി

ഞാൻ അവതരിപ്പിക്കുന്നു. ഇന്ന് ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതി സംബന്ധിച്ച് വളരെ വിചിത്രമായ വാദങ്ങളാണ് ഇൻട്രോഡക്ടറി സ്റ്റേജിലുള്ള ഒബ്ജക്ഷനുവേണ്ടി ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചത്. നമ്മൾ ഇവിടെ നിയമപരമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതും ഏതെങ്കിലുമൊരു കാര്യം ചൂണ്ടിക്കാണിക്കാൻ ശ്രമിക്കുന്നതും ആരെയെങ്കിലും മേശപ്പെടുത്താനോ കുറ്റപ്പെടുത്താനോ ഇകഴ്ത്തിക്കാണിക്കാനോ അല്ല. നമ്മൾക്ക് അറിയാവുന്ന പരിമിതമായ കാര്യങ്ങൾ ഒരു പക്ഷെ ശരിയായിരിക്കാം തെറ്റായിരിക്കാം. It can be academically discussed; there is nothing wrong. If you have something else to say, we will also hear. അങ്ങനെ ക്ഷമയോടെ കേൾക്കാനുള്ള മനസ്സില്ലാതെ ഒരു നിയമനിർമ്മാണത്തിൽ ഡിസ്കഷനും ഡിബേറ്റും നടത്തുന്നതിന്റെ അർത്ഥം എനിക്ക് മനസ്സിലാകുന്നില്ല. ഞാൻ ആദ്യമേ പറയാൻ ആഗ്രഹിക്കുന്നത്, ഈ സഭയിലുള്ള എല്ലാവരും മനസ്സുകൊണ്ട് അംഗീകരിക്കുന്ന ഒരു കാര്യം തന്നെയാണ്. അതായത് നമ്മുടെ ജനാധിപത്യം ശക്തിപ്പെടുന്നത് നമ്മുടെ ഭരണ സംവിധാനത്തിൽ അല്ലെങ്കിൽ ലെജിസ്ലേച്ചറിൽ ജനങ്ങൾക്കുള്ള വിശ്വാസം വർദ്ധിക്കുമ്പോഴാണ്. ഈ കഴിഞ്ഞ കാലങ്ങളിൽ അതായത്,

ദശാബ്ദങ്ങളായി, the public feels a vast erosion of confidence in the Legislature. ആ ഒരു കോൺഫിഡൻസ് വലിയ തോതിൽ ചോർന്നുപോയിട്ടുണ്ട്. അത് എന്തുകൊണ്ടാണ്? കാരണം, നമ്മൾ ഓരോരുത്തരും ഇവിടെ ചെയ്യുന്ന കാര്യങ്ങൾ പലപ്പോഴും സ്വന്തം താല്പര്യങ്ങൾക്ക് വേണ്ടിയാണ് അല്ലെങ്കിൽ സ്വജനപക്ഷപാദത്തിന് വേണ്ടിയാണെന്നുള്ള നിലയ്ക്ക് വരുമ്പോൾ ആളുകൾക്ക് ഈ സംവിധാനത്തിലുള്ള വിശ്വാസം കുറഞ്ഞുവരുന്നു. അതുകൊണ്ടാണ് പുതിയൊരു തലമുറ വളരെ അരാഷ്ട്രീയവൽക്കരിക്കപ്പെട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. അവരുടെ ജനാധിപത്യത്തിലുള്ള വിശ്വാസത്തെ ഊട്ടിയുറപ്പിക്കുന്ന നിയമനിർമ്മാണമാണ് നടത്തേണ്ടത്. ഞാൻ പ്രാഥമികമായി പറയാൻ ആഗ്രഹിക്കുന്ന കാര്യം, ജനാധിപത്യത്തിൽ ജനങ്ങൾക്കുള്ള വിശ്വാസത്തെ കുറയ്ക്കുന്ന അല്ലെങ്കിൽ ദുർബലപ്പെടുത്തുന്ന ഒരു ലെജിസ്ലേറ്റീവ് പ്രോസസ്സാണ് ഇന്നിവിടെ നടക്കുന്നത്. ഇന്നത്തെ ലോക്ആയുക്ത നിയമത്തെ ദുർബലപ്പെടുത്തുന്നതിനുവേണ്ടി അല്ലെങ്കിൽ കഴിഞ്ഞകാലമത്രയും നിലനിന്നിരുന്ന ഒരു സംവിധാനത്തെ ബലപ്പെടുത്തുന്നതിനുവേണ്ടിയല്ല അതിനെ ദുർബലപ്പെടുത്തുന്നതിനുവേണ്ടി

മാത്രം കൊണ്ടുവന്നിട്ടുള്ള ഒരു അമെന്റ്മെന്റാണ് ഇതെന്ന കാര്യത്തിൽ സംശയമില്ല. എന്നിട്ട് അതിനെ നീതികരിക്കാൻവേണ്ടി നിങ്ങൾ ഭരണഘടനയെ കൂട്ടുപിടിക്കുകയാണ്. The Law Minister was saying that this law was not Constitutional and that it was unconstitutional. 1999 മുതൽ 35000-ത്തിലധികം കേസ്സുകൾ പരിഗണിച്ച ഒരു പ്രോസസ്സാണിത്. Now in 2022 you are saying that it is unconstitutional; how can you say that?ഇത് അൺകോൺസ്റ്റിറ്റ്യൂഷണലായിരുന്നെങ്കിൽ, if you were sincere and if you had the guts to say this, then you would have saved your friend. ഡോ. കെ. ടി. ജലീലിനെ രക്ഷിക്കാമായിരുന്നില്ലേ? ഡോ. കെ. ടി. ജലീലിന്റെ കേസ് വന്നപ്പോൾ നിങ്ങൾക്ക് ഈ വാദം പറയാമായിരുന്നില്ലേ? ഈ ലോക് ആയുക്ത ആക്ട് അൺകോൺസ്റ്റിറ്റ്യൂഷണലാണെന്ന് പറയാമായിരുന്നില്ലേ? Then the Hon'ble High Court would have struck down and, thereby, he would have been saved. But you were not there to advise him. Why didn't you advise him? എന്തുകൊണ്ട് അദ്ദേഹത്തെ രക്ഷിക്കാൻ സാധിച്ചില്ല? ലോക് ആയുക്ത ആക്ട് ഭരണഘടനാ വിരുദ്ധമാണെന്ന വാദം നിങ്ങൾക്ക്

കോടതിയിൽ സ്വീകരിക്കാൻ സാധിച്ചോ? Now you are saying that it is unconstitutional. ഇന്ന് നിങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി ലോക് ആയുക്തയുടെ പല്ലും നഖവും പറിക്കുന്നതിന് ഭരണഘടനയെ കൂട്ടുപിടിക്കരുത്. There is nothing wrong with the Constitution. ഇത് നിങ്ങളുടെ പ്രശ്നമാണ്. 14-ാം വകുപ്പിൽ എന്ത് നിയമ വിരുദ്ധമായ കാര്യങ്ങളാണുള്ളത്. ഇവിടത്തെ മന്ത്രിമാരുടെയോ ഇവിടത്തെ എം.എൽ.എ.-മാരുടെയോ സ്ഥാനം ഒരു എക്സിക്യൂട്ടീവ് പവർ വഴി ജുഡീഷ്യൽ പ്രോസസ്സിലൂടെ അൺസെറ്റിൽ ചെയ്യാൻ സാധിക്കില്ലെന്ന് എവിടെയാണ് പറഞ്ഞിട്ടുള്ളത്. If you have contested an election in a wrong footing or, റപ്രസെന്റേഷൻ ഓഫ് ദി പീപ്പിൾ ആക്ട് പ്രകാരം ഒരു കേസ് വന്നാൽ; if that has been unsettled, then you are out of the seat. How can you save it? അന്നേരം നിങ്ങൾക്ക് അപ്പീൽ അതോറിറ്റിയുണ്ടോ? അന്നേരം ഈ നിയമം നിലനിൽക്കില്ല അല്ലെങ്കിൽ ഇതുപ്രകാരം ഒരാളെ അയോഗ്യനാക്കാൻ സാധിക്കില്ലെന്ന് പറയാൻ കഴിയുമോ? കഴിയില്ല. ഇതും കോടതിയുടെ പ്രോസസ്സ് പോലെതന്നെയാണ്. നിങ്ങൾ പറയുന്നത് ലോക്

ആയുക്ത പാസ് ചെയ്യുന്ന ഒരു നിയമം അല്ലെങ്കിൽ അവർ ജനറേറ്റ് ചെയ്യുന്ന ഒരു റിപ്പോർട്ട് പരിശോധിക്കാൻ വേണ്ടി അപ്പീൽ അതോറിറ്റിയില്ലെന്നാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു പ്രധാനപ്പെട്ട കാര്യം, Presumption of constitutionality is there. What is presumption? A law passed by a Legislature is constitutional. That is the presumption. Unless and until a court declares otherwise. അത് വളരെ വ്യക്തമായ കാര്യമല്ലേ? ബഹുമാനപ്പെട്ട സുപ്രീംകോടതി എൽഫിൻസ്റ്റോൺ കേസിലെ സുപ്രധാനമായ ജഡ്ജ്മെന്റിൽ പറഞ്ഞിരിക്കുന്നത്, Nobody can say except the concerned court that a law passed by Legislature is unconstitutional എന്നാണ്. ആ presumption of constitution, unconstitutional ആണെന്ന് മന്ത്രിതന്നെ പറയുന്നു. 22 വർഷംമുമ്പ് സഭ പാസ്സാക്കിയ നിയമം ഭരണഘടനാവിരുദ്ധമാണെന്ന് പറയാൻ നിയമ വകുപ്പുമന്ത്രിക്ക് എന്ത് അധികാരമാണുള്ളത്?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാനും അതാണ് പറയാനുദ്ദേശിച്ചത്. നിങ്ങൾ ഇത് ഡയല്യൂട്ട് ചെയ്യണമെന്നുള്ളതാണ് ഞങ്ങളുടെ ആവശ്യവും

ആഗ്രഹവും. അതിന് ഭരണഘടനയെ കൂട്ടുപിടിക്കാൻ പോകരുത്. ഭരണഘടനയെ കൂട്ടുപിടിച്ച് ഭരണഘടനയെ അനുസരിക്കാൻ വേണ്ടിയാണ് നിങ്ങളിത് ചെയ്യുന്നതെന്ന് പറയുന്നത് ജനങ്ങളെ പല്ലിളിച്ച് കാണിക്കുന്നതിന് തുല്യമാണ്. Don't do that. People are not fools. ഭരണഘടന അനുസരിക്കാൻവേണ്ടി നിങ്ങൾ ലോക് ആയുക്തയെ നീക്കം ചെയ്യുന്നുവെന്ന് പറഞ്ഞു. ലോക് ആയുക്തയുടെ ഒരു റിപ്പോർട്ട് ജനറേറ്റ് ചെയ്താൽ അത് പരിശോധിക്കാൻ അപ്പീൽ പ്രൊവിഷനില്ലെന്ന് നിങ്ങൾ പറഞ്ഞു. ആരാണ് പരിശോധിക്കാൻ പോകുന്നത്? ഒരു റിട്ടയേർഡ് സുപ്രീംകോടതി ജഡ്ജി അല്ലെങ്കിൽ ഒരു റിട്ടയേർഡ് ഹൈക്കോടതി ചീഫ് ജസ്റ്റീസ് ജുഡീഷ്യൽ പ്രോസസ്സിലൂടെ ജനറേറ്റ് ചെയ്ത ഒരു റിപ്പോർട്ട്/കണ്ടെത്തൽ പരിശോധിക്കുന്നതിന് മന്ത്രിയെയോ മുഖ്യമന്ത്രിയെയോ അതിന്റെ അപ്പലേറ്റ് അതോറിറ്റിയായി നിയമിച്ചാൽ ആ പ്രോസസ്സിനെക്കുറിച്ച് എന്ത് ജുഡീഷ്യൽ നോളജാണ് അവർക്കുള്ളത്; എന്ത് കഴിവാണ് അവർക്കുള്ളത്? Don't think that everything is under your control. അങ്ങനെയുള്ള ചിന്ത ശരിയല്ല. എനിക്ക് ഏറ്റവും തമാശയായി തോന്നുന്നത്, ഈ നിയമം ഇടതുപക്ഷ ജനാധിപത്യമുന്നണി കൊണ്ടുവന്ന

നിയമമാണ്. അന്ന് സംസ്ഥാനത്ത് “ The Kerala Public Men's Corruption (Investigations and Inquiries) Act, 1987” എന്ന മറ്റൊരു നിയമം നിലനിൽക്കുന്നുണ്ടായിരുന്നു. അതും ഇടതുപക്ഷ ജനാധിപത്യ മുന്നണി കൊണ്ടുവന്നതാണ്. ഈ നിയമം കൊണ്ടുവരുന്നതിനുമുമ്പ് 1983-ൽ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ആദ്യത്തെ അഴിമതി വിരുദ്ധ നിയമം സംസ്ഥാനത്തുണ്ടായിരുന്നു. അത് പോരെന്ന് പറഞ്ഞാണ് 1987-ലെ നിയമം കൊണ്ടുവന്നത്. ആ നിയമത്തിന് പരിധിയും വലിപ്പവും വ്യാപ്തിയും ഇല്ലെന്നുപറഞ്ഞാണ് 1999-ലെ നിയമം കൊണ്ടുവന്നത്. അത് കൊണ്ടുവന്ന് ഇത്രയും വർഷം കഴിഞ്ഞപ്പോൾ, ഇത് ഭരണഘടനാ വിരുദ്ധമായതുകൊണ്ടാണ് മാറ്റുന്നതെന്നാണ് നിങ്ങൾ പറയുന്നത്. അങ്ങനെയാണെങ്കിൽ, അതിന്റെ പേരിൽ ഒരു മന്ത്രിയുടെ സ്ഥാനം നഷ്ടപ്പെട്ടു. ആ സമയം നിങ്ങൾക്ക് ഇത് ഭരണഘടനാ വിരുദ്ധമാണെന്ന് തോന്നിയില്ല, ഇപ്പോഴാണ് തോന്നുന്നത്. ഇതിന്റെ യഥാർത്ഥ കാര്യങ്ങൾ പരിശോധിച്ചാൽ നമുക്കറിയാം, ഇതിനുമുമ്പുള്ള നിയമത്തെക്കുറിച്ച് നിങ്ങൾ പറഞ്ഞതെന്താണ്? വളരെ ആവേശത്തോടുകൂടി സ്വീകരിച്ച ബഹുമാന്യനായ മുഖ്യമന്ത്രിയുടെ "അഴിമതിക്കെതിരായ രാഷ്ട്രീയ ഇച്ഛാശക്തി" എന്നൊരു

ലേഖനമുണ്ടായിരുന്നു. ഭരണഘടനാ വിരുദ്ധമാണെന്ന് അങ്ങ് പറയുന്ന ഈ നിയമത്തെക്കുറിച്ച് അങ്ങയുടെ മുഖ്യമന്ത്രി പറഞ്ഞ വാചകമുണ്ട്. ആ ലേഖനത്തിലെ രണ്ടുമൂന്ന് വാചകങ്ങൾ ഞാൻ വായിക്കാം. " ഓംബുഡ്സ്മാനെക്കുറിച്ച് സാധാരണ പറയാറുള്ള ഒരു വിശേഷണം 'കുരയ്ക്കാൻ മാത്രം കഴിയുന്ന എന്നാൽ കടിക്കാൻ കഴിയാത്ത, ഒരു കാവൽ നായ' എന്നതാണ്. എന്നാൽ ഓംബുഡ്സ്മാന്റെ കേരള പതിപ്പായ ലോകായുക്തയ്ക്ക് വിപുലമായ അധികാരങ്ങൾ നിയമപരമായി നൽകിയിരിക്കുന്നു. ആവശ്യമെന്നുകണ്ടാൽ കടിക്കാനും കഴിയുന്ന ഒരു സംവിധാനമാണ് നമ്മുടെ ലോകായുക്ത." . ദീർഘമായി കാര്യങ്ങൾ പറഞ്ഞതിനുശേഷം "ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ അഴിമതിവിരുദ്ധ-ദുർഭരണവിരുദ്ധ നിശ്ചയദാർഢ്യത്തിന്റെ കൂടി പ്രതീകമാണ് 1999-ൽ നിയമത്തിലൂടെ വന്ന ലോകായുക്ത. വളരെ ലളിതമായ നടപടിക്രമങ്ങളുമായി ജനങ്ങൾക്കു സമീപിക്കാവുന്ന സംവിധാനമാണ് ആ നിയമത്തിലൂടെ ഏർപ്പെടുത്തിയതും. 1999-ൽ, അതായത് ആദ്യവർഷം 159 കേസുകൾ ഫയൽ ചെയ്യപ്പെട്ടിടത്ത് 2019-ൽ 3,953 കേസുകൾ ഫയൽ ചെയ്യപ്പെട്ടു എന്നതിൽനിന്നും മൊത്തം ഫയൽ ചെയ്യപ്പെട്ട കേസുകൾ 35,456

ആയി എന്നതിൽനിന്നും ഇതിൽത്തന്നെ 34,662 കേസുകൾ തീർപ്പാക്കി എന്നതിൽനിന്നും ഇതിന്റെ സ്വീകാര്യതയും ഫലപ്രാപ്തിയും വെളിവാകുന്നുണ്ട്. ഇതിനെ നിലനിർത്താനും ശക്തിപ്പെടുത്താനും ജനങ്ങളുടെ ഭാഗത്തുനിന്നുള്ള ജാഗ്രതയുണ്ടാവണം. അതോടൊപ്പം ജനങ്ങളിൽ, ലോകായുക്തയിലൂടെയുള്ള നീതിതേടലിന്റെ സാധ്യതകളെക്കുറിച്ചുള്ള വ്യക്തമായ അവബോധവും വേണം" എന്നാണ്. അതിനുശേഷം "ഇതെല്ലാം അഴിമതിക്കും ദുർഭരണത്തിനുമെതിരായ സർക്കാരിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയുടെ ദൃഷ്ടാന്തങ്ങളാണ്" എന്ന് അദ്ദേഹം പറഞ്ഞു. ഈ ദൃഷ്ടാന്തങ്ങൾക്ക് ഇപ്പോൾ എന്ത് സംഭവിച്ചുവെന്ന ചോദ്യമാണ് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഞാൻ ചോദിക്കാൻ ആഗ്രഹിക്കുന്നത്. എന്തുകൊണ്ടാണ് ഇപ്പോൾ പുതിയൊരു ഭയം തോന്നിയത്? മുഖ്യമന്ത്രിയുടെ ഭാഷ കടമെടുത്ത് പറഞ്ഞാൽ, മടിയിൽ കനമുള്ളതുകൊണ്ടാണ് ഈ ഭയം വരുന്നത്. ലോക് ആയുക്തയുടെ മുമ്പിൽ നിരവധി കേസുകൾ നിലനിൽക്കുന്നു. മന്ത്രിമാർക്കെതിരെയും മുഖ്യമന്ത്രിക്കെതിരെയും കേസ് നിലനിൽക്കുന്നു. ആ സമയം ധൃതിപിടിച്ച് ഓർഡിനൻസ് കൊണ്ടുവന്ന്, ഇനിയൊരു റിപ്പോർട്ട് വന്നാൽ, അദ്ദേഹം ഉറങ്ങാൻ കിടക്കുമ്പോൾ ദുഃസ്വപ്നം കാണുന്നത്

യെദ്യൂരപ്പയുടെ അവസ്ഥയാണ്. അന്ന് കർണ്ണാടകയിലെ ലോക് ആയുക്ത ശ്രീ. എൻ. സന്തോഷ് ഹെഗ്ഡെ പാസ്സാക്കിയ ഒരു റിപ്പോർട്ടിന്റെ പേരിൽ രാജിവച്ച് പോകേണ്ടിവന്ന യെദ്യൂരപ്പയെ ദുഃസ്വപ്നം കാണുന്നതുകൊണ്ടാണ് മുഖ്യമന്ത്രി ഈ നിയമം കൊണ്ടുവരാൻ തയ്യാറായത്. അതല്ലാതെ ഒരു കാരണവശാലും ഭരണഘടനയെ അനുസരിക്കാൻവേണ്ടിയാണ് ഇത് കൊണ്ടുവന്നതെന്ന് ദയവുചെയ്ത് പറയരുത്. ഇന്ന് അഴിമതിവിരുദ്ധ പോരാട്ടങ്ങൾക്കുവേണ്ടി ജനങ്ങൾ ആഗ്രഹിക്കുന്നത് അല്ലെങ്കിൽ അഴിമതി എന്നുപറയുന്നത് ഒരു ക്യാൻസർ പോലെ പടർന്നുപിടിക്കുന്ന സമയത്ത് ഈ അഴിമതിക്കെതിരായ ഓരോ പോരാട്ടവും ജനങ്ങൾ ഏറ്റെടുക്കുന്ന അല്ലെങ്കിൽ ജനങ്ങൾ പ്രത്യാശയോടും പ്രതീക്ഷയോടുംകൂടി നോക്കുന്ന സമയത്ത് ലോക് ആയുക്ത ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ട് പരിശോധിക്കുന്നതിന് അപ്പലേറ്റ് അതോറിറ്റിയായി എക്സിക്യൂട്ടീവിനെ കൊണ്ടുവരാൻ നിങ്ങൾ തീരുമാനിക്കുന്നു. അങ്ങയുടെ ഏറ്റവും വലിയ മറ്റൊരു വാദം ലോക് ആയുക്തയുടെ ജുഡീഷ്യൽ പ്രോസസ്സിനെ സംബന്ധിച്ചുള്ളതാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് അതുസംബന്ധിച്ച് വിശദമായി പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. നിലവിലുള്ള നിയമമായ

The Kerala Lok Ayukta Act, 1999-ന്റെ 19-ാമത്തെ വകുപ്പുകൂടി അങ്ങ് വായിക്കണം. അത്

" Power to punish for contempt:- The Lok Ayukta and the Upa Lok Ayukts shall have and exercise the same jurisdiction, power and authority in respect of contempt of itself, as the High Court has and may exercise and for this purpose the provisions of the Contempt of Courts Act, 1971 (Central Act 70 of 1971), shall have effect subject to the modification that the reference therein made to the High Court shall be construed to be reference therein made to the Lok Ayukta and the Upa-Lok Ayuktas, as the case may be" എന്നാണ്. അങ്ങ് ഇവിടെ വെല്ലുവിളി നടത്തിയല്ലോ? ഇതിനകത്ത് ജുഡീഷ്യൽ പ്രോസസ് എന്നൊരു ഭാഗം ചൂണ്ടിക്കാണിക്കാമോ; ഹൈക്കോടതിയുടെ contempt power കൊടുത്തിട്ടുള്ള ഏതെങ്കിലുമൊരു നിയമം അങ്ങേയ്ക്ക് കാണിച്ചുതരാമോ; ഇതൊരു ജുഡീഷ്യൽ പ്രോസസ് അല്ലെന്ന് അങ്ങ് പറഞ്ഞല്ലോ; അല്ലെങ്കിൽ ഇതിനൊരു കോടതിയുടെ കോംപീറ്റൻസി ഇല്ലെന്ന് പറഞ്ഞല്ലോ? ഹൈക്കോടതിയുടെ contempt proceedings

അതേപടി ഇൻവോക്ക് ചെയ്യാനുള്ള പവർ കൊടുത്തിട്ടുള്ള ഒരു നിയമം ചൂണ്ടിക്കാണിക്കാൻ നിയമ വകുപ്പുമന്ത്രിക്ക് കഴിയുമോ? എന്നിട്ട് ഈയൊരു പ്രോസസ് ജുഡീഷ്യൽ അല്ലെന്ന് പറയുകയാണ്. വളരെ വ്യക്തമായി അതിനകത്ത് തെളിവും തെളിവിന് കൊടുക്കാൻ കഴിയുന്ന കാര്യങ്ങളും ആദ്യവസാനം പറഞ്ഞിരിക്കുകയാണ്. അങ്ങനെ ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ട് പരിശോധിക്കുന്നതിനുള്ള അപ്പലേറ്റ് അതോറിറ്റിയായി എക്സിക്യൂട്ടീവിനെ കൊണ്ടുവരാൻ നിങ്ങൾ തീരുമാനിക്കുന്നുവെന്ന് പറഞ്ഞു. ജനങ്ങൾ ഇത് കാണുകയാണ്. കൂടെയുള്ള മന്ത്രിയെ ലോക് ആയുക്ത ശിക്ഷിച്ചാൽ അദ്ദേഹത്തിന് ശിക്ഷ കൊടുക്കണോ വേണ്ടയോ എന്ന് മുഖ്യമന്ത്രി തീരുമാനിക്കുന്ന അവസ്ഥയായിരുന്നെങ്കിൽ ഡോ. കെ. ടി. ജലീലിന് ഈ ഗതി വരില്ലായിരുന്നു. മറ്റൊരു മന്ത്രിക്ക് ഈ ഗതി വരുമെന്നായപ്പോഴാണ് നിങ്ങൾ സ്വാഭാവികമായും ഈ വകുപ്പുമായി ഇറങ്ങിയത്. എനിക്ക് സി.പി.ഐ.-ക്കാരെക്കുറിച്ച് ഒരു കാര്യം പറയാനുണ്ട്. ഇ. ചന്ദ്രശേഖരൻ നായർ അന്ന് ഈ നിയമം കൊണ്ടുവന്നപ്പോൾ വളരെ ദീർഘമായ പ്രസംഗം നടത്തിയിട്ടുണ്ട്. കുറഞ്ഞപക്ഷം നിങ്ങൾ ആ പ്രസംഗം എടുത്ത് വായിക്കണം. അതിനെ എതിർത്തുകൊണ്ട് ടി. എം. ജേക്കബും

കെ. എം. മാണിയുമടക്കം ധാരാളം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. എന്നിരുന്നാലും ഇ. ചന്ദ്രശേഖരൻ നായർ എന്ന നേതാവിന്റെ അന്നത്തെ ഉദ്ദേശ്യശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. അദ്ദേഹം ആ നിയമം ഇവിടെ കൊണ്ടുവരുന്നതിനുമുമ്പ് കർണ്ണാടകയിലാണ് ആ നിയമം വന്നത്. കർണ്ണാടകത്തിനോട് കിടപിടിക്കുന്ന അല്ലെങ്കിൽ ഇന്ത്യാ രാജ്യത്ത് ഏറ്റവും മികച്ച ഒരു അഴിമതി വിരുദ്ധ നിയമം വേണമെന്ന് ആഗ്രഹിച്ച് കൊണ്ടുവന്നതാണ്. ആ നിയമത്തിന്റെ പല്ലും നഖവും എടുക്കുമ്പോൾ നിങ്ങൾ മൂകസാക്ഷികളായി അവരോടൊപ്പം ചേർന്ന്, ഇനി നിങ്ങളുടെ മന്ത്രിയുടെ സ്ഥാനം ഉറപ്പിച്ചെങ്കിൽ, നിങ്ങൾ സേഫ് ആണെന്ന ധാരണയുണ്ടെങ്കിൽ അതിന്റെ പേരിൽ നിങ്ങൾ ഒറ്റുകൊടുക്കുന്നതും വഞ്ചിക്കുന്നതും നിങ്ങളുടെ പഴയകാല നേതാവിനെയാണെന്നുകൂടി ഓർമ്മിച്ചുകൊണ്ടുവേണം ഇതിനെ പിന്തുണയ്ക്കാൻ. ഞാൻ പറഞ്ഞ ഏതെങ്കിലും കാര്യത്തിൽ വിയോജിപ്പുണ്ടെങ്കിൽ നിയമ വകുപ്പുമന്ത്രിക്ക് വഴങ്ങാൻ ഞാൻ തയ്യാറാണ്. അത് പറഞ്ഞാൽ ഞാൻ മറുപടി പറയാം. പ്രതിപക്ഷം എന്തെങ്കിലുമൊരു കാര്യം അറിയാൻ ആഗ്രഹിച്ച് ചോദിച്ചാൽ ഏത് മന്ത്രിമാരാണെങ്കിലും മുൻവിധിയോടുകൂടി സമീപിക്കുന്ന രീതി

ശരിയല്ല, അത് നല്ല സമീപനമല്ലെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർത്തുകൊണ്ട് നിർത്തുന്നു.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ലോക് ആയുക്ത (ഭേദഗതി) ബില്ലിന്റെ ഭരണഘടനാപരമായ സാധുതയും നമ്മുടെ ഹൗസിന്റെ ലെജിസ്ലേറ്റീവ് കോംപീറ്റൻസും സംബന്ധിച്ച കാര്യങ്ങൾ ബഹുമാന്യനായ പ്രതിപക്ഷനേതാവും മറ്റ് അംഗങ്ങളും ഉന്നയിച്ച സന്ദർഭത്തിൽ ഞാൻ വിശദീകരിച്ചിട്ടുണ്ട്. ചില ഭാഗങ്ങളിലേയ്ക്ക് ഞാൻ വീണ്ടും വരാം. സഭ പ്രവർത്തിക്കുന്നത്, അങ്ങ് പറഞ്ഞത് വഴങ്ങിയില്ല എന്നുള്ളതാണ്. പ്രതിപക്ഷനേതാവ് ഒരിക്കലും വഴങ്ങാറില്ല. എന്നാൽ അദ്ദേഹം എഴുന്നേറ്റപ്പോഴെല്ലാം ഞാൻ വഴങ്ങിയിട്ടുണ്ട്. മാത്രമല്ല, ബഹുമാന്യനായ അംഗം സണ്ണി ജോസഫ് ഉന്നയിച്ചപ്പോഴും ഞാൻ വഴങ്ങുകയുണ്ടായി. സ്ട്രക്ച്ചേർഡായി മാത്രമേ നമുക്ക് പോകാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ ഇത് പൊതുനിരത്തിലെ സംവാദംപോലെയാകും. ചട്ടങ്ങളെയും വ്യവസ്ഥകളെയും അടിസ്ഥാനപ്പെടുത്തിയാണ് ഇത് പ്രവർത്തിക്കുന്നത്. ആവശ്യത്തിന് സമയം

അനുവദിക്കുമെങ്കിൽ അത്രയുംനേരം സംവദിക്കാൻ എനിക്ക് സന്തോഷമേയുള്ളൂ.

ഈ നിയമത്തെക്കുറിച്ച് ഇവിടെ നേരത്തെ പറഞ്ഞതുപോലെ, എല്ലാവരും ചർച്ച ചെയ്തത് 14-ാം വകുപ്പ് മാത്രമാണ്. എന്നാൽ മറ്റ് ഭേദഗതികൾ കൂടി കൊണ്ടുവന്നിട്ടുണ്ട്. നേരത്തെ, ലോക് ആയുക്തയായി നിയമിക്കപ്പെടുന്ന ആൾ സുപ്രീംകോടതി ജഡ്ജിയായോ ഹൈക്കോടതി ചീഫ് ജസ്റ്റിസായോ ഉദ്യോഗം വഹിച്ചിരുന്ന ഒരാൾ ആയിരിക്കണമെന്നുള്ളതായിരുന്നു. ഹൈക്കോടതി ജഡ്ജിയായി ഉദ്യോഗം വഹിച്ചിരുന്ന ആളിനേയും ലോക് ആയുക്തയായി നിയമിക്കാമെന്നാണ് ഇപ്പോൾ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഉപലോക് ആയുക്തയിൽ സിറ്റിംഗ് ജഡ്ജിനെ ഒഴിവാക്കിയിട്ടുണ്ട്. കാരണം ലോക് ആയുക്ത ഒരു റിട്ടയേർഡ് ജഡ്ജാകുമ്പോൾ ഉപലോക് ആയുക്ത സിറ്റിംഗ് ജഡ്ജാകുന്നതിൽ നിയമപരമായ പ്രശ്നങ്ങളുണ്ട്. അതുകൊണ്ടാണ് ആ ഭാഗം ഒഴിവാക്കിയത്. പിന്നീട് ഇവിടെ ഉന്നയിക്കപ്പെട്ടതും പ്രധാനപ്പെട്ട ഭാഗം തന്നെയാണ്. വകുപ്പ് 14-ൽ, ഭരണഘടനയെ കൂട്ടുപിടിക്കുന്ന, ഒരു കോടതിക്കല്ലേ അത് പറയാൻ സാധിക്കുകയുള്ളൂ. അദ്ദേഹം ഉദ്ധരിച്ച വിധി എന്റെ കൈവശമുണ്ട്.

സമയപരിമിതിമൂലം അതുസംബന്ധിച്ച് ഞാൻ പറയുന്നില്ല. സഭ ഒരു നിയമം പാസ്സാക്കി. ഇതിൽ ചില പ്രൊവിഷൻസ് അന്നത്തെ കളക്റ്റീവ് സിസ്റ്റം ഉപയോഗിച്ച് ചെയ്തപ്പോൾ ചിലത് ചിലപ്പോൾ ഭരണഘടനയ്ക്ക് നിരക്കാത്തതാണെന്ന് നമുക്ക് മനസ്സിലായി. ആ ഘട്ടത്തിൽ ഗവൺമെന്റ് കോടതിയിൽ പോകും. ഞങ്ങൾ കൊണ്ടുവന്ന ഇന്ന നിയമം ഭരണഘടനാവിരുദ്ധമാണ്, അതുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി അല്ലെങ്കിൽ സുപ്രീംകോടതി ഈ നിയമം ഭേദഗതി ചെയ്യാൻ ഞങ്ങൾക്ക് അവസരം നൽകണം, അതാണോ ഗവൺമെന്റിന്റെ പ്രൊവിഷൻ? എന്തെല്ലാം വിഡ്ഢിത്തങ്ങളാണ് ആധികാരികമായ നിയമവ്യവസ്ഥയെന്ന രൂപത്തിൽ അവതരിപ്പിക്കപ്പെടുന്നത്. എക്സിക്യൂട്ടീവ്, ജുഡീഷ്യറി, ലെജിസ്ലേച്ചർ, നമ്മുടെ ഭരണഘടന 105 തവണ ഭേദഗതി ചെയ്തു. 700-കളിലെ അമേരിക്കൻ ഭരണഘടന 24 തവണ മാത്രമാണ് ഭേദഗതി ചെയ്തത്. അതിൽ ഒരു ഭേദഗതി പാസ്സാക്കാൻ അവർ 180-190 ദിവസമെടുത്തു. നേരത്തെ അവതരിപ്പിച്ചെങ്കിലും പിന്നീട് അത് പല കാരണങ്ങളാൽ വിട്ടുപോയി. ഇത് ഭേദഗതിയായി കിടപ്പുണ്ടെന്ന് ഒരു വിദ്യാർത്ഥി കണ്ടെത്തിയപ്പോൾ വീണ്ടും അത് ചർച്ച ചെയ്ത് ഭേദഗതി

ചെയ്യാൻ ഒന്നരനൂറ്റാണ്ടോ മറ്റോ എടുത്തു. ഭരണഘടന ഭേദഗതി ചെയ്യുന്നത് എന്തുകൊണ്ടാണ്; ഏതാണ് ഇന്ത്യയിലെ ആദ്യത്തെ ഭരണഘടനാ ഭേദഗതി; എന്തുകൊണ്ടാണ് ഒന്നാം ഭരണഘടനാഭേദഗതി വന്നത്? മൗലികാവകാശങ്ങളുമായി ബന്ധപ്പെട്ട പ്രശ്നം വന്നു. അമേരിക്കയുടെ ഒന്നാമത്തെ ഭരണഘടനാ ഭേദഗതി മൗലികാവകാശങ്ങൾ സ്പർശിച്ചുകൊണ്ടുള്ള ഭേദഗതി നിലനിൽക്കില്ല. നമ്മുടെ ഒന്നാമത്തെ ഭേദഗതി മൗലികാവകാശങ്ങൾക്ക് റീസണബിൾ റസ്ട്രിക്ഷൻസ് ശക്തിപ്പെടുത്താനുള്ളതാണ്. ഭരണഘടന എങ്ങനെയാണ് ഭേദഗതി ചെയ്യുന്നത്; കോടതി പറഞ്ഞിട്ടാണോ ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്തുകൊണ്ടിരിക്കുന്നത്? സമൂഹം വികസിക്കുകയല്ലേ; പുതിയ പ്രശ്നങ്ങൾ വരും. ഒരു നിയമം നിർമ്മിക്കുമ്പോൾ പുതിയ നിയമങ്ങൾ, കേന്ദ്ര നിയമം, മറ്റ് സംസ്ഥാന നിയമം എന്നിങ്ങനെയൊക്കെ വരും. ഞാൻ പറഞ്ഞത് ജുഡീഷ്യൽ പ്രോസ്സസ് എന്നാണോ? നിങ്ങൾ പറഞ്ഞത് suppression of powers. ജുഡീഷ്യറി, എക്സിക്യൂട്ടീവ്, ലെജിസ്ലേച്ചർ എന്നിങ്ങനെയാണ്. അർദ്ധ ജുഡീഷ്യറി സംവിധാനങ്ങൾക്കെല്ലാം Cr.PC, IPC ഉണ്ട്. എവിഡൻസ് തെറ്റായി രേഖപ്പെടുത്തിയാൽ അതിനെ നിയന്ത്രിക്കാൻ IPC,

Cr.PC പവർ കൊടുക്കും. അങ്ങനെ കൊടുക്കുന്നതോടുകൂടി അത് ജുഡീഷ്യൽ ബോഡി ആയോ? അത് നമ്മുടെ ഭരണഘടനയുടെ കേന്ദ്ര ജുഡീഷ്യറിയെ സംബന്ധിച്ചും സംസ്ഥാനത്തിന്റെ ഘടനയെ സംബന്ധിച്ചും പറയുന്നിടത്തുള്ള ജുഡീഷ്യറിയുടെ ഭാഗമായി വരുമ്പോഴാണ് suppression of powers വരുന്നത്. അല്ലാതെ ജുഡീഷ്യറിയുടെ ഭാഗമായിരുന്ന ഒരാൾ ഏതെങ്കിലും പോസ്റ്റിലിരിക്കുന്നതുകൊണ്ടോ ഏതെങ്കിലും ഒരു അർദ്ധ ജുഡീഷ്യൽ സംവിധാനത്തിനോ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിക്കോ ഏതെങ്കിലും നിയമത്തിന്റെ ചില വ്യവസ്ഥകൾ നൽകുന്നതുകൊണ്ടോ അത് ജുഡീഷ്യൽ ബോഡിയാവില്ല. അതുകൊണ്ട് ഇത് ജുഡീഷ്യൽ ബോഡിയല്ല. നിങ്ങൾ ഇവിടെ പറഞ്ഞു, ലോക്പാൽ ആക്ട്. " An Act to provide for the establishment of a body of Lokpal for the Union and Lokayukta for States to inquire into allegations of corruption against certain public functionaries and for matters connected therewith or incidental thereto." അങ്ങ് ഇത് വായിച്ചുനോക്കിയിട്ടുണ്ടാകുമല്ലോ; എൻക്വയറിയാണ്; ലോക്പാൽ സ്പെഷ്യൽ കോർട്ടിനാണ് കൊടുക്കുന്നത്. ലോക്പാൽ വിധിക്കുന്നേയില്ല. ലോക്പാലിന് ജുഡീഷ്യൽ പവർ ഇല്ല. ലോക്പാൽ

ഇൻവെസ്റ്റിഗേഷൻ നടത്തി വിധിക്കുന്നില്ല. ലോക്പാലിന് മാത്രമല്ല, ഒരു ഓംബുഡ്സ്മാനും അന്വേഷിച്ചും തെളിവെടുത്തും ശിക്ഷ വിധിക്കാനുള്ള പരമാധികാരം ഈ ലോകത്ത് ഒരിടത്തുമില്ല. അത് കേരളത്തിലെ ലോക് ആയുക്തയിലെ 14-ാം വകുപ്പ് മാത്രമാണ്. അത് basic jurisprudence-ന് എതിരാണ്, ultra vires constitution ആണെന്ന് ഒരു നിയമസഭ മനസ്സിലാക്കി ഭേദഗതി കൊണ്ടുവരുമ്പോൾ ആ നിയമസഭ അതിന്റെ ദൗത്യം ശരിയായി നിർവ്വഹിക്കുന്നുവെന്നുള്ളതാണ് അതിൽനിന്നും മനസ്സിലാക്കേണ്ടത്. അല്ലാതെ ആരെങ്കിലും കോടതിയിൽ പോകട്ടെ, കോടതി ഇത് വിരുദ്ധമാണെന്ന് പറയട്ടെ, അപ്പോൾ ഞങ്ങൾ അതിനെക്കുറിച്ച് ചിന്തിക്കാമെന്ന് പറയുന്നത് നിയമസഭ ദുർബലമാകുമ്പോൾ മാത്രമാണ്. കേരള നിയമസഭ ശക്തമാണ്. എല്ലാ നിയമങ്ങളും ഭരണഘടനയ്ക്കനുസൃതമായും നിയമാനുസൃതവുമായാണ് നിർമ്മിക്കുന്നത്. അതുകൊണ്ട് ഈ നിയമം ഏറ്റവും ശരിയായി കൊണ്ടുവരുന്ന ഒരു ഭേദഗതിയാണ്; എല്ലാത്തരത്തിലും നിലനിൽക്കുന്ന കാര്യമാണ്.

എങ്ങനെയാണ് കോംപീറ്റന്റ് അതോറിറ്റി വരുന്നത്; ഒരു മന്ത്രിയുടെ കാര്യം എങ്ങനെയാണ് മുഖ്യമന്ത്രി തീരുമാനിക്കുന്നത്; ഇത് ഇവരുടെ ഒരു

വ്യവസ്ഥയല്ലേ? “ DEFINITIONS 2. (c) "competent authority", in relation to– (i) the Prime Minister, means the House of the People; (ii) a member of the Council of Ministers, means the Prime Minister;” ഇതാണ് ലോക്പാൽ. ഇവിടെ ആധികാരികമായി പറഞ്ഞല്ലോ; ഒരാളുടെ വിധി അയാൾതന്നെ എങ്ങനെ തീരുമാനിക്കും; മന്ത്രിമാരുടേത് മുഖ്യമന്ത്രി തീരുമാനിച്ചാൽ, മുഖ്യമന്ത്രിയുടെ ഭാഗമല്ലേ മന്ത്രിസഭ; അപ്പോൾ ലോക്പാലോ? അങ്ങയുടെ പാർട്ടി നയിച്ച രണ്ടാം യു.പി.എ. ഗവൺമെന്റ് കൊണ്ടുവന്നതാണ് ലോക്പാൽ. ഇന്ന് ഈ രാജ്യത്ത് നിലനിൽക്കുന്ന നിയമമാണ്. “ (iii) a member of Parliament other than a Minister, means– (A) in the case of a member of the Council of States, the Chairman of the Council; and (B) in the case of a member of the House of the People, the Speaker of the House;” . THE LOKPAL AND LOKAYUKTAS ACT, 2013-ലെ സെക്ഷൻ 24 “ Where, after the conclusion of the investigation, the findings of the Lokpal......." അത് അവർ കോടതിക്ക് അയച്ചുകൊടുക്കുകയാണ്. “ a public servant referred to in clause (a) or clause (b) or clause (c) of

sub-section (1) of section 14, the Lokpal may file a case in the Special Court and shall send a copy of the report together with its findings to the competent authority.” ഇതാണ് ലോക്പാൽ; ഇതാണ് ഈ രാജ്യത്തിന്റെ നിയമം; നിലനിൽക്കുന്ന നിയമമാണിത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ആ കാര്യം ഇപ്പോൾ ഭേദഗതി ചെയ്യാൻപോകുന്ന നിയമത്തിൽ തന്നെയുണ്ടല്ലോ; കോംപീറ്റന്റ് അതോറിറ്റി ആരാണ്; ഗവർണ്ണർ ആരാണ്; മുഖ്യമന്ത്രിയാണ്/ഗവൺമെന്റാണ് പല കേസുകളിലും കോംപീറ്റന്റ് അതോറിറ്റി. കോംപീറ്റന്റ് അതോറിറ്റി, അതുതന്നെയാണ് ലോക്പാൽ പറയുന്നത്. നിങ്ങൾ ഈ കോംപീറ്റന്റ് അതോറിറ്റിയെ അപ്പലേറ്റ് അതോറിറ്റിയാക്കി മാറ്റുകയാണ്. അവിടെയാണ് വ്യത്യാസം. അവിടത്തെ ലോക്പാലിൽ ഗവൺമെന്റ് അപ്പലേറ്റ് അതോറിറ്റിയായി നിൽക്കുകയല്ല, നിങ്ങൾ ഈ പ്രോസ്സസ് കഴിഞ്ഞ് ഇത് ഫൈനലൈസ് ചെയ്യുന്ന അപ്പലേറ്റ് അതോറിറ്റിയായി മാറുന്നതിനെയാണ് ഞങ്ങൾ എതിർത്തത്. അങ്ങ് നേരത്തെ ഒരു വാചകം പറഞ്ഞു, എന്തൊക്കെ വിഡ്ഢിത്തമാണ് പറയുന്നതെന്ന്. ഞങ്ങൾ വളരെ പ്രധാനപ്പെട്ട ഒരു സുപ്രീംകോടതി

ജഡ്ജ്മെന്റ് ക്വാട്ട് ചെയ്താണ് പറഞ്ഞത്. ഒരു നിയമം സഭ പാസ്സാക്കിയാൽ അതുപിന്നെ ഹൗസിന്റേതല്ല. പിന്നീട് അത് unconstitutional ആണെന്ന് പറയാനുള്ള അധികാരം ഗവൺമെന്റിനോ ഹൗസിനോ ഇല്ല. Only the competent court can say that. ആ വിധിയെയാണ് വിഡ്ഢിത്തമെന്ന് അങ്ങ് പറഞ്ഞത്. ഞാൻ എൽഫിൻസ്റ്റോൺ കേസിനെ ക്വാട്ട് ചെയ്ത് പറഞ്ഞതാണ് അങ്ങ് വിഡ്ഢിത്തമെന്ന വാക്കുകൊണ്ട് വിശേഷിപ്പിച്ചത്.

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങയെപ്പോലൊരാൾ ഇങ്ങനെ പറയരുത്. വേറെ ആരുപറഞ്ഞാലും ഞാൻ സമ്മതിക്കും. ഞാൻ വിഡ്ഢിത്തമെന്ന് പറയാൻ കാരണമെന്താണ്? ഈ നിയമം ഭരണഘടനാവിരുദ്ധമാണെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. ഈ നിയമത്തിൽ 14-ാം വകുപ്പ് ഭരണഘടനയ്ക്കനുസൃതമല്ല. ഈ ഹൗസിൽ ഒരാൾ ശരിയല്ലെന്ന് പറഞ്ഞാൽ ഈ നിയമസഭയാകെ കുഴപ്പമാണെന്നാണോ; ഇന്ത്യയിലെ ഏതെങ്കിലുമൊരു പൗരൻ തെറ്റാണെന്ന് പറഞ്ഞാൽ രാജ്യമാകെ തെറ്റാണെന്നാണോ? ലോക് ആയുക്തയിലെ സെക്ഷൻ 14 ഭരണഘടനയിലെ ആർട്ടിക്കിൾ 163, 164 എന്നിവയുമായി നിലനിൽക്കില്ല. അതാണ് ഞങ്ങൾ കണ്ടെത്തിയത്. ഞാൻ വിഡ്ഢിത്തമെന്ന് പറയാൻ കാരണമെന്താണ്? നിയമസഭയ്ക്കുതന്നെ

മനസ്സിലായി, എക്സിക്യൂട്ടീവിനുതന്നെ മനസ്സിലായി ഇത് ഇങ്ങനെയാണ്, അത് തിരുത്തേണ്ടതാണെന്ന് കണ്ടെത്തിയാൽ എക്സിക്യൂട്ടീവ് കോടതിയിൽ പോകണോ? നേരത്തെ ഇത് unconstitutional ആയി പ്രഖ്യാപിക്കാം. അതിന് സുപ്രീംകോടതിക്കോ ഹൈക്കോടതിക്കോ ആണ് അധികാരം. ഭരണഘടനയ്ക്ക് നിരക്കാത്തതാണെന്ന് കണ്ടെത്തിയാൽ അങ്ങ് പറഞ്ഞ വിധിയുടെ ഏറ്റവും അവസാനമുള്ള മൂന്നാമത്തെ പേജ് വായിച്ചാൽ മതി. അതിൽ, "ഇതൊക്കെയാണെങ്കിലും എത്ര വ്യാമോഹങ്ങൾക്കടിപ്പെട്ടാലും ഈ നിയമത്തിനകത്ത് ഏതെങ്കിലും വാക്കോ വാചകമോ അങ്ങോട്ടെടുത്ത് വയ്ക്കാൻ ഞങ്ങൾക്ക് ഒരു അധികാരവുമില്ല; ഇതെല്ലാം സഭയ്ക്കുള്ളതാണ്" എന്ന് പറയുന്നുണ്ട്. ഇതിൽ അങ്ങ് പറഞ്ഞത് എന്താണ്? കോംപീറ്റന്റ് അതോറിറ്റിക്ക് അപ്പലേറ്റ് അധികാരം നൽകിയിരിക്കുന്നുവെന്നാണ് നിങ്ങൾ പറയുന്നത്. അതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. അങ്ങനെയാണെങ്കിൽ അങ്ങയുടെ പാർട്ടി നയിച്ച ഗവൺമെന്റ് പാർലമെന്റിൽ കൊണ്ടുവന്ന ബില്ലിൽ ഇങ്ങനെയൊരു സെക്ഷൻ ഇല്ലാതെപോയത് എന്തുകൊണ്ടാണ്? ഭരണഘടനാനുസൃതമായി നിലനിൽകാത്തതുകൊണ്ടാണ്.

ഡോ. മാത്യു കുഴൽനാടൻ: ലോക്പാൽ നിയമത്തിലെ സെക്ഷൻ 24, ക്ലാരിഫിക്കേഷനുവേണ്ടി പറയുകയാണ് " Action on investigation against public servant being Prime Minister, Ministers or Members of Parliament.

Where, after the conclusion of the investigation, the findings of the Lokpal disclose the commission of an offence under the Prevention of Corruption Act, 1988 by a public servant referred to in clause (a) or clause (b) or clause (c) of sub-section (1) of section 14, the Lokpal may file a case in the Special Court….." അതായത് പി.സി.എ. ആക്ടുള്ള ഒരു ഒഫൻസ് കണ്ടെത്തിയാൽ Lokpal can not proceed with it, then it is send to the concerned court. അതാണ് സെക്ഷൻ 24-ൽ പറയുന്നത്.

ശ്രീ. പി. രാജീവ്: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. അതുതന്നെയാണ് ഞാനും പറഞ്ഞത്. അവർക്ക് വിധി പ്രഖ്യാപിക്കാൻ അധികാരമില്ല, It is not a judicial body. അവരുടേത് ജുഡീഷ്യൽ ബോഡിയാണെങ്കിൽ അവർ എന്തിനാണ് സ്പെഷ്യൽ കോടതിയിലേയ്ക്ക്

കേസുകൾ അയയ്ക്കുന്നത്? ശിക്ഷ വിധിക്കാൻ അവർക്ക് അധികാരമില്ല. എന്തുകൊണ്ടാണ് ലോക്പാൽ ശിക്ഷ വിധിക്കാത്തത്? ലോക്പാൽ ജുഡീഷ്യൽ ബോഡിയല്ലാത്തതുകൊണ്ടാണ്. ലോക്പാലിന് മുകളിലാണോ സ്പെഷ്യൽ കോടതി? ഒരു ഇൻവെസ്റ്റിഗേറ്റിംഗ് ഏജൻസിയെ പരാതി നൽകുന്ന ഏജൻസിയായി മാത്രം പരിമിതപ്പെടുത്തിയെന്ന് കർണ്ണാടക ലോക്പാൽ ആയിരുന്ന സന്തോഷ് ഹെഗ്ഡെ പറഞ്ഞത് അതുകൊണ്ടാണ്. ലോക്പാലിന് വിധി പ്രഖ്യാപിക്കാൻ അധികാരമില്ലെന്ന് ഡോ. മാത്യു കുഴൽനാടൻ ചൂണ്ടികാണിച്ചതിന് ഞാൻ പ്രത്യേകം നന്ദി പറയുകയാണ്.

അണ്ണാ ഹസാരെയുടെ നേതൃത്വത്തിൽ നടന്ന വലിയ അഴിമതി വിരുദ്ധ പോരാട്ടമായ 2 ജി സ്പെക്ട്രമാണല്ലോ ആം ആദ്മി പാർട്ടിയുടെ രൂപീകരണത്തിലേയ്ക്ക് നയിച്ചത്. ജൻ ലോക്പാൽ ബിൽ എന്റെ കയ്യിലുണ്ട്. അതാണ് ഏറ്റവും വലിയ വിപ്ലവകരമായ അഴിമതി വിരുദ്ധ സമരത്തിന്റെ രൂപമായി വന്നത്. അതിൽ പറയുന്നത് എന്താണ് " A bill to establish an independent authority to investigate offences…." ജൻ ലോക്പാൽ ബില്ലിൽ പോലും ഇങ്ങനെയൊരു മാൻഡേറ്ററി സെക്ഷനില്ല. ലോകത്ത് ഒരു ഓംബുഡ്സ്മാനും ഈ മാൻഡേറ്ററി ജൂറിസ്ഡിക്ഷനില്ല. പക്ഷെ

അത് ബഹുമാനപ്പെട്ട സുപ്രീംകോടതിക്കുണ്ട്. സുപ്രീംകോടതി കോൺസ്റ്റിറ്റ്യൂഷണൽ അതോറിറ്റിയാണ്. ഇത് പാർലമെന്റോ നിയമസഭയോ രൂപീകരിക്കുന്ന ഒരു സ്റ്റാറ്റ്യൂട്ടറി ബോഡി മാത്രമാണ്. ആ ബോഡിക്ക് ഇങ്ങനെയൊരു അധികാരം നിൽക്കില്ല. അതുകൊണ്ടാണ് ലോക്പാൽ സ്പെഷ്യൽ കോടതിയിലേയ്ക്ക് അഴിമതി വിരുദ്ധ കേസുകൾ അയയ്ക്കുന്നത്. അതാണ് പല സംസ്ഥാനങ്ങളിലെയും ലോകായുക്തയും സ്പെഷ്യൽ കോടതിയിലേക്ക് അയയ്ക്കുന്നത്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളെയും പരിശോധിച്ചാൽ അവിടെയെല്ലാം ഇതുതന്നെയാണ് നടക്കുന്നതെന്ന് മനസ്സിലാകും. ഇവിടെ പറഞ്ഞ കാര്യങ്ങൾക്കും ബഹുമാന്യനായ ഡോ. മാത്യു കുഴൽനാടൻ ഉന്നയിച്ച പ്രധാന പ്രശ്നങ്ങൾക്കും ഞാൻ മറുപടി നൽകിക്കഴിഞ്ഞു.

നമുക്ക് നിയമസഭകളോടുള്ള ബഹുമാനവും ജനാധിപത്യ സംവിധാനത്തോടുള്ള ബഹുമാനവും നഷ്ടപ്പെട്ടുവെന്ന് 1959 ജൂലൈ 31-ന് ഇ.എം.എസ്. ഗവൺമെന്റിനെ പിരിച്ചുവിട്ടുകൊണ്ട് ഈ രാജ്യത്ത് പാർലമെന്ററി സംവിധാനത്തിന്റെ കടയ്ക്കൽ കത്തി വച്ച കോൺഗ്രസ്സാണ് പറയുന്നത്. ഈ രാജ്യത്തെ ജനാധിപത്യ-നീതിന്യായ സംവിധാനങ്ങളെയും

തകർത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ച കോൺഗ്രസ്സിന്റെ പ്രതിനിധി ജനാധിപത്യത്തിന്റെ മഹനീയതയെക്കുറിച്ച് പ്രസംഗിക്കുന്നത് കേൾക്കുന്നത് കൗതുകകരമാണ്, സന്തോഷകരമാണ്. ഇവിടെ അഴിമതിയുടെ കഥ നോക്കൂ. Transparency International India-യുടെ റിപ്പോർട്ടുപ്രകാരം ഇപ്പോൾ ഇന്ത്യയിൽ അഴിമതിയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനം രാജസ്ഥാൻ ആണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളെയും പരിശോധിക്കൂ; കേരള സംസ്ഥാനം എവിടെയാണ് നിൽക്കുന്നത്; സംസ്ഥാനത്ത് ഇപ്പോൾ ഏതെങ്കിലും ഒരു മന്ത്രിയെക്കുറിച്ച് പറയുന്നുണ്ടോ; ഒരു മന്ത്രിയെയുംകുറിച്ച് പറയുന്നില്ലല്ലോ; കഴിഞ്ഞ തവണ ചർച്ച ചെയ്തപ്പോൾ ഇതാ തൂക്കിക്കൊല്ലാൻ പോകുന്നുവെന്ന് പറഞ്ഞിരുന്നല്ലോ. ഇപ്പോൾ അത് പറയാതിരുന്നത് എന്താണ്; ആ കേസ് ലോക് ആയുക്ത തള്ളിക്കളഞ്ഞു. മുപ്പത്തി അയ്യായിരം കേസുകളല്ല, വകുപ്പ് 14 അല്ല, 14-ൽ ഒന്ന് മാത്രമേയുള്ളൂ. അതിന്റെ സമയക്രമം പറഞ്ഞല്ലോ; 20 ദിവസം കൊണ്ടാണ് ഇതെല്ലാം നടന്നിട്ടുള്ളത്. ഇതുസംബന്ധിച്ച് ഞാൻ നേരത്തെ പരാമർശിച്ച എ.ജി.-യുടെ റിപ്പോർട്ടിൽ പറയുന്നുണ്ട്. On going through the report in question and the sequences of dates and events in relation to the case, it is discernible

that the Lok Ayukta conducted a preliminary enquiry; that the compliant was finally admitted on 26-3-2021. മാർച്ച് 26-നാണ് കേസ് അഡ്മിറ്റ് ചെയ്യുന്നത്. ആ ദിവസം തന്നെ ഫൈനൽ വാദം കേട്ടു. അടുത്ത ദിവസവും വാദം കേൾക്കുകയാണ്. അതായത് മാർച്ച് 26-ന് കേസ് സ്വീകരിച്ച് അന്നുതന്നെ ഫൈനൽ വാദം തുടങ്ങി. അടുത്ത വാദം മാർച്ച് മാസം 30-ന് നടന്നു. ഏപ്രിൽ 9-ന് റിപ്പോർട്ട് ഫൈനലൈസ് ചെയ്തു. Therefore, it can be safely concluded that there was no proper investigation as mandated under section. അതിൽ എന്തുകൊണ്ട് കോടതി ഇടപെട്ടില്ല? അതാണ് ഞാൻ നേരത്തെ വായിച്ചത്. ലെജിസ്ലേറ്റീവ് ഇന്റെൻഷന് അപ്പലേറ്റ് അതോറിറ്റിയില്ല എന്നുള്ളതാണ് അതിന് കാരണം. ഞങ്ങൾക്ക് അപ്പീൽ പരിശോധിക്കാൻ അധികാരമില്ല. അത് ജസ്റ്റിസ് മുഹമ്മദ് മുഷ്താഖിന്റെ വിധി വായിച്ചാൽ മനസ്സിലാകും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചില ആക്ഷേപങ്ങൾ വന്നില്ലേ; ഞങ്ങൾ ആരെങ്കിലും കോടിതിയിൽ പോയോ; ഇപ്പോൾ ബഹുമാന്യനായ മന്ത്രിയുടെ പ്രസംഗത്തെക്കുറിച്ച് ഭരണഘടനാ വിരുദ്ധമാണെന്ന് വ്യാഖ്യാനിക്കപ്പെട്ട് ഒരു അഭിപ്രായം വന്നില്ലേ; ഞങ്ങൾ കോടതിയിൽ Quo warranto writ-മായി

പോകണമോ; അദ്ദേഹം രാജി വച്ചു. അതാണ് ഇടതുപക്ഷത്തിന്റെ മാതൃക. ഏതെങ്കിലും കാര്യത്തിൽ സംശയത്തിന്റെ കണികപോലും വ്യാഖ്യാനിക്കാനിടവരാവുന്ന രൂപത്തിൽ ഉയർന്നുവന്നാൽ അപ്പോൾതന്നെ തീരുമാനമെടുക്കുന്ന ധാർമ്മികതയുള്ള പാർട്ടിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി. അതുകൊണ്ട് ലോക്പാൽ വിധിച്ചാലും കേരളം പോലൊരു സംസ്ഥാനത്ത് ഏതെങ്കിലും ഒരാൾക്ക് അധികാരത്തിൽ തുടരാൻ സാധിക്കുമോ; ഒരു നിയമം നിയമാനുസൃതമാക്കി മാറ്റിത്തീർക്കുന്നതിനുള്ള ചുമതലയാണ് നിർവ്വഹിക്കുന്നത്. അപ്പീൽ പ്രൊവിഷൻ നിങ്ങളുടെ നിയമത്തിനകത്തില്ലെന്ന് ഹൈക്കോടതി തന്നെ പറഞ്ഞല്ലോ; അദ്ദേഹം സുപ്രീംകോടതിയിൽ നൽകിയ കേസ് പിൻവലിക്കുകയാണ് ചെയ്തത്. കാരണം നിയമത്തിൽ വ്യവസ്ഥയില്ലെങ്കിൽ ഒരു കോടതിയിലും പോകാൻ സാധിക്കുകയില്ല. അതുകൊണ്ടുതന്നെ ഭരണഘടന വിരുദ്ധത ചോദ്യം ചെയ്തുകൊണ്ട് ആരും കോടതിയിൽ പോയിട്ടില്ല. ഇത് ഭരണഘടനാ വിരുദ്ധമാണെന്നുള്ള എ.ജി.-യുടെ ഉപദേശം ഗവൺമെന്റിന് ലഭിച്ചു. ഈ ഗവൺമെന്റ് അഴിമതിക്കെതിരെ വിട്ടുവീഴ്ച്ചയില്ലാത്ത നിലപാടാണ് സ്വീകരിക്കുന്നത്. കേരളത്തിന്റെ ഇതുവരെയുള്ള ചരിത്രം നമ്മുടെ മുമ്പിലുണ്ട്.

അഴിമതിക്കെതിരെ കഴിഞ്ഞ ഗവൺമെന്റും എൽ.ഡി.എഫ്. ഗവൺമെന്റും എല്ലാകാലത്തും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ടാണ് കേരളം ഒരു പുതിയ ചരിത്രം സൃഷ്ടിച്ചുകൊണ്ട് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ ഒരു ഗവൺമെന്റിന് തുടർച്ച നൽകിയത്. ആ നിലപാടിന്, ജനാധിപത്യ സംവിധാനത്തിന് അംഗീകാരമുണ്ട്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയാണല്ലോ; ഈ ബില്ലിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തണമോയെന്ന് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാം. ലോക്പാൽ ബിൽ ഭരണഘടനയ്ക്ക് അനുസൃതമാണ്. സെക്ഷൻ 14 അതിനകത്ത് ഇല്ലാത്തതുകൊണ്ടാണ് ഈ പറയുന്ന കോൺട്രഡിക്ഷൻസ് ഇല്ലാതിരിക്കുന്നത്. സെക്ഷൻ 14 ലോക്പാൽ ബില്ലിലോ മോഡൽ ലോക് ആയുക്ത ബില്ലിലോ ഇല്ല. അത് ഇന്ത്യയിലെ ഒരു സംസ്ഥാനത്തെയും ലോക് ആയുക്ത ബില്ലിൽ ഇല്ല. സെക്ഷൻ 14-ന് സമാനമായൊരു വ്യവസ്ഥ ലോകത്തിലെ ഒരു ഓംബുഡ്സ്മാനിലും ഇല്ല. ഇതുപോലെ മാൻഡേറ്ററി, വിചാരണ പോലുമില്ലാതെ അന്വേഷണവും തെളിവെടുപ്പും വധശിക്ഷ വിധിക്കാനും ആ വധശിക്ഷ അപ്പോൾത്തതന്നെ നടപ്പിലാക്കാനും പ്രഖ്യാപിക്കുന്ന ജൂറിസ്പ്രുഡൻസിന്റെ അടിസ്ഥാന തത്വത്തിന്

കടകവിരുദ്ധമായൊരു നിയമം ലോകത്ത് ഒരിടത്തും നിലനിൽക്കുന്നില്ല. അതുകൊണ്ട് പ്രതിപക്ഷം വൈകാരികമായ രൂപത്തിലല്ല വസ്തുതാപരമായി ഈ പ്രശ്നത്തെ സമീപിക്കണം. ഈ ബിൽ സബ്ജക്ട് കമ്മറ്റിക്ക് അയയ്ക്കുന്നുണ്ട്. ഇനിയും ലോക്പാലുമായി ബന്ധപ്പെട്ടും ലോകായുക്ത മാതൃകയും നമ്മുടെ മുമ്പിലുണ്ട്. അതിൽ മാറ്റം വരുത്തണമെങ്കിൽ നമുക്ക് അപ്പോൾ ചർച്ച ചെയ്യാം.ഇത് ഭരണഘടനാനുസൃതവും നിയമത്തിന്റെ ഇന്റൻഷനനുസൃതമായും മാറ്റുകയെന്ന ഉത്തരവാദിത്വമാണ് നിർവ്വഹിക്കുന്നത്. അതിൽ എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ;

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ .....

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

**ക്രമപ്രശ്നം**

ധനകാര്യമെമ്മോറാണ്ടത്തിലെ അപാകത

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഈ ബില്ലിന്റെ മൂലനിയമമായ മാരിടൈം ആക്ടിന്റെ നിയമനിർമ്മാണത്തിനായി പ്രസിദ്ധീകരിച്ച ബില്ലിന്റെ ധനകാര്യമെമ്മോറാണ്ടത്തിൽ താഴെപ്പറയുംപ്രകാരം പരാമർശിച്ചിട്ടുണ്ട്. ആദ്യ സാമ്പത്തിക വർഷത്തിൽ 2,843 ലക്ഷം രൂപ, അതിനുശേഷം തുടർന്നുവരുന്ന അഞ്ച് വർഷത്തേയ്ക്ക് അതിന്റെ പത്തുശതമാനം വർദ്ധനയോടുകൂടി തുക ആവർത്തക ചെലവായി സർക്കാർ നൽകേണ്ടതാണ്. സ്ഥാപനഘട്ടത്തിന്റെ ആരംഭത്തിനുശേഷം വിവിധ റവന്യൂ മാർഗ്ഗങ്ങൾ വർദ്ധിപ്പിച്ച് സർക്കാരിൽനിന്നുള്ള സാമ്പത്തിക സഹായമില്ലാതെ ബോർഡ് പൂർണ്ണമായും സ്വയംഭരണാധികാരമുള്ളതായി തീരുമെന്നാണ് പറഞ്ഞിട്ടുള്ളത്. 2017-ൽ ആരംഭിച്ച് അഞ്ചുവർഷത്തിൽ പൂർണ്ണമായും സ്വയംഭരണാധികാരമുള്ള സ്ഥാപനമാകേണ്ട ബോർഡിന്റെ ജീവനക്കാരുമായി ബന്ധപ്പെട്ട ബാധ്യതകൾ സർക്കാർ തിരികെ ഏറ്റെടുക്കുന്ന രീതിയിലാണ് പുതിയ ബില്ലിലെ 7, 8 വകുപ്പുകൾ. വകുപ്പ് 7 പ്രകാരം ജീവനക്കാർ സർക്കാർ ജീവനക്കാരായി എല്ലാ ആനുകൂല്യങ്ങളോടെയും തുടരുമെന്ന് വ്യവസ്ഥ ചെയ്യുമ്പോൾ വകുപ്പ് 8

പ്രകാരം പ്രോവിഡന്റ് ഫണ്ടിലേയും സൂപ്പറാന്യുവേഷൻ ഫണ്ടിലേയും ബാധ്യതകൾ, ബോർഡിൽ നിക്ഷിപ്തമാക്കിയിരുന്ന പ്രധാന ആക്ടിലെ സെക്ഷൻ 18 റദ്ദാക്കുകയും ചെയ്തിരിക്കുകയാണ്. അതായത് ജീവനക്കാരുടെ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിന് ഭാവിയിൽ അധിക ബാധ്യതകളുണ്ടാക്കുന്ന വ്യവസ്ഥകളാണ് ഈ ബില്ലിൽ ഉൾപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് തീർച്ചയായും ഈ ബില്ലിലെ ധനകാര്യമെമ്മോറാണ്ടത്തിൽ ആ ബാധ്യത സൂചിപ്പിക്കേണ്ടതാണ്. നിലവിൽ ജീവനക്കാരുടെ ആനുകൂല്യങ്ങൾ സർക്കാരിൽനിന്നും നൽകുന്നതിന് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരില്ലെന്ന് ധനകാര്യമെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുകയാണ്. എന്തായാലും ഈ കാരണങ്ങളാൽത്തന്നെ അധിക ബാധ്യത സർക്കാരിനുണ്ടാകും. അതുകൊണ്ട് ധനകാര്യമെമ്മോറാണ്ടം പുനഃപ്രസിദ്ധീകരണം നടത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

<u>ധനകാര്യമെമ്മോറാണ്ടത്തിലെ അപാകത</u>

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>): സർ, നിലവിൽ മാരിടൈം ബോർഡിലെ ജീവനക്കാരുടെ ശമ്പളം, ബത്ത, മറ്റാനുകൂല്യങ്ങൾ, പെൻഷൻ എന്നിവ സർക്കാരിന്റെ

സഞ്ചിതനിധിയിൽനിന്നാണ് ചെലവഴിച്ചിരുന്നത്. ബില്ലിലെ ഏഴാം ഖണ്ഡപ്രകാരം ബോർഡിലെ ജീവനക്കാർ സർക്കാർ ജീവനക്കാരായി തുടർന്നാലും അവരുടെ സേവനം ബോർഡ് പ്രയോജനപ്പെടുത്തുന്നതിനാൽ ധനകാര്യമെമ്മോറാണ്ടത്തിലെ രണ്ടാം ഖണ്ഡികയിൽ പറയുന്നപ്രകാരം അവരുടെ സേവനം അന്യത്ര സേവനമെന്നതുപോലെ കണക്കാക്കേണ്ടതും പെൻഷൻ അംശദായത്തിന്റേയും അവധി വേതന അംശദായത്തിന്റെയും സംയോജിതമായ നിരക്ക് ബോർഡിൽനിന്നും സർക്കാരിന് ഈടാക്കാൻ കഴിയുന്നതുമാണ്. അതിനാൽ ഇതുസംബന്ധിച്ച് സർക്കാരിന് അധിക ബാധ്യതയുണ്ടാകുന്നില്ല. ആയതിനാൽ ധനാകാര്യമെമ്മോറാണ്ടം കൃത്യമാണ്. ആയത് പുതുക്കി പ്രസിദ്ധീകരിക്കേണ്ട ആവശ്യകതയില്ല. മേൽ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ഓർഡർ.......ഓർഡർ.......

ഇന്ന് (23-08-2022) സഭയിൽ അവതരിപ്പിക്കുന്ന 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന

ധനകാര്യമെമ്മോറാണ്ടത്തിൽ ഈ നിയമം നിലവിൽ വന്നാൽ സഞ്ചിതനിധിയിൽനിന്നും സർക്കാരിന് അധിക ബാധ്യത ഉണ്ടാകുന്നതല്ല എന്ന പ്രസ്താവന വസ്തുതാപരമല്ലെന്നും യഥാർത്ഥത്തിൽ ഇതുസംബന്ധിച്ച് കൂടുതൽ ചെലവുണ്ടാകുമെന്നതിനാൽ പുതുക്കിയ ധനകാര്യമെമ്മോറാണ്ടം ലഭ്യമാക്കാൻ റൂളിംഗ് ഉണ്ടാകണമെന്നുമാണ് ശ്രീ. എ. പി. അനിൽ കുമാർ തടസ്സവാദത്തിലൂടെ ഉന്നയിച്ചത്.

ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സർക്കാരിന്റെ നിലപാട് വിശദീകരിക്കുകയുണ്ടായി. ഈ നിയമം നിലവിൽ വരുന്നതുമൂലം ഏതെങ്കിലും തരത്തിലുള്ള അധിക ബാധ്യത ഉണ്ടാകുന്നില്ല എന്നതിനാൽ ധനകാര്യമെമ്മോറാണ്ടത്തിൽ മാറ്റങ്ങൾ ആവശ്യമില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചത്.

സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുന്നത് സംബന്ധിച്ച കാര്യങ്ങളിൽ സർക്കാർ നൽകുന്ന വിശദീകരണമാണ്, വ്യക്തതയാണ് ഏറ്റവും പ്രധാനമായിട്ടുള്ളതെന്നതുകൊണ്ട് സർക്കാർ നിലപാടിനോട് വിയോജിക്കേണ്ട സാഹചര്യമൊന്നുമില്ലെന്നതന്നെയാണ് ചെയർ

നിരീക്ഷിക്കുന്നത്. ഈ സാഹചര്യത്തിൽ ശ്രീ. എ. പി. അനിൽ കുമാർ ഉന്നയിച്ച തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

ഓർഡർ......ഓർഡർ.......

**നിയമനിർമ്മാണകാര്യം തുടർച്ച**

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-11-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ജീവനോപാധി ഇല്ലാതാക്കുന്നതായതുകൊണ്ട്, 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബില്ലിനെ ഞാൻ എതിർക്കുന്നു. 2017-ൽ തുറമുഖ വകുപ്പ്, കേരള മാരിടൈം സൊസൈറ്റി, കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ എന്നിവ സംയോജിപ്പിച്ചാണ് കേരള മാരിടൈം ബോർഡ് രൂപീകൃതമായത്. അന്ന് ആ ബോർഡ് രൂപീകൃതമായ സന്ദർഭത്തിൽ, കേരളത്തിലെ പതിനാല് പോർട്ടുകളിലും നമ്മുടെ തീരദേശ മേഖലയിലും വലിയ വികസനമുണ്ടാകുമെന്ന പ്രഖ്യാപനമായിരുന്നു ആ ബില്ലിന്റെ അവതരണ വേളയിൽ അന്നത്തെ ബഹുമാന്യരായ മന്ത്രിമാരെല്ലാം പറഞ്ഞുകൊണ്ടിരുന്നത്. പക്ഷെ, യാതൊരു വികസനവും ഈ മേഖലയിൽ ഇല്ലെന്ന് മാത്രമല്ല, ഓരോദിവസം കഴിയുന്തോറും മത്സ്യമേഖലയിലും തുറമുഖമേഖലയിലും തീരദേശ മേഖലയിലും വറുതി അനുഭവപ്പെട്ട് ജനങ്ങൾ വലിയ ദുരിതത്തിലൂടെ മുന്നോട്ടുപോകുന്ന ഒരു സാമൂഹ്യ സാഹചര്യമാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. പണ്ട് ഒരു മഹർഷിയുടെ അനേകം ശിഷ്യൻമാരിൽ ഒരാൾ വർഷങ്ങളായിട്ടും വിദ്യകളൊന്നും പഠിക്കാത്തതിൽ പ്രകോപിതനായി ഗുരുവിനെ വിട്ടുപോകുന്ന ഒരു സാഹചര്യമുണ്ടായി. പന്ത്രണ്ട് വർഷം കഴിഞ്ഞ്

തിരികെ അദ്ദേഹം ഗുരുവിനെ കാണാനായി വന്നപ്പോൾ, വിശേഷങ്ങൾ അന്വേഷിച്ചകൂട്ടത്തിൽ 'ഇത്രയുംകാലം എവിടെയായിരുന്നുവെന്ന്' ഗുരു തന്റെ പ്രിയശിഷ്യനോട് ചോദിച്ചു. അപ്പോൾ ശിഷ്യൻ ആവേശപൂർവ്വം മറുപടി പറഞ്ഞത്, 'കഴിഞ്ഞ പന്ത്രണ്ട് വർഷംകൊണ്ട് ഞാനൊരു വലിയ വിദ്യ പഠിച്ചു' എന്നാണ്. എന്ത് വിദ്യയാണ് പഠിച്ചതെന്ന് ഗുരു ചോദിച്ചപ്പോൾ ശിഷ്യൻ പറഞ്ഞത് 'വെള്ളത്തിലൂടെ നടന്ന് ആറ് കടക്കുന്ന വിദ്യ ഞാൻ പഠിച്ചു' എന്നാണ്. അപ്പോൾ ഗുരു പറഞ്ഞു, 'മഠയാ 25 പൈസ കൊടുത്താൽ കടത്തുകാരൻ മറുകരയിൽ എത്തിക്കും. നീ നിന്റെ പന്ത്രണ്ട് വർഷക്കാലം പാഴാക്കിയല്ലോ' എന്ന് പറഞ്ഞതുപോലെയാണ് കേരള മാരിടൈം ബോർഡ് നിയമം ഈ സംസ്ഥാനത്ത് നടപ്പിലാക്കിയത് എന്നതാണ് യാഥാർത്ഥ്യം. നമ്മുടെ രാജ്യത്ത് ഇതുമായി ബന്ധപ്പെട്ട നിയമം നടപ്പാക്കിയപ്പോൾ ഈ മേഖലയിലെ ജനങ്ങൾക്ക് വലിയ പ്രതീക്ഷയായിരുന്നു. കേരളത്തിലെ പോർട്ടുകളുടെ വികസനത്തിലൂടെ ചരക്കുഗതാഗതവും അതിലൂടെ തൊഴിലവസരവും ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചത്. മുപ്പതിനായിരം പേർക്ക് തൊഴിലവസരം ലഭിക്കുമെന്നാണ് മാരിടൈം ബോർഡ് ബിൽ അവതരിപ്പിച്ചുകൊണ്ട് അന്നത്തെ മന്ത്രി നടത്തിയ പ്രസംഗങ്ങളെല്ലാം

വായിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത്. യഥാർത്ഥത്തിൽ ഈ മേഖലയിൽ ഒരു വികസനവും എത്തിക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. മാരിടൈം വികസന കൗൺസിൽ ശിപാർശ പ്രകാരമാണ് കേരളത്തിലെ ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനും നടത്തിപ്പിനും നിയന്ത്രണത്തിനും അനുബന്ധകാര്യങ്ങൾക്കുംവേണ്ടി കേരള മാരിടൈം ബോർഡ് ബിൽ കൊണ്ടുവന്നത്. 2017-ലെ മാരിടൈം ബോർഡ് ബില്ലിനെ സംബന്ധിച്ച് ഇപ്പോഴും സംസ്ഥാനത്തെ ജനങ്ങളിൽ ആശങ്ക നിലനിൽക്കുകയാണ്. പൊതുജനാഭിപ്രായം ഈ ബില്ലിനെതിരാണ്. തീരദേശമേഖലയിൽ പതിനായിരങ്ങൾക്ക് തൊഴിലവസരം സൃഷ്ടിക്കുമെന്ന് സർക്കാർ പറഞ്ഞത് കളവാണെന്നെന്നാണ് മത്സ്യത്തൊഴിലാളി മേഖലയിലെ ജനങ്ങൾ മനസ്സിലാക്കുന്നത്. 590 കിലോമീറ്റർ തീരമേഖലയുള്ള കേരളത്തിൽ സർക്കാർ തീരസംരക്ഷണം ലക്ഷ്യമിടുമ്പോൾ തൊഴിൽപോയിട്ട് തങ്ങളുടെ ജീവനോപാധിപോലും അപകടത്തിലാകുമെന്നാണ് മത്സ്യത്തൊഴിലാളി കുടുംബങ്ങൾ കരുതുന്നത്. അതിന് അവരെ തെറ്റ് പറയാൻ സാധിക്കില്ല. കേരളത്തിലെ 14 ചെറുകിട തുറമുഖങ്ങളും 30,000 കോടി രൂപ ചെലവഴിച്ച് വികസിപ്പിക്കുമെന്ന് പറഞ്ഞാണ് സംസ്ഥാന സർക്കാർ മാരിടൈം

ബോർഡ് രൂപീകരിച്ചത്. ലക്ഷക്കണക്കിന് തൊഴിലവസരം സൃഷ്ടിക്കുമെന്നാണ് അന്ന് സർക്കാർ പറഞ്ഞിരുന്നത്. 2017-നുശേഷം 2022-ൽ ഈ ബില്ലിൽ ഭേദഗതി വരുത്തുന്നതുവരെ എത്രപേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞെന്ന് ആത്മപരിശോധന നടത്തണം. എത്രപേർക്ക് ജീവനോപാധി നഷ്ടപ്പെട്ടും എന്നതുസംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും കണക്കുണ്ടോ? ഇക്കാര്യങ്ങൾ സർക്കാർ ജനങ്ങളോട് തുറന്നുപറയണം. സത്യം മറച്ചുവച്ച് മത്സ്യത്തൊഴിലാളി കുടുംബങ്ങളെ കബളിപ്പിച്ച്, ഇല്ലായ്മ ചെയ്യാനാണ് സർക്കാർ ശ്രമിക്കുന്നതെങ്കിൽ അതിന്റെ പ്രത്യാഘാതം ഭയാനകമായിരിക്കും. ഇതുവരെ നേരിട്ട പ്രശ്നങ്ങളുടെ പതിന്മടങ്ങ് പ്രഹരം സർക്കാരിന് നേരിടേണ്ടിവരും. തീരദേശ ജനത ചതി പൊറുക്കില്ലെന്ന് സർക്കാരിനെ ഓർമ്മപ്പെടുത്തുകയാണ്. മാരിടൈം ബോർഡിന് എത്ര പ്രാധാന്യം കൊടുക്കുന്നുവോ അത്രയോ അതിലധികമോ പ്രാധാന്യം തീരദേശവാസികളുടെ സംരക്ഷണത്തിന് നൽകിയില്ലെങ്കിൽ അതൊരു ദുരന്തമായി തീരുമെന്ന് ഓർമ്മപ്പെടുത്തുകയാണ്. ഇപ്പോൾ വിഴിഞ്ഞം തുറമുഖ നിർമ്മാണം തടസ്സപ്പെട്ട അതേ അവസ്ഥ വീണ്ടും സൃഷ്ടിക്കപ്പെടും. ഇന്ന് രാവിലെ അടിയന്തരപ്രമേയത്തിൽ ആ വിഷയങ്ങൾ ചർച്ച ചെയ്തതാണ്.

വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കിയ സന്ദർഭത്തിൽ, യു.ഡി.എഫ്. ഗവൺമെന്റ് പറഞ്ഞിരുന്ന 475 കോടി രൂപയുടെ പാക്കേജ് നടപ്പാക്കിയിരുന്നെങ്കിൽ ഇത്തരം സമരങ്ങളിലേയ്ക്ക് മത്സ്യത്തൊഴിലാളികൾ പോകേണ്ട സാഹചര്യമുണ്ടാകുമായിരുന്നില്ല. അന്ന് ഇക്കാര്യം വളരെ വ്യക്തമായി പറഞ്ഞിരുന്നു. ഇന്ന് രാവിലെയും അക്കാര്യം ചർച്ച ചെയ്തതാണ്. സ്ഥലം ഏറ്റെടുത്ത് വീട് നിർമ്മിക്കുന്നതിന് 350 കോടി രൂപയും ജീവനോപാധിക്ക് 59 കോടി രൂപയും സ്ത്രീ ശാക്തീകരണത്തിന് 39 കോടി രൂപയും വിദ്യാഭ്യാസ സഹായത്തിന് 24 കോടി രൂപയും വാർദ്ധക്യകാല പരിചരണത്തിന് 2.5 കോടി രൂപയും കപ്പാസിറ്റി ബിൽഡിംഗിന് 50 കോടി രൂപയും അങ്ങനെ ഏകദേശം 475 കോടി രൂപയുടെ പാക്കേജാണ് അന്ന് വിഴിഞ്ഞം പോർട്ട് നിർമ്മിക്കാൻ ആരംഭിച്ചപ്പോൾ അന്നത്തെ ഗവൺമെന്റ് തീരുമാനിച്ചിരുന്നത്. അക്കാര്യങ്ങളൊന്നും ആ പാവങ്ങൾക്ക് ചെയ്തുകൊടുക്കാൻ കഴിയാത്തതുകൊണ്ടാണ് 2016 വരെ 300 കുടുംബങ്ങൾ കടലെടുത്തുപോകുന്ന സാഹചര്യമുണ്ടായത്. മൂവായിരത്തോളം കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ട സാഹചര്യത്തിലേയ്ക്ക് നമ്മുടെ സംസ്ഥാനം എത്തിനിൽക്കുന്നു. വൻകിട പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുമ്പോൾ,

തീരദേശമേഖലയുടെ പ്രശ്നങ്ങളെ സംബന്ധിച്ച കാഴ്ചപ്പാടും അവർക്കൊരു സാന്ത്വനവും കൊടുക്കാൻ കഴിയുന്ന രീതിയിൽ മാറണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മാരിടൈം ബോർഡ് രൂപീകരണത്തിന് കേന്ദ്രസർക്കാരിന്റെ സാഗർമാലാ പദ്ധതിപ്രകാരം സംസ്ഥാനത്തിന് നീക്കിവച്ചിട്ടുള്ള 75,000 കോടി രൂപയുടെ വിഹിതം കൈക്കലാക്കാൻ വേണ്ടിയാണ് കേരള മാരിടൈം സൊസൈറ്റി, കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ രൂപീകരിച്ചതെന്ന് ആരെങ്കിലും ആരോപിച്ചാൽ അതിനെ തെറ്റുപറയാൻ കഴിയില്ല. സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര ഫണ്ട് നേടിയെടുക്കേണ്ടത് അത്യാവശ്യമാണ്, അത് നമ്മുടെ അവകാശവുമാണ്. പക്ഷേ അതിന്റെ സദുദ്ദേശ്യം ജനങ്ങളെക്കൂടി ബോധ്യപ്പെടുത്തണം. സംസ്ഥാന തീരദേശ സുരക്ഷ ഉൾപ്പെടെ എല്ലാ തുറമുഖ പ്രവർത്തനങ്ങളും ഒരു ഏജൻസിയുടെകീഴിൽ ഏകോപിപ്പിക്കുക എന്നതാണ് ഈ ബില്ലുകൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. പക്ഷേ അത് വെറും പ്രഹസനമായി, വെള്ളാനകളായ കുറേപേർക്ക് പാർക്കാനുള്ള ഒരു സ്ഥാപനമാക്കി ഇതിനെ മാറ്റരുത് എന്നൊരു അപേക്ഷയാണ് എനിക്കുള്ളത്. മാരിടൈം ബോർഡിലും

കൺസൾട്ടേറ്റീവ് കമ്മിറ്റിയിലും തീരദേശ ഉപദേശക സമിതിയിലും വിവിധതലങ്ങളിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടില്ല. അത് ഉദ്യോഗസ്ഥ ദുർഭരണത്തിലേയ്ക്ക് ബോർഡിനെ നയിക്കുമെന്ന ആശങ്ക പൊതുസമൂഹത്തിനുണ്ടെന്ന കാര്യം സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാൻ അവരുടെ പ്രതിനിധിയെ ഇതിൽ ഉൾപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. തൊഴിലാളികൾക്കുവേണ്ടി നിലകൊള്ളുന്ന ഒരു ഗവൺമെന്റെന്ന നിലയിൽ, ഈ ബോർഡിൽ തൊഴിലാളി പ്രതിനിധികളില്ലാത്തത് വലിയ ആശങ്കയുളവാക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. ബോർഡിലും അവരുടെ പ്രതിനിധികളെ ഉറപ്പുവരുത്തേണ്ടതാണ്. അതുപോലെ തുറമുഖ പരിധികളിൽ സ്വകാര്യ ഡോക്, ബർത്ത്, സ്റ്റേജ്, ജെട്ടി, വാർഫ്, കടൽപ്പാലം എന്നിവയുടെ നിർമ്മാണം വ്യവസ്ഥ ചെയ്തത് അത്യന്തം അപകടമാണ്. ഇതുകാരണം ജനങ്ങൾക്കോ സർക്കാരിനോ ഈ വക കാര്യങ്ങളിൽ യാതൊരുവിധ പങ്കാളിത്തവും നിയന്ത്രണവുമില്ലാതെ ബോർഡ് മറ്റൊരു ജനവിരുദ്ധപ്രസ്ഥാനമായി മാറാനുള്ള സാധ്യതയേറെയാണ്. സ്വകാര്യവ്യക്തികൾക്കുവേണ്ടി പ്രവൃത്തികൾ ഏറ്റെടുക്കുന്ന സ്വകാര്യ

മുതലാളിമാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന ഒരു പ്രസ്ഥാനമായി വളരെ വേഗത്തിൽ ബോർഡ് മാറും. ഇത് അപകടകരമാണ്. മാരിടൈം ബോർഡിന്റെ ഉദ്ദേശ്യശുദ്ധി സംരക്ഷിച്ച്, അതിന്റെ മുഴുവൻ നിയന്ത്രണവും ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാക്കാതെ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. 2017 സെപ്തംബർ മാസത്തിൽ നിയമസഭ പാസ്സാക്കിയ മാരിടൈം ബോർഡ് ആക്ടിൽ അവിടത്തെ ജീവനക്കാരുടെ സേവന-വേതന-വ്യവസ്ഥകളെ സംബന്ധിച്ച് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പരാതി നൽകുകയും ആ പരാതിയെത്തുടർന്ന് സർക്കാർ ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച നടത്തിയതിന്റെ ഫലമായി വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് ഓർഡിനൻസ് നിലവിൽ വന്നു. ആ ഓർഡിനൻസ് നിയമമാക്കുന്നതിനായി സഭയിൽ അവതരിപ്പിച്ച ബില്ലിൽ താഴെപ്പറയുന്ന ഭേദഗതികൾകൂടി ഞാൻ അവതരിപ്പിക്കുന്നു.

17(1)-ൽ "ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും നിശ്ചയിക്കപ്പെട്ട ദിവസവും അന്നുവരെയും തുറമുഖ ഡയറക്ടറേറ്റിലും തുറമുഖകാര്യാലയങ്ങളിലും ജോലിനോക്കിയിരുന്ന ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും അതുപോലെ സർക്കാർ ജീവനക്കാരായി തുടരുന്നതും

അവർക്ക് ബോർഡ് രൂപീകരിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ ലഭ്യമാകുമായിരുന്ന എല്ലാവിധ അവകാശങ്ങളും അവരുടെ സ്വപ്പറാന്വേഷണോടുകൂടി, അപ്രകാരമുള്ള തസ്തികകൾ അവസാനിക്കുന്നവിധത്തിൽ തുടരാവുന്നതാണ്" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2019-ൽ നിയമനം കിട്ടിയവരെ മാത്രമേ ഈ ആക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ബോർഡിന്റെ റൂൾസ് ആൻഡ് റെഗുലേഷൻ പ്രകാരം നിയമനം ലഭിക്കാത്ത മുഴുവൻ ജീവനക്കാരും അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥികളും മുമ്പ് റിപ്പോർട്ട് ചെയ്യുകയും നിലവിൽ നിയമനം കാത്തിരിക്കുന്നവരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കണമെന്ന പുതിയ നിർദ്ദേശംകൂടി അതോടൊപ്പം കൂട്ടിച്ചേർക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

അതുപോലെ '....സർക്കാർ ജീവനക്കാരുടെ മേൽനോട്ടവും അവർക്ക് മേലുള്ള അച്ചടക്കനടപടികൾക്കുള്ള അധികാരവും ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതാണ്' എന്നാണ് ബില്ലിൽ പറഞ്ഞിട്ടുള്ളത്. അത് മാറ്റി സർക്കാരിൽ നിക്ഷിപ്തമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അവർ സർക്കാർ ജീവനക്കാരായതുകൊണ്ട് 'ബോർഡിൽ' എന്നതുമാറ്റി

'സർക്കാരിൽ' എന്നാക്കി മാറ്റണമെന്ന നിർദ്ദേശം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരം 'സർക്കാർ ജീവനക്കാരായി തുടരുന്ന ജീവനക്കാർ വിരമിക്കുന്നതോടുകൂടി പ്രസ്തുത തസ്തികകൾ ബോർഡിലെ തസ്തികകളായി മാറുന്നതും അപ്രകാരമുള്ള തസ്തികകളിൽ ബോർഡിന്റെ റഗുലേഷനുകൾ പ്രകാരമുള്ള നിയമനങ്ങൾ നടത്തേണ്ടതുമാണ്' എന്നതിനുപകരമായി തുറമുഖ വകുപ്പിലെ ഉപവകുപ്പുപ്രകാരം 'സർക്കാർ ജീവനക്കാരായി തുടരുന്നവർ വിരമിക്കുന്നതോടുകൂടി എൻടി തസ്തികകൾ ബോർഡിന്റെ തസ്തികയായി മാറ്റും എന്ന് മാറ്റം വരുത്തേണ്ടതാണ്. കൂടാതെ ധനകാര്യമെമ്മോറാണ്ടത്തിൽ തുറമുഖ വകുപ്പിലെ ജീവനക്കാരുടെ ശമ്പളം സർക്കാർ സഞ്ചിതനിധിയിൽനിന്നും നൽകേണ്ടതാണെന്ന് പറയുന്നു. നിലവിലെ ഇരുനൂറ്റിയമ്പതോളം ജീവനക്കാർ വിരമിക്കുന്നതുവരെ മാരിടൈം ബോർഡിന്റെ സി.ഇ.ഒ.-യ്ക്ക് തുറമുഖ വകുപ്പ് ഡയറക്ടറുടെ ഭരണവും നിയമപരവും സാമ്പത്തികവുമായ എല്ലാ അധികാരങ്ങളും നൽകേണ്ടതുമാണെന്നുകൂടി ചേർക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. തുറമുഖ വകുപ്പിലും മറ്റ് അനുബന്ധ മേഖലകളിലും നേരത്തെ പ്രവർത്തിച്ചിരുന്ന

ജീവനക്കാരുടെ സേവന-വേതന-വ്യവസ്ഥകൾ സുദൃഢമാക്കുക എന്ന ഉദ്ദേശ്യത്തോടെ അവതരിപ്പിച്ചിട്ടുള്ള ഈ ബിൽ, യാഥാർത്ഥത്തിൽ ഈ മേഖലയിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ ഉതകുന്നതല്ലെന്നുള്ളതുകൊണ്ട് ഈ ബില്ലിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. എം. നൗഷാദ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. വി. സുമേഷ്): സർ, 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിൽ വൻകിട തുറമുഖമായ കൊച്ചി ഇന്റർനാഷണൽ പോർട്ടും പതിനേഴ് മൈനർ പോർട്ടുകളും ഉൾപ്പെടെ പതിനെട്ട് തുറമുഖങ്ങളാണുള്ളത്. 2017-ൽ, അന്നത്തെ ഒന്നാം പിണറായി സർക്കാരിൽ തുറമുഖ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്ന് മാരിടൈം ബോർഡ് രൂപീകരിച്ചതിന്റെ ഉദ്ദേശ്യം, കേരളത്തിലെ 590 കിലോമീറ്ററുള്ള തീരദേശ മേഖലയിലെ മൈനർ പോർട്ടുകളുടെ ഡെവലപ്മെന്റിനുവേണ്ടിയായിരുന്നു. നമ്മൾ പ്രധാനമായും കാണേണ്ട ഒരു കാര്യം ഇന്ത്യയിലാകെ ഒട്ടേറെ സംസ്ഥാനങ്ങളിൽ വൻകിട

നഗരങ്ങളെല്ലാം രൂപപ്പെട്ടത് തുറമുഖവുമായി ബന്ധപ്പെട്ടാണ്. കൊച്ചിയുടെ അനുഭവം നമുക്കറിയാം. 'കൊച്ചി' കൊച്ചിയായി മാറിയത് തുറമുഖത്തിന്റെ വരവോടുകൂടിയാണ്. ഇന്ത്യയിൽ ഏറ്റവും വരുമാനമുള്ള പോർട്ടാണ് പശ്ചിമ ബംഗാളിലെ കൊൽക്കത്ത. ചെന്നൈ, കേരളത്തിന്റെ തൊട്ടടുത്തുള്ള തൂത്തുക്കുടി, ഗുജറാത്തിലെ കണ്ട്‌ല, കർണാടകയിലെ മാംഗ്ലൂർ, മഹാരാഷ്ട്രയിലെ ബോംബെ, ഒഡീഷയിലെ പാരദ്വീപ് ഇവയെല്ലാം മൈനർ പോർട്ടായിരുന്നത് വലിയ നഗര കേന്ദ്രങ്ങളായി മാറി. വിശാഖപട്ടണം ഉൾപ്പെടെയുള്ള പ്രദേശങ്ങൾ നമുക്കറിയാം. കേരളത്തിന്റെ ഭാവിയിൽ വലിയ മാറ്റമുണ്ടാക്കാൻ കഴിയുന്ന ഒന്നായിട്ടാണ് മാരിടൈം ബോർഡിന്റെ രൂപീകരണത്തെ ഗവൺമെന്റ് കാണുന്നത്. യഥാർത്ഥത്തിൽ ആ ഭേദഗതി പരാജയമായിരുന്നെന്ന് ശ്രീ. ടി. ജെ. വിനോദ് പറഞ്ഞു. അങ്ങനെ പറയുന്നത് ശരിയല്ല, കാരണം വലിയ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഗവൺമെന്റ് കഴിഞ്ഞ ഒരു വർഷക്കാലം ചരക്ക് ഗതാഗതത്തിൽ 'ചൗഗ്ലെ 8' എന്നുപറയുന്ന ചരക്കുകപ്പൽ അഴീക്കൽ പോർട്ട് ഉൾപ്പെടെ കൊല്ലം, കൊച്ചി, ബേപ്പൂർ എന്നിവിടങ്ങളിൽ സർവ്വീസ് നടത്തുകയുണ്ടായി. 2800-ഓളം കണ്ടെയ്നർ റോഡുകളിൽനിന്നും മാറുന്ന ഒരു സാഹചര്യമുണ്ടായി. ഇതൊരു

വലിയ വികസന സാധ്യതയാണ്. ഈ സാധ്യതയ്ക്ക് സഹായകരമാകുന്ന പന്ത്രണ്ട് ഭേദഗതികളാണ് 2022-ലെ മാരിടൈം ബോർഡ് (ഭേദഗതി) ബില്ലിന്റെ ഭാഗമായി ഇപ്പോൾ ഇവിടെ അവതരിപ്പിക്കുന്നത്. പ്രധാനമായും അതിന്റെ ഹെഡ് ക്വാർട്ടേഴ്സ് കൊച്ചിയിൽനിന്ന് തിരുവനന്തപുരത്തേയ്ക്ക് മാറുന്നു എന്നുള്ളതാണ്. തുറമുഖ ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നത് തിരുവനന്തപുരത്താണ്. പോർട്ടുമായി ബന്ധപ്പെട്ട പല വിഷയങ്ങളിലും ഇടപെടാൻ സൗകര്യപ്രദമാകുന്നത് തിരുവനന്തപുരത്ത് വരുന്നത് തന്നെയാണെന്നാണ് നമ്മുടെയെല്ലാം വ്യക്തിപരമായ അനുഭവം. കൊച്ചിയിൽ അതിന്റെ റീജിയണൽ ഓഫീസ് നിലനിർത്തുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം അതിന്റെ കാലാവധി അഞ്ചുവർഷത്തിൽനിന്ന് മൂന്നുവർഷമായി ചുരുക്കുന്നതാണ് മറ്റൊരു പ്രധാനപ്പെട്ട ഭേദഗതിയായി പരാമർശിച്ചിരിക്കുന്നത്. മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വേഗതയിലാക്കാൻ സഹായകരമാകുന്ന രീതിയിലാണ് അങ്ങനെയൊരു കാര്യം ചെയ്തിരിക്കുന്നത്. പന്ത്രണ്ട് ഭേദഗതിയിലും വളരെ പ്രധാനപ്പെട്ട, ഭരണപരമായ സൗകര്യത്തിന് വേണ്ടിയുള്ള നിർദ്ദേശങ്ങളാണ് വന്നിട്ടുള്ളത്. മാരിടൈം ബോർഡിന്റെ അമെൻഡ്മെന്റുമായി ബന്ധപ്പെട്ട് പറയുമ്പോൾ,

ഞാൻ ആദ്യം പറഞ്ഞതുപോലെ, വികസന സാധ്യതയെ നാം മുൻകൂട്ടി കാണണം. ഗുജറാത്ത് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞത് മൈനർ പോർട്ടുകളുടെ ഡെവലപ്മെന്റുമായി ബന്ധപ്പെട്ടാണ്. എന്റെയൊരു വ്യക്തിപരമായ അനുഭവം, 1800-ാമാണ്ട് അവസാനത്തോടെ അഴീക്കൽ പോർട്ടിൽ ചരക്ക് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. അവിടെയുള്ള പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലും പള്ളികളിലുമെല്ലാം അറേബ്യയിൽനിന്നും ഉരുവഴി ഒട്ടേറെ സാധനങ്ങൾ കൊണ്ടുവന്നതായിട്ടുള്ള രേഖകളുണ്ട്. വെസ്റ്റേൺ ഇന്ത്യ അവിടത്തെ വളരെ പ്രധാനപ്പെട്ട സ്ഥാപനമാണ്. ഖാദറുകുട്ടി സാഹിബ് അവരുടെ ഹിസ്റ്ററി പരിശോധിച്ച് നോക്കിയപ്പോൾ 1936-ൽ വെസ്റ്റേൺ ഇന്ത്യയിലേക്ക് ഉരുവഴി ചരക്ക് കൊണ്ടുവന്ന രേഖകൾ നമുക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ, ഇതെല്ലാം കഴിഞ്ഞിട്ടും നമുക്ക് അതിനെ വലിയ ഡെവലപ്മെന്റിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ കപ്പലൊക്കെ വരുന്ന നിലയിലേക്ക് കാര്യങ്ങൾ മാറി എന്നതിനപ്പുറത്തേയ്ക്ക് പോകാൻ നമുക്ക് കഴിയുന്നില്ലെന്നതുകൊണ്ട് പ്രൊഫഷണലിസം വളരെ അനിവാര്യമാണ്. തുറമുഖങ്ങളുടെ, വിശേഷിച്ചും മൈനർ പോർട്ടുകളുടെ ഡെവലപ്മെന്റിന് ഒരു പ്രൊഫഷണൽ മാനേജ്മെന്റ്

എന്നത് വളരെ അനിവാര്യമായ കാര്യമാണ്. കേരളത്തിന്റെ ഭാവി പ്രധാനമായും അതിനെ ആശ്രയിച്ചാണ് നിൽക്കുന്നത്. രാവിലെ വിഴിഞ്ഞം തുറമുഖത്തെ സംബന്ധിച്ച് ഇവിടെ അടിയന്തരപ്രമേയമുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തുറമുഖ വകുപ്പുമന്ത്രിയും ഫിഷറീസ് വകുപ്പുമന്ത്രിയുമെല്ലാം അതുമായി ബന്ധപ്പെട്ട് അഭിപ്രായങ്ങൾ ഇവിടെ പറയുകയും ചെയ്തു. സമരത്തെ കേട്ട് അത് പരിഹരിക്കാൻ ആവശ്യമായ ന്യായമായ നിലപാട് സ്വീകരിക്കുമെന്നുതന്നെയാണ് ഇവിടെ പറഞ്ഞത്. പക്ഷേ ഞാനൊരു അഭിപ്രായം പറയുകയാണ്. വിഴിഞ്ഞം തുറമുഖം എന്നത് പൂർത്തിയാക്കാൻ കഴിഞ്ഞാൽ ഇന്ത്യയിലെ നമ്പർ വൺ തുറമുഖ കേന്ദ്രമായി കേരളം മാറും. കൊല്ലം എന്നത് അതിന്റെയൊരു ഫീഡർ കേന്ദ്രമായി മാറി ഒട്ടേറെ ചരക്ക് സർവ്വീസ് നമുക്ക് ആരംഭിക്കാൻ കഴിയും. കൊല്ലം നീണ്ടകരയിൽ വലിയ മാറ്റമുണ്ടാകും. അത് കൊല്ലത്തിന്റെ വികസനം മാത്രമായിരിക്കില്ല, തൊട്ടപ്പുറത്ത് ആലപ്പുഴയിലും പൊന്നാനിയിലും മൈനർ പോർട്ടുകളുണ്ട്. കൊച്ചി തുറമുഖം നമ്മുടെ പ്രധാനപ്പെട്ട കേന്ദ്രമാണ്. വിഴിഞ്ഞം വന്നാൽ കൊച്ചിക്ക് എന്തോ അപകടം സംഭവിക്കും എന്നെല്ലാമുള്ള വാദങ്ങൾ ചിലർ ഉന്നയിക്കുന്നുണ്ട്. ആ വാദത്തിന്

പ്രസക്തിയില്ല. ഓരോ പോർട്ടിനും അതിന്റെതായ വലിയ സാധ്യതകളുണ്ട്. വിഴിഞ്ഞം വളരെ പ്രധാനപ്പെട്ട കേന്ദ്രമായി മാറിയാൽ അത് കൊച്ചിയെ കൂടുതൽ ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത്. പൊന്നാനി തുറമുഖവുമായി ബന്ധപ്പെട്ട് ദീർഘകാലമായി ഉയർന്നുവരുന്ന ആവശ്യമാണ്, ഏത് കാലാവസ്ഥയിലും ചരക്ക് കപ്പലുകൾക്ക് വരാൻ കഴിയുന്ന കേന്ദ്രമായി പൊന്നാനിയെ മാറ്റുകയെന്നത്. അതിനുവേണ്ടിയുള്ള പഠനവും പ്രവർത്തനങ്ങളും അവിടെ നടക്കുന്നുണ്ട്. ബേപ്പൂർ തുറമുഖം മലബാറിന്റെ വളരെ പ്രധാനപ്പെട്ട കേന്ദ്രമാണ്. കൂടാതെ അഴീക്കൽ പോർട്ടുണ്ട്, കാസർഗോഡ്-മഞ്ചേശ്വരം പോയിന്റുമുണ്ട്. മൈനർ പോർട്ടുകളുടെ വികസനത്തിൽ പ്രൊഫഷണൽ മെക്കാനിസത്തോടെ ഇടപെട്ടാൽ അത് വലിയ ചരക്ക് ഗതാഗത സർവ്വീസിന് വഴിയൊരുക്കും. വിഴിഞ്ഞം പോർട്ട് പ്രശ്നങ്ങൾ പരിഹരിച്ച് പൂർത്തീകരിക്കാൻ കഴിഞ്ഞാൽ വരുന്ന ചരക്കിന്റെ ഫീഡർ പോയിന്റായി കൊല്ലം മാറുകയും ഇതിനെയെല്ലാം കണക്ക് ചെയ്തുകൊണ്ട് സർവ്വീസ് നടത്തുകയും ചെയ്താൽ വലിയ മാറ്റമുണ്ടാക്കാൻ നമുക്ക് കഴിയും. ആ നിലയിൽ മാരിടൈം ബോർഡിന് പ്രവർത്തിക്കാൻ സഹായകരമായ ഒരന്തരീക്ഷം ഉണ്ടാക്കുകയെന്നുള്ളതാണ് ഈ ഭേദഗതിയുടെ

ഉദ്ദേശ്യമെന്നതാണ് ഞാൻ മനസ്സിലാക്കുന്നത്. ശ്രീ. ടി. ജെ. വിനോദ് പറഞ്ഞതുപോലെ, ഇക്കാര്യങ്ങളിൽ പ്രായോഗികമായി ഒരുപാട് പ്രശ്നങ്ങൾ എം.എൽ.എ.-മാർ എന്ന നിലയിൽ നമുക്കുണ്ട്. മൂന്ന് സെക്രട്ടറിമാർ പങ്കെടുക്കുന്നതാണ് അവരുടെ ബോർഡ് മീറ്റിംഗ്. പക്ഷേ ബോർഡ് മീറ്റിംഗ് ചേർന്നാലും അത് അംഗീകാരത്തിനുവേണ്ടി വീണ്ടും അയയ്ക്കണമെന്ന പ്രോസസ്സുണ്ട്. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആ പ്രോസസ്സിനെ നമ്മൾ ലഘൂകരിച്ചേ മതിയാകൂ.....

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വിഴിഞ്ഞത്ത് ആരംഭിച്ച ക്രൂ ചേഞ്ചിംഗിലൂടെ ലക്ഷക്കണക്കിന് രൂപയുടെ വരുമാനമാണ് നമ്മുടെ ഡിപ്പാർട്ട്മെന്റിന് കിട്ടിക്കൊണ്ടിരുന്നത്. പക്ഷേ ഇപ്പോൾ ആ ക്രൂ ചേഞ്ചിംഗ് നിർത്തി വച്ചിരിക്കുകയാണ്. അത് പുനരാരംഭിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നുള്ള അഭിപ്രായം താങ്കൾക്കുണ്ടോ?

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, മെമ്പർ ഇവിടെ സൂചിപ്പിച്ച മാരിടൈം ബോർഡിന്റെ പല പ്രവർത്തനങ്ങൾക്കും വേഗതയില്ലെന്ന അഭിപ്രായത്തോട്

ഞാൻ യോജിക്കുകയാണ്. പല കാര്യങ്ങളുമായി ബന്ധപ്പെട്ട് മാരിടൈം ബോർഡിനെ സമീപിക്കുമ്പോൾ ഒന്നും ചെയ്യാൻ സാധിക്കാതെ അനന്തമായി നീണ്ടുപോകുകയാണ്. അത് പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ എന്തെങ്കിലുമുണ്ടോ?

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ അതുതന്നെയാണ് പറഞ്ഞു വരുന്നത്. ബഹുമാനപ്പെട്ട അംഗം എം. വിൻസെന്റ് പറഞ്ഞതുപോലെ, ക്രൂ ചേഞ്ചിംഗ് വിഴിഞ്ഞം ഡെവലപ്മെന്റിന് വളരെ അനിവാര്യമായ കാര്യമാണ്. ഇപ്പോൾ അവിടെ വന്നിരിക്കുന്ന ഇഷ്യൂ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുണ്ടാകും. തുറമുഖ വകുപ്പുമന്ത്രിയാണ് ആ കാര്യങ്ങൾ കൃത്യമായി പറയേണ്ടത്. ക്രൂ ചേഞ്ചിംഗ് സംവിധാനങ്ങൾ ഉൾപ്പെടെ വരികയും അവിടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും ചെയ്താൽ, വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ സാമ്പത്തിക രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കുമെന്നാണ് ഈ മേഖലയിലെ വിദഗ്ദ്ധർ പറയുന്നത്. അത് പ്രധാനപ്പെട്ട പോയിന്റായി വേണം നമ്മൾ കാണേണ്ടത്. നേരത്തെ ശ്രീ. എ. എൻ. ഷംസീർ ചൂണ്ടിക്കാണിച്ചതും ഇതിന്റെ പ്രാക്ടിക്കൽ സൈഡിലേയ്ക്ക് വരുമ്പോഴുള്ള പ്രശ്നമാണ്. എന്തായാലും മാറ്റമുണ്ടാക്കിയേ പറ്റൂ. മാരിടൈം

ബോർഡ് എന്നത് ഒരു ബോർഡായി വന്നുകഴിഞ്ഞു. തുറമുഖ വകുപ്പിലെ ഉദ്യോഗസ്ഥരുടെ പ്രശ്നങ്ങളുണ്ട്. ഒരു ബോർഡിന് കീഴിലേയ്ക്ക് ഉദ്യോഗസ്ഥർ പി.എസ്.സി. നിയമനം തേടി വരുമ്പോൾ അവർ അവരുടേതായ സ്വാഭാവികമായ ആശങ്കകളും കാര്യങ്ങളും പറയുകയും ചെയ്യും. ആ പറയുന്ന കാര്യങ്ങൾ പരിഹരിക്കാൻ ആവശ്യമായ ഭേദഗതി ഇപ്പോൾ ഇതിലുണ്ട്. സർക്കാർ ജീവനക്കാരായിത്തന്നെ ബോർഡ് നിയന്ത്രണത്തിൽ അവർ പ്രവർത്തിക്കുക എന്നൊരു ഭേദഗതി സ്വാഭാവികമായി വരികയും ചെയ്യുന്നുണ്ട്. കൂടുതൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ചർച്ച ചെയ്യാവുന്നതാണ്. മാരിടൈം ബോർഡിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി പ്രൊഫഷണൽ മെക്കാനിസം വേണ്ടത് വളരെ അനിവാര്യമാണ്. ഇനി നമ്മൾ പുറകോട്ട് പോകാൻ പാടില്ല. മലബാർ മേഖലയിൽ ബേപ്പൂർ കഴിഞ്ഞാൽ, തലശ്ശേരി ബ്രിട്ടീഷുകാരുള്ള കാലംമുതൽ വളരെ പ്രധാനപ്പെട്ട മൈനർ പോർട്ടായി നിൽക്കുന്നതാണ്. കാസർഗോഡ് മേഖലയിൽ മഞ്ചേശ്വരം ഉണ്ട്. ഇതിന്റെ പ്രധാനപ്പെട്ട പ്രശ്നം എന്താണെന്ന് ചോദിച്ചാൽ...... ഇന്ത്യയിൽ ഏറ്റവും കൂടുതൽ കോഫി കയറ്റുമതി ചെയ്യുന്ന സ്ഥലമാണ് കുടക്. അത് മുഴുവൻ മംഗലാപുരം വഴിയാണ് പോകുന്നത്.

റോഡ് കണക്ടിവിറ്റി ശരിയായി വന്ന സ്ഥിതിക്ക് കുടകിലെ മുഴുവൻ കോഫിയും അഴീക്കൽ പോർട്ടിലേയ്ക്ക് നമുക്ക് കൊണ്ടുവരാൻ കഴിയും. അതല്ല ബേപ്പൂരിലേയ്ക്കാണ് പോകേണ്ടതെങ്കിൽ പകുതി ബേപ്പൂരിലേയ്ക്ക് കൊണ്ടുപോകാം. ഏത് പോർട്ട് എന്നുള്ളതല്ല, ഞാൻ അഴീക്കോട് മണ്ഡലം എം.എൽ.എ. ആയതുകൊണ്ട് അഴീക്കോട് പോർട്ട് മാത്രം എന്നനിലയിലല്ല ചർച്ചയുടെ ഭാഗമായി ഞാൻ പറയുന്നത്. ഏത് പോർട്ടോ ആകട്ടെ. കുടകുമായി ബന്ധപ്പെടുമ്പോൾ അവർ പറയുന്നത്, അവർക്ക് അടുത്തുള്ള സ്ഥലമെന്ന് പറയുമ്പോൾ മലബാർ ആണ്. നമുക്ക് ആ കോഫി ശേഖരിക്കാം. അങ്ങനെ ശേഖരിച്ചാൽ വലിയ കണ്ടെയ്നർ നമുക്ക് ലഭ്യമാകും. ഇപ്പോൾ തന്നെ വെസ്റ്റേൺ ഇന്ത്യ *കോട്ടൺസ് ലിമിറ്റഡ്, മലബാർ ടൈൽസ് ആന്റ് സാനിട്ടേഷൻസ്* ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ മാസംതോറും ഇരുനൂറ്റിയമ്പതോളം കണ്ടെയ്നറുകൾ വരുന്നുണ്ട്. കപ്പലുകാർ പറയുന്നത് അവർക്ക് 25 കണ്ടെയ്നറുകൾ കിട്ടിയാൽ ലാഭകരമാണെന്നാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ഈ ചർച്ചയിൽ പറയുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു നിർദ്ദേശം എന്താണെന്നുവച്ചാൽ മാരിടൈം ബോർഡ് ഒരു കപ്പൽ നിർമ്മിക്കുകയോ വാടകയ്ക്കെടുക്കുകയോ ചെയ്യണം എന്നാണ്.

അല്ലാതെ ഈ വിഷയത്തിന് പരിഹാരമില്ല. അതിന് സന്നദ്ധമാണോ എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. 18-20 കോടി രൂപയ്ക്ക് കപ്പൽ ലഭ്യമാകുമെന്നാണ് വിദഗ്ദ്ധർ പറയുന്നത്. അതിനെക്കുറിച്ച് എനിക്കറിയില്ല. നമുക്ക് വരുമാനമുണ്ട്. മണലിന്റെ വരുമാനം നമുക്കുണ്ട്. മാരിടൈം ബോർഡ് വളരെ ഗൗരവമായി ചർച്ച ചെയ്ത്, സർക്കാർ ഈ വിഷയത്തെ സീരിയസായി കണ്ട് മാരിടൈം ബോർഡ് സ്വന്തമായി ഒരു ചരക്കുകപ്പൽ......, വിഴിഞ്ഞം തുറമുഖം വരുന്നതോടുകൂടി കൊല്ലം ഫീഡർ പോയിന്റ്, കൊല്ലം, കൊച്ചി, മൈനർ പോർട്ടുകൾ, ബേപ്പൂർ, അഴീക്കോട് ഉൾപ്പെടെയുള്ള പോർട്ടുകളെ കണക്ക് ചെയ്തുകൊണ്ടുള്ള ഗതാഗത സർവ്വീസിന് നമ്മൾ അടിയന്തരമായി ഒരു തീരുമാനമെടുക്കണം. അങ്ങനെയൊരു തീരുമാനമെടുത്താൽ വലിയ മാറ്റമാണ്. കാരണം Stability വളരെ പ്രധാനമെന്നത് വ്യാപാരികളെല്ലാം പറയുന്നൊരു കാര്യമാണ്. അവർക്ക് speculation വച്ച് ചരക്കിന് കാത്തുനിൽക്കാൻ പറ്റില്ല. Chowgule 8 എന്നുപറഞ്ഞ് ഈ ഗവൺമെന്റ് വന്നതിനുശേഷം ചരക്ക് സർവ്വീസ് നടന്നു. അവർക്ക് ഇൻസെന്റീവ് കൊടുത്താണ് ഗവൺമെന്റ് അത് ചെയ്തത്. വളരെ അഭിനന്ദനമർഹിക്കുന്നതാണത്.

ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിയെല്ലാം അക്കാര്യത്തിൽ വലിയ ഇടപെടലാണ് നടത്തിയത്. പക്ഷേ അവർക്ക് കൂടുതൽ ലാഭമുണ്ടായപ്പോൾ അവർ മറ്റൊരു പോയിന്റിലേക്ക് പോയി. നമുക്കതൊഴിവാക്കാൻ കഴിയും. Stability നൽകണം. ചരക്കുഗതാഗതം നടക്കും. അത് ഇന്ന മാസം, ഇന്ന തീയതി കൃത്യമായി കപ്പൽ വരുമെന്ന stability ഉണ്ടായാൽ ചരക്ക് തരാൻ സന്നദ്ധരാണെന്നാണ് ഈ മേഖലയിലെ വ്യാപാരികളെല്ലാം പറയുന്നത്. ഇത് കേരളത്തിൽ വലിയൊരു മാറ്റമുണ്ടാക്കുകയും ചെയ്യും. യഥാർത്ഥ പ്രശ്നമിതാണ്. അഴീക്കോടും ബേപ്പൂരും കൊല്ലം നീണ്ടകരയിലുമുള്ളത് ഇന്റർമീഡിയറ്റ് പോർട്ടുകളാണ്. വിഴിഞ്ഞം ഇന്റർനാഷണൽ പോർട്ടിലേക്ക് പോകുകയും ചെയ്യു. സ്വാഭാവികമായും ഇന്റർമീഡിയറ്റ് പോർട്ടുകൾ - ചരക്കുകപ്പൽ വരുന്നതും പോകുന്നതുമായ പോർട്ടുകളുടെയും അതിനോടനുബന്ധിച്ച് 8 മൈനർ പോർട്ടുകളുടെയും വികസനത്തിൽ നമുക്ക് വലിയ മാറ്റമുണ്ടാക്കിയെടുക്കാൻ കഴിയുമെന്ന ആത്മവിശ്വാസമാണ് ഈ മേഖലയിൽ ഇത്തരം വിഷയങ്ങളുമായി പോകുമ്പോൾ നാം കാണുന്നത്. മാത്രമല്ല, ഷിപ്പിംഗ് വരുന്നതോടുകൂടി അനുബന്ധമായി ടൂറിസം മേഖലയിലും മാറ്റമുണ്ടാകും. നേരത്തേ നമ്മൾ ആശങ്കപ്പെട്ടില്ലേ; ആശങ്ക തന്നെയാണ്.

മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ തീരദേശ മേഖലയിലെ വിദ്യാസമ്പന്നരായ ചെറുപ്പക്കാരുണ്ട്. സ്വാഭാവികമായും അവർക്ക് നല്ല തൊഴിലവസരങ്ങൾ ഈ മേഖലയിൽ സൃഷ്ടിക്കാൻ കഴിയുന്നൊരു സാഹചര്യമുണ്ടാകും. അങ്ങനെയൊരു സാഹചര്യം രൂപപ്പെടുത്തിയെടുക്കാൻ കഴിയുകയും ചെയ്യും. അതുകൊണ്ട് ഒരു പ്രൊഫഷണൽ മെക്കാനിസം മാരിടൈം ബോർഡിന്റെ പ്രവർത്തനത്തിൽ അനിവാര്യമായി വന്നിരിക്കുന്ന ഒരു ഘട്ടമാണ് നമ്മുടെ മുന്നിലുള്ളത്. ആ ഘട്ടത്തിന് സഹായകരമാകുന്ന ഒന്നായിട്ടുവേണം ഈ ഭേദഗതിയെ കാണേണ്ടത്. സർക്കാരിന്റെ വളരെ ശ്രദ്ധേയമായ ഇടപെടൽ നടക്കുന്നു. അതിന്റെ ഭാഗമായിട്ടാണ് പോർട്ടുകളുടെ വലിയ വികസനം വരുന്നത്. നേരത്തെ വിഴിഞ്ഞം തുറമുഖവും യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് വന്നതാണ്. വികസനരംഗത്ത് സങ്കുചിതമായ രാഷ്ട്രീയവാദമൊന്നും നമ്മളാരും ഉന്നയിക്കുന്നില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നു. ഈ ഗവൺമെന്റ് ആ പദ്ധതി നന്നായി തുടരുകയാണ്. വിഴിഞ്ഞത്തെ ഞങ്ങൾ തകർക്കാൻ ശ്രമിക്കുന്നുവെന്ന് നിങ്ങൾ പറയുന്ന വാദമൊന്നും ശരിയല്ല. എൽ.ഡി.എഫ്. അക്കാര്യത്തിൽ അന്നത്തെ കാലത്ത് സ്വീകരിച്ച സമീപനം പത്രമെടുത്ത്

വായിച്ചാൽ മനസ്സിലാകും. ഞങ്ങൾ പറഞ്ഞ ആശങ്ക തന്നെയാണ് ഇപ്പോഴും നടക്കുന്നത്. എന്നുപറഞ്ഞ് ആശങ്കപ്പെട്ടിരിക്കുകയല്ലല്ലോ ചെയ്യുന്നത്. ഞങ്ങളുടെ ഗവൺമെന്റ് വന്നു. നിങ്ങൾ ആരംഭിച്ച പ്രോജക്ടാണ് അതുകൊണ്ട് ഞങ്ങൾ നടപ്പിലാക്കില്ല എന്നൊരു സമീപനം ഞങ്ങൾ സ്വീകരിക്കുമോ; ഇല്ല. ആ പ്രോജക്ട് പൂർത്തീകരിക്കാനാവശ്യമായ വികസന രാഷ്ട്രീയ സമീപനമാണ് ഞങ്ങൾ സ്വീകരിച്ചിരിക്കുന്നത്. ഇപ്പോൾ വന്നിരിക്കുന്ന വിഷയത്തിൽ ആശങ്കകൾ പരിഹരിച്ച് അത് പൂർത്തീകരിക്കാൻ കഴിയുന്നൊരു സാഹചര്യമുണ്ടാകണം. ഭരണഘടനാനുസൃതമായും നിയമപരമായും വികസനരംഗത്ത് മാതൃകാപരമായി നന്നായി പ്രവർത്തിക്കുന്നൊരു ഗവൺമെന്റാണ് കേരളത്തിന്റേത്. ആ ഗവൺമെന്റിനെ തെറ്റായ വഴിയിലൂടെ മോശമായി ചിത്രീകരിക്കാൻ ശ്രമിച്ചാൽ അത് നടക്കാൻ പോകുന്ന കാര്യമല്ല എന്ന് കേരളത്തിലെ ജനങ്ങൾ പറയുകയും ചെയ്യും.

മുമ്പ് ഇവിടെ നടന്ന ചർച്ചയിൽ മട്ടന്നൂർ എന്തോ ഭയങ്കരമായി അപകടം സംഭവിച്ചുവെന്ന് ബഹുമാന്യനായ എം. വിൻസെന്റ്, എം.എൽ.എ. പറയുകയുണ്ടായി. ഇതിൽ രാഷ്ട്രീയ കാര്യങ്ങളൊന്നും

പറഞ്ഞിട്ടില്ല. പക്ഷേ 2012-ലെ മട്ടന്നൂർ ഇലക്ഷനിൽ ഞങ്ങൾക്ക് 20-ഉം നിങ്ങൾക്ക് 14 സീറ്റുമാണ് ലഭിച്ചത്. എന്നുപറഞ്ഞാൽ മട്ടന്നൂരിലെ നിങ്ങളുടെ സീറ്റ് വർദ്ധനവിനെ മോശമായി കാണുന്നില്ല. എന്തെങ്കിലും പരിശോധിക്കാനുണ്ടെങ്കിൽ ഞങ്ങളത് ചെയ്തോളാം. എന്നാൽ മട്ടന്നൂർ ഞങ്ങൾക്കെന്തോ ക്ഷീണമുണ്ടായി, ഞങ്ങൾ എന്തോ തകർന്നുപോയി എന്ന വിലയിരുത്തൽ ശരിയല്ല. മാത്രമല്ല, ഒരു ഇലക്ഷൻ പരാജയം എന്നുപറയുമ്പോൾ കഴിഞ്ഞ ലോക്സഭാ ഇലക്ഷനിൽ (2019-ൽ) നമുക്ക് ആകെ ഒരു സീറ്റ് മാത്രമേ ലഭിച്ചുള്ളൂ. പക്ഷേ കേരളത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് തുടരുകയല്ലേ ചെയ്തത്. രാഷ്ട്രീയത്തിലെ ചെറിയ വീഴ്ചകളെയൊക്കെ സൂക്ഷ്മമായി പരിശോധിച്ച് ശക്തമായി തിരിച്ചുവരാനുള്ള ബഹുജന അടിത്തറയുള്ള രാഷ്ട്രീയ പാർട്ടിയാണ്, മുന്നണിയാണ് എൽ.ഡി.എഫ്. ഞങ്ങളതൊക്കെ പരിഹരിച്ച് മുന്നോട്ടുപോകുന്ന സാഹചര്യമുണ്ടാകും. ഞങ്ങൾക്ക് അതിലൊന്നും ബേജാറില്ല. ആ ഇലക്ഷന്റെ ഭാഗമായി എന്തെങ്കിലും പരിശോധിക്കാനുണ്ടെങ്കിൽ അത് പരിശോധിക്കുകയും ഫലത്തെ വിലയിരുത്തുകയും ചെയ്യുന്നൊരു സാഹചര്യമുണ്ടാകും. പക്ഷേ 2012-ൽ നിങ്ങൾക്ക് 14 സീറ്റുണ്ടായിരുന്നു.

ഞങ്ങൾക്ക് 20 സീറ്റ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതേ സ്റ്റാറ്റസാണ് ഇപ്പോഴും മെയിന്റയിൻ ചെയ്തിരിക്കുന്നത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, മട്ടന്നൂരിലെ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 9 സീറ്റുകളിൽ ബി.ജെ.പി. രണ്ടാം സ്ഥാനത്തുണ്ടായിരുന്നു. ഇത്തവണ അത് നാല് വാർഡുകളിൽ മാത്രമേ ഉള്ളൂവെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. വി. സുമേഷ്: സർ, അത് തെറ്റായ പ്രചരണമായിരുന്നു. ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ വാർഡ് തോറ്റുവെന്നൊരു വലിയ പ്രചാരണമുണ്ടായിരുന്നു. 546 വോട്ടിനാണ് ആ വാർഡിൽ നമ്മൾ ജയിച്ചത്. എതിർസ്ഥാനാർത്ഥിക്ക് ആകെ 86 വോട്ട് മാത്രമാണ് ലഭിച്ചത്. അവിടെ വർഗ്ഗീയ ശക്തികൾക്കെതിരെ ഏറ്റവും ശക്തമായ നിലപാടല്ലേ നമ്മൾ സ്വീകരിച്ചത്; ബി.ജെ.പി. ഒരു കാരണവശാലും അവിടെ ജയിക്കാൻ പാടില്ല, ജനാധിപത്യ പാർട്ടികളായിരിക്കണം അവിടെ ജയിക്കേണ്ടത് എന്ന പൊളിറ്റിക്കൽ ക്യാമ്പയിനാണ് ശക്തമായി നമ്മൾ എടുത്തത്. ഞങ്ങളെല്ലാം ആ ക്യാമ്പയിന് പോയിരുന്നു. കഴിഞ്ഞ തവണ 8 സീറ്റുണ്ടായിരുന്ന ബി.ജെ.പി.-ക്ക് ഇത്തവണ നാല് സീറ്റായി മാറി.

അതൊരു മുന്നേറ്റമായിട്ടുവേണം നമ്മൾ കാണേണ്ടത്. സാന്ദർഭികമായി ഇങ്ങനെ പറഞ്ഞപ്പോൾ ഞാൻ സൂചിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. മാരിടൈം ബോർഡ് ഭേദഗതി എന്നത് കേരളത്തിന്റെ ഭാവി വികസനത്തിന് ഏറ്റവും അനിവാര്യമായിട്ടുള്ള ഒരു കാര്യമാണ്. ഒരു പ്രൊഫഷണൽ മെക്കാനിസത്തോടുകൂടി നമ്മൾ തുറമുഖങ്ങളെ സമീപിക്കുന്നില്ലെങ്കിൽ, ബഹുമാനപ്പെട്ട മിനിസ്റ്റർ, അഴീക്കൽ പോർട്ടിൽ തന്നെ ഡ്രഡ്ജിംഗ് നടത്തുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രൊഫഷണൽ മെക്കാനിസം വേണം. ഡ്രഡ്ജ് ചെയ്യുക, അത് മാറ്റാനാവശ്യമായ സംവിധാനങ്ങളുണ്ടാക്കുക, മണൽ വളരെ പ്രധാനമാണ്. നമ്മൾ ഇപ്പോൾ ഡ്രഡ്ജ് ചെയ്യുന്നുണ്ട്. കേരളത്തിൽ മണൽക്ഷാമമുണ്ട്. നമുക്ക് വേണമെങ്കിൽ ഒരു പ്രൊഫഷണൽ സംവിധാനമായി അതിനെ മാറ്റിയാൽ ആളുകൾക്ക് നമ്മൾ നിശ്ചയിക്കുന്ന വിലയ്ക്ക് മണൽ കൊടുക്കാം, മണൽ കൊടുക്കാവുന്ന സംവിധാനം നമുക്കുണ്ടാകും. ആ നിലയിലേക്ക് കാര്യങ്ങൾ പോകുകയാണ്. തുറമുഖങ്ങളുടെ ദൂരപരിധി ഉൾപ്പെടെയുള്ള പ്രശ്നങ്ങളുണ്ട്. ഏതായാലും മാരി ടൈം ബോർഡ് ഭേദഗതി എന്നത് കേരളത്തിൽ വരാൻ പോകുന്ന വിഴിഞ്ഞം ഇന്റർനാഷണൽ എയർപോർട്ടിന്റെയും നിലവിലുള്ള കൊച്ചി

പോർട്ടിന്റെയും നാല് ഇന്റർ മീഡിയറ്റ് പോർട്ടുകളെയും മറ്റ് മൈനർ പോർട്ടുകളുടെയുമെല്ലാം ഒരു സമഗ്ര വികസനത്തിന് സഹായകരമാകുന്ന ഒന്നായിട്ടാണ് കാണുന്നത്. പ്രസ്തുത ഭേദഗതി അനിവാര്യമായിട്ടുള്ള ഒന്നാണ്. അതിനെ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന അഭിപ്രായത്തെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ദേശീയ നയത്തിന്റെ ഭാഗമായി ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളും 2012-ൽ തന്നെ മാരിടൈം ബോർഡ് രൂപീകരിച്ചിരുന്നു. എന്നാൽ 2017-ലാണ് കേരള മാരിടൈം ബോർഡ് ആക്ട് നിയമസഭ പാസ്സാക്കി മാരിടൈം ബോർഡ് കേരളത്തിൽ നിലവിൽ വന്നത്. റെയിൽ, വിമാനത്താവളം, റോഡുകൾ പോലെ മുന്തിയ പരിഗണനയും ശ്രദ്ധയും വേണ്ട മേഖലയാണ് തുറമുഖങ്ങൾ. ഈ ഗൗരവത്തോടെ തുറമുഖങ്ങളെ സമീപിച്ച എല്ലാ രാജ്യങ്ങളും വികസനപന്ഥാവിൽ ബഹുദൂരം മുന്നിലെത്തിയിട്ടുണ്ട്. 590 കിലോമീറ്റർ തീരദേശമുള്ള കേരളത്തിന് ദൗർഭാഗ്യവശാൽ വിവിധ കാരണങ്ങൾകൊണ്ട് ഈ രംഗത്ത് പ്രസ്താവ്യമായ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ പോയകാലത്തെ വീഴ്ചകളെ പഴിച്ച് കാലം

കഴിക്കുന്നതിൽ അർത്ഥവുമില്ല. സജീവമായ ഇടപെടലുകളിലൂടെ നമ്മുടെ തുറമുഖങ്ങളെയും തീരങ്ങളെയും സക്രിയമാക്കി സംസ്ഥാനത്തിന്റെ ചരക്കുഗതാഗത നീക്കങ്ങളിലും തൊഴിലവസര സൃഷ്ടിപ്പിലും സാധ്യമാകുംവിധം മുന്നേറ്റമുണ്ടാക്കാനാണ് സംസ്ഥാന തുറമുഖ വകുപ്പ് ആഗ്രഹിക്കുന്നത്. ഇതിനുവേണ്ടി 2017-ൽ നാം പാസ്സാക്കിയ കേരള മാരിടൈം ബോർഡ് ആക്ടിലെ ചില പ്രായോഗികവും ഭരണപരവുമായ പ്രയാസങ്ങൾക്ക് പരിഹാരം കാണാനാണ് ഈ ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നത്. സർവ്വീസ് കണ്ടീഷൻസ് സംബന്ധിച്ച പ്രശ്നങ്ങൾ ഉന്നയിച്ച് ജീവനക്കാരുടെ സംഘടനകൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചു. സർക്കാർ നേരിട്ട് ശമ്പളം നൽകുന്നത് സംബന്ധിച്ചും ലീവ്, പെൻഷൻ, സ്ഥലംമാറ്റം എന്നിവ സംബന്ധിച്ചുമാണ് അവരുടെ പ്രധാന ആവശ്യങ്ങൾ. സർക്കാർ ജീവനക്കാരായി പി.എസ്.സി. മുഖാന്തരം സർവ്വീസിൽ വന്ന ഇവരുടെ പ്രശ്നത്തിൽ ഉചിതമായ തീരുമാനമെടുക്കണമെന്ന് കോടതി സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് തുറമുഖ വകുപ്പുസെക്രട്ടറി വിവിധ യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തുകയും അവരുടെ

അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആക്ടിൽ ചില ഭേദഗതികൾ വരുത്തിയാൽ മാത്രമേ ജീവനക്കാരുടെ പ്രശ്നങ്ങളും ഭരണപരമായ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുകയുള്ളൂവെന്ന് വ്യക്തമായി. ഈ സാഹചര്യത്തിലാണ് ഇത്തരമൊരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഇവിടെ ശ്രീ. എം. വിൻസെന്റ്, എം.എൽ.എ. ക്രൂയിസ് ചെയ്ഞ്ചിംഗ് സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ഒരു പ്രത്യേക സാഹചര്യത്തിലാണ് ക്രൂയിസ് ചെയ്ഞ്ചിംഗിനുള്ള അനുമതി നമുക്ക് കേന്ദ്ര ഗവൺമെന്റ് നൽകിയിരുന്നത്. നമുക്കറിയാം കോവിഡുമായി ബന്ധപ്പെട്ട് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ക്രൂയിസ് ചെയ്ഞ്ചിംഗിന് അനുവാദമില്ലാത്ത പ്രത്യേക ഘട്ടത്തിലാണ് ഒരു സ്പെഷ്യൽ കേസ് എന്ന നിലയ്ക്ക് നമുക്ക് അന്ന് പെർമിഷൻ ലഭിച്ചിരുന്നത്. ഭീമമായ വരുമാനം അതുവഴി വകുപ്പിന് ഉണ്ടായിട്ടുണ്ട് എന്നത് ശരിയാണ്. വളരെ പെട്ടെന്നാണ് അത് പിൻവലിക്കുന്ന തീരുമാനം കേന്ദ്ര ഗവൺമെന്റ് എടുത്തിട്ടുള്ളത്. ഉടൻതന്നെ കേന്ദ്ര ഗവൺമെന്റുമായും കേന്ദ്ര ഗവൺമെന്റ് മന്ത്രിയുമായും എഴുത്തുകുത്തുകൾ നടത്തുകയും ഇക്കാര്യത്തിൽ ഒരു തീരുമാനം, പുനർചിന്തനം ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അക്കാര്യങ്ങൾ പഠിച്ച്

പരിശോധിച്ച് പറയാമെന്ന രീതിയിൽ ഞങ്ങൾക്ക് മറുപടി കത്തും ലഭിച്ചിട്ടുണ്ട്. അത് തിരിച്ചുകിട്ടുമെന്ന പ്രതീക്ഷയാണ് ഇപ്പോഴുമുള്ളത്. നമ്മുടെ പ്രിയങ്കരരായ എം.എൽ.എ.-മാർ ശ്രീ. ടി. ജെ വിനോദും ശ്രീ. കെ. വി. സുമേഷുമൊക്കെ വളരെ പ്രായോഗികമായ ഒരുപാട് നിർദ്ദേശങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ രംഗത്ത് വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പുരോഗതിയെക്കുറിച്ചുമൊക്കെ ഒരുപാട് നിർദ്ദേശങ്ങൾ ഇവിടെ സമർപ്പിക്കുകയുണ്ടായി. തികച്ചും ഈ നിർദ്ദേശങ്ങളൊക്കെ ഉൾക്കൊണ്ടുകൊണ്ടുതന്നെ വിശദമായി സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാം എന്നുള്ളതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മി. ചെയർമാൻ: ശ്രീ. ടി. ജെ. വിനോദ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. ചെയർമാൻ: ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ .....

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. ചെയർമാൻ: ശ്രീ. കെ. വി. സുമേഷ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

**2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ**

മുഖ്യമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇതൊരു ചെറിയ ബില്ലാണ്. 2008-ലാണ് കേരള പ്രവാസി ക്ഷേമ ആക്ട് രൂപംകൊള്ളുന്നത്. 2009-ൽ അതിന്റെ അടിസ്ഥാനത്തിൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് രൂപീകരിക്കപ്പെട്ടു. അതിലെ 12-ാം വകുപ്പുപ്രകാരം 23 തസ്തികകൾ സൃഷ്ടിച്ചിരുന്നു. അവിടെയുള്ള തസ്തികകളെല്ലാംതന്നെ 12 (ii)-ലെ വകുപ്പനുസരിച്ച് പുതുതായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും നിയമന രീതികൾ, ഇതുസംബന്ധിച്ച റൂളും അംഗീകരിച്ചിരുന്നു. എന്നാൽ ആഭ്യന്തര കാര്യങ്ങളെ സംബന്ധിച്ച വിഷയ നിർണ്ണയ സമിതി പ്രസ്തുത റൂൾ പരിശോധിച്ചപ്പോൾ നേരിട്ടുള്ള നിയമനം പി.എസ്.സി. മുഖാന്തരമായിരിക്കണമെന്ന് ശിപാർശ ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. മുഖാന്തരം നിയമനം നടത്തണമെങ്കിൽ 1970-ലെ The Kerala Public Service Commission (Additional Functions as Respects Certain Corporations and Companies) Act-ലും അതുമായി ബന്ധപ്പെട്ട 1971-ലെ റൂളിലും ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതെല്ലാംതന്നെ പി.എസ്.സി.-ക്ക് വിടുന്നതിനുവേണ്ടി ഈ നിയമത്തിലെ കോർപ്പറേഷൻ എന്ന നിർവ്വചനത്തിനുകീഴിൽ കേരള

പ്രവാസി കേരളീയ ക്ഷേമ ബോർഡിനെക്കൂടി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതാണ് ഈ നിയമ ഭേദഗതി. അത് സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന പ്രമേയം എല്ലാവരും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. നജീബ് കാന്തപുരം: സർ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-11-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിലെ ഏതാണ്ട് എല്ലാ നിയമനങ്ങളും പിൻവാതിൽവഴി നടക്കുന്ന ഒരു സന്ദർഭത്തിൽ നോർക്ക റൂട്ട്സ് ക്ഷേമനിധി ബോർഡുകളുടെ നിയമനം പി.എസ്.സി.-ക്ക് വിടാനുള്ള സർക്കാർ നീക്കം ആശ്വാസകരമാണ്. എന്നാൽ 'Roots' നഷ്ടപ്പെട്ട നോർക്ക ഇന്നൊരു പടുമരമായി തീർന്നുവെന്നല്ലാതെ പ്രവാസികൾക്ക് ഇതുകൊണ്ട് എന്ത് കാര്യമാണുള്ളത് എന്ന ഗൗരവമായ ചർച്ച ഈ സന്ദർഭത്തിൽ ഉചിതമാണെന്ന് ഞാൻ വിചാരിക്കുകയാണ്. നോർക്കയ്ക്ക് ആസ്ഥാന

മന്ദിരമുണ്ടാക്കാൻ കോടികൾ പൊടിക്കുകയല്ല, ആസ്ഥാനമില്ലാതായ പ്രവാസികൾക്ക് ജീവിതം കരുപ്പിടിപ്പിക്കാൻവേണ്ടിയുള്ള നടപടിയാണ് ഉണ്ടാകേണ്ടതെന്ന് സർക്കാരിനെ ഓർമ്മിപ്പിക്കാൻകൂടി ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

നമ്മൾ പലപ്പോഴും പ്രവാസികളെകുറിച്ച് ഓർക്കുമ്പോൾ പലതരത്തിലുള്ള ഓർമ്മകൾ നമ്മുടെയെല്ലാം മനസ്സിലുണ്ടാകും. കഴിഞ്ഞ ഏതാനും മാസങ്ങൾക്കുമുമ്പ് എനിക്ക് വ്യക്തിപരമായൊരു അനുഭവമുണ്ടായി. ഒരു പെൺകുട്ടി എന്റെ ഓഫീസിൽവന്ന് അവൾക്ക് ഒരു തരത്തിലും പഠിക്കാനുള്ള സാഹചര്യമില്ലെന്നും പഠിക്കാനാവശ്യമായ സഹായം നൽകണമെന്നും പറയുകയുണ്ടായി. ഞാൻ ആ കുട്ടിയുടെ ജീവിതം എന്താണെന്ന് അന്വേഷിക്കുകയുണ്ടായി. ആ പെൺകുട്ടി പറഞ്ഞ കഥ അത്യധികം മനസ്സിനെ വേദനിപ്പിക്കുന്നതായിരുന്നു. ആ കുട്ടിയുടെ പിതാവ് ഒരു പ്രവാസിയായിരുന്നു. വളരെ നന്നായി ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതിനിടെയിലാണ് ആ പ്രവാസിക്ക് അദ്ദേഹത്തിന്റെ കിഡ്നി തകരാറിലായി നാട്ടിലേയ്ക്ക് തിരിച്ചുവരേണ്ടിവന്നത്. നാട്ടിലെത്തിയ അദ്ദേഹം കുറേ ട്രീറ്റ്മെന്റൊക്കെ ചെയ്തു ; ഡയാലിസിസിന് വിധേയമായി;

സമ്പാദ്യങ്ങളെല്ലാം ചികിത്സയ്ക്കുവേണ്ടി ചെലവഴിക്കുന്നൊരു സന്ദർഭമുണ്ടായി. പക്ഷേ അതുകൊണ്ടും രക്ഷപ്പെടാൻ കഴിയാതെ പോയപ്പോൾ ഈ ഒരു സാഹചര്യത്തിൽ ഇനി ചികിത്സ മുന്നോട്ട് കൊണ്ടുപോകേണ്ടെന്ന് അദ്ദേഹം തന്റെ മക്കളോട് പറയുകയുണ്ടായി. കാരണം, അവർക്കാകെയുള്ള സമ്പാദ്യം ഒരു കൊച്ചു വീടും സ്ഥലവും മാത്രമാണ്. പക്ഷേ ഞങ്ങൾക്ക് സമ്പാദ്യത്തേക്കാളും വീടിനേക്കാളും പ്രധാനം ഞങ്ങളുടെ വാപ്പയുടെ ജീവനാണെന്നാണ് ആ കുട്ടികൾ പറഞ്ഞത്. ഈ വീട് വിറ്റെങ്കിലും കിഡ്നി ട്രാൻസ്പ്ലാന്റേഷൻ ചെയ്ത് മുന്നോട്ട് പോകണമെന്ന് അവർ പറഞ്ഞു. അവസാനം ഗത്യന്തരമില്ലാതെ, കുട്ടികളുടെ നിർബന്ധത്തിന് വഴങ്ങി വീടും പറമ്പും വിറ്റ് അദ്ദേഹം കിഡ്നി ട്രാൻസ്പ്ലാന്റ് ചെയ്തു. പക്ഷേ ആറ് മാസത്തിനകം അദ്ദേഹം മരണപ്പെട്ടു. ആ മരണം അനാഥമാക്കിയത് മൂന്ന് പെൺകുട്ടികളെയും ഒരു അമ്മയെയുമാണ്. അവർ പൂർണ്ണമായും തെരുവിലാകുന്ന സാഹചര്യം വന്നു. അവർക്ക് ആരുമില്ലാതെയായി. ഇദ്ദേഹം ഗൾഫിലായിരുന്നപ്പോൾ വളർത്തിയിരുന്ന കുടുംബാംഗങ്ങൾപോലും hostile ആയി മാറി. ആ സന്ദർഭത്തിൽ ആ കുട്ടികളോട് ആ കുടുംബത്തിലെ ഒരാൾ ചോദിക്കുന്ന ചോദ്യം എന്റെ മനസ്സിനെ ഏറെ വേദനിപ്പിക്കുകയും

അത് ഈ സഭയിൽ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ആ കുടുംബത്തിലെ മുതിർന്ന ഒരംഗം ആ കുട്ടിയോട് പറഞ്ഞു, ഭക്ഷണം കഴിക്കാനില്ലാത്തവർ പഠിക്കുന്നതിനെ കുറിച്ച് ഇപ്പോൾ ആലോചിക്കേണ്ട എന്ന്. ഇതൊരു പ്രവാസിയുടെ ഒറ്റപ്പെട്ട കഥ മാത്രമല്ല. നമ്മുടെ നാട്ടിലെ ചുറ്റുവട്ടത്തുള്ള പ്രവാസികളിലേറെയും അനുഭവിക്കുന്ന തീരാദുരിതത്തിന്റെ കഥന കഥകളിലൊന്നാണിത്. ഇത്തരത്തിൽ ജീവിക്കുന്ന പ്രവാസികൾക്കുവേണ്ടി നമ്മൾ എന്താണ് ഒരുക്കിവച്ചിരിക്കുന്നത്; നമ്മൾ എപ്പോഴും പ്രവാസികളെയും അവർ ചെയ്ത സേവനങ്ങളെയും കുറിച്ച് വലിയ വായിൽ വർത്തമാനം പറയുന്നവരാണ്. പക്ഷേ അവർക്കുവേണ്ടി നമ്മളുണ്ടാക്കിയ സംവിധാനമെന്താണ്; ലോക കേരള സഭ എന്ന പേരിൽ ഒരു ധൂർത്ത് സഭ നമ്മൾ നടത്തി. ആ സഭയുടെ ഔട്ട്പുട്ട് എന്തായിരുന്നു; എന്താണ് അതിൽ നടപ്പാക്കിയത്; മൂന്ന് ലോക കേരള സഭകൾ കഴിഞ്ഞുപോയി. പ്രസ്തുത സഭകൾകൊണ്ട് കേരളത്തിൽ എന്ത് ഗുണമാണുണ്ടായത്? നമ്മൾ ഒരു ആത്മപരിശോധന നടത്തേണ്ട ഘട്ടംകൂടിയാണ് ഇതെന്ന് ഞാൻ മനസ്സിലാക്കുകയാണ്. കോവിഡ് വന്നപ്പോൾ നമ്മുടെ സമീപനമെന്തായിരുന്നു; മരിച്ചവരെത്തന്നെ നമ്മൾ

മലയാളികളും പ്രവാസികളുമായി വേർതിരിച്ചില്ലേ; കേരളത്തിൽ മരിച്ചവർക്ക് ആനുകൂല്യം. എന്നാൽ, ഇതേ മലയാളി മരിക്കുന്നത് വിദേശത്താണെങ്കിൽ അവന് ആനുകൂല്യമില്ല. എന്തൊരു നീതി നിഷേധമായിരുന്നു; ഇവിടെ മരിച്ചവരെ മാത്രമാണ് മലയാളികളായി കണ്ടത്. ഇവിടെയുള്ളവരെ ജീവിപ്പിക്കാൻവേണ്ടി എല്ലുമുറിയെ പണിയെടുത്തവരാണ് അവരെന്ന കാര്യം നമ്മൾ എത്ര വേഗമാണ് മറന്നുകളഞ്ഞത്. അവർ മരിച്ചത് നാട്ടിൽ വച്ചായിരുന്നുവെങ്കിൽ ആനുകൂല്യം ലഭിക്കുമായിരുന്നു എന്നതിനർത്ഥം അവർ മലയാളിയല്ല എന്ന് നമ്മൾ പച്ചയ്ക്ക് പറയുന്ന ഒരു സാഹചര്യമല്ലേ ഉണ്ടായത്.

നാം എവിടെയാണ് പ്രവാസികൾക്കൊപ്പം നിന്നത്? ഇന്നും പ്രവാസി നമുക്കൊരു കൗതുക വസ്തു മാത്രമാണ്. പണം നിർമ്മിക്കുന്ന വെറുമൊരു യന്ത്രം മാത്രം. ആ മനുഷ്യരുടെ ജീവത്യാഗത്തിന് നമ്മൾ എന്താണ് പകരം കൊടുത്തത്? ഈ ബില്ലിലെ ചർച്ച അത്തരമൊരു സോഷ്യൽ ഓഡിറ്റാകണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ രണ്ട് വർഷക്കാലം കോവിഡ് വരിഞ്ഞ് മുറുക്കിയപ്പോൾ നാം അവരോട് പെരുമാറിയത് എങ്ങനെയാണ്; നാട്ടിലേയ്ക്ക് തിരിച്ചുവരുന്ന പ്രവാസിയോട് കാണിച്ച നന്ദികേടിന്റെ ആഴം എത്രയായിരുന്നു? കോവിഡിന്റെ ആദ്യകാലം

നമുക്ക് ഓർമ്മയുണ്ട്. റൂട്ട് മാപ്പുകളുടെ കാലമായിരുന്നു. പഴയകാല പ്രവാസികൾ അനുഭവിച്ച എല്ലാ ദുരിതങ്ങളുടെയും ആവർത്തനമായിരുന്നു പുതിയ കാലത്തെ പ്രവാസികളുടെ അനുഭവം. അത്തറിന്റെയും സ്പ്രേയുടെയും പരിമളം മാത്രമല്ല പ്രവാസി. വിയർപ്പിന്റെയും കണ്ണീരിന്റെയും ഉപ്പുകൂടിയാണവർ എന്ന് നാം മനസ്സിലാക്കണം. 1991-ലെ ഇറാഖ്-കുവൈറ്റ് യുദ്ധം, 2013-ൽ സൗദിയിൽ ആരംഭിച്ച സ്വദേശിവൽക്കരണം, ഇതെല്ലാം തൊഴിൽ നൈപുണ്യമുള്ള ആളുകളെപ്പോലും തിരിച്ചയക്കുന്ന സാഹചര്യമുണ്ടായി. നമ്മൾ മനസ്സിലാക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം തിരിച്ചുവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കാൻ വേണ്ടി കാര്യമായൊന്നും ഇപ്പോൾ നമുക്ക് ചെയ്യാൻ സാധിച്ചിട്ടില്ല. എത്ര തൊഴിൽ നൈപുണ്യം നേടിയാണ് അവർ തിരിച്ചുവരുന്നതെന്ന കാര്യം നമ്മൾ ആലോചിക്കേണ്ടതാണ്. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ പഠനപ്രകാരം 14.17 ലക്ഷം പ്രവാസികളാണ് കോവിഡിനെ തുടർന്ന് നാട്ടിലെത്തിയിട്ടുള്ളത്. ഇതിൽ 3.32 ലക്ഷം പ്രവാസികൾക്ക് ഇതുവരെ തിരിച്ചുപോകാൻ കഴിഞ്ഞിട്ടില്ല. എന്നുപറഞ്ഞാൽ, 3.5 ലക്ഷത്തോളം തൊഴിൽ നൈപുണ്യം നേടിയ മനുഷ്യർ ഈ നാട്ടിൽ ഉണ്ട്. സർക്കാർ

കണക്കുപ്രകാരം 24 ലക്ഷം പ്രവാസികളാണ് ഗൾഫിൽ മാത്രമുള്ളതെന്നും നാം ഓർക്കണം. വിദേശ തൊഴിലാളികളുടെ എണ്ണം കുറയ്ക്കാൻ വേണ്ടി പല രാജ്യങ്ങളും നിയമം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമയമാണിത്. അന്തർദേശീയ യാത്രയുടെ നിബന്ധനകൾ അവർക്ക് വലിയ പ്രതിസന്ധി സൃഷ്ടിക്കുകയാണ്. സൗദിയിൽ തൊഴിൽ വിസയുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയിട്ടുള്ള പുതിയ നിയമങ്ങൾ വലിയതോതിൽ അവരെ പ്രയാസപ്പെടുത്തുന്നു. വർക്ക് പെർമിറ്റിലും റെസിഡന്റ് പെർമിറ്റിലും വലിയ ഫീസ് വർദ്ധിപ്പിച്ചതോടുകൂടി അവർക്ക് നിൽക്കക്കള്ളിയില്ലാത്ത സാഹചര്യമുണ്ടാകുന്നുണ്ട്. നാട്ടിൽ കുടുങ്ങിയ പ്രവാസികളിൽ 71 ശതമാനവും ഇപ്പോൾ തൊഴിൽ രഹിതരായി നിൽക്കുകയാണ്. ലോക കേരള സഭയിൽ എത്രയോ പ്രോജക്ടുകളെക്കുറിച്ച് പറഞ്ഞു, പക്ഷെ ഏത് പ്രോജക്ടാണ് നടപ്പായത്? ഏത് പദ്ധതിയാണ് കൊണ്ടുവരാൻ നമുക്ക് സാധിച്ചത്? 29 ശതമാനം ആളുകൾ ഇപ്പോൾ ജോലി കിട്ടുന്നുവെന്ന് പറയുന്ന ആളുകൾ തന്നെ പെട്ടിക്കട നടത്തുന്നവരാണ്, ഓട്ടോറിക്ഷ ഓടിക്കുന്നവരാണ്. സങ്കടകരമാണ് അവരുടെ ജീവിത സാഹചര്യം. 12,000 രൂപ മുതൽ 20,000 രൂപ വരെ മാസം വീട്ടിൽ അയച്ചിരുന്നവരായിരുന്ന ആ

സാധാരണക്കാരായ, കൂലിപ്പണിക്കാരായി അവിടെ നിൽക്കുന്ന ആളുകൾ. അവരുടെ കുടുംബം ഇന്ന പൂർണ്ണമായും പട്ടിണിയിലോ, അനാഥത്വത്തിലോ ആയ സാഹചര്യം ഉണ്ട്. നമുക്കെല്ലാപേർക്കും അറിയാം, പ്രവാസത്തിന്റെ കഥ പറയുമ്പോൾ വളരെ രസകരമാണ്. ഇപ്പോഴും ഖോർ ഫക്കനിലെ അടയാളപ്പാറയെക്കുറിച്ച് നമ്മൾ സംസാരിക്കാറുണ്ട്. കള്ള ലോഞ്ചുകൾ കയറിവന്ന അസംഖ്യം മനുഷ്യരുടെ അഭയ കേന്ദ്രങ്ങളായിരുന്നു അത്. ഗൾഫ് പ്രവാസത്തിന്റെ ആദിമസ്ഥലി എന്ന നമുക്ക് വിശേഷിപ്പിക്കാവുന്ന ഒരു സ്ഥലം. ഇപ്പോഴും യു.എ.ഇ. സന്ദർശിക്കുന്നവർക്ക് ഖോർ ഫക്കൻ കാണാം. അവിടെയായിരുന്ന പഴയ ലോഞ്ചുകളിൽ എത്തിയ പ്രവാസിയുടെ ധീരമായ പോരാട്ടത്തിന്റേയും ചെറുത്തു നിൽപ്പിന്റേയും കഥ. നമ്മൾ ശരിക്കും പറയേണ്ടത്, ഈ കേരളത്തിന്റെ സാമൂഹ്യചരിത്രമെഴുതുമ്പോൾ നമ്മൾ വളരെ മനോഹരമായി പറയാറുണ്ട്, തൊഴിൽ വിഭജനത്തിന്റെ ജാതീയത തകർത്തത് തീർച്ചയായും പ്രവാസ ജീവിതമാണ്, എന്നൊരു സാമൂഹ്യപ്രതലംകൂടി അതിലുണ്ടെന്ന് നാം പ്രവാസികളെ ഓർക്കുമ്പോൾ മനസ്സിലാക്കേണ്ടതുണ്ട്. ഒന്നിച്ചുള്ള പാർപ്പുകളാണ് പ്രവാസത്തിന്റെ ഏറ്റവും സവിശേഷമായ കാര്യം. നമ്മളൊക്കെ വിദേശ രാജ്യങ്ങൾ

സന്ദർശിക്കുന്നവരാണ്, എങ്ങനെയാണ് അവർ കഴിയുന്നത്? ലേബർ ക്യാമ്പുകൾ നമ്മൾ സന്ദർശിക്കുന്നവരാണ്, എങ്ങനെയാണ് അവർ ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നത്? ഒരു ലേബർ ക്യാമ്പിൽ എത്രപേരാണ് തിങ്ങി താമസിക്കുന്നത്? അവരുടെ ജീവിതം എങ്ങനെയാണ്? അവിടെ ജാതിയില്ല, മതമില്ല, അവർക്ക് വിവേചനമില്ല, എല്ലാപേരും മനുഷ്യർ എന്ന നിലയിലാണ്. ഈ കോവിഡ് കാലത്ത് നിങ്ങൾ ഓർക്കണം, നമ്മൾ റൂട്ട് മാപ്പുണ്ടാക്കി, പ്രവാസിയെ പിടിക്കാൻ വേണ്ടി അവരുടെ പിന്നാലെ ഓടുമ്പോൾ ആ പ്രവാസിസമൂഹം മുഴുവനും ഒരു നേരത്തെ ഭക്ഷണത്തിന് കെഞ്ചിനിന്നപ്പോൾ **കെ.എം.സി.സി**. ഉൾപ്പെടെയുള്ള നിരവധി ജീവകാരുണ്യ സംഘടനകൾ, അതുപോലുള്ള പ്രവാസി സംഘടനകൾ അവരവരുടെ വാഹനങ്ങളിൽ നിറയെ ഭക്ഷണ പായ്ക്കറ്റുകൾ കയറ്റി ഈ പ്രവാസികൾക്കുവേണ്ടി അവിടെ ഓടുകയായിരുന്നു. ഇവിടെ നമ്മൾ അവരെ പിടിക്കാൻ ഓടുകയായിരുന്നു. അവിടെ അവർ അവരുടെ സഹപ്രവർത്തകരെ രക്ഷിക്കാൻവേണ്ടി, അവർക്ക് ജീവൻ കൊടുക്കാൻവേണ്ടി, ഭക്ഷണം കൊടുക്കാൻവേണ്ടി, വെള്ളമെത്തിക്കാൻ വേണ്ടി, ഓടുകയായിരുന്നു. ഈ പ്രവാസികളെക്കുറിച്ചും അവരുടെ

പ്രയാസങ്ങളെക്കുറിച്ചുമാണ് നാം ചർച്ചചെയ്യേണ്ടത്. യഥാർത്ഥത്തിൽ ഇന്ത്യ ഏറ്റവും കൂടുതൽ പ്രവാസികളുള്ള ഒരു രാജ്യമാണ്. മിക്ക രാജ്യങ്ങൾ നോക്കിയാൽ ഏറ്റവും വലിയ Diaspora community എന്നു പറയുന്നത് ഇന്ത്യാക്കാരാണ്, ഏറ്റവും കൂടുതൽ നമ്മൾ തന്നെയാണ് ഉള്ളത്. 1996-ൽ 10 ലക്ഷം മലയാളികളായിരുന്നു ഗൾഫ് രാജ്യങ്ങളിൽ ഉണ്ടായിരുന്നതെങ്കിൽ 2008-ൽ 20 ലക്ഷം മലയാളികളായി വർദ്ധിച്ചു. 2013-ൽ 24 ലക്ഷം മലയാളികളായി, 2018-ൽ പുറത്തുവന്ന മൈഗ്രേഷൻ സർവ്വേ പ്രകാരം 21.21 ആയി അത് കുറഞ്ഞു. 2013-ൽ 71,142 കോടി രൂപയാണ് മലയാളികൾ കേരളത്തിലേക്ക് അയച്ചത്. 2017-ൽ ഇത് 1.5 ലക്ഷം കോടി രൂപയായി ഉയർന്നു. 2016 -ലെ കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 36.3 ശതമാനം വരും ഈ തുക. എത്ര വലിയ സംഭാവനയാണ് അവർ നൽകുന്നത്. കേരളത്തിന്റെ മൊത്തം കടബാധ്യതയുടെ 60 ശതമാനം വരെ വീട്ടാൻ സാധിക്കുന്നതരത്തിൽ വിപുലമാണ് ഈ റെമിറ്റൻസെന്ന് നമ്മൾ തിരിച്ചറിയേണ്ട യാഥാർത്ഥ്യമാണ്. കേരള മോഡലിനെക്കുറിച്ച് നമ്മൾ പറയും, എന്താണ് കേരള മോഡലിന്റെ അടിത്തറയെന്നു പറയുന്നത്? അതിന്റെ സമ്പദ്ഘടനയെന്താണ്? ആ സമ്പദ്ഘടനയുടെ അടിസ്ഥാനം

പ്രവാസികളുടെ വിയർപ്പും അവർ അയയ്ക്കുന്ന പണവുമാണ്. ഉയർന്നു നിൽക്കുന്ന മഹാസൗധങ്ങളെല്ലാം, നമ്മൾ കാണുന്ന ഈ വലിയ നേട്ടങ്ങളെല്ലാം പ്രവാസികളുടെ വിയർപ്പുകൊണ്ട് പണിതതാണ്. ഞാൻ വളരെ അഭിമാനത്തോടെ പറയുന്നു എന്റെ നിയോജകമണ്ഡലത്തിൽ പാണക്കാട് സെയ്യിദ് ഹൈദരലി ഷിഹാബ് തങ്ങളുടെപേരിൽ ഒരു ഐ.എ.എസ് അക്കാഡമി ഞങ്ങൾ ഉണ്ടാക്കി. കേരളത്തിൽ ആദ്യമായി സമ്പൂർണ്ണ സൗജന്യമായി ഒരു വിദ്യാർത്ഥിയോടും ഒരു രൂപ പോലും വാങ്ങാതെ ഭക്ഷണമടക്കം സൗജന്യമായി ഞങ്ങൾ ആ സ്ഥാപനം പൂർത്തീകരിച്ചു. 18000 സ്ക്വയർ ഫീറ്റുള്ള അതിന്റെ ബിൽഡിംഗ് പണി പൂർത്തിയാക്കാൻ നാലുകോടിയോളം രൂപ ചെലവായി. ഒരു നയാപൈസപോലും സർക്കാരിന്റെ സഹായമില്ല. ഈ പാവപ്പെട്ട വെയിൽ കൊള്ളുന്ന പ്രവാസികൾ നൽകിയ ദാനമാണ്, ഈ നാടിനുവേണ്ടി, രാഷ്ട്ര നിർമ്മാണത്തിനുവേണ്ടി പണിയെടുക്കാൻ സന്നദ്ധരായിട്ടുള്ള ചെറുപ്പക്കാരെ വാർത്തെടുക്കുന്ന ഒരു സ്ഥാപനമുണ്ടാക്കിയത്. ഞാൻ എന്റെ വ്യക്തിപരമായ അനുഭവത്തിൽ നിന്നും പറയുകയാണ്, ഞങ്ങളെ സഹായിച്ചത് വലിയ പണക്കാരോ, കോടീശ്വരൻമാരോ അല്ല. സാധാരണക്കാരയ മനുഷ്യരാണ്

ഞങ്ങളെ സഹായിച്ചത്. അവർ മനസ്സിലാക്കുന്നു ഈ രാജ്യം നിലനിൽക്കണമെന്ന്, ഈ സംസ്ഥാനം നിലനിൽക്കണമെന്ന്, ഇതിന്റെ ഇക്കോണമി നിലനിൽക്കണമെന്ന്, ഈ രാഷ്ട്ര നിർമ്മാണം നടക്കണമെന്ന്, അതിൽ അവരുടെ മക്കൾ പങ്കാളികളാകണമെന്ന്, ഈ നാട് അഭിമാനത്തോടെ മുന്നോട്ട് പോകണമെന്ന്. അതുകൊണ്ടാണ് അവർ കയ്യയച്ചു സഹായിക്കുന്നത്. ഞങ്ങൾ പ്രവാസിയോഗങ്ങളിൽ പോകുമ്പോൾ കാണുന്ന കാഴ്ചയുണ്ട്, ആ കാഴ്ചയെന്താണ്? പാവങ്ങളുടെ കഷ്ടപ്പാടിന്റെ കണ്ണീരിന്റെ കഥയിൽ നിന്ന് അവർ അവരുടെ വീട്ടിലേക്ക് അയയ്ക്കേണ്ട പണം, അവർ അവനവനുവേണ്ടിയല്ലാതെ, രക്തസാക്ഷികളെക്കുറിച്ചുള്ള കവിതപോലെ, അവനവനുവേണ്ടിയല്ലാതെ, അപരനുവേണ്ടി നീക്കിവയ്ക്കുകയാണ്, ഇതാർക്കു കഴിയും? ഈ പ്രവാസി സമൂഹത്തിനോട് നമ്മൾ എന്താണ് അവർക്കു നൽകിയ സ്വപ്നം? നമ്മൾ ഡ്രീം കേരളയെക്കുറിച്ച് പറഞ്ഞു, 2018-ൽ തുടങ്ങിയ ലോക കേരള സഭ എന്താണ് നേടിയത്? അതിന്റെ ഓഡിറ്റിംഗ് എന്താണ്? ഒരു ചോദ്യം ഈ സഭയിൽ ഉന്നയിക്കപ്പെട്ടു, 06-07-2022 -ന് ശ്രീ. പി. കെ. ബഷീർ എം.എൽ.എ. ലോക കേരള സഭ നാളിതുവരെയായി എത്ര തവണ കൂടിയെന്നും; ആ ലോക

കേരള സഭയിൽ എന്ത് നിർദ്ദേശമാണ് നടപ്പിലായതെന്നുമൊരു ചോദ്യം ഉന്നയിച്ചിരുന്നു. ആ ചോദ്യത്തിന് ഇതുവരേയും വ്യക്തമായ മറുപടി കൊടുക്കാൻ സാധിച്ചിട്ടില്ല. എന്തു സങ്കടകരമാണ്, എത്ര പ്രോജക്ടുകൾ, അവതരിപ്പിക്കപ്പെട്ട പ്രോജക്ടുകളെക്കുറിച്ച് നമ്മൾ കേൾക്കുമ്പോൾ ഞെട്ടിപ്പോകും. അവസാനം ഈ പ്രവാസിക്ക് എന്താണ് കൊടുക്കുന്നത്? അവിടെപ്പോയി മലയാളിയുടെ ശബ്ദം ഉയർത്തിക്കാണിക്കുന്നൊരു പത്രം കൊണ്ടുവന്നപ്പോൾ, ആ പത്രം പൂട്ടിക്കാൻ ഒരു മുൻമന്ത്രി പോയ നാടാണ് ഇതെന്നത് എത്ര നാണക്കേടാണ്. അത്തരത്തിലാണ് നമ്മൾ പ്രവാസികൾക്ക് മറുപടി നൽകികൊണ്ടിരിക്കുന്നത്. അത്തരത്തിലാണ് നമ്മൾ പ്രവാസികൾക്ക് പിൻതുണ പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നത്. ലോക കേരള സഭയുടെ പ്രവർത്തനങ്ങൾ, ഒന്നും രണ്ടും സഭയുടെ നിർദ്ദേശങ്ങളൊന്നും ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല. രണ്ട് ലോക കേരള സഭകൾ കൂടി. ഒന്ന് ദുബായിലായിരുന്നു, മറ്റൊന്ന് കേരളത്തിലായിരുന്നു, അതിനുവേണ്ടി ചെലവഴിച്ച പണം എത്രയാണെന്ന് കണക്കുകൾ നമുക്ക് പരിശോധിക്കാം, ദീർഘമാകുന്നതുകൊണ്ട് ഞാൻ അതിലേക്ക് പോകുന്നില്ല. മൂന്നാം ലോക കേരള സഭ ഇവിടെ ചേരുമ്പോൾ ആ രണ്ട് ലോക കേരള

സഭകളും നടപ്പിലാക്കാതെ പോയ പദ്ധതികളെക്കുറിച്ചെങ്കിലും ഒരു പോസ്റ്റുമോർട്ടം നടത്തേണ്ടിയിരുന്നു, അത് ഉണ്ടായില്ല. മടങ്ങിവരുന്ന പ്രവാസികൾക്ക് അവരുടേതായ നിരവധി സ്കില്ലുകൾ ഉണ്ട്, ആ സ്കില്ലുകൾ നമുക്ക് ഉപയോഗപ്പെടുത്താൻ സാധിക്കണം. അവയെ സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് ഉപയോഗപ്പെടുത്തുന്നത് എങ്ങനെയാണെന്ന് നാം ആലോചിക്കണം. സാധാരണക്കാരയ പ്രവാസികൾക്ക് ഇവിടെ സംരംഭം തുടങ്ങാൻ വന്നാൽ അവരുടെ അവസ്ഥ എന്താണെന്ന് നമുക്കെല്ലാപേർക്കും അറിയാം. ഒരു മുഴം കയറിൽ അവസാനിക്കുകയാണ് അവരുടെ സ്വപ്നങ്ങളെല്ലാം. അത്തരത്തിലാണ് നമ്മൾ ഡീൽ ചെയ്യുന്നത്. എനിക്ക് ഒരു നിർദ്ദേശമായി ഇവിടെ പറയാനുള്ളത് പ്രവാസികൾക്കെങ്കിലും ഒരു ഏകചാലക സംവിധാനത്തിലൂടെ അവർക്ക് സംരംഭങ്ങൾ തുടങ്ങാനുള്ള സംവിധാനമുണ്ടാക്കണം. ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി, വ്യവസായത്തിന്റെയുംകൂടി മന്ത്രിയായതുകൊണ്ടാണ് ഞാൻ അദ്ദേഹത്തെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നത്. നമ്മൾ ഏകജാലകത്തെക്കുറിച്ച് വിശദമായി സംസാരിക്കാറുണ്ട്, പക്ഷെ ഏകജാലകങ്ങളൊന്നും സാധ്യമാകുന്നില്ല. ഒരു വീടുണ്ടാക്കാൻവേണ്ടി ഒരു മാസത്തെ ലീവിന് വരുന്ന

ഒരു പ്രവാസിയുടെ കഥയെന്താണ്? അയാളുടെ സ്ഥിതിയെന്താണ്? ഒരു മാസത്തെ ലീവിന് വന്ന് അയാൾക്ക് വീടിന്റെ കുറ്റിയടിച്ചുപോകണമെന്നായിരിക്കും ആഗ്രഹം. പക്ഷെ അതിന് പെർമിറ്റ് കിട്ടണ്ടേ? എവിടെ നിന്ന് പെർമിറ്റ് കിട്ടാനാണ്, എന്തൊരു സ്ഥിതിയാണ് നമ്മുടെ നാട്ടിൽ? നമ്മുടെ നാടിന്റെ ഏറ്റവുംവലിയ ശാപം ഈ ചുവപ്പുനാട സമ്പ്രദായമാണ്. ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയോട് എനിക്ക് വളരെയേറെ ആദരവുണ്ട്. അദ്ദേഹം ഇവിടെ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്, അതിലേയ്ക്ക് പ്രവാസികളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ചിന്തിക്കുകയാണ്. ഞാൻ സന്തോഷത്തോടെ അതിനെ പിന്തുണയ്ക്കുന്നു, ഞങ്ങളുടെ ഭാഗത്തുനിന്നും എല്ലാ പിന്തുണയും അദ്ദേഹത്തിനുണ്ടാകും. എന്റെ നിയോജക മണ്ഡലത്തിൽ പ്രസ്തുത സംരംഭത്തിനുവേണ്ട എല്ലാ പിന്തുണയും നൽകാൻ തയ്യാറാകുമെന്ന് സാന്ദർഭികമായി അറിയിക്കുകയാണ്. പക്ഷേ ഇതിനായുള്ള നടപടികളിലെല്ലാം വളരെ വലിയ പ്രശ്നങ്ങളുണ്ടാകുകയാണ്, ഒരു സംരംഭം തുടങ്ങാനായി നമ്മൾ മുന്നിട്ടിറങ്ങുമ്പോൾ നിങ്ങൾ ഈ നിയമസഭയിൽ പറയുന്ന കാര്യങ്ങളൊന്നുമല്ല യഥാർത്ഥത്തിൽ ഉദ്യോഗസ്ഥർ

തീരുമാനിക്കുന്നത്. ഒരു സംരംഭം പൂട്ടുന്നതിന് ഏതെങ്കിലുമൊരു ഉദ്യോഗസ്ഥൻ വിചാരിച്ചാൽ മതിയാകും, അതിന്റെ വാതിൽ എന്നന്നേയ്ക്കുമായി അടയുകയാണ്. പ്രവാസികളോടെങ്കിലും, തിരിച്ചുവരുന്ന ഈ പാവങ്ങളോടെങ്കിലും ഇത്തിരി കരുണ കാണിക്കണം.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, കേരളത്തിൽ കഴിഞ്ഞ ഏപ്രിൽ മുതൽ ഈ ആഗസ്റ്റ് മാസംവരെ ഏകദേശം 45000 പുതിയ സംരംഭങ്ങൾ തുടങ്ങിയ വിവരം ബഹുമാനപ്പെട്ട അംഗം നജീബ് കാന്തപുരത്തിന് അറിയാമോ?

ശ്രീ. നജീബ് കാന്തപുരം: സർ, ശ്രീ. പി. വി. ശ്രീനിജിൻ എന്റെ വളരെയടുത്ത സുഹൃത്താണ്. 45000 സംരംഭങ്ങൾ തുടങ്ങിയത് കടലാസിലാണ്. അവയെല്ലാം യാഥാർത്ഥ്യമാകണമെന്നാണ് കഴിഞ്ഞ സഭയിലും ഞാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് പറഞ്ഞത്. കടലാസിൽ ഒരു ലക്ഷം സംരംഭങ്ങൾ ഉണ്ടായതുകൊണ്ട് കാര്യമില്ല, ഭൂമിയിൽ അതുണ്ടാക്കാൻ നമുക്ക് സാധിക്കണം, അതാണ് പ്രധാനപ്പെട്ട പ്രശ്നം. അക്കാര്യം നമ്മൾ എല്ലാവരും ചേർന്ന് ചെയ്യേണ്ടതാണ്, അത് കേവലം ഭരണകക്ഷിയുടെ മാത്രം ഉത്തരവാദിത്വമല്ല. നമ്മുടെ എല്ലാവരുടെയും

നാടാണ് ഈ കേരളം എന്നതുകൊണ്ടുതന്നെ കേരളം തീർച്ചയായും വികസിക്കണം, അതിനായി എല്ലാവരും ഒരുമിച്ചുനിൽക്കേണ്ടതുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട പെരിന്തൽമണ്ണ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന അംഗം ശ്രീ. നജീബ് കാന്തപുരം വളരെ സമർത്ഥമായി പ്രവാസികളുടെ മുഴുവൻ വേദനകളും ഒപ്പിയെടുത്തുകൊണ്ട് സംസാരിക്കുകയാണ്, അതിനിടയിൽ സംരംഭങ്ങളെക്കുറിച്ച് അദ്ദേഹം പറഞ്ഞു. ഞാൻ പറയാൻപോകുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. നമ്മുടെ വ്യവസായ വകുപ്പും വകുപ്പുമന്ത്രിയും 'ഇസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ' എന്നത് നിയമമാക്കി മുന്നോട്ടുപോകുകയാണെങ്കിലും കേരളത്തിൽ ഒരു സംരംഭം തുടങ്ങിക്കഴിഞ്ഞാൽ ആ കേന്ദ്രത്തിലേയ്ക്ക് നാലാളുടെ ഒരു മാർച്ചും കൂടാതെ ഇതുസംബന്ധിച്ച് ഒരു പോലീസ് സ്റ്റേഷൻ മാർച്ചും ആരെങ്കിലും നടത്തിക്കഴിഞ്ഞാൽ, എല്ലാ നിയമപരമായ കാര്യങ്ങളും ചെയ്ത് ലൈസൻസ് സമ്പാദിച്ച് പ്രവർത്തനം തുടങ്ങിയ പ്രസ്തുത സംരംഭങ്ങളെ പൂട്ടുന്നതിനാണ് ഈ പറഞ്ഞ സർക്കാരിന്റെതന്നെ ഉദ്യോഗസ്ഥർ മുന്നോട്ടുവരുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. നജീബ് കാന്തപുരം: സർ, ബഹുമാന്യനായ അംഗം ടി. വി. ഇബ്രാഹിം പറഞ്ഞ കാര്യം തികച്ചും വസ്തുതയാണ്. ഏതുകാലത്ത് ഇതിനൊക്കെ പരിഹാരമുണ്ടാക്കാൻ കഴിയും; എത്രയെത്ര സ്ഥാപനങ്ങളാണ് ഇങ്ങനെ അടച്ചുപൂട്ടിയത്? ഒരു കൊടി പിടിച്ചാൽ, ഒരു മാർച്ച് നടത്തിയാൽ ആ സ്ഥാപനങ്ങൾ അടഞ്ഞുപോകും. എന്നും ഇതുപോലെതന്നെ ആയിക്കൊണ്ടിരിക്കാൻ നമുക്ക് പറ്റുമോ; അത്തരം ഒരു സംസ്കാരത്തിൽനിന്നും മോചനം നേടാത്തിടത്തോളം കാലം ആരെയാണ്, ഏത് സംരംഭകരെയാണ് നമുക്ക് കേരളത്തിലേയ്ക്ക് ആകർഷിക്കാൻ കഴിയുക? ഞാൻ എന്റെ വിഷയത്തിലേയ്ക്ക് തിരിച്ചുവരികയാണ്, ഗൾഫ് രാജ്യങ്ങളിലെ KMCC (Kerala Muslim Cultural Centre)-യുടെ പ്രവർത്തനങ്ങളെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാം, അക്കാര്യം എനിക്കിവിടെ പറയാതിരിക്കാൻ കഴിയില്ല. കോവിഡ് മഹാമാരിക്കാലത്ത് അവർ നടത്തിയിട്ടുള്ള അത്യന്തം ത്യാഗപൂർണ്ണമായ പ്രവർത്തനമുണ്ട്, അവർ അവരുടെ സ്വന്തം ജീവിതകാര്യങ്ങൾ മാറ്റിവച്ചുകൊണ്ട് കോവിഡ് പിടിപെട്ട സ്ഥലങ്ങളിലേയ്ക്ക് ഭക്ഷണവും വെള്ളവും എത്തിക്കുകയെന്ന പ്രവൃത്തിമാത്രമല്ല ചെയ്തത്, കോവിഡ് രോഗികൾക്കാവശ്യമായ എല്ലാകാര്യങ്ങളും അവർ ചെയ്തുകൊടുത്തു.

നിങ്ങൾ മനസിലാക്കേണ്ട ഒരു കാര്യമുണ്ട്, ഈ ചുമതലകളെല്ലാം നിർവ്വഹിക്കേണ്ട നോർക്ക എവിടെയായിരുന്നു; നമ്മുടെ സംവിധാനങ്ങൾ എവിടെയായിരുന്നു? കുറച്ച് നാളുകൾക്കുമുമ്പ് റഷ്യ - ഉക്രൈൻ യുദ്ധം നടന്നപ്പോൾ ആ യുദ്ധത്തിനിടയിൽ എന്തെല്ലാം കഷ്ടപ്പാടുകളാണ് നമ്മുടെ വിദ്യാർത്ഥികൾക്കുണ്ടായത്. അവരെ സഹായിക്കാനായി 2 കോടി രൂപ നമ്മുടെ ബഡ്ജറ്റിൽ മാറ്റിവച്ച കാര്യം ശ്രീ. എ. എൻ. ഷംസീറിന് അറിയാമല്ലോ? അങ്ങനെ മാറ്റിവച്ച തുക ചെലവഴിച്ചത് ഏത് കാര്യത്തിനാണ് എന്നെങ്കിലും നിങ്ങൾ പറയാൻ തയ്യാറാകണം. നമ്മുടെ നാട്ടിൽ ഇപ്പോൾ ഒരു 'ബ്രെയ്ൻ ഡ്രെയ്ൻ' ഉണ്ടാകുകയാണ്. നമ്മുടെ നാട്ടിലെ മികച്ച കുട്ടികളെല്ലാം വിദേശങ്ങളിലേയ്ക്ക് ചേക്കേറുകയാണ്. നമ്മൾ ഇപ്പോൾ സംസാരിക്കുന്നത് നോളഡ്ജ് ഇക്കോണമിയെക്കുറിച്ചാണ്, നമ്മൾ അഭിമാനത്തോടെ പറയുന്നത് കേരളം ഒരു നോളഡ്ജ് ഇക്കോണമിയിലേയ്ക്ക് പോകുന്നുവെന്നാണ്. നമ്മുടെ നാടിന് ലഭിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട നോളഡ്ജ് ഇക്കോണമിക്ക് കരുത്താകേണ്ട കുട്ടികൾ മുഴുവനും കടൽ കടന്ന് പോകുന്നത് എന്തുകൊണ്ടാണ്?

ശ്രീ. എ. എൻ. ഷംസീർ: സർ, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പുതിയ നോളഡ്ജ് ഇക്കോണമി നയത്തിന്റെ ഭാഗമായി കേരളം 'ബ്രെയ്ൻ ഗെയ്നിലേയ്ക്ക് ' പോകകയാണെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. നജീബ് കാന്തപുരം: സർ, ശ്രീ. എ. എൻ. ഷംസീറിനോട് ഞാൻ പറഞ്ഞത് ബ്രെയ്ൻ ഡ്രെയ്ൻ സംഭവിക്കുന്നതിനെക്കുറിച്ചാണ്. അത് നമ്മുടെ യൂണിവേഴ്സിറ്റികളിൽ വരുമോയെന്ന് നോക്കാം. ഇവിടെ എന്തെല്ലാം മാറ്റങ്ങളുണ്ടാകുമെന്നും അതിനുശേഷം ബ്രെയ്ൻ ഗെയ്ൻ ഉണ്ടോയെന്നും നോക്കാം. ഇപ്പോൾ യഥാർത്ഥത്തിൽ നടക്കുന്നത് 'ബ്രെയ്ൻ ഡ്രെയ്ൻ' തന്നെയാണ്, 'ബ്രെയ്ൻ ഗെയ്ൻ' വരട്ടേയെന്ന് നമുക്ക് ആശംസിക്കാം. ഗൾഫ് രാജ്യങ്ങളെക്കുറിച്ചും പ്രത്യേകമായി പ്രവാസത്തെക്കുറിച്ചുമെല്ലാം നാം പറയുമ്പോൾ പ്രവാസത്തിന്റെ വാതിലടയുന്നുവെന്ന് നാം ആവർത്തിച്ച് പറയാറുണ്ട്. അപ്പോഴും പുതിയ പുതിയ അവസരങ്ങൾ തുറക്കപ്പെടുകയും മലയാളി പിന്നെയും പിന്നെയും പ്രവാസത്തിന്റെ പിറകേ യാത്രതിരിക്കുകയും ചെയ്യുന്നത് നമ്മുടെയെല്ലാം അനുഭവമാണ്. ആ അനുഭവത്തിന്റെ വെളിച്ചത്തിൽ നിന്നുകൊണ്ട് നാം പഠിക്കേണ്ട വലിയ പാഠമുണ്ട്.

കേരളത്തിലെ ഭൂപരിഷ്കരണത്തെക്കുറിച്ചും വലിയ സാമൂഹ്യമാറ്റത്തിന് അത് നിദാനമായതിനെക്കുറിച്ചും നാം അഭിമാനത്തോടെ പറയാറുണ്ട്. ഭൂപരിഷ്കരണംപോലെ നമ്മുടെ സാമൂഹ്യജീവിതത്തെ ഏറ്റവും ശക്തമായി മാറ്റിമറിച്ച ഒന്നാണ് പ്രവാസമെന്നുകൂടി എഴുതിച്ചേർക്കേണ്ടതുണ്ടെന്ന് ഞാൻ മനസിലാക്കുന്നു. പക്ഷേ ഇന്ന് അവരുടെ കുട്ടികളുടെ സ്ഥിതിയെന്താണ്? കോവിഡ് കാരണം വരുമാനമില്ലാത്തതിനാൽ ഈ സന്ദർഭത്തിൽ ഒട്ടനവധി കുട്ടികളെ അവിടെ സ്കൂളിൽ ചേർക്കാൻ കഴിയാതെ പ്രവാസികൾ തിരിച്ചുവരികയാണ്. നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തിനകത്ത് ആ കുട്ടികൾക്ക് പ്രവേശനം നൽകുന്നതിന് പ്രത്യേകമായ ഒരു പരിഗണന കൊടുക്കാൻ നിങ്ങൾക്ക് സാധിക്കുമോ? ആ കാര്യത്തെക്കുറിച്ച് നിങ്ങൾ ആലോചിക്കണം. നോർക്കയുടെ കീഴിൽ മറ്റെന്തെങ്കിലും സംരംഭങ്ങൾ പുതിയതായി തുടങ്ങണം. പ്രവാസി പെൻഷനുകളെക്കുറിച്ചും ക്ഷേമനിധി ബോർഡിനെക്കുറിച്ചും ഇവിടെ പറഞ്ഞിരുന്നു,

<u>മി. ചെയർമാൻ</u>: പ്രസംഗം ചുരുക്കണം....

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, പ്രവാസി ക്ഷേമനിധി ബോർഡിലെ നിയമനങ്ങളെല്ലാം പി.എസ്.സി.-ക്ക് വിടുകയാണ്, അങ്ങനെ ചെയ്യുമ്പോൾ

നമ്മൾ ആലോചിക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്, പ്രവാസികൾക്കുവേണ്ടി സർക്കാർ ഇങ്ങനെയൊക്കെയുള്ള സംവിധാനങ്ങളെയും ഉദ്യോഗസ്ഥരെയും ഏർപ്പെടുത്തുമ്പോൾ ഉദ്യോഗസ്ഥർക്ക് ശമ്പളംവാങ്ങാൻ മാത്രമുള്ള ഒരു ഏർപ്പാടായി നോർക്ക മാറരുത്. അതിനുപകരം, നോർക്ക തീർച്ചയായും റൂട്ട്സുള്ള, വേരുള്ള ഒരു സ്ഥാപനമായി മാറണം, അങ്ങനെ സാധിക്കണം. പ്രവാസികളെക്കുറിച്ച് ഒട്ടനവധി കാര്യങ്ങൾ പറയാനുണ്ട്...

മി. ചെയർമാൻ: പ്രസംഗം ചുരുക്കണം....

ശ്രീമതി ശാന്തകുമാരി കെ.: സർ, പ്രവാസികളെക്കുറിച്ച് വല്ലാത്ത രീതിയിൽ വിസ്തരിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സംസാരിക്കുന്നത്. ഏതാനും മാസങ്ങൾക്കുമുമ്പാണ് ലോക കേരളസഭ നമ്മുടെ നിയമസഭയിൽവച്ച് നടന്നത്. താങ്കളുൾപ്പെടെയുള്ള പ്രതിപക്ഷ അംഗങ്ങളുടെ അസാന്നിദ്ധ്യം വലിയ രൂപത്തിൽ ലോക കേരളസഭ ചർച്ചചെയ്തിരുന്നു. പ്രവാസി വിഷയങ്ങളിൽ ഇത്രയേറെ താത്പര്യമുള്ള താങ്കളെപ്പോലുള്ള ആളുകൾ എന്തുകൊണ്ടാണ് ആ സമ്മേളനത്തിൽ

പങ്കെടുക്കാതിരുന്നത് എന്നതിനെക്കുറിച്ചുള്ള ചെറിയ ചിന്തയെങ്കിലും അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രീ. നജീബ് കാന്തപുരം: സർ, ശ്രീമതി ശാന്തകുമാരി കെ. പറഞ്ഞതിനുള്ള വളരെ കൃത്യമായ ഉത്തരം ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. രണ്ട് ലോക കേരളസഭകളും വളരെ വ്യർത്ഥമായ വാഗ്ദാനങ്ങളിൽമാത്രം ഒതുങ്ങുകയും ഒരുനിലയ്ക്കും തുടർപ്രവർത്തനങ്ങൾ നടത്താത്തതുകൊണ്ടുമാണ് ഞങ്ങൾ അങ്ങനെയൊരു തീരുമാനത്തിലേയ്ക്ക് വന്നത്. നിങ്ങൾ അവിടെയെടുത്ത തീരുമാനങ്ങൾ നടപ്പിലാക്കിയാൽ അടുത്ത ലോക കേരളസഭയിൽ നമുക്ക് ഒരുമിച്ച് പങ്കെടുക്കാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വോട്ടവകാശമെന്നത് പ്രവാസികൾ ഏറെക്കാലമായി മുറവിളികൂട്ടുന്ന ഒരാവശ്യമാണെന്നതും ആ കാര്യത്തിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ അനുവർത്തിക്കുന്ന അമാന്തനയവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. നജീബ് കാന്തപുരം: സർ, ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ പറഞ്ഞിട്ടുള്ളത് വളരെ പ്രധാനപ്പെട്ട ഒരു പോയിന്റാണ്. യഥാർത്ഥത്തിൽ നമ്മുടെ നിയമസഭ സന്നദ്ധമാകേണ്ടത് അത്തരത്തിലുള്ള ഒരു

നിയമനിർമ്മാണത്തിനാണ്. പാർലമെന്റിനകത്തേയ്ക്ക് ഏറ്റവും ശക്തമായി എത്തിപ്പെടേണ്ട ശബ്ദവും അതുതന്നെയാണ്.

മി. ചെയർമാൻ: പ്രസംഗം നിർത്തണം....ഇപ്പോൾത്തന്നെ 23 മിനിട്ടായി.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ അവസാനിപ്പിക്കുകയാണ്, നമ്മുടെ ഭരണഘടനയനുസരിച്ച് നമ്മുടെ രാജ്യത്തെ പൗരനെന്നനിലയിൽ ഒരു വ്യക്തിക്ക് കിട്ടേണ്ട ഏറ്റവും വലിയ അവകാശമാണ് വോട്ടവകാശം. ആ വോട്ടവകാശത്തിൽനിന്നുപോലും അവരെ തഴയുകയാണ്. അവരുടെ മൃതദേഹങ്ങളോടുപോലും ആദരവ് കാണിക്കാത്ത സാഹചര്യമാണുള്ളത്. അതെല്ലാം തീർച്ചയായും മനസ്സിലാക്കണമെന്നുമാത്രം ഓർമ്മിപ്പിച്ചുകൊണ്ട് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനായുള്ള ഈ ബിൽ കുറച്ചുകൂടി കാര്യപ്രസക്തമാക്കണമെന്ന വിയോജിപ്പ് രേഖപ്പെടുത്തി ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. മുകേഷ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. സി. എച്ച്. കുഞ്ഞമ്പു): സർ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച

കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന '2 ബി ' ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1970-ലെ പി.എസ്.സി. ആക്ടിൽ കേരള പ്രവാസി ക്ഷേമനിധി ബോർഡ് ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രസ്തുത ആക്ടിന്റെ പരിധിയിൽ ബോർഡിനെ ഉൾപ്പെടുത്തുന്നതിനായി ആക്ടിൽ ഭേദഗതി വരുത്തുന്നതാണ് ഈ നിയമം. പ്രവാസികൾ കേരളീയ സമൂഹത്തിന്റെ സാമ്പത്തിക-സാമൂഹിക ജീവിതത്തിൽ വമ്പിച്ച മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. മാനവരാശിയുടെ വികാസത്തിന്റെ ചരിത്രത്തിൽ കുടിയേറ്റത്തിന് സംഭവബഹുലമായ ഒട്ടേറെ ഏടുകൾ രചിക്കപ്പെട്ടിട്ടുണ്ട്. അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ എണ്ണത്തിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്നത് ഇന്ത്യയാണ്. 18 ദശലക്ഷം ഇന്ത്യക്കാർ വിവിധ രാജ്യങ്ങളിൽ അധിവസിക്കുന്നുണ്ട്. ഇതിൽത്തന്നെ ഏകദേശം രണ്ട് ലക്ഷത്തിലധികം മലയാളികളാണുള്ളത്. ലോകത്തിലാകെ മലയാളികളുടെ ഹൃദയഭൂമിയായി കണക്കാക്കുന്നത് ഗൾഫ് നാടുകളാണ്. അറബികളും കേരളവും തമ്മിലുള്ള വാണിജ്യബന്ധത്തിന് നൂറ്റാണ്ടുകളുടെ ചരിത്രമുണ്ടെന്ന കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. കേരളത്തിലെ സുഗന്ധവ്യഞ്ജനങ്ങൾ

അറബികളെ വല്ലാതെ ആകർഷിക്കുകയുണ്ടായി. അവർ കപ്പൽമാർഗ്ഗം ഇങ്ങോട്ടുവന്ന് കച്ചവടം ആരംഭിച്ചതുമുതൽ അങ്ങോട്ടും ഇങ്ങോട്ടുമുള്ള പ്രവാസ ജീവിതം എത്രയോ നൂറ്റാണ്ടുകളായി തുടർന്നുകൊണ്ടിരിക്കുകയാണ്. ഇന്ത്യൻ സമ്പദ് വ്യവസ്ഥയ്ക്ക് വലിയ സംഭാവനയാണ് ഈ പ്രവാസികൾ നൽകിയത്. എന്നാൽ കേന്ദ്ര സർക്കാർ പ്രവാസികൾക്കുവേണ്ടി ഒന്നും ചെയ്യുന്നതായി കാണുന്നില്ല. നമ്മുടെ രാജ്യത്തേയ്ക്ക് വിദേശപണം ഇത്രയേറെ അയയ്ക്കുന്ന പ്രവാസികൾക്കുവേണ്ടി ക്ഷേമപദ്ധതിയോ സഹായമോ കേന്ദ്ര സർക്കാർ ചെയ്യുന്നില്ലെന്നുള്ളതാണ് ഇതുവരെയുള്ള അനുഭവം. ഈയടുത്ത കാലത്തുണ്ടായൊരു അനുഭവം, വിമാന ടിക്കറ്റ് ചാർജ്ജ് ഇടയ്ക്കിടയ്ക്ക് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ചില പ്രത്യേക സീസണുകളിൽ ടിക്കറ്റിന്റെ നിരക്ക് ഇരട്ടിയിലേറെ വർദ്ധിപ്പിക്കുന്നുണ്ട്. ഇന്ത്യാ ഗവൺമെന്റ് കാഴ്ച്ചക്കാരനായി നിൽക്കുകയാണ്. ഒരിക്കലും അതിലിടപെട്ട് പ്രശ്നം പരിഹരിക്കാനോ പ്രവാസികളെ സഹായിക്കാനോ തയ്യാറാകുന്നില്ല. അതുകൊണ്ടുതന്നെ ചില പ്രവാസി കുടുംബങ്ങൾ നാട്ടിൽ വരാൻ പുറപ്പെടുമ്പോൾ അവരുടെ കയ്യിലുള്ള ബഡ്ജറ്റ് കണക്കുകൂട്ടലുകൾ തെറ്റിപ്പോകുന്നു. കാരണം കുടുംബസമേതം നാട്ടിൽ വരണമെങ്കിൽ

വലിയൊരു തുകയാണ് കൊടുക്കേണ്ടിവരുന്നത്. നമ്മുടെ പ്രവാസികൾ അനുഭവിക്കുന്ന ചില പ്രധാനപ്പെട്ട പ്രശ്നങ്ങൾ മന്ത്രിമാരുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽകൊണ്ടുവരേണ്ടതുണ്ട്. ഉദാഹരണത്തിന്, കേരളത്തിനുപുറത്തുള്ള എന്നാൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസികളുടെ ചില പ്രശ്നങ്ങളിൽ അടിയന്തരമായി അവരെ സഹായിക്കേണ്ടതുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ ജനിക്കുന്ന കുട്ടികൾക്ക് അവിടെ ജാതി സർട്ടിഫിക്കറ്റ് കിട്ടുന്നില്ല. അവർ ഏതെങ്കിലും ഘട്ടത്തിൽ തിരികെ കേരളത്തിലേയ്ക്ക് വന്നാൽ ഇവിടെനിന്നും അവർക്ക് ജാതി സർട്ടിഫിക്കറ്റ് കൊടുക്കാൻ കഴിയുന്നില്ല. അവർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നു, സംവരണാനുകൂല്യങ്ങൾ നഷ്ടപ്പെടുന്നു, അവർ ഏത് ജാതിയിൽപ്പെട്ടവരാണെന്നുള്ള സർട്ടിഫിക്കറ്റ് കിട്ടാത്തതുകൊണ്ട് ഒട്ടേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. കേരളത്തിന് പുറത്തുപോയാൽ, തമിഴ്നാട്, കർണ്ണാടക എന്നിങ്ങനെ കേരളത്തിന് പുറത്ത് ജനിച്ചുപോയാൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതുകൊണ്ട് അവരെ സഹായിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇതുപോലെതന്നെ കേരളത്തിനുപുറത്തുള്ള പ്രവാസി മലയാളികൾ മരണപ്പെട്ടാൽ അവരുടെ

ബോഡി ഇങ്ങോട്ടുകൊണ്ടുവരാൻ കഴിയാത്ത സാഹചര്യം വന്നുപോയാൽ അവിടെയാണ് സംസ്കരിക്കേണ്ടത്. പല സംസ്ഥാനങ്ങളിലും ശ്മശാനം എന്നത് പ്രത്യേക ജാതിയുടേതായിരിക്കും. അപ്പോൾ ആ ശ്മശാനത്തൊന്നും ബോഡിവയ്ക്കാൻ അനുവദിക്കില്ല. അടുത്തകാലത്ത് വന്നൊരു വാർത്ത ഒരു മൃതശരീരം കാട്ടിൽ സംസ്കരിച്ചുവെന്നതാണ്. അത് പ്രവാസി ജീവിതത്തിലുണ്ടാക്കുന്ന ദു:ഖം വളരെ വലുതാണ്. ഇത്തരം കാര്യങ്ങളിൽ സർക്കാർ ഇടപെടേണ്ടതുണ്ടെന്നാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. സംസ്ഥാനത്തിനുപുറത്ത്, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഒരു പ്രവാസിയായ മലയാളി മരണപ്പെട്ട് ഡെഡ്ബോഡി നാട്ടിലെത്തിക്കണമെങ്കിൽ പതിനയ്യായിരം രൂപയാണ് കൊടുക്കുന്നത്. അത് പലപ്പോഴും മതിയാകുന്നില്ല. അവർക്ക് തുക വർദ്ധിപ്പിച്ചുകൊടുക്കാനുള്ള ഒരു നിലയുണ്ടാകണം. ഇതുപോലെ വിദേശത്ത് പഠിക്കാൻപോകുന്ന വിദ്യാർത്ഥികൾക്കും പ്രശ്നങ്ങളുണ്ട്. പ്രവാസികളുടെ മക്കൾ അവിടെ മലയാളം പഠിക്കാത്തതുകൊണ്ട് അവർക്കിവിടെ പി.എസ്.സി. പരീക്ഷ എഴുതാൻ പറ്റാത്ത സ്ഥിതിയാണുള്ളത്. ഒന്നുകിൽ അവർക്ക് മലയാളം ഭാഷയില്ലെങ്കിലും  പി.എസ്.സി. പരീക്ഷ എഴുതാനുള്ള അവസരമുണ്ടാക്കണം

അതല്ലെങ്കിൽ മലയാളം പഠിപ്പിക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം. ആധുനിക കേരളം പടുത്തുയർത്തുന്നതിൽ ഗൾഫ് പണത്തിന്റെ സ്വാധീനം വളരെ വലുതാണെന്ന് എല്ലാവർക്കുമറിയാം. നമ്മുടെ ഇന്നത്തെ കേരളീയ സമൂഹത്തിൽ കാർഷിക പരിഷ്കരണം, വിദ്യാഭ്യാസ പരിഷ്കരണം, സാമൂഹ്യ നീതി എന്നിവ ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതിന്റെയെല്ലാം കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് വിദേശത്ത് നിന്നുവരുന്ന പണം. ഒരുവർഷം മിനിമം ഒന്നേകാൽ ലക്ഷം കോടി രൂപയെങ്കിലും ബാങ്കുവഴി ഇങ്ങോട്ടുവരുന്നുണ്ട്. ഹവാലപണമല്ല, അതുവരുന്നതിന് വേറെ വഴിയുണ്ടാകാം. അതിന്റെ കണക്കൊന്നും എടുക്കുന്നില്ലല്ലോ; ഒരുവർഷം ഒന്നേകാൽ ലക്ഷം കോടി രൂപയാണ് ബാങ്കുവഴി കേരളത്തിലെത്തുന്നത്. ഇത് കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ 30 ശതമാനത്തോളംവരും. രണ്ട് ദശലക്ഷത്തിലധികംവരുന്ന കുടിയേറ്റക്കാരുള്ള കേരളത്തിൽ ഒട്ടേറെ ക്ഷേമപദ്ധതികൾ കേരള സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 1999-ൽ സഖാവ് ഇ. കെ. നായനാർ കേരളത്തിൽ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് പ്രവാസി വകുപ്പ് നോർക്ക ആരംഭിക്കുന്നത്. നോർക്കയുടെ ഫീൽഡ് ഏജൻസിയായിട്ടാണ് 2002-ൽ നോർക്ക റൂട്ട്സ് ആരംഭിക്കുന്നത്. നോർക്ക

റൂട്ട്സും ഒട്ടേറെ പദ്ധതികൾ പ്രവാസികൾക്കുവേണ്ടി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും നന്നായി പ്രവാസികളെ സഹായിച്ചത് ഒന്നാം പിണറായി സർക്കാരാണ്. പ്രത്യേകിച്ച് കോവിഡുകാലത്ത് പ്രവാസികളെ ചേർത്തുപിടിച്ച് അവർക്കാവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിന് ഒന്നാം പിണറായി സർക്കാർ നല്ല തോതിലിടപ്പെട്ടു. നേരത്തെ ബഹുമാനപ്പെട്ട ശ്രീ. നജീബ് കാന്തപുരം പറഞ്ഞതുപോലെയല്ല കാര്യങ്ങൾ. കോവിഡുകാലത്ത് പ്രവാസികളെ നാട്ടിലെത്തിക്കുന്നതിനുവേണ്ടി അക്ഷീണം പരിശ്രമിച്ച സർക്കാരാണ് കേരളത്തിലെ എൽ.ഡി.എഫ്. നമുക്കറിയാം, അന്ന് ലോക്ഡൗൺ ചെയ്തപ്പോൾ ആർക്കും ഒരിടത്തേയ്ക്കും സഞ്ചരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. വിമാനമാർഗ്ഗം നിലച്ച, പിന്നീട് വിമാനം സർവ്വീസ് ആരംഭിക്കാൻ തുടങ്ങിയ അന്നുമുതൽ വിദേശത്തുള്ള പ്രവാസികളെ എത്തിക്കുന്നതിനുവേണ്ടി കൃത്യമായി ശാസ്ത്രീയമായി ഇടപെട്ട് ഘട്ടംഘട്ടമായി മുഴവൻ ആളുകളെയും നാട്ടിലേയ്ക്ക് എത്തിക്കുന്ന പ്രവർത്തനം നടത്തിയത് വളരെ ശ്ലാഘനീയമായ കാര്യമായിരുന്നുവെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അവരെ എങ്ങനെയായിരുന്നു നാട്ടിലെത്തിച്ചതെന്ന് രണ്ടുകൊല്ലം പിന്നിലേയ്ക്ക് തിരിഞ്ഞ് നോക്കിയാൽമതി. അന്ന്

പ്രവാസികൾപറഞ്ഞത് ഇത്രയും ഭംഗിയായി ആളുകളെ എത്തിക്കുന്നതിന് ശ്രമം നടത്തിയ മറ്റൊരു സംസ്ഥാനവും ഇന്ത്യയിലില്ല, കേരളമാണ് അക്കാര്യങ്ങൾ ഏറ്റവും നന്നായി ചെയ്തതെന്നാണ്. കോവിഡ് പ്രതിരോധ പ്രവർത്തനത്തിലും കേരളം മികച്ച പ്രവർത്തനമാണ് നടത്തിയതെന്ന് എല്ലാവർക്കുമറിയാം. വിവിധ രാജ്യങ്ങളിലെ പ്രവാസികളെ കേരളത്തിലേയ്ക്ക് എത്തിക്കുന്നതിന് ഇത്രയും ശരിയായ രീതിയിൽ പ്രവർത്തിച്ച് ഇടപെട്ട ഒരു സർക്കാർ കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരായിരുന്നു. അതുപോലെ ലോക കേരളസഭ എന്തുനേടിയെന്നാണ് ചോദിക്കുന്നത്; അവർക്കൊന്നുംവേണ്ട, അവർക്ക് എന്തെങ്കിലും നേടാൻ വേണ്ടിയല്ലല്ലോ ലോക കേരളസഭ രൂപീകരിച്ചത്. അവർക്ക് കേരളത്തിൽവന്ന് ഈ നിയമസഭാ മന്ദിരത്തിന്റെ അങ്കണത്തിൽവന്ന് ഒത്തുകൂടാൻകഴിഞ്ഞതുതന്നെ ജീവിതത്തിന്റെ സൗഭാഗ്യമായാണ് അവർ കാണുന്നത്. മൂന്നാം ലോക കേരളസഭയിൽ അറുപതിലേറെ രാജ്യങ്ങളിൽനിന്നാണ് പ്രതിനിധികൾ പങ്കെടുത്തത്. നേരത്തെ നടന്ന രണ്ട് ലോക കേരളസഭകളിലും അവർ പങ്കെടുത്തു. വളരെ സന്തോഷത്തോടുകൂടിയാണ് അവർ പോയത്. യു.ഡി.എഫ്. എടുത്ത നിലപാട് ശരിയാണോ; അറുപതോളം പ്രവാസികൾ

കേരളത്തിലേയ്ക്ക് വരുമ്പോൾ നിങ്ങൾ ഇവിടെനിന്നും ഒളിച്ചോടുകയാണ് ചെയ്തത്. നിങ്ങളതിൽ പങ്കെടുക്കാത്തില്ലെന്നുമാത്രമല്ല അവരെ പരിഹസിച്ചു. ആ പരിഹാസം കേട്ടപ്പോൾ...., പ്രവാസി ലോകത്ത് ഇതിഹാസം രചിച്ച മഹാമനുഷ്യനാണല്ലോ ശ്രീ. എം. എ. യൂസഫലി. അദ്ദേഹം പറഞ്ഞത് യു.ഡി.എഫ്. ഇതൊരിക്കലും ചെയ്യാൻ പാടില്ലായിരുന്നുവെന്നാണ്. അദ്ദേഹം യു.ഡി.എഫ്.-നെക്കൂടി അംഗീകരിക്കുന്ന ഒരാളാണ്. യു.ഡി.എഫ്.-ന്റെ അന്നത്തെ നിലപാട് മൂന്നാം ലോക കേരള സഭയ്ക്കെതിരായിരുന്നു. പക്ഷെ അങ്ങനെ എതിരായിരുന്നുവെങ്കിലും പ്രവാസികളെല്ലാം പങ്കെടുത്ത് ലോക കേരളസഭ നന്നായി നടന്നു. അവർ പല കാര്യങ്ങളും മുന്നോട്ടുവച്ചു, പലകാര്യങ്ങളും സർക്കാർ അംഗീകരിച്ചു, പലതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി നോർക്ക റൂട്ട്സും നോർക്കയും ഒട്ടേറെ കാര്യങ്ങൾ പ്രവാസികൾക്കുവേണ്ടി ചെയ്യുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് 'സാന്ത്വനം' പരിപാടി. പ്രവാസി കുടുംബങ്ങളിൽ ശാരീരികവും സാമ്പത്തികവുമായി അവശത അനുഭവിക്കുന്ന അവരുടെ കുടുംബാംഗങ്ങൾക്ക് ഒരു ലക്ഷം രൂപവരെ സാമ്പത്തിക സഹായം നൽകുന്നതാണ് ഈ പദ്ധതി. ചികിത്സയ്ക്കുവേണ്ടി അമ്പതിനായിരം രൂപവരെ

കൊടുക്കുന്നുണ്ട്. പെൺമക്കളുടെ വിവാഹത്തിന് പതിനയ്യായിരം രൂപവരെ നൽകുന്നുണ്ട്. അവരിൽ ആർക്കെങ്കിലും അംഗവൈകല്യം സംഭവിച്ചവരാണെങ്കിൽ അവർക്ക് ഏതെങ്കിലും ഉപകരണങ്ങൾ വാങ്ങാൻ പതിനായിരം രൂപവരെ നൽകുന്നുണ്ട്. അങ്ങനെ 'സാന്ത്വനം' പരിപാടിയിലൂടെ അവർക്ക് ധാരാളം സഹായങ്ങൾ കേരളത്തിലെ സർക്കാർ നൽകുന്നുണ്ട്. NDPREM (NORKA Department Project for Return Emigrants) എന്ന മറ്റൊരു പദ്ധതിയുണ്ട്. അവർക്ക് 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പ, അതിൽ 15 ശതമാനം സബ്സിഡിയാണ്, നാല് വർഷത്തേയ്ക്ക് 3 ശതമാനം പലിശ സബ്സിഡിയും നൽകുന്നുണ്ട്. ഇതുവഴി ധാരാളം പ്രവാസികൾക്ക് സഹായം ലഭ്യമായിട്ടുണ്ട്. 'പ്രവാസി ഭദ്രത' പദ്ധതിയെന്നത് മറ്റൊരു പദ്ധതിയാണ്. കേരളത്തിലെ സർക്കാർ പ്രവാസികൾക്ക് നൽകുന്ന സഹായങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് 'പ്രവാസി ഭദ്രത'. കോവിഡുമൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കാണ് നോർക്ക പുനരധിവാസ പദ്ധതിപ്രകാരം ഈ സഹായം നൽകുന്നത്. ആദ്യത്തേത് കുടുംബശ്രീവഴിയുള്ള സഹായമാണ്. രണ്ട് ലക്ഷം രൂപവരെ കുടുംബശ്രീവഴി സഹായം നൽകുന്നുണ്ട്. അതുപോലെതന്നെ

സഹകരണ സംഘങ്ങളും പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും കെ.എസ്.എഫ്.ഇ.-യും പോലുള്ള സ്ഥാപനങ്ങൾ 5 ലക്ഷം രൂപവരെ സഹായം നൽകുന്ന പദ്ധതിയുണ്ട്, ഇതിനെല്ലാം സബ്സിഡിയുമുണ്ട്. KSIDC പോലുള്ള സ്ഥാപനങ്ങൾ 25 ലക്ഷം രൂപ മുതൽ 2 കോടി രൂപവരെ സഹായം നൽകുന്ന പദ്ധതികളുണ്ട്. അങ്ങനെയുള്ള ചെറിയ പദ്ധതിമുതൽ വലിയപദ്ധതിവരെ കോവിഡുകാരണം അവിടെ ജോലി നഷ്ടപ്പെട്ട് കടകളടച്ച് തിരിച്ചുവന്ന പ്രവാസികൾക്ക് സഹായം ചെയ്യുന്ന പദ്ധതികളാണ് ഇതെല്ലാം. ഗ്ലോബൽ കോൺടാക്ട് സെന്ററുണ്ട്. അത് ലോകത്തെവിടെയുമുള്ള പ്രവാസികളെ കോൺടാക്ട് ചെയ്യാനുള്ള സംവിധാനമാണ്. ഇതെല്ലാം നോർക്ക റൂട്ട്സിന്റെ പദ്ധതികളാണ്. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസുണ്ട്. വിദേശ രാജ്യങ്ങളിൽവച്ച് രോഗം ബാധിച്ച് തിരിച്ചുവരുന്നവരെ വിമാനത്താവളത്തിൽനിന്ന് സൗജന്യമായി നാട്ടിലെത്തിക്കുന്നതിനും വിദേശരാജ്യത്തുവച്ച് മരണപ്പെട്ടവരുടെ ബോഡി വിമാനത്താവളത്തിൽനിന്നും സൗജന്യമായി നാട്ടിലെത്തിക്കുന്നതിനും വേണ്ടിയാണ്. കേരളത്തിലെ വിമാനത്താവളം മാത്രമല്ല മംഗലാപുരത്തും കോയമ്പത്തൂരിനും അടുത്തുള്ള രണ്ട് വിമാനത്താവളങ്ങൾവഴി

വരുന്നവർക്കുൾപ്പെടെയുള്ള സഹായമാണ് ഇതുവഴി നൽകുന്നത്. പ്രവാസികൾക്ക് നിയമസഹായമുണ്ട്; വിസ തട്ടിപ്പുൾപ്പെടെ വിവിധ കാരണങ്ങളാൽ നിരവധി പ്രവാസികൾ ജയിലിലാകുകയും നിയമ കുരുക്കിൽപ്പെട്ടുപോകുകയും ചെയ്തിട്ടുണ്ട്. അവർക്ക് മലയാളി അഭിഭാഷകരുടെ സഹായത്തോടുകൂടി നിയമസഹായം നൽകുന്നതിനായി ഇപ്പോൾ പ്രവാസി നിയമ സഹായ സെൽ രൂപീകരിച്ചിട്ടുണ്ട്. പ്രവാസി സംഘങ്ങൾക്ക് സഹായംനൽകുന്ന പദ്ധതിയുണ്ട്. പ്രവാസി സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സഹകരണ സംഘങ്ങൾക്കും പ്രവാസികൾക്കുവേണ്ടി പ്രവർത്തിക്കുന്ന സംഘങ്ങൾക്കും ആവശ്യമായ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് 20000 രൂപവരെ നൽകുന്ന നോർക്ക റൂട്ട്സിന്റെ സ്കോളർഷിപ്പ് പദ്ധതി കേരള ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കുകയും കുട്ടികൾക്ക് അത് ലഭ്യമാക്കുകയും ചെയ്യുന്നു.

Skill upgradation - തൊഴിലിന്റെ സ്കിൽ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആവശ്യമായ പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നുണ്ട്. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർവഴി കേരളത്തിൽ നിക്ഷേപം

നടത്താൻ പ്രവാസികൾക്ക് സൗകര്യങ്ങളുണ്ട്. 'Emergency repatriation' എന്ന പദ്ധതിപ്രകാരം പ്രവാസി മലയാളികൾ അവരുടെ താമസസ്ഥലത്തുനിന്നോ തൊഴിൽ സ്ഥലത്തുനിന്നോ കുറഞ്ഞ നിരക്കിലുള്ള വിമാനയാത്ര, താമസം, വിദേശത്ത് അപകടങ്ങളിൽപ്പെടുന്നവരെയും മരണപ്പെടുന്നവരെയും വിമാനത്താവളത്തിലെത്തിക്കുക തുടങ്ങി എമർജൻസിയായി ചെയ്യേണ്ട കാര്യങ്ങൾ ചെയ്തുകൊടുക്കുന്ന പദ്ധതികളും ഇപ്പോൾ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ നോർക്ക റൂട്ട്സ് വഴി  ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതെല്ലാം പ്രവാസികൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പ്രവാസികൾക്കുവേണ്ടിയൊന്നും ചെയ്യുന്നില്ല, കോവിഡ് കാലത്ത് അവരുടെ കാര്യങ്ങളൊന്നും ചെയ്തില്ലെന്ന് പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. ഇതെല്ലാം ഗവൺമെന്റ് ചെയ്തുകൊടുത്തുകൊണ്ടിരിക്കുകയാണ്. ജോബ് പോർട്ടൽ റിക്രൂട്ട്മെന്റിൽ മാതൃകാപരമായ പ്രവർത്തനമാണ് നോർക്ക റൂട്ട്സ് നടത്തിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന് അംഗീകാരമുള്ള റിക്രൂട്ട്മെന്റ് ഏജൻസിയാണ് നോർക്ക. അതുവഴി സൗദി അറേബ്യ, യു.എ.ഇ., ഒമാൻ, കുവൈറ്റ് തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലേയ്ക്കും

ജർമ്മനിയടക്കമുള്ള വിദേശരാജ്യങ്ങളിലേയ്ക്കും നഴ്സുമാർ, മെഡിക്കൽ ഓഫീസർമാർ, ടെക്നീഷ്യന്മാർ, ഗാർഹിക ജോലിക്കാർ, ഡോക്ടർമാർ തുടങ്ങിയ നിരവധി മേഖലയിലെ ഉദ്യോഗസ്ഥരെ/ജോലിക്കാരെ റിക്രൂട്ട് ചെയ്യുന്ന, വിശ്വസിച്ച് പോകാൻ കഴിയുന്ന ഔദ്യോഗിക ഏജൻസിയായി പ്രവർത്തിക്കുന്ന സംവിധാനവും നോർക്ക റൂട്ട്സ് ചെയ്യുന്നുണ്ടെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. കോവിഡ് ബാധിച്ച് വിദേശത്തോ സ്വദേശത്തോ വച്ച് മരണമടഞ്ഞ പ്രവാസി മലയാളികളുടെയും മടങ്ങിയെത്തിയ വിദേശ മലയാളികളുടെയും അവിവാഹിതരായ പെൺമക്കൾക്ക് നോർക്ക റൂട്ട്സ് ഡയറക്ടറായ ശ്രീ. രവി പിള്ളയുടെ ആർ. പി. ഗ്രൂപ്പുവഴി 25000 രൂപ സാമ്പത്തിക സഹായം നൽകുന്ന 'പ്രവാസി തണൽ പദ്ധതി' നിലവിലുണ്ട്. അതും നോർക്ക റൂട്ട്സ് വഴിയാണ് കൊടുക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ ഇതെല്ലാം നോർക്ക വഴി പ്രവാസികൾക്ക് ലഭ്യമാകുന്ന സഹായങ്ങളാണ്. ഇതിൽ പ്രധാനപ്പെട്ട മറ്റൊരു വിഷയം, യുക്രൈൻ യുദ്ധം വന്നപ്പോൾ ധാരാളം വിദ്യാർത്ഥികൾ അവിടെ കുടുങ്ങി. അവരെ കൃത്യമായി എത്തിക്കുന്നതിൽ കേരള ഗവൺമെന്റ് വളരെ ശ്ലാഘനീയമായ പ്രവർത്തനമാണ് നടത്തിയതെന്ന് നമുക്കെല്ലാവർക്കും

അറിയാം. പക്ഷേ ആ കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങിപ്പോയിട്ടുണ്ട്. പലർക്കും പാതിവഴിക്ക് അവരുടെ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്. അവരെല്ലാം ഡോക്ടർമാരാകണമെന്ന അതിയായ ആഗ്രഹത്തിൽ ഇവിടെ സീറ്റ് കിട്ടാത്തതുകൊണ്ട് പോയതാണ്. അങ്ങനെയുള്ള വിദ്യാർത്ഥികൾക്ക് തുടർപഠനത്തിന് ഇന്ത്യാ ഗവൺമെന്റുമായി ബന്ധപ്പെട്ട് ആവശ്യമായ കാര്യങ്ങൾ ചെയ്യാനും സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കണം. ആ നിലയിൽ പ്രവാസികൾ കേരളീയ സമൂഹത്തിന് ചെയ്ത മഹത്തായ കാര്യങ്ങളെല്ലാം പ്രവാസികൾ ഇങ്ങോട്ടുചെയ്തതിന് പ്രത്യുപകാരമായി നമുക്ക് സർക്കാരിന് എന്തെല്ലാം ചെയ്യാൻ കഴിയുമോ, ആ കാര്യങ്ങളെല്ലാം പ്രവാസികൾക്ക് ചെയ്തുകൊടുക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച് ആരും ഒന്നും പറഞ്ഞതായി കേട്ടില്ല. എല്ലാവരും യോജിക്കുന്നതാണ്. ഇത് പി.എസ്.സി.-ക്ക് വിടാനുള്ളതാണ്. യഥാർത്ഥത്തിൽ സബ്ജക്റ്റ് കമ്മിറ്റികളുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വന്നിട്ടുള്ള കാര്യങ്ങളാണ്. ബഹുമാന്യനായ അംഗം നജീബ് കാന്തപുരം

പറഞ്ഞ വസ്തുതകളിൽ ചിലത് യാഥാർത്ഥ്യമാണ്. കേരളത്തിലേയ്ക്കുള്ള പ്രവാസി വരുമാനത്തിന്റെ അളവ്, പ്രവാസി സമൂഹം കേരളത്തിന്റെ വളർച്ചയിൽ നൽകിക്കൊണ്ടിരിക്കുന്ന സംഭാവനകൾ അതിലൊന്നും ആർക്കും തർക്കമില്ല. എന്നാൽ അതിനുശേഷം അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വസ്തുതകൾക്ക് നിരക്കാത്തതാണ്. എല്ലാകാര്യവും വിശദീകരിക്കുന്നില്ല. ഗവൺമെന്റ് ചെയ്ത കുറേകാര്യങ്ങളെക്കുറിച്ച് ശ്രീ. സി. എച്ച്. കുഞ്ഞമ്പു ഇവിടെ പരാമർശിച്ചിട്ടുണ്ട്. ശ്രീ. നജീബ് കാന്തപുരം അദ്ദേഹത്തിന്റെ വ്യക്തിപരമായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കിഡ്നി മാറ്റി വച്ച ഒരാളുടെ കാര്യവും അതിനുശേഷം ആ കുടുംബത്തിന്റെ ദാരിദ്ര്യവും പറയുകയുണ്ടായി. ഒരു അനുഭവമാണ് അങ്ങ് വിശദീകരിച്ചത്. ഇത്തരം അനുഭവങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് ഇന്ത്യയിൽ ആദ്യമായി ഒരു സംസ്ഥാന ഗവൺമെന്റ് പൊതുമേഖലയിൽ അവയവം മാറ്റി വയ്ക്കുന്നതിനുവേണ്ടി മാത്രം ചെലവുകളെല്ലാം കണ്ടുകൊണ്ട് അത്യാധുനികമായ ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് ആരംഭിക്കാൻ പോകുകയാണ്. മാത്രമല്ല, കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ കോളേജുകളിൽ ഹൃദയം മാറ്റി വയ്ക്കൽ, കരൾ

മാറ്റി വയ്ക്കൽ ശസ്ത്രക്രിയകൾ നടക്കുന്നുണ്ട്. എറണാകുളം ജില്ലാശുപത്രിയിൽ ഹൃദയം നിർത്തിവയ്ക്കാതെ, ഹൃദയം തുറന്നുള്ള ശസ്ത്രക്രിയയാണ് കഴിഞ്ഞദിവസം നടത്തിയത്. അങ്ങനെയുള്ള നിരവധി കാര്യങ്ങൾ കേരളത്തിലെ ഗവൺമെന്റ് ചെയ്യുന്നുണ്ട്. ഇതുകൂടാതെ പ്രവാസികൾക്ക് ഇത്തരത്തിലുള്ള ചികിത്സ വേണ്ടിവന്നാൽ അവർക്കുമാത്രമായി അതിനുള്ള ധനസഹായ പദ്ധതിയും ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ട്. പ്രവാസികൾക്ക് മാത്രമുള്ള സാന്ത്വനം പദ്ധതിയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപവരെ സഹായം, ഗുരുതര രോഗങ്ങൾ അനുഭവിക്കുന്ന പ്രവാസികൾക്ക് 50000 രൂപവരെ ചികിത്സാ സഹായം, മറ്റ് ചികിത്സയ്ക്ക് 20000 രൂപയുമാണ് നൽകുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ചികിത്സാ സഹായവും മറ്റ് വകുപ്പുകളുടെ ചികിത്സാ സഹായവും കൂടാതെ പ്രവാസികൾക്കുവേണ്ടി മാത്രം നൽകുന്ന ചികിത്സാ സഹായമാണിത്. അതുപോലെ നിരവധിയാളുകൾ തൊഴിൽ നഷ്ടപ്പെട്ട് വരുന്നു. സംരംഭകരായ ആളുകളുടെ സ്കിൽ നമുക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല. നോർക്ക ഒന്നും ചെയ്യുന്നില്ലായെന്ന് ഇവിടെ ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. അത് വസ്തുതകൾക്ക് നിരക്കുന്നതല്ല.

യഥാർത്ഥത്തിൽ തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കുവേണ്ടി മാത്രം 'പ്രവാസി ഭദ്രത' എന്ന പേരിലൊരു പുതിയ പദ്ധതി ആരംഭിച്ചു. തൊഴിലാളികൾ മടങ്ങിവന്നാൽ അവർക്കൊരു ചെറിയ സംരംഭം ആരംഭിക്കുന്നതിനാണ് 5 ലക്ഷം രൂപ വരെയുള്ള സ്വയംതൊഴിൽ വായ്പ നൽകുന്നത്. തുടക്കത്തിൽ ഒരു ലക്ഷം രൂപ മൂലധന സബ്സിഡിയായിട്ടാണ് നൽകുന്നത്. ഇടത്തരം സംരംഭം തുടങ്ങാൻ കഴിയുന്ന ആളുകൾക്ക് മുഖ്യമന്ത്രിയുടെ പ്രത്യേക വായ്പാ പദ്ധതിയിൽനിന്നും 2 കോടി രൂപവരെ വായ്പ നൽകുന്നുണ്ട്. അതിൽ 5 ശതമാനത്തിന് പലിശ നിരക്ക് ലഭിക്കുന്നതിനുവേണ്ടി മൂന്നേമുക്കാൽ ശതമാനം വരെ ഗവൺമെന്റ് ഇന്ററസ്റ്റ് സബ്വെൻഷൻ നൽകുന്നുണ്ട്. അതിനുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 50 കോടി രൂപ പൂർണ്ണമായും ചെലവാക്കുകയും ഇത്തവണയും അതിനുവേണ്ടി 50 കോടി രൂപ മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ മറ്റ് ഡിപ്പാർട്ടുമെന്റുകൾ പുനരധിവാസ പദ്ധതിയായി NORKA Department Project for Return Emigrants (NDPREM) അതിന്റെ പദ്ധതി വിഹിതമായി 25 കോടി രൂപ ഈ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഓരോന്നും ഞാൻ വിശദീകരിക്കുന്നില്ല.

ഇവിടെ ബഹുമാന്യനായ അംഗം കുറച്ചുകാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. വീട് വയ്ക്കാൻ കഴിയുന്നില്ലെന്ന് അങ്ങ് പറയുകയുണ്ടായി. വീട് വയ്ക്കുന്നതിന് 20 ലക്ഷം രൂപവരെയുള്ള വായ്പയാണെങ്കിൽ ആ പലിശയുടെ 5 ശതമാനം സർക്കാർ സബ്സിഡി നൽകുന്നത് പ്രവാസികൾക്ക് മാത്രമായി വീട് വയ്ക്കാനുള്ള പദ്ധതിയാണ്. സാധാരണ തൊഴിലാളികളായി കുറേക്കാലം മരുഭൂമിയിൽ പണിയെടുത്താലും സ്വന്തമായൊരു വീട് എന്നത് സ്വപ്നമായിത്തന്നെ നിൽക്കുന്ന ധാരാളം ആളുകളുണ്ട്. അവർക്കുള്ള സഹായമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നിരവധി പദ്ധതികൾ പ്രവാസികൾക്കുവേണ്ടി മാത്രമായി കേരള ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ട്; അത് പ്രവാസി സമൂഹം അംഗീകരിക്കുന്നുണ്ട്. ഇപ്പോൾ നമ്മൾ ചർച്ച ചെയ്യുന്ന പ്രവാസി ക്ഷേമനിധി ബോർഡ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ ക്ഷേമനിധി ആനുകൂല്യം നൽകുന്ന ബോർഡാണ്. ഇന്ത്യയിൽ ഇത്രയും ആനുകൂല്യം നൽകുന്ന പ്രവാസി ക്ഷേമനിധി ബോർഡ് പോലെ മറ്റൊരു ക്ഷേമനിധി ബോർഡുമില്ല. ലക്ഷക്കണക്കിനാളുകൾ അതിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. നല്ല രീതിയിലുള്ള പ്രതികരണമാണ് അത് സംബന്ധിച്ചുള്ളത്. അങ്ങ് പറഞ്ഞ മറ്റൊരു കാര്യം കുട്ടികളുടെ

വിദ്യാഭ്യാസത്തെ സംബന്ധിച്ചായിരുന്നു. പണവും ഭക്ഷണവുമില്ലാത്ത കുട്ടികൾ പഠിക്കണമോയെന്നൊരു സാഹചര്യം കേരളത്തിലില്ല. കേരളത്തിലെ പൊതുവിദ്യാഭ്യാസ സംവിധാനങ്ങളെ നല്ലരീതിയിൽതന്നെ ഇത്തരം കുട്ടികൾക്ക് ഉൾക്കൊള്ളാൻ സാധിക്കുന്നതാണ്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്തുള്ള ആളുകൾ അത് വിനിയോഗിക്കുന്നുണ്ട്. പഠനത്തിനായി പ്രൈവറ്റ് സ്ഥാപനങ്ങളിലേയ്ക്കാണ് പോകുന്നതെങ്കിൽ വായ്പകൾക്കായി മറ്റു ബാങ്കുകളെ ആശ്രയിക്കേണ്ടിവരും. എല്ലാം പഠനവും സൗജന്യമായി നൽകാൻ സാധിക്കുമെന്ന് തോന്നുന്നില്ല.

ശ്രീ. നജീബ് കാന്തപുരം: സർ, അത് വളരെ വ്യക്തമായി പറഞ്ഞ ഒരുകാര്യമാണ്. പക്ഷെ പല കുട്ടികൾക്കും സ്റ്റുഡൻസ് ലോൺ ലഭ്യമാകുന്നില്ലായെന്നതാണ് യാഥാർത്ഥ്യം. പലപ്പോഴും യാഥാർത്ഥ്യത്തിലേയ്ക്ക് എത്തുമ്പോഴാണ് കാര്യങ്ങൾ മനസ്സിലാകുന്നത്. പല ബാങ്കുകളും അത്തരം ലോണുകൾ നൽകുന്നില്ലായെന്നത് ലോൺ എടുക്കാൻ പോകുന്ന ആളുകൾക്കുണ്ടാകുന്ന അനുഭവമാണ്. ജനപ്രതിനിധികൾ എന്നനിലയിൽ നമ്മുടെ അടുത്തുവരുന്ന ആളുകളുടെ അനുഭവങ്ങൾ നേരിട്ട് കാണുന്നതാണ്. പല ബാങ്കുകളും ലോണുകൾ നൽകാൻ സന്നദ്ധമാകാതെ

എന്തെങ്കിലും തൊടുന്യായങ്ങൾ പറഞ്ഞ് വായ്പ നൽകാതിരിക്കുന്നതിനുള്ള നിലപാട് കൈക്കൊള്ളും. അത്തരം സാഹചര്യങ്ങളെ മറികടക്കാൻ സർക്കാർ ശ്രദ്ധിക്കുമോ?

ശ്രീ. പി. രാജീവ്: സർ, പ്രവാസി സമൂഹം മാത്രം അനുഭവിക്കുന്ന പ്രശ്നമല്ലത്. പൊതുവേയുള്ള ഒരു പ്രവണതയാണ്. എന്നാൽ എസ്.എൽ.ബി.സി. (State Level Bankers' Committee) യോഗത്തിലൂൾപ്പെടെ ബഹുമാന്യനായ മുഖ്യമന്ത്രി പങ്കെടുക്കുകയും അവരുടെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ വർദ്ധിപ്പിക്കുന്നതിനുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. അക്കാര്യത്തിൽ പൊതുവെ അനുകൂലമായ ഒരുസമീപനത്തിലേയ്ക്ക് ബാങ്കുകൾ വരാൻ തുടങ്ങിയിട്ടുണ്ട്. എന്നാൽ വലിയ വായ്പകൾക്ക് പ്രത്യേക താല്പര്യം നൽകുകയെന്നതാണ് ബാങ്കുകളുടെ പൊതുസമീപനം. വായ്പകൾ തിരിച്ചടച്ചില്ലെങ്കിലും അത്തരമൊരു സമീപനം നിൽക്കുന്നുണ്ട്. കേരളത്തിലെ നിലവിലെ സി.ഡി. റേഷ്യോ (Credit-Deposit Ratio) നോക്കുകയാണെങ്കിൽ 60 ശതമാനത്തിന് അടുത്താണ് നിൽക്കുന്നത്. എന്നാൽ ആന്ധ്ര, തമിഴ്നാട്, തെലുങ്കാന തുടങ്ങിയ സംസ്ഥാനങ്ങൾ സി.ഡി. റേഷ്യോയിൽ 100% മുകളിലാണ്

എപ്പോഴും നിൽക്കുന്നത്. അതുസംബന്ധിച്ച പൊതുവായ പ്രവണതയാണ് അങ്ങ് ചൂണ്ടിക്കാണിച്ചത്.

ലോക കേരളസഭ ധൂർത്തായിരുന്നുവെന്നാണ് അങ്ങ് പറഞ്ഞ മറ്റൊരുകാര്യം. അതിൽ പങ്കെടുക്കാത്തതിനാലാണ് അങ്ങനെ പറയാൻ തോന്നിയത്. ഞാൻ ഇത്തവണ ലോക കേരളസഭയിൽ പങ്കെടുത്ത ആളാണ്. കെ.എം.സി.സി.(Kerala Muslim Cultural Centre)-യുടെ പ്രതിനിധിയായ ശ്രീ. മുഹമ്മദ് കുട്ടി പറഞ്ഞത് മാധ്യമങ്ങളിൽ വന്നു. "മികച്ച രീതിയിൽ ലോക കേരളസഭ സംഘടിപ്പിച്ച സംസ്ഥാന സർക്കാരിനെ കെ.എം.സി.സി. അഭിനന്ദനം അറിയിച്ചു" . അവിടെ സംസാരിച്ച കെ.എം.സി.സി.-യുടെ മാത്രമല്ല എല്ലാ സംഘടനകളുടെ പ്രതിനിധികളും ലോക കേരളസഭ പ്രതിപക്ഷം ബഹിഷ്കരിച്ചത് ശരിയായില്ലായെന്നാണ് പറഞ്ഞത്. ധൂർത്തിനെ സംബന്ധിച്ച് അങ്ങനെ പറഞ്ഞത് അവരെ അപമാനിക്കലാണെന്നാണ് അവർ പറഞ്ഞത്. എന്നിട്ടും അങ്ങ് തിരുത്താതിരുന്നത്, യഥാർത്ഥത്തിൽ കേരളത്തിന് ഇത്രമാത്രം സംഭാവന നൽകുന്ന പ്രവാസി സമൂഹത്തോടുള്ള അനീതിയാണ്. അങ്ങ് അത് പിൻവലിക്കുന്നതാണ് നല്ലത്. അങ്ങയുമായി ബന്ധമുള്ള കെ.എം.സി.സി.,

അങ്ങ് ആരംഭിക്കുന്ന സ്ഥാപനങ്ങൾക്കുൾപ്പെടെ കൈയയച്ച് സഹായിക്കുന്നവരാണ്. കേരളത്തിലവർ വരുമ്പോൾ ഭക്ഷണവും താമസ സൗകര്യവുമാണ് നമ്മൾ നൽകുന്നത്. അതിന് മറ്റൊരു ധൂർത്തും.........

ശ്രീ. നജീബ് കാന്തപുരം: സർ, ധൂർത്ത് എന്തിനായിരുന്നുവെന്ന് വളരെ കൃത്യമായി പറയുന്ന വാർത്തകൾ ഇവിടെയുണ്ട്. സംഗീതനിശ സംഘടിപ്പിക്കാൻ രണ്ട് കലാകാരൻമാർ 5 ലക്ഷം രൂപയിൽ താഴെ തുക ആവശ്യപ്പെട്ട ഒരു ചടങ്ങിൽ 35 ലക്ഷം രൂപയാണ് അതിനുവേണ്ടി ചെലവാക്കിയതെന്ന് ഒരുമാധ്യമ റിപ്പോർട്ടുണ്ട്. പ്രവാസികൾക്ക് നല്ലരീതിയിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നുതന്നെയാണ് ഞാൻ പറയുന്നത്. അവർക്ക് നല്ല ഭക്ഷണം നൽകണം. എന്നാൽ അവർക്ക് ഭക്ഷണം നൽകാനല്ല ഈ വലിയ തുക ചെലവഴിച്ചത് എന്നത് സംബന്ധിച്ചാണ് പറഞ്ഞത്. ആ തുക എങ്ങനെ പോയിയെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ചാൽ മതിയാകും. മറ്റുപ്രശ്നങ്ങളൊന്നുമില്ല.

ശ്രീ. പി. രാജീവ്: സർ, അങ്ങനെ പറയേണ്ടതില്ല. യഥാർത്ഥത്തിൽ, ഇങ്ങനെ ഒരു ആക്ഷേപം ഉന്നയിച്ചത് ഞങ്ങളെ അധിക്ഷേപിക്കലായിരുന്നുവെന്ന് ലോക കേരളസഭയിൽ

പങ്കെടുത്തവരെല്ലാം പറഞ്ഞു. അവർക്ക് താമസസൗകര്യം മാത്രമാണ് സർക്കാർ തയ്യാറാക്കികൊടുക്കുന്നത്. എന്നാൽ പലരും താമസം അവരുടെ ചെലവിലാണ് നടത്തിയത്. ബഹുമാന്യനായ സ്പീക്കർ ലോക കേരളസഭയിൽ അവസാനം നടത്തിയ പ്രസംഗത്തിൽ അതിന് വകയിരുത്തിയ തുകയിൽ എത്ര തുക ചെലവായെന്ന് സൂചിപ്പിച്ചിരുന്നു. പകുതി തുകപോലും ചെലവായിട്ടില്ല. പലതും സ്പോൺസർഷിപ്പായിരുന്നു. ഭക്ഷണം അവരുടെ വകയായി നൽകാമെന്ന് ഒരാൾ പറഞ്ഞു. ലോക കേരളസഭയിൽ പങ്കെടുക്കാൻ വന്ന പലരും അവരവരുടെ ചെലവിലാണ് താമസസൗകര്യം ഏർപ്പെടുത്തിയത്. അവർ ഒരു ഗസൽ കേട്ടു. അതിന് എത്ര രൂപ ചെലവായിയെന്ന് ഞാൻ നോക്കിയില്ല. അവർ ഗസൽ ആസ്വദിച്ച് അവിടെയിരുന്നു. ഒരു ഗസലുപോലും അവരെ കേൾപ്പിക്കാൻ പാടില്ല, വരണ്ട മരുഭൂമിയിലെ ജീവിതത്തിന്റെ അവസ്ഥകൾ തന്നെ ഇവിടെയും പ്രതിഫലിപ്പിക്കണമെന്ന് ഞങ്ങൾ കരുതുന്നില്ല. സംഗീതമൊക്കെ കേട്ട് ഒരു ദിവസം ഇവിടെ വന്ന് എല്ലാവരെയും കണ്ടു. ഗൾഫ് മാത്രമല്ല, ലോകത്തിലെ എല്ലാവരുടെയും ഒത്തുചേരലായിരുന്നു അത്. അതിനാൽ അങ്ങ് ആ പരാമർശം നടത്തിയത് വളരെ തെറ്റായി പോയി. ലോക കേരളസഭ

എന്നുപറഞ്ഞാൽ എന്തുസഹായം ചെയ്യുന്നുവെന്നതിനപ്പുറത്തുള്ളതാണ്. ഇവിടെ പറഞ്ഞതുപോലെ 30%, 32% തുടങ്ങി വ്യത്യസ്ത കണക്കുകളുണ്ട്. കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് സംഭാവന ചെയ്യുന്ന ആളുകൾ, അവരുടെ പണം സ്വീകരിക്കുക മാത്രമാണ് ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുന്നതുവരെ ചെയ്തിട്ടുള്ളതെന്ന് അവർ അംഗീകരിച്ചു. ലോക കേരളസഭ എന്നത് ഒരു അംഗീകാരമാണ്. കേരളത്തിന് പുറത്ത് ജീവിക്കുന്ന, പണിയെടുക്കുന്ന മലയാളികൾക്കുകൂടി അവകാശപ്പെട്ടതാണ് കേരളമെന്നുള്ള പ്രഖ്യാപനത്തിന്റെ പ്രയോഗമാണ് ലോക കേരളസഭ ഉളവാക്കുന്നത്. അതിൽ എല്ലാവരും അഭിമാനത്തോടുകൂടിയാണ് പങ്കെടുത്തത്. അതിനെ അധിക്ഷേപിക്കുന്ന രീതി ഇനിയും തുടരുന്നത് പ്രവാസി സമൂഹത്തോടുള്ള കടുത്ത വഞ്ചനയാണ്. അങ്ങയെപോലുള്ള ഒരാൾ, പ്രത്യേകിച്ചും വളരെ ശക്തമായി പ്രവർത്തിക്കുന്ന ലോക കേരളസഭയിൽ ഏറ്റവും ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകിയ ഒരു സംഘടനയുമായി ചേർന്ന് നിൽക്കുന്ന ഒരാളെന്ന നിലയിൽ അങ്ങയുടെ പരാമർശം തെറ്റായിപോയെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സംരംഭകത്തെ ക്കുറിച്ച് അങ്ങ് പറഞ്ഞു. ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകാം. ചിലപ്പോൾ

ഉദ്യോഗസ്ഥരുടേയും ട്രേഡ് യൂണിയനുകളുടേയും രീതികളുണ്ടാകാം. കൽപ്പറ്റയിൽ നിങ്ങളുടെ ട്രേഡ് യൂണിയനും ഞങ്ങളുടെ ട്രേഡ് യൂണിയനുകളുമുണ്ടായിരുന്നു. കൽപ്പറ്റയിൽ വലിയൊരു സ്ഥാപനം ആരംഭിക്കുന്നതിൽ പ്രശ്നം വന്നപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവുൾപ്പെടെ ഞങ്ങളും മറ്റുനേതാക്കൻമാരും അതിലിടപെട്ട് യോജിച്ച നിലപാട് സ്വീകരിച്ചു. അങ്ങനെ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞു. അതിനുശേഷം അവർ കേരളത്തിന്റെ എല്ലാഭാഗത്തും 650 കോടി രൂപയുടെ ഇൻവെസ്റ്റുമെന്റോടുകൂടി സ്ഥാപനങ്ങൾ ആരംഭിക്കുകയാണ്. അത്തരത്തിൽ ഒരു സംഭവമുണ്ടായപ്പോൾ നമ്മളെല്ലാവരും കൂട്ടായ നിലപാട് സ്വീകരിച്ചു. നിയമപരമായ സമീപനത്തിലേയ്ക്ക് വരികയും ചെയ്തു. കേരളത്തിൽ നല്ല രീതിയിലുള്ള മാറ്റം വരുന്നുണ്ട്. ഇന്നത്തെ കണക്കനുസരിച്ച് 49537 സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചുകഴിഞ്ഞു. അങ്ങയുടെ ജില്ലയായ മലപ്പുറം ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ജില്ലകളിലൊന്നാണ്. ഇപ്പോഴത്തെ കണക്കിൽ ഒന്നാം സ്ഥാനം മലപ്പുറത്തിനാണെന്നാണ് എനിക്ക് തോന്നുന്നത്. അതിൽ അഭിമാനിക്കുകയാണ് വേണ്ടത്. 18601 സംരംഭങ്ങൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. കേരളത്തിൽ

എം.എസ്.എം.ഇ. മുഖേന 2,927 കോടി രൂപയുടെ നിക്ഷേപം വന്നുകഴിഞ്ഞു. ഇത് കടലാസിലല്ല, ഓരോബാങ്കുകളും അവരുടെ ടാർജറ്റ് നിശ്ചയിച്ച് ഇപ്പോൾ വായ്പകൾ നൽകുന്നുണ്ട്. ഞാൻ കഴിഞ്ഞ ദിവസം എസ്.ബി.ഐ.-യുടെ മീറ്റിംഗിൽ പങ്കെടുത്തു. 17000 വായ്പകൾ എസ്.ബി.ഐ. കൊടുത്തുകഴിഞ്ഞു. കാനറാ ബാങ്ക് അതിനേക്കാൾ മുന്നിലാണ്. കേരളത്തിൽ എം.എസ്.എം.ഇ.-കൾ ആരംഭിച്ചാൽ ഒരു വർഷത്തിനകം 30 ശതമാനത്തോളം അടച്ചുപൂട്ടപ്പെടുകയെന്നുള്ളതാണ് അനുഭവം. ആ റേറ്റുകൾകൂടി കുറയ്ക്കാനാണ് നമ്മൾ ശ്രമിക്കുന്നത്. അങ്ങയുടെ ജില്ല നല്ല സാധ്യതയുള്ളതാണ്. എന്നാൽ ഇവിടെ പറഞ്ഞതുപോലെയുള്ള ചില ഒറ്റപ്പെട്ട സംഭവങ്ങളുണ്ടാകാം. അദ്ദേഹം ചൂണ്ടിക്കാണിച്ചത് ശരിയാണ്. ചില പ്രശ്നങ്ങളുണ്ടാകാം, അത് പരിഹരിക്കാനാണ് നമ്മൾ ശ്രമിക്കുന്നത്. സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രെസ് മെക്കാനിസം സംബന്ധിച്ച ഓർഡിനൻസ് ലാപ്സായി പോയി. നാളെ അതുസംബന്ധിച്ച് ചർച്ച ചെയ്യുന്നതാണ്. ആ ഘട്ടത്തിൽ അത്തരം കാര്യങ്ങൾ പറയാം. നമ്മളെല്ലാവരും പൊതുവെ അനുകൂലമായ സമീപനമാണ് സ്വീകരിക്കുന്നത്. നേരത്തെ വീട്, മറ്റുകാര്യങ്ങൾ എന്നിവയ്ക്കുവേണ്ടി പണം ചെലവഴിച്ചിരുന്ന പ്രവാസികൾ ഇന്ന്

നാട്ടിൽവന്ന് ചെറിയ സംരംഭങ്ങൾ ആരംഭിക്കുന്നുണ്ട്. അത് നല്ലപ്രവണതയാണ്. നമുക്കൊരുമിച്ച് പ്രവാസി സമൂഹത്തെ സഹായിക്കാം.

അങ്ങ് പറഞ്ഞ മറ്റൊരു കാര്യം, യുക്രൈൻ യുദ്ധത്തെ സംബന്ധിച്ചാണ്. നമ്മുടെ വീടുകളിൽനിന്നും യുക്രൈനിൽ പഠിക്കാൻ പോയ കുട്ടികളുള്ള വീടുകൾ മരിച്ച വീടുപോലെയായിരുന്നു. പഠിക്കാൻ പോയവരിൽ മിക്കവാറും പെൺകുട്ടികളാണ്. അവർ തിരിച്ചുവരുമോയെന്ന് വല്ലാത്ത ആശങ്കയുണ്ടായിരുന്നു. നമുക്കെല്ലാം ഇടപെടുന്നതിന് പരിമിതിയുണ്ട്. അതിൽ ഏറ്റവും സമർത്ഥമായി ഇടപെടാൻ നോർക്കയ്ക്ക് കഴിഞ്ഞു. നോർക്കയ്ക്ക് നേരിട്ട് കുട്ടികളെ നാട്ടിലേയ്ക്ക് മടക്കി കൊണ്ടുവരാൻ സാധിക്കില്ല. അത് നമ്മുടെ അധികാര പരിധിയിൽ വരുന്ന വിഷയമല്ല. അത് വിദേശകാര്യ മന്ത്രാലയമാണ് ചെയ്യേണ്ടത്. കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. എന്നാൽ നമ്മൾ അതിൽ നല്ല കോ-ഓർഡിനേഷൻ വഹിച്ചു. നോർക്ക റൂട്ട്സും നല്ലരീതിയിൽ കോ-ഓർഡിനേറ്റ് ചെയ്തു. നോർക്കയുടെ പ്രതിനിധിയായ ശ്രീ. വേണു രാജാമണി ഫലപ്രദമായി ചുമതല വഹിച്ചു. മുഖ്യമന്ത്രി പലഘട്ടങ്ങളിലും നേരിട്ട് ഓരോ പ്രശ്നങ്ങളിലും ഇടപെട്ടു. നമ്മൾ വെറുതെ ഇടപെടുകയല്ല ചെയ്തത്. അടിയന്തരമായി കുട്ടികളെ ഇങ്ങോട്ട്

കൊണ്ടുവരേണ്ടതായി വന്ന ഘട്ടത്തിൽ 5.29 കോടി രൂപ ഈ ആവശ്യത്തിനുവേണ്ടി സർക്കാർ ചെലവഴിച്ചു. കുട്ടികൾ തിരിച്ചെത്തിയത് ഡൽഹിയിലാണ്. വല്ലാത്ത അനിശ്ചിതത്വമാണ് അവർ നേരിട്ടത്. ഭക്ഷണം കഴിക്കാൻ സാധിക്കുന്നില്ല, കിലോമീറ്ററോളം ബോംബ്, മിസൈൽ എന്നിവ വർഷിച്ച് കൊണ്ടിരിക്കുന്നതിനിടയിൽ കാൽനടയായി വരുന്ന കുട്ടികൾ ഒരുവിധം അതിർത്തി കടന്ന് ഡൽഹിയിലെത്തി സ്തംഭിച്ച് നിൽക്കുകയാണ്. ആ സമയത്ത് കേരളം 16 ചാർട്ടേഡ് ഫ്ലൈറ്റുകളയച്ചാണ് മടങ്ങി വന്ന കുട്ടികളെ ഡൽഹിയിൽനിന്ന് കേരളത്തിലേയ്ക്ക് കൊണ്ടുവന്നത്. അത് ചെറിയൊരു കാര്യമല്ല. ബോംബെയിൽ വന്ന കുട്ടികളെയെല്ലാം ട്രെയിൻ ടിക്കറ്റ് നൽകി ഇങ്ങോട്ട് കൊണ്ടുവന്നു. ഞാനും ബഹുമാന്യനായ കോൺഗ്രസ് വിപ്പ് ശ്രീ. അൻവർ സാദത്തും എയർപോർട്ടിലുണ്ടായിരുന്നു. ഞങ്ങളെല്ലാം അവരെ സ്വീകരിക്കാൻ പോയി. ഇവിടെയുള്ള മറ്റ് എം.എൽ.എ.-മാരും ഇത്തരത്തിൽ അവരെ സ്വീകരിച്ചിട്ടുണ്ടാകും. കെ.എസ്.ആർ.ടി.സി.-യുടെ സഹായത്തോടുകൂടി സർക്കാർ തയ്യാറാക്കി നിർത്തിയിരുന്ന വോൾവോ ബസുകളിൽ അവരെയെല്ലാം വീടുകളിലെത്തിച്ചു. അവരുടെ കൂടെ ആരെയെങ്കിലും വിടേണ്ടതുണ്ടെങ്കിൽ ആ തരത്തിലും എല്ലാം

ചെയ്തു. എയർപോർട്ടുകൾക്കകത്ത് നോർക്കയുടെ ഒരു സെൽ പ്രവർത്തിച്ചു. ഡൽഹിയിലും മുംബൈയിലും കേരള ഹൗസ് പ്രത്യേകം സംവിധാനമുണ്ടാക്കി. അത്തരമൊരു ഘട്ടത്തിൽ പരിമിതികളൊക്കെയുണ്ടെങ്കിലും ഈ ഗവൺമെന്റ് നമ്മളെല്ലാം ഉദ്ദേശിക്കുന്നപോലെ പരമാവധി ഉയർന്ന് പ്രവർത്തിച്ച് സഹായം നൽകിയിട്ടുണ്ടെന്നത് നാം അംഗീകരിക്കണം. ആ കുട്ടികൾക്ക് തുടർ പഠനത്തെ സംബന്ധിച്ച് ഇപ്പോഴുമൊരു അനിശ്ചിതത്വമുണ്ട്. അക്കാര്യത്തിൽ നമ്മൾ നിസ്സഹായരാണ്. കേന്ദ്ര സർക്കാരും മെഡിക്കൽ കൗൺസിലുമാണ് അതിൽ തീരുമാനമെടുക്കേണ്ടത്. ഇവിടെ പഠിപ്പിക്കാൻ കഴിയുന്ന സമീപനമില്ലെന്ന് മെഡിക്കൽ കൗൺസിൽ വ്യക്തമാക്കി. ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് കേന്ദ്ര ഗവൺമെന്റിന്റെകൂടി സഹായത്താൽ തീരുമാനിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേരിട്ട് ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. നമ്മുടെ പല എം.പി.-മാരും ഇതിൽ ഇടപെടുന്നുണ്ട്. പരമാവധി അവരുടെ കാര്യംകൂടി ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ കേരള ഗവൺമെന്റ് മികച്ച രീതിയിൽ പ്രവർത്തിച്ചുവെന്ന് കാണേണ്ടതുണ്ട്.

ടിക്കറ്റ് ചാർജ്ജിനെക്കുറിച്ച് ബഹുമാന്യനായ സി. എച്ച്. കുഞ്ഞമ്പു പറഞ്ഞത് വളരെ യാഥാർത്ഥ്യമാണ്. ആളുകൾ നാട്ടിലേയ്ക്ക് രണ്ടോമൂന്നോ വർഷം കഴിഞ്ഞ് വരാനിരിക്കുന്ന സന്ദർഭം നോക്കിയാണ് ടിക്കറ്റ് ചാർജ്ജ് വർദ്ധിപ്പിക്കുന്നത്. കോവിഡ് കാലഘട്ടത്തിൽ ഒരു റെഗുലേഷനുണ്ടായിരുന്നു. ടിക്കറ്റ് ചാർജ്ജ് വർദ്ധനയ്ക്ക് നിശ്ചയിച്ചിരുന്ന പരിധി എടുത്തുകളയുകയാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത്. ഈ അധികാരം കേന്ദ്ര ഗവൺമെന്റ് പൂർണ്ണമായും വിമാനക്കമ്പനികൾക്ക് വിട്ടുകൊടുത്തു. അതിനെതിരെ നമ്മൾ ഒറ്റക്കെട്ടായ നിലപാട് സ്വീകരിക്കണം. പ്രവാസി സമൂഹത്തോട് നേരത്തെയും കടുത്ത അനീതി ചെയ്തിരുന്നു. വിമാന ചാർജ്ജിന്റെ കാര്യത്തിലൊക്കെ കുറേക്കൂടി കടുത്ത നിലപാടാണ് സ്വീകരിക്കുന്നത്. ഇത് നമ്മൾ ഒന്നിച്ച് ഏറ്റെടുക്കേണ്ട പ്രശ്നമാണ്. പ്രവാസി സമൂഹം നമ്മുടെ നാടിന് നൽകുന്ന സംഭാവന ഏറ്റവും നിസ്തുലമാണ്. കേരളത്തിന്റെ സമ്പദ്ഘടനയിൽ പ്രധാനപ്പെട്ട ഒരു പങ്ക് അവരുടേതാണ്. ഇനിയും കുറെ തിരിച്ചുവരവുകൾ ഉണ്ടാകും. അവരുടെ അനുഭവ സമ്പത്തും നൈപുണിയുമെല്ലാം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയണമെന്നുതന്നെയാണ് ഗവൺമെന്റ് കരുതുന്നത്. അതിന് ഈ

പ്രവാസി ക്ഷേമനിധി ബോർഡ് സഹായകരമായിരിക്കും. അതിൽ പി.എസ്.സി. വഴിയുള്ള നിയമനങ്ങൾകൂടി വരുന്നതോടെ നല്ല രീതിയിൽത്തന്നെ നമുക്കത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. നജീബ് കാന്തപുരം, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. ചെയർമാൻ: അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ .......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

## (v) 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഒരു ചെറിയ ഭേദഗതി മാത്രമാണ് ഞാൻ അവതരിപ്പിക്കുന്നത്. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് വളരെ ചെറിയ ഒരു ബോർഡാണ്. അതിൽ അംഗങ്ങളും വളരെ കുറവാണ്. ഓരോ

അംഗങ്ങളിൽനിന്നും ഇപ്പോൾ ഇരുപത് രൂപയാണ് അംശദായമായി വാങ്ങുന്നത്. അതിനാൽ വളരെ ചെറിയ ഒരു ഫണ്ട് മാത്രമേ അതിൽനിന്ന് ലഭിക്കുന്നുള്ളൂ. അതുകൊണ്ടുതന്നെ മറ്റ് ക്ഷേമനിധി ബോർഡുകളിൽ കൊടുക്കുന്നതുപോലുള്ള ആനുകൂല്യങ്ങളൊന്നും അവർക്ക് കൊടുക്കാൻ കഴിയുന്നില്ല. ആ സാഹചര്യത്തിലാണ് അംശദായം ഇരുപത് രൂപയെന്നത് അൻപത് രൂപയാക്കി മാറ്റുന്നതിനുവേണ്ടിയുള്ള ഭേദഗതി അവതരിപ്പിക്കുന്നത്. ഇത് വലിയ ചർച്ചയൊന്നും കൂടാതെ പാസ്സാക്കിത്തരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിന്റെ അതിർത്തിയിലെ ഒരു മണ്ഡലത്തിൽനിന്നാണ് ഞാൻ വരുന്നത്. എന്റെ മണ്ഡലത്തിന്റെയും കാസർഗോഡിന്റെയും ചരിത്രം രേഖപ്പെടുത്തുമ്പോൾ, പോർച്ചുഗീസുകാരുടെ കാലഘട്ടത്തിൽ എന്റെ മേഖല പഴയ സൗത്ത് കൺട്രിയുടെ ഭാഗമായിരുന്നു. ഭൂതകാല ചരിത്രമന്വേഷിച്ചാൽ

ആ സമയത്ത് മഞ്ചേശ്വരത്ത് ഒരു തുറമുഖത്തിന്റെ ചരിത്രംകൂടി കാണാൻ കഴിയും. അന്ന് പോർച്ചുഗീസുകാർ സ്വർണ്ണം ഇറക്കുമതി ചെയ്തത് മഞ്ചേശ്വരത്തായിരുന്നു. കന്നഡയിൽ സ്വർണ്ണത്തിന് ബംഗാര എന്നാണ് പറയുന്നത്. ആ കാലത്ത് എന്റെ നാടിന് ബംഗാര മഞ്ചേശ്വര (പൊന്നിന്റെ മഞ്ചേശ്വരം) എന്നൊരു വിളിപ്പേരുണ്ടായിരുന്നു. പിന്നീടാണത് ബംഗ്ര മഞ്ചേശ്വരവും മഞ്ചേശ്വരം മണ്ഡലവും മഞ്ചേശ്വരം താലൂക്കുമൊക്കെയായി മാറിയത്. നാട്ടിൽ എന്റെ പിതാവിന്റെ ഉപ്പളയിലെ കടയിലേയ്ക്ക് പോകുന്ന വഴിയിൽ ഉപ്പള റെയിൽവേ സ്റ്റേഷൻ റോഡിലെ രണ്ട് വശങ്ങളിലും, എന്റെ നാട്ടുകാർ ആശാരിമാർ എന്ന് വിളിച്ചിരുന്ന, വിശ്വകർമ്മ വിഭാഗത്തിൽപ്പെടുന്ന, ഒരുപക്ഷേ മലയാളികൾ തട്ടാന്മാർ എന്ന് വിളിക്കുന്ന പത്തോളം ആഭരണ തൊഴിലാളികളുണ്ടായിരുന്നത് ഇപ്പോഴും എന്റെ മനസ്സിലുണ്ട്. അന്നത്തെ കുഞ്ഞുനാളിൽ അവരുടെ ഡെക്കറേറ്റഡ് അല്ലാത്ത ഷോപ്പും അവിടെ ഒരു മൺപാത്രത്തിൽ ചിരട്ട കൊണ്ടുള്ള ഉമിയിലേയ്ക്ക് കുഴലുകൊണ്ട് ഊതിയൂതി ആ തീക്കട്ടയിൽനിന്നെടുക്കുന്ന സ്വർണ്ണം കാണുന്ന കാഴ്ചയുമൊക്കെ ഇപ്പോഴും മനസ്സിലുണ്ട്. ഇന്ന് നമുക്ക് അവരെയൊന്നും കാണാൻ കഴിയുന്നില്ല. ആദ്യമായി ആശാരിമാരെ സമീപിച്ച് അവരുടെ

തീയതികുടി കുറിച്ചതിനുശേഷമാണ് നമ്മുടെ നാട്ടിലെ കല്യാണം പോലുള്ള ശുഭകാര്യങ്ങളൊക്കെ നടന്നിരുന്നതെന്ന മനോഹരമായ ഓർമ്മകൾ ഇപ്പോഴും മനസ്സിലുണ്ട്. കുട്ടിക്കാലത്ത് പലപ്പോഴും ഉമ്മ പറഞ്ഞ ചില കഥകൾക്കിടയിലെ സ്വർണ്ണത്തിന്റെ പേരുകളിൽ അലിക്കത്ത്, മാട്ടി, വിരൽ റിംഗ്, മൂക്കുത്തി, കരിമണി മാല, അരഞ്ഞാണം, മിന്നുമാല തുടങ്ങിയവയൊക്കെ ഇവരുടെ കരവിരുതിൽനിന്നുണ്ടായ മനോഹരമായ ആഭരണങ്ങളായിരുന്നു. ഇന്ന് ടെക്നോളജിയിൽ ഒരുപാട് മാറ്റം വന്നു. പുതിയ ടെക്നോളജി വന്ന ഘട്ടത്തിൽ പുതിയ ഷോറൂമുകളും ജ്വല്ലറികളും വന്നപ്പോൾ പഴയകാലത്ത് ആശാരിമാരെന്നുവിളിച്ച ആഭരണ തൊഴിലാളികൾ തിരശ്ശീലയുടെ പിന്നിലേയ്ക്ക് പോയ ഒരവസ്ഥയാണ് നമ്മുടെ മുന്നിലുണ്ടായിട്ടുള്ളത്. അവരുടെ പ്രയാസവും ദുരിതവും അകറ്റാൻവേണ്ടിയാണ് ഈയൊരു ഭേദഗതി സഭ ചർച്ച ചെയ്യുന്നത്. ഈ ഭേദഗതിയിലൂടെ പ്രതിമാസം ഇരുപത് രൂപ അംശദായം എന്നത് അൻപത് രൂപയായി വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ അംശദായം വർദ്ധിപ്പിച്ചാലും പാവപ്പെട്ട തൊഴിലാളികൾക്ക് അതിന്റെ ഗുണഫലം ലഭിക്കുന്നില്ലെന്നുള്ളത് വളരെ ഖേദകരമാണ്. ബോർഡിന്റെ ഭരണപരമായ

ചെലവുകൾ നിർവ്വഹിക്കാൻ ഇതുപയോഗിക്കുകയും തൊഴിലാളികളുടെ ക്ഷേമ കാര്യങ്ങൾക്ക് വേണ്ടത്ര പ്രാമുഖ്യം നൽകുന്നില്ലെന്നത് തൊഴിലാളി വിരുദ്ധ സമീപനമായി മാത്രമേ കാണാൻ കഴിയുകയുള്ളൂ. ആഭരണ തൊഴിലാളികളുടെ വിവിധ കുടിശ്ശിക ആനുകൂല്യങ്ങൾ ഉടൻതന്നെ കൊടുത്ത് തീർക്കണം. വാക്കിൽ തൊഴിലാളി സ്നേഹം പ്രകടിപ്പിക്കുമെങ്കിലും ഈ സർക്കാർ പ്രവൃത്തിയിൽ തൊഴിലാളി വിരുദ്ധ സർക്കാരെന്ന് വീണ്ടും വീണ്ടും തെളിയിച്ചുകൊണ്ടിരിക്കുകയാണ്. 28-04-2022-ന് ധനകാര്യ വകുപ്പ് ഇറക്കിയ 68-ാം നമ്പർ ഉത്തരവാണ് എന്റെ കൈയിലുള്ളത്. ഒരു തൊഴിലാളിക്ക് തന്റെ തൊഴിലിൽനിന്നും വിരമിച്ചതുമുതൽ പെൻഷൻ ലഭിക്കുന്നതിന് അവകാശമുണ്ട്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, സ്വർണ്ണ വ്യാപാരികൾ, ആഭരണ തൊഴിലാളികൾ എന്നിവരുടെ അംശദായം 20 രൂപയിൽനിന്നും 50 രൂപയാക്കി മാറ്റണമെന്നുള്ളതാണ് ഭേദഗതി. നേരത്തെ സ്വർണ്ണ വ്യാപാരികൾ അവരുടെ ക്ഷേമനിധിയിലേയ്ക്ക് ഒരു തുക ഒടുക്കേണ്ടിയിരുന്നു. എന്നുപറഞ്ഞാൽ ഒരു ലക്ഷം രൂപയുണ്ടെങ്കിൽ അതിൽ 250 രൂപ നേരത്തെ കൊടുക്കണമായിരുന്നു. ഇപ്പോഴത് 100 രൂപയാക്കി കുറച്ചിരിക്കുന്നു എന്നാണ്

പറയുന്നത്. അതുമാത്രമല്ല, കോടിക്കണക്കിന് രൂപ സെസ്സ് ഇനത്തിൽ വ്യാപാരികൾ തിരിച്ചുപിടിക്കാനായി കുടിശ്ശികയുണ്ടെന്നുള്ള വാർത്തകളുമുണ്ട്. ഇത് സ്വർണ്ണ വ്യാപാരികളെയും സ്വർണ്ണവുമായി ബന്ധപ്പെട്ട കടത്തുസംഘങ്ങളെയൊക്കെ സഹായിക്കാൻകൂടി ഉതകുന്നതല്ലേയെന്നും ഇത്തരം വിഷയങ്ങൾ അങ്ങയുടെ ശ്രദ്ധയിലുണ്ടോയെന്നുള്ളതുമാണ് എന്റെ ചോദ്യം?

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, തീർച്ചയായും ബഹുമാന്യയായ അംഗം കെ. കെ. രമ ഇവിടെ സൂചിപ്പിച്ച കാര്യം വളരെ ഗൗരവത്തോടുകൂടി ഈ സഭ ചർച്ച ചെയ്യേണ്ട വിഷയമാണ്. കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികളുടെ അടിസ്ഥാന അവകാശത്തിന്മേൽ നിയന്ത്രണം ഏർപ്പെടുത്തുന്ന ഒരു ഉത്തരവാണ് ഈ സർക്കാർ ഇറക്കിയിരിക്കുന്നത്. ഗുണഭോക്താക്കൾക്ക് അവർ പെൻഷന് അപേക്ഷ നൽകി ബന്ധപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡിജിറ്റൽ സിഗ്നേച്ചർ വയ്ക്കുന്ന മാസം മുതൽക്കേ ക്ഷേമനിധി ബോർഡിൽനിന്നും പെൻഷൻ ലഭിക്കാൻ അർഹതയുള്ളൂവെന്ന് നിർദ്ദേശിക്കുന്ന ധനകാര്യ വകുപ്പിന്റെ ഈ ഉത്തരവ് തൊഴിലാളികൾക്കിടയിൽ വലിയ പ്രതിഷേധമാണ് ഉയർത്തിയിരിക്കുന്നത്.

സർക്കാരിന്റെ ഈ ഉത്തരവ് തിരുത്തണമെന്നാവശ്യപ്പെട്ട് സ്വതന്ത്ര തൊഴിലാളി യൂണിയൻ (STU)-ന്റെ നേതൃത്വത്തിൽ തൊഴിലാളി സംഘടനകൾ സമരത്തിന്റെ പാതയിലാണ്. STU സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ ഈ മാസം 31-ന് ഇതേ വിഷയം ഉയർത്തിപ്പിടിച്ചുകൊണ്ട് സെക്രട്ടേറിയറ്റിനുമുൻപിൽ ധർണ നടത്തുകയാണ്. തൊഴിലാളിവിരുദ്ധമായ ധനകാര്യവകുപ്പിന്റെ ഈ ഉത്തരവ് അടിയന്തരമായി പിൻവലിക്കണമെന്ന് ഈ ചർച്ചയിൽ ആവശ്യപ്പെടുകയാണ്. ആഭരണ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് നിലനിർത്തുക, സ്വർണ്ണ വ്യാപാര ശാലകളിൽനിന്നുള്ള ആഭരണ നിർമ്മാണ തൊഴിലാളി സെസ്സ് 2012 സാമ്പത്തിക വർഷം മുതൽ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുക, തൊഴിലാളികൾ ക്ഷേമനിധി ബോർഡിലേയ്ക്ക് സമർപ്പിക്കുന്ന ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷയിൽ കാലതാമസം നേരിടുന്നത് ഒഴിവാക്കുക, ആഭരണ നിർമ്മാണ തൊഴിലാളികൾക്ക് മിനിമം വേജസ് സർക്കാർ പ്രഖ്യാപിക്കുക, തൊഴിലുടമകൾ ആഭരണ നിർമ്മാണ തൊഴിലാളികൾക്ക് പ്രഖ്യാപിച്ച മിനിമം വേജസ് നൽകുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തുക, സ്വർണ്ണാഭരണ നിർമ്മാണ പ്രക്രിയയിൽ

അൺഫിനിഷ്ഡ് ഓർണമെന്റ്സ് ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടുപോകുമ്പോൾ ഡെലിവറി ചലാൻ അപ്രാപ്യമായതിനാൽ ചെറുകിട സ്വതന്ത്ര തൊഴിലാളികളെ നൂറ് ഗ്രാം വരെയുള്ള സ്വർണ്ണത്തിന് ജി.എസ്.ടി. പരിധിയിൽനിന്നും ഒഴിവാക്കിക്കൊണ്ട് സർക്കാർ തൊഴിൽ മേഖല സംരക്ഷിക്കുക എന്നീ കാര്യങ്ങൾ നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കോർപ്പറേറ്റ് വ്യാപാരികളുടെ ഫാക്ടറികളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ ആഭരണ നിർമ്മാണ ക്ഷേമനിധി തുക തൊഴിലുടമയിൽനിന്നും നിർബന്ധമായും ഈടാക്കിക്കൊണ്ട് അത്തരം അന്യസംസ്ഥാന അസംഘടിത തൊഴിലാളികളെ ക്ഷേമനിധി പരിധിയിൽ ഉൾപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഈ ഭേദഗതിയിൽ ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നമ്മുടെ സഹകരണ ബാങ്കുകളിൽ ജോലി ചെയ്യുന്ന അപ്രൈസർമാർക്ക് കമ്മീഷനാണ് നൽകുന്നത്. അവരുടെ ദയനീയ ജീവിതം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? നമ്മൾ കൊട്ടിഘോഷിച്ചാണ് സഹകരണ ബാങ്കുകളൊക്കെ കേരള ബാങ്ക് എന്ന പേരിലാക്കിയത്. കേരള ബാങ്ക് നിലവിൽ വരുമ്പോൾ അപ്രൈസർമാരുടെ

ജീവിതത്തിൽ മാറ്റമുണ്ടാകുമെന്ന് ഒരു പ്രതീക്ഷയുണ്ടായിരുന്നു. പക്ഷെ അവരുടെ ദുരിതം വർദ്ധിക്കുകയാണുണ്ടായത്. ചില ബാങ്കുകളിലൊഴികെ അവരെ എവിടെയും സ്ഥിരമായി നിയമിച്ചിട്ടില്ല. അവർക്ക് കമ്മീഷൻ ഇനത്തിൽ 0.25 ശതമാനമാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. ഒരു പ്രാവശ്യം ഒരാൾ സ്വർണ്ണം പണയം വയ്ക്കാൻ ബാങ്കിൽ വന്നാൽ അപ്രൈസർമാരുടെ കമ്മീഷൻ 250 രൂപയിൽ കൂടാൻ പാടില്ല. അത്തരത്തിൽ വളരെ ദയനീയമായ ജീവിതമാണ് അപ്രൈസർമാർക്കുള്ളത്. അവരും സ്വർണ്ണാഭരണ തൊഴിലാളികളാണ്, അതിനാൽ അവരുടെ കമ്മീഷൻ വർദ്ധിപ്പിക്കേണ്ടതല്ലേ? അവർക്ക് ലഭിക്കുന്ന കമ്മീഷനല്ല നമ്മൾ നോക്കേണ്ടത്, അവരുടെ സത്യസന്ധതയ്ക്കാണ് നമ്മൾ വില കൽപ്പിക്കേണ്ടത്. അപ്രൈസർമാർ വിചാരിച്ചാൽ എന്ത് സംഭവിക്കുമെന്ന് ഞാനിവിടെ പറയേണ്ട ആവശ്യമില്ലല്ലോ; പല ബാങ്കുകളിലും നടന്ന തട്ടിപ്പിന്റെ പിന്നിൽ എന്താണ്, എങ്ങനെയാണ് അതൊക്കെ സംഭവിച്ചതെന്ന് ഞാനിവിടെ വിവരിച്ച് പറയേണ്ട ആവശ്യമില്ല. ബാങ്കിൽ സെക്രട്ടറിയുണ്ടാകും, ക്ലാർക്കുണ്ടാകും അങ്ങനെ ഒരു ബാങ്കിന്റെ ഘടനയുടെ ഭാഗമാണ് അപ്രൈസർമാർ എന്നുപറയുന്നത്. ആ അപ്രൈസർമാർക്ക് വേണ്ട

അംഗീകാരം നൽകേണ്ടതല്ലേ; ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായമെന്താണ്?

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, വളരെ പ്രസക്തമായ ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം എൻ. എ. നെല്ലിക്കുന്ന് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇന്ന് വലിയ ജ്വല്ലറികളിൽനിന്നും വരുന്ന മനോഹരമായ ആഭരണങ്ങൾക്ക് പിന്നിലും പഴയകാല ആഭരണ തൊഴിലാളികളുടെ കലാപരമായ കഴിവുകൾ പ്രകടമാക്കാൻ തീർച്ചയായും കഴിയും. എന്റെ കുഞ്ഞുന്നാളിലൊക്കെ കണ്ട ആശാരിമാരെന്ന് വിളിച്ച തട്ടാന്മാരിൽ പലരെയും ഇന്ന് ചില ബാങ്കുകളിൽ പോകുമ്പോൾ അപ്രൈസർമാരായി കാണുന്നു എന്നുള്ളതും അവരുടെ തുച്ഛമായ വരുമാനവും ദയനീയാവസ്ഥയും പലപ്പോഴും വേദനിപ്പിക്കുന്ന ഓർമ്മകളായി മനസ്സിലുണ്ട്. സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുകയും ഒരുദിവസം സഭ അതിനുവേണ്ടി നീക്കിവയ്ക്കുകയും ചെയ്തു. ആ സമയത്ത് എന്റെ നാട്ടിൽനിന്ന് 'പുട്ട' എന്ന വെങ്കടേഷ്, ഇച്ചിലംങ്കോടിലെ ഒരു ചെറുപ്പക്കാരൻ ഗിന്നസ് റെക്കോർഡിലേയ്ക്ക് കടന്ന ഒരു വാർത്തയുണ്ട്. പെൻസിൽ മുനയിൽ ഇന്ത്യയുടെ ഭൂപടം വരച്ചുകൊണ്ടാണ് ലോക ഗിന്നസ് റെക്കോർഡിലേയ്ക്ക്

മഞ്ചേശ്വരത്തുനിന്നും കന്നടക്കാരനായ ചെറുപ്പക്കാരൻ കടന്നുവന്നത്. അവന്റെ ബയോഡാറ്റ പുറത്തുവരുമ്പോൾ അവർ പരമ്പരാഗതമായി ഇത്തരത്തിലുള്ള ആഭരണത്തൊഴിലാളികളായ ഒരു കുടുംബത്തിൽ പിറന്നുവന്ന വെങ്കടേഷനെപ്പോലെയുള്ള ആളുകൾക്ക് നിവൃത്തിയില്ലാതെ അവർ വേറെ വഴി നോക്കുന്ന ഒരവസ്ഥയിലേയ്ക്ക് പോകുന്നത് ഗൗരവമായി കാണേണ്ട വസ്തുതയാണ്. ഇത്തരം കാര്യങ്ങൾ ഇവിടെ അവതരിപ്പിച്ചുകൊണ്ട് ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന ഭേദഗതി ഞാനിവിടെ അവതരിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീമതി യു. പ്രതിഭ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. ഡി. പ്രസേനൻ): സർ, 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ആഭരണ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിന് അർഹതയുള്ള എല്ലാ അദ്ധ്വാനിക്കുന്ന മനുഷ്യർക്കും ആധുനികകാലത്തെ മാന്യതയ്ക്കനുസരിച്ചുള്ള പരിരക്ഷ ഉറപ്പാക്കുകയെന്ന ലക്ഷ്യബോധമാണ് ഈ ഭേദഗതി ബില്ലിലൂടെ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നതെന്ന് ഞാൻ

മനസ്സിലാക്കുന്നു. ഇതിഹാസ കഥാപാത്രമായ കർണ്ണന്റെ കവചകുണ്ഡലങ്ങളും ശബരിമല ശാസ്താവിന്റെ തിരുവാഭരണവും ശ്രീ പത്മനാഭ സ്വാമിക്ഷേത്ര നിലവറകളിൽ നിറഞ്ഞുകിടക്കുന്ന ആഭരണങ്ങളും സ്ത്രീ-പുരുഷ വ്യത്യസ്തതകളില്ലാതെ സർവ്വ ദൈവങ്ങളും ധരിക്കുന്ന എല്ലാവിധ ആഭരണങ്ങളും പണിതവരുടെ പിന്മുറക്കാരാണ് ഇന്നത്തെ പരമ്പരാഗത ആഭരണത്തൊഴിലാളികളായി അറിയപ്പെടുന്നവർ. കേരളത്തിൽ 5753 ജ്വല്ലറികളുണ്ടെന്നാണ് കഴിഞ്ഞ സാമ്പത്തികവർഷം വരെയുള്ള കണക്ക്. ഏതാണ്ട് എല്ലാ ആഴ്ചയിലും പുതിയ ജ്വല്ലറികളുടെ ഉദ്ഘാടന പരസ്യങ്ങളും കാണുകയാണ്. കേരളം ആഭരണക്കടകൾകൊണ്ട് നിറയുന്ന കാഴ്ചയാണ്. അതേസമയം ആഭരണത്തൊഴിലാളികളുടെ കണ്ണുകളിൽ നിറകണ്ണീരും കാണാൻ കഴിയും. പരമ്പരാഗത ആഭരണത്തൊഴിലാളികൾ പ്രത്യേകിച്ചും അവരുടെ പണി കുറയുകയും കൂലിയിലെ വെട്ടിക്കുറവ് കൂടിക്കൊണ്ടുവരികയും ചെയ്യുന്ന ദുരവസ്ഥ നേരിട്ടുകൊണ്ടിരിക്കുകയാണ്. എന്നിട്ടും നമ്മുടെ സ്വർണ്ണക്കടകളിൽ ആഭരണങ്ങൾ കുന്നുകൂടിക്കൊണ്ടിരിക്കുകയാണ്. അതിന്റെ പ്രധാനപ്പെട്ട കാരണം, ഇതര സംസ്ഥാനങ്ങളിൽനിന്ന് ഇടതടവില്ലാതെ ഒഴുകിയെത്തുന്ന ആഭരണങ്ങൾ കേരളത്തിലെ ജ്വല്ലറികളിൽ

കുമിഞ്ഞുകൂടുന്നു എന്നതാണ്. പൂർവ്വകാലത്ത് കേരളത്തിൽ അഞ്ചുലക്ഷത്തിലധികം ആഭരണത്തൊഴിലാളികൾ ഉണ്ടായിരുന്നുവെന്നാണ് കണക്ക്. ഈ മേഖലയിൽ വളരെ വേഗതയിൽ വംശനാശം വന്നുകൊണ്ടിരിക്കുകയാണ്. ക്ഷേമനിധി ബോർഡ് നിലവിൽവരുന്ന സമയത്ത്, രണ്ടുലക്ഷം തൊഴിലാളികൾ ഉണ്ടെന്നായിരുന്നു അന്നത്തെ കണക്ക്. ഇപ്പോൾ അതുവീണ്ടും കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത. ഇതിനൊക്കെ പരിഹാരം കണ്ടേമതിയാകൂ. ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്ന തൊഴിലാളികളെയെങ്കിലും ഈ മേഖലയിൽ നിലനിർത്താൻ കഴിയണ്ടേ; അതുകൊണ്ട് അവർക്ക് തൊഴിൽ നൽകാനുള്ള ബാദ്ധ്യതകൾകൂടി ജ്വല്ലറി ഉടമകളിൽ നിക്ഷിപ്തമാക്കാൻ കഴിയുമോയെന്ന് ചർച്ച നടത്തണം. ആകെ വിൽപ്പനയുടെ 50 ശതമാനമെങ്കിലും ഇത്തരം തൊഴിലാളികൾക്കുള്ള തൊഴിലുമായി ബന്ധിപ്പിക്കാൻ കഴിഞ്ഞെങ്കിൽ അന്യംനിന്നുപോകുന്ന ഈ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെ നമുക്ക് സംരക്ഷിക്കാൻ കഴിയും. മിനിമം വേജസ് ഈ മേഖലയിലെ തൊഴിലാളികളുടെ കാണാക്കനിയാണ്. മിനിമം വേജസ് ആക്ട് കേരളത്തിൽ നടപ്പാക്കിയിട്ട് പത്തുവർഷമായിരിക്കുകയാണ്. എന്നാൽ

മിനിമം വേജസിൽ പത്ത് നയാപൈസയുടെ വർദ്ധനവ് ഇക്കാലത്തൊന്നും ഉണ്ടായിട്ടില്ല. അതിനുകാരണം ഈ മേഖലയിലെ നിർമ്മാണച്ചെലവിന്റെ ബാദ്ധ്യതകൂടി ആഭരണത്തൊഴിലാളികളുടെ കൂലിയിൽനിന്ന് കണക്കാക്കുന്നുയെന്നതാണ്. ഇത് മറ്റൊരു തൊഴിൽമേഖലയിലും കാണാൻ കഴിയാത്ത ഒരു പ്രതിഭാസമാണ്. എല്ലാ നിർമ്മാണ മേഖലയിലും തൊഴിലുടമകൾ അസംസ്കൃതപദാർത്ഥങ്ങൾ വിതരണം ചെയ്യുകയും തൊഴിലാളികൾ അത് സംസ്കരിച്ച് ഉൽപ്പന്നങ്ങളുണ്ടാക്കുകയും ചെയ്യുമ്പോൾ വരുന്ന വരുമാനച്ചെലവ് അവരുടെ കൂലിയിൽനിന്ന് കുറയ്ക്കാറില്ല. എന്നാൽ സ്വർണ്ണാഭരണമേഖലയിൽ ആഭരണങ്ങൾ നിർമ്മിക്കുമ്പോൾ ഉണ്ടാകുന്ന നിർമ്മാണച്ചെലവ് തൊഴിലാളികളുടെ കൂലിയിൽനിന്ന് കുറയ്ക്കുന്നു. ഉദാഹരണത്തിന് 100 ഗ്രാം സ്വർണ്ണം തൊഴിലുടമ തൊഴിലാളിക്ക് നിർമ്മാണത്തിനായി നൽകിയാൽ അതിൽനിന്ന് എങ്ങനെ പരിശ്രമിച്ചാലും 98 ഗ്രാമിന്റെ ആഭരണങ്ങളാണ് നിർമ്മിക്കാൻ കഴിയുക. നഷ്ടപ്പെട്ടുപോകുന്ന രണ്ട് ശതമാനം അതായത്, ആ രണ്ട് ഗ്രാം അസംസ്കൃത വസ്തുവിന്റെ വില തൊഴിലാളിയുടെ കൂലിയിൽനിന്നും പിടിക്കുന്ന അപരിഷ്കൃത സമ്പ്രദായം ഇപ്പോഴും തുടരുകയാണ്. ഇത് തൊഴിലാളികൾക്ക് ലഭിക്കേണ്ട മിനിമം

വേജസ് ലഭ്യമാകാത്ത അവസ്ഥയുണ്ടാക്കുകയാണ്. ഇത്തരം പരാധീനതകൾ അനുഭവിക്കുന്ന ആഭരണതൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ച ക്ഷേമനിധി ബോർഡിനെ അസ്ഥിരപ്പെടുത്താൻ പലരും ഇപ്പോൾ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വ്യാപാരികളടയ്ക്കേണ്ട സെസ്സിനെ സംബന്ധിച്ച് കഴിഞ്ഞ സഭയിൽ ചർച്ചനടത്തി എല്ലാവരും അടയ്ക്കട്ടെയെന്ന് കരുതി അതിന്റെ ശതമാനമെല്ലാം കുറച്ചുകൊണ്ടുവന്നിരുന്നു. എന്നാൽ സത്യസന്ധമായി അതടയ്ക്കാൻ പലരും  തയ്യാറാകുന്നുണ്ടെങ്കിലും പലരും അതിനെ അടപ്പിക്കാതിരിക്കാനുള്ള പരിശ്രമത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. തൊഴിലാളി വിഹിതവും സർക്കാർ വിഹിതവും കൊണ്ടുമാത്രം ഈ ക്ഷേമനിധിയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല. അതുകൊണ്ട് തൊഴിലുടമകളുടെ ഓഹരികുടി സമയബന്ധിതമായി സമാഹരിക്കുന്നതിന് കഴിയണം. ക്ഷേമനിധി ബോർഡ് ഇല്ലാതാക്കുകയെന്ന വൻകിട ജൂവല്ലറി ഉടമകളുടെ ദുഃസ്വപ്നത്തിന് ജീവൻ നൽകുക മാത്രമാണ് ഈ ബില്ലിനെ എതിർക്കുന്നതിലൂടെ നമുക്ക് കാണാൻ കഴിയുന്നത്. അതുകൊണ്ട് ഈ ബിൽ സാക്ഷാത്കരിക്കണം. ഈ വൻകിട ജൂവല്ലറിക്കാരുടെ ലക്ഷ്യം നടപ്പാകാതെ

ഇവിടത്തെ തൊഴിലാളികളെ സംരക്ഷിക്കാനുള്ള നിലപാടിൽ നമുക്ക് മുന്നോട്ടുപോകാൻ കഴിയണം.

വരുമാനമില്ലാത്ത ഈ ക്ഷേമനിധി ബോർഡിനെ നോക്കാനും കൊണ്ടുനടക്കാനും ഉദ്യോഗസ്ഥർക്കും താല്പര്യമില്ലെന്നതാണ് അനുഭവസ്ഥരായ തൊഴിലാളികൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. നിലവിലുള്ള പരിമിതമായ ആനുകൂല്യങ്ങൾപോലും വേഗതയോടെ വിതരണം ചെയ്യാൻ അവർ മുൻകയ്യെടുക്കുന്നില്ലെന്നത് ഒരു പ്രശ്നമാണ്. ഉദ്യോഗസ്ഥരുടെ ഉദാസീനതയുടെയും മുതലാളിമാരുടെ മുരടൻ നയത്തിന്റെയും ഇടയിൽചേർന്ന് പാവപ്പെട്ട ആഭരണത്തൊഴിലാളികളുടെ നടുവൊടിയുകയാണെന്നതാണ് വസ്തുത.

ആഭരണത്തൊഴിലാളികളുടെ കരവിരുത് കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിന്റെ നേർസാക്ഷ്യമാണ്. മനുഷ്യർക്കും ദൈവങ്ങൾക്കും ഏറെ പ്രിയപ്പെട്ട ആഭരണങ്ങൾ ആർഭാടപൂർവ്വം പണിതുകൊടുത്ത തൊഴിലാളികളെ ഇന്ന് എല്ലാവരും അവഗണിച്ചുകൊണ്ടിരിക്കുകയാണ്. അവർ പണിതുണ്ടാക്കിയ ആഭരണങ്ങളിലെ ഒരു മുത്ത് നഷ്ടപ്പെട്ടാൽ ദൈവത്തിന്റെ ചൈതന്യം നഷ്ടപ്പെടുമെന്ന് കരുതുന്ന നാട്ടുകൂടിയാണ് കേരളം.

ആ കേരളത്തിലാണ് അതെല്ലാം നിർമ്മിക്കുന്ന തൊഴിലാളികൾ അവഗണിക്കപ്പെടുന്നത്. സ്വർണ്ണാഭരണങ്ങളെ ഇത്രയധികം ഇഷ്ടപ്പെടുന്ന സമൂഹം കേരളത്തിലല്ലാതെ മറ്റൊരു നാടുകളിലും കാണാൻകഴിഞ്ഞിട്ടില്ല. അരപ്പവന്റെ കമ്മലിനുവേണ്ടി വന്ദ്യവയോധികയുടെ ജീവനെടുക്കുന്ന വാർത്ത കണ്ടാലും വിവാഹപ്പന്തലിലെത്തുന്ന വധുവിന്റെ ദേഹത്ത് അരക്കിലോ സ്വർണ്ണാഭരണങ്ങൾ വേണമെന്ന് ദുശ്ശാഠ്യം പിടിക്കുന്ന കുടുംബാംഗങ്ങളുടെ കാഴ്ചയാണ് നാം കാണുന്നത്.

<u>ശ്രീ. വി. ജോയി</u>: സർ, ജിമിക്കിക്കമ്മലിന്റെ ഒരു പാട്ടുണ്ടായത് അതിന്റെ ഭാഗമായിട്ടായിരിക്കുമോ?

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, അതെ, 'എന്റെ അമ്മയുടെ ജിമിക്കിക്കമ്മൽ' കള്ളുകുടിക്കാൻവേണ്ടി കട്ടുകൊണ്ടുപോയ കഥയാണ് ശ്രീ. വി. ജോയി ആലോചിച്ചിരുന്നത്. ഇവിടെ കള്ളുകുടിക്കാൻവേണ്ടി കട്ടുകൊണ്ടുപോയതൊന്നുമല്ല. ഇത്തരം ആഭരണങ്ങളോടുള്ള അമിതമായ താല്പര്യം പലരുടെയും ജീവനെടുക്കുന്ന കാഴ്ചകണ്ടാലും നമ്മളതിനോട് കൂടുതൽ കൂടുതൽ അഭിരമിച്ചുകൊണ്ടിരിക്കുകയാണെന്നതാണ് വസ്തുത. കണ്ണുനിറയെ കണ്ടുകൊണ്ട് ഈ ആഭരണങ്ങളെല്ലാം പണിയുന്ന

തൊഴിലാളികളുടെ കണ്ണുനീര് തുടയ്ക്കാൻ ആരും മെനക്കെടുകയോ അവരുടെ ദുരവസ്ഥയെ പരിഗണിക്കുകയോ ചെയ്യുന്നില്ലെന്നതാണ് മറ്റൊരു വൈരുദ്ധ്യം. തൊഴിലാളികൾക്ക് കൂലി കൊടുക്കാത്ത വില്പനശാലകളുണ്ടോ എന്നതാണ് കേരളീയർ അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. അദ്ധ്വാനവർഗ്ഗത്തിന്റെ ആവേശോജ്ജ്വലമായ മുന്നേറ്റങ്ങളിലൂടെ പടുത്തുയർത്തപ്പെട്ട ആധുനിക കേരളത്തിൽ അദ്ധ്വാനിക്കുന്നവരെ അവമതിപ്പോടെ അവഗണിക്കുന്ന കാഴ്ച ഇപ്പോൾ നമുക്ക് കാണേണ്ടിവരികയാണ്. സാമൂഹ്യനീതിബോധം പോയിട്ട് സാമാന്യബുദ്ധിപോലുമില്ലാത്തവരാണ് തങ്ങളെന്ന് സ്വയം പരിചയപ്പെടുത്തുന്നവരായി കേരളീയർ മാറാതിരിക്കാൻ ശ്രമിക്കണമെന്ന ഒരപേക്ഷ ഞാനീ സന്ദർഭത്തിൽ മുന്നോട്ടുവയ്ക്കുകയാണ്.

പണിക്കൂലികുറവെന്ന പരസ്യം കണ്ടാൽ ആ കടയിലേയ്ക്ക് കുതിച്ചുപോകുന്ന കേരളീയരെക്കുറിച്ചാണ് ഞാൻ പറഞ്ഞുവരുന്നത്. എത്ര പരിഹാസ്യമാണ് നമ്മുടെ മാനസികസ്ഥിതി. ഇതത്ര ഗൗരവത്തിലൊന്നും ഞാനും ശ്രദ്ധിച്ചിരുന്നില്ല. പക്ഷെ എന്റെ മൂത്ത മകൻ 7-ാം ക്ലാസ്സിൽ പഠിക്കുന്ന സമയത്ത് അവനോട് പത്രം വായിക്കാൻ എപ്പോഴും നിർബന്ധിക്കുമായിരുന്നു. ഒരു ദിവസം പത്രമെടുത്ത് വായന തുടങ്ങിയ ഉടൻ

ഒരു ചോദ്യം അവനെന്നോട് ചോദിച്ചു. അവൻ ചോദിച്ചത്, അച്ഛാ, 'ഈ കടയിൽ നല്ല പണിക്കാരൊന്നും ഈ കടക്കാർക്ക് കിട്ടില്ലല്ലോ'; അവരുടെ പരസ്യം കണ്ടിട്ടാണ് അങ്ങനെ ചോദിച്ചത്. എന്താണ് പരസ്യമെന്ന് ചോദിച്ചപ്പോൾ പറഞ്ഞത്, 'പണിക്കൂലി കുറവ് എന്നതാണ് ആ ജൂവല്ലറിയുടെ പ്രധാന പരസ്യം' എന്നാണ്. നല്ല പണിക്കാരെ കിട്ടില്ലെന്ന് അവന്റെ കുഞ്ഞുമനസ്സിൽ തോന്നുകയാണ്. ആ ചോദ്യം നമ്മുടെ മനസ്സിൽ വരില്ല; പണിക്കൂലി കുറവ് എന്നുപറഞ്ഞാൽ വിലകുറഞ്ഞ് ആഭരണം കിട്ടും; ലാഭത്തിൽ ആഭരണം കിട്ടുമെന്ന തെറ്റായ ധാരണയിലേയ്ക്ക് നമ്മളെത്തുകയാണ്. പണിക്കൂലി കുറയുന്നിടത്ത് പണിയുടെ വൈദഗ്ധ്യം കുറയില്ലേ എന്ന സാമാന്യചോദ്യം ചോദിക്കാൻ കരുത്തില്ലാത്തവരായി കേരളീയർ മാറിയെന്നാണ് കാണേണ്ടത്.

നേരത്തെ ഒരംഗം പറഞ്ഞതുപോലെ, പണ്ട് കേരളത്തിലെ പാതയോരങ്ങളിലും വഴിയോരങ്ങളിലുമെല്ലാം നടത്തുന്ന നിരവധി സ്വർണ്ണാഭരണശാലകൾ നമുക്ക് കാണാൻ കഴിയുമായിരുന്നു. അവിടെ മുതലാളി തൊഴിലാളി എന്നൊന്നുമില്ല; ഒരാൾ തന്നെയാണ് എല്ലാം. നാട്ടുകാർ അവിടെ വന്നിരുന്ന് തങ്ങളുടെ ആഭരണങ്ങൾ പണിയുന്ന

സൗന്ദര്യം ആവോളം കണ്ടിരുന്ന കാലമായിരുന്നു അത്. അത്തരം തൊഴിലിടങ്ങൾ വളരെ സുതാര്യവും സത്യസന്ധവുമായിരുന്നു. അവിടെ പണിഞ്ഞിരുന്ന സ്വർണ്ണത്തിന്റെ മാറ്റിൽ ഒരു കുറവും ആരും കണ്ടിരുന്നില്ല; അളക്കാതെതന്നെ അതിന്റെ തൂക്കം പറയാൻ ആർക്കും കഴിയുമായിരുന്നു. എന്നാൽ ഇന്ന് ഏത് യന്ത്രത്തിലിട്ട് അളന്നാലും എല്ലാ മാറ്റുണ്ടെന്ന് പറഞ്ഞാലും ഒരു ജൂവല്ലറിയിൽനിന്നും വാങ്ങിയ സ്വർണ്ണം മറ്റൊരു ജൂവല്ലറിക്കാർ എടുക്കാൻ തയ്യാറല്ല; കാരണം അതിന്റെ ഗുണമേന്മയെ സംബന്ധിച്ച് അവർക്ക് പരസ്പരം സംശയമുള്ളതുകൊണ്ടാണ്. സ്വർണ്ണവും ചെമ്പും ഉരുക്കിയുണ്ടാക്കുന്ന ഉരുപ്പടിയുടെ ഉള്ളിലെ സ്റ്റീൽക്കമ്പികളുടെ വലിപ്പത്തിലും തൂക്കത്തിലും കൃത്യമായ സ്ഥിരീകരണത്തിന് മാർഗ്ഗമില്ലാത്തതുമൂലമാണ് ഒരു കടയിൽനിന്നും വാങ്ങിയ ഉല്പന്നം മറ്റ് ജൂവല്ലറിക്കാർ സ്വീകരിക്കാത്ത അവസ്ഥയുണ്ടാകുന്നത്.

ഉത്തരേന്ത്യയിലെ പല വർക്ക്ഷോപ്പുകളിലും പണിത് ഇങ്ങോട്ടുവരുന്ന ഉരുപ്പടികളിലെ സ്വർണ്ണത്തിന്റെ അളവ് എത്ര ഉരച്ചുനോക്കിയാലും തിട്ടപ്പെടുത്താൻ കഴിയാത്ത അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. മനുഷ്യരെയും ദൈവങ്ങളെയും ഒരുപോലെ അണിയിച്ചൊരുക്കുന്നതിന്

ഋഷിതുല്യമായ ജാഗ്രതയോടെയും ക്ഷമയോടെയും ആഭരണങ്ങളുണ്ടാക്കിയിരുന്ന തൊഴിലാളികളുടെ നാളിതുവരെയുള്ള അവഗണനയെ മറികടക്കാൻ ഈ ബിൽ ഏറെ സഹായകമാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, വർഷത്തിലൊരിക്കൽ അക്ഷയതൃതീയ ദിനത്തിൽ സ്വർണ്ണം വാങ്ങി വീട്ടിൽവച്ചാൽ ഐശ്വര്യമുണ്ടാകുമെന്ന പ്രചരണത്തിൽ വല്ല ശാസ്ത്രീയവശവുമുണ്ടോ; അതോ, മനുഷ്യന്റെ ദുരാഗ്രഹത്തിലേയ്ക്ക് സ്വർണ്ണക്കടക്കാർ വഴിവയ്ക്കുകയാണോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, എല്ലാത്തിനെയും ബിസിനസ്സും ലാഭാധിഷ്ഠിതവുമായി മാറ്റുക എന്നതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും വിശ്വാസങ്ങളെയും കമ്പോളവത്കരിക്കുന്നത് ആധുനിക മുതലാളിത്തത്തിന്റെ തന്ത്രമാണ്. ഞാൻ ഈ സഭയിൽ അവതരിപ്പിച്ചുകൊണ്ടിരിക്കുന്ന അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബില്ലെന്ന സ്വകാര്യ ബില്ലുണ്ട്. അതിലെ ഏറ്റവും പ്രധാനപ്പെട്ട പോയിന്റ് അതാണ്. അത്തരത്തിൽ നിരവധി തട്ടിപ്പുകൾ

നടക്കുന്നുണ്ട്. അതെല്ലാം ബാധിക്കുന്നത് സത്യസന്ധരായ ആഭരണത്തൊഴിലാളികളെക്കൂടിയാണെന്ന് മനസ്സിലാക്കണം. തൊഴിലാളികൾ അവരുടെ അംശദായം 20 രൂപയിൽനിന്നും 50 രൂപയായി വർദ്ധിപ്പിച്ച് ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്നുവെന്നതാണ് ഇപ്പോഴത്തെ ഭേദഗതി. അതിന് സമാനമായ വർദ്ധനവ് സർക്കാർ വിഹിതത്തിലുമുണ്ടാകുകയാണ്. ഇതിന്റെ 5 ശതമാനം വിഹിതത്തിനനുസരിച്ച് 5 ശതമാനം സർക്കാരടയ്ക്കണമെന്ന് പറഞ്ഞാൽ സ്വാഭാവികമായും സർക്കാരിന് ധനകാര്യ ഉത്തരവാദിത്വം വരുന്നുണ്ട്. ആ ഉത്തരവാദിത്വംകൂടി ഏറ്റെടുക്കാൻ ഈ സർക്കാർ സന്നദ്ധമാകുകയാണ്. ആരാലും ശ്രദ്ധിക്കപ്പെടാതെ കിടക്കുന്ന ഈ ദുർബ്ബല ജനവിഭാഗത്തിനൊപ്പം ഇടതുപക്ഷ സർക്കാരുണ്ടെന്ന പ്രഖ്യാപനമാണ് ഈ ബില്ലിലൂടെ നമുക്ക് കാണാൻ കഴിയുന്നത്.

അസംഘടിത തൊഴിലാളികളോട് ഇത്രമാത്രം ഉൾച്ചേർന്നുനിൽക്കുന്ന, അവരെ ചേർത്തുപിടിക്കുന്ന ഗവൺമെന്റിനെ മുമ്പ് കണ്ടിട്ടില്ല. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്താണ് ഇതാരംഭിച്ചത്. ഇപ്പോൾ രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് ഇത് വളരെ ശാക്തീകരിച്ച്

മുന്നോട്ടുപോകുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ഈ ബിൽ സഭ അംഗീകരിക്കണമെന്നാവശ്യപ്പെടുന്നത്. നമ്മളെല്ലാവരും ചേർന്ന് ഈ ബിൽ പാസ്സാക്കിയാൽ തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യവും സാമൂഹ്യസുരക്ഷയും കരുതൽധനവും ലഭിക്കും; തൊഴിലാളികൾ ആഗ്രഹിക്കുന്നതും കേരളം നടപ്പാക്കേണ്ടതും ഈ സഭയുടെ ഉത്തരവാദിത്വവും അതാണ്. ഈ ബില്ലിലെ ആശയവും പ്രാധാന്യവും സാംഗത്യവും ഇതാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഈ ബില്ലിനെ.....

ശ്രീമതി ശാന്തകുമാരി കെ.: സർ, ആഭരണത്തൊഴിലാളികളുടെ സാമൂഹ്യസുരക്ഷിതത്വത്തോടൊപ്പം ആരോഗ്യപ്രശ്നം വലിയ രൂപത്തിൽ ഇതിന്റെ ഭാഗമായി കടന്നുകൂടാറുണ്ട്. മണിക്കൂറുകളോളം ഇരുന്ന് പണിയെടുത്ത് സൂക്ഷ്മമായി അതിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോഴുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ കൂടി ഈ ബില്ലിന്റെ ഭാഗമായി ചർച്ചചെയ്യപ്പെടേണ്ടതല്ലേ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, തീർച്ചയായും, വളരെ മാരകമായ ആരോഗ്യപ്രശ്നങ്ങൾ ഇതിന്റെ ഉല്പാദന പ്രക്രിയയിൽ പങ്കെടുക്കുമ്പോൾ ഉപയോഗിക്കുന്ന രാസപദാർത്ഥങ്ങളുടെ ഭാഗമായി ഇവർ നേരിടുന്നുണ്ട്.

അതെല്ലാം കണ്ടുകൊണ്ടാണ് ക്ഷേമനിധിയിൽ അത്തരം ധനസഹായ ഏർപ്പാടുകളെല്ലാം പ്രഖ്യാപിച്ചിട്ടുള്ളതും ഇവർക്കുള്ള സുരക്ഷിതത്വം ഏർപ്പെടുത്തേണ്ട കാര്യങ്ങളെല്ലാം പറഞ്ഞിട്ടുള്ളതും. പക്ഷേ അതെല്ലാം പാലിക്കുന്നുണ്ടോയെന്നത് മറ്റൊരു പ്രശ്നമാണ്. ഇടതുപക്ഷ ഗവൺമെന്റ് ഉള്ളിടത്തോളം കാലം അത് പാലിക്കാനാവശ്യമായ ജാഗ്രതയാർന്ന പ്രവർത്തനങ്ങൾ നടക്കുമെന്ന് നമുക്ക് വിശ്വാസമുണ്ട്. തൊഴിലിടങ്ങളിൽ എല്ലാവരെയും സംരക്ഷിക്കുന്ന ഒരു നിലപാടാണ് സർക്കാർ എടുക്കുന്നത്. അതുകൊണ്ട് ഈ ബില്ലിന്റെ സാംഗത്യവും പ്രാധാന്യവും ആശയവുമെല്ലാം ഉൾക്കൊണ്ട് ഈ ബിൽ അംഗീകരിക്കാവുന്നതാണെന്നുകൂടി പറഞ്ഞുകൊണ്ട് ഞാനെന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഇവിടെ ചർച്ചയിൽ പങ്കെടുത്ത രണ്ട് അംഗങ്ങളും സ്വർണ്ണത്തെ സംബന്ധിച്ച കാര്യങ്ങൾ നല്ല രീതിയിൽ അവതരിപ്പിച്ച് സംസാരിച്ചു. തൊഴിലാളിക്ഷേമ പ്രവർത്തനങ്ങളിൽ മറ്റ് സംസ്ഥാനങ്ങൾക്കും കേന്ദ്ര സർക്കാരിനും മാതൃകയാകുന്ന നടപടികളാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

തൊഴിലാളിക്ഷേമ പ്രവർത്തനങ്ങളുടെ കാര്യത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറെ മുന്നിലാണ് കേരളം. കേരളത്തിൽ വിവിധ തൊഴിലാളിക്ഷേമ പദ്ധതികളിലായി 80 ലക്ഷത്തോളം വരുന്ന തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. രാജ്യത്ത് മറ്റൊരു സംസ്ഥാനത്തും ഇത്രയുമധികം തൊഴിലാളികളെ ക്ഷേമനിധിയിൽ അംഗങ്ങളാക്കിയിട്ടുള്ളതായി കാണാൻ കഴിയില്ല. ഈ ക്ഷേമ പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിൽ ഒൻപത് ബില്ലുകളാണ് പാസ്സാക്കിയത്. സംസ്ഥാനത്തെ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ പ്രതിജ്ഞാബദ്ധമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ. കേരളത്തിലെ അവസ്ഥയിൽനിന്നും തികച്ചും ഭിന്നമായ അവസ്ഥയാണ് മറ്റ് പല സംസ്ഥാനങ്ങളിലുമുള്ളത്. സംസ്ഥാനത്ത് നിലവിലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സമാന സ്വഭാവമുള്ള ബോർഡുകളെ കൂട്ടിച്ചേർക്കുന്ന കാര്യം 2018-ലെ ഉത്തരവിലൂടെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ അത് നടപ്പാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിലാണ് സർക്കാർ.

തൊഴിലാളി സംഘടനകളുമായും ഈ പ്രശ്നങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ഇതിന്റെ പ്രവർത്തനം നടന്നുവരികയാണ്. ആ നടപടി പൂർത്തീകരിച്ചാൽ ക്ഷേമനിധി ബോർഡുകളുടെ ഭരണച്ചെലവ് കുറയ്ക്കാനും കൂടുതൽ ആനുകൂല്യങ്ങൾ ക്ഷേമ പദ്ധതികളിലൂടെ തൊഴിലാളികൾക്ക് നൽകാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കുടിയേറ്റ തൊഴിലാളികൾ അഥവാ അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി മാതൃകാപരമായ ചില പദ്ധതികൾ കേരളം നടപ്പാക്കിയിട്ടുണ്ട്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത്തരം നിയമങ്ങൾ നടപ്പാക്കിയതായി കാണാൻ കഴിയില്ല. കോവിഡ് വ്യാപന കാലഘട്ടത്തിൽ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ മുഖേന രണ്ട് ഘട്ടങ്ങളിലായി അംഗങ്ങളായ മുഴുവൻ തൊഴിലാളികൾക്കും സാമ്പത്തിക സഹായം നൽകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 2749723 തൊഴിലാളികൾക്കായി 322,53,38,500/- രൂപയും രണ്ടാം ഘട്ടത്തിൽ 2658828 തൊഴിലാളികൾക്കായി 265,88,28,000/- രൂപയും വിവിധ ക്ഷേമനിധി ബോർഡുകൾ മുഖേന കേരളത്തിലെ തൊഴിലാളികൾക്ക് നൽകുകയുണ്ടായി. മറ്റൊരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു ആശ്വാസ

നടപടികളും സ്വീകരിച്ചിട്ടില്ല. എഫ്.സി.ഐ. ഗോഡൗണുകളിൽ എട്ടര കോടിയോളം ഭക്ഷ്യധാന്യം സ്റ്റോക്കുണ്ടായിട്ടും പട്ടിണിയിലായ ദരിദ്ര ജനതയെ സഹായിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകാതിരുന്ന സാഹചര്യത്തിലാണ് കേരള സർക്കാർ ഇത്തരം നടപടികൾ സ്വീകരിക്കുന്നതെന്നുള്ള വിവരം നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇത്തരമൊരു പശ്ചാത്തലത്തിലാണ് കേരള സംസ്ഥാനം മറ്റ് സംസ്ഥാനങ്ങളിലെന്നപോലെ തൊഴിൽ മേഖലയിലും രാജ്യത്തിനാകെതന്നെ മാതൃകയാകുന്ന നടപടികൾ സ്വീകരിക്കുന്നത്. സഭ ഇന്ന് പരിഗണിക്കപ്പെടുന്ന 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ആ ദിശയിലേയ്ക്കുള്ള കാൽവയ്പ്പാണ്. സംസ്ഥാനത്തെ തൊഴിലാളികളുടെ ക്ഷേമം, സമാധാനപരമായ തൊഴിലന്തരീക്ഷം എന്നിവയോടൊപ്പം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. പത്ത്-പതിനഞ്ച് വർഷങ്ങൾക്കുമുമ്പ് സാധാരണ ഓണം നാളുകളിൽ വല്ലാത്തൊരു തൊഴിൽ അന്തരീക്ഷമായിരിക്കും കേരളത്തിൽ കാണാൻ കഴിഞ്ഞിരുന്നത്. എന്നാൽ ഇപ്പോൾ വളരെ സമാധാനപരമായിട്ടുള്ള ഒരു തൊഴിൽ അന്തരീക്ഷമാണ്

കേരളത്തിൽ കാണാൻ കഴിയുന്നത്. അത് വ്യവസായ രംഗത്തും വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ടെന്നുള്ളത് കാണാൻ കഴിയും. ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ച് നമ്മൾ പരിശോധിക്കുമ്പോൾ, അപ്രൈസർമാരുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സംബന്ധിച്ച കാര്യം ഇവിടെ സൂചിപ്പിച്ചു. ഇപ്പോഴുള്ള നിയമപ്രകാരം അവർക്ക് ഇതിൽ അംഗത്വമെടുക്കുന്നതിനുള്ള അവസരം ലഭിക്കില്ല. കേരള സംസ്ഥാനത്ത് സ്വർണ്ണം, വെള്ളി, പ്ലാറ്റിനം, ചെമ്പ്, ഓട്, തങ്കം, രത്നം, മുത്ത്, (കൃത്രിമ മുത്ത് ഒഴികെ) സംസ്കരിക്കുകയും അതുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും മറ്റ് അനുബന്ധ ജോലികൾ ചെയ്യുന്നതുമായ തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും ക്ഷേമം ഉറപ്പാക്കുന്നതിനുംവേണ്ടിയാണ് ഈ ബോർഡ് രൂപീകരിച്ചിട്ടുള്ളത്. 2010 മേയ് മാസം 29-നാണ് ആഭരണ തൊഴിലാളി ക്ഷേമനിധി പദ്ധതി നിലവിൽ വന്നത്. 18 വയസ് പൂർത്തിയായിട്ടുള്ളതും എന്നാൽ 55 വയസ് കഴിയാത്തതുമായിട്ടുള്ള ഈ മേഖലയിലെ തൊഴിലാളികൾക്കും സ്വയംതൊഴിൽ ചെയ്യുന്നവർക്കും ബോർഡിലെ അംഗത്വത്തിന് അർഹതയുണ്ട്. 2022 ജൂലൈ മാസം വരെ ബോർഡിൽ രജിസ്റ്റർ ചെയ്ത

ആകെ അംഗങ്ങൾ 21649 ആണ്. പ്രതിമാസം 20 രൂപ നിരക്കിൽ പന്ത്രണ്ട് മാസം അംശദായം അടയ്ക്കുമ്പോൾ ലഭ്യമാകുന്ന വാർഷിക വരുമാനം 51,95,760/- രൂപ മാത്രമാണ്. അതുകൊണ്ടാണ് ഈ ഭേദഗതിയിലൂടെ അംശദായം 50/- രൂപയാക്കണമെന്ന് തീരുമാനിച്ചത്. പ്രതിമാസ അംശദായം 50/- രൂപയായി വർദ്ധിപ്പിക്കുമ്പോൾ ലഭ്യമാകുന്ന വാർഷിക വരുമാനം 1,29,89,406/- രൂപയാകും. 2022 ജൂലൈ മാസം വരെ വിവിധ ആനുകൂല്യയിനത്തിൽ വിതരണം ചെയ്ത ആകെ തുക 3,47,62,952/- രൂപയാണ്. പെൻഷൻ തുക പൂർണ്ണമായും സർക്കാരാണ് നൽകി വരുന്നത്. ചെറിയ തുകയാണെങ്കിൽപ്പോലും വരുന്ന തുക മുഴുവൻ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന രീതിയാണ് ബോർഡ് അവലംബിച്ച് വരുന്നത്. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി സെസ് ഇനത്തിൽ നാളിതുവരെ ലഭിച്ചിട്ടുള്ള തുക 9,39,162/- രൂപയാണ്. അത് വളരെ കുറവാണ്. സെസ് അടയ്ക്കാത്ത ആഭരണ കച്ചവടം നടത്തുന്ന ആളുകളെ സംബന്ധിച്ച് എന്ത് ചെയ്യാൻ കഴിയുമെന്നത് കൂട്ടായി ആലോചിക്കേണ്ടതായിട്ടുണ്ട്. തൊഴിലാളി വിഹിതമായ 20 രൂപയും തൊഴിലുടമയുടെ വിഹിതമായ 20 രൂപയും ചേർന്ന് 40 രൂപയാണ്

നിലവിലെ അംശദായം. അതാണ് ഭേദഗതിയിലൂടെ മാറ്റം വരുത്തിയിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതുപോലെ, ഇപ്പോൾ നൽകുന്നത് വളരെ തുച്ഛമായ തുകയാണ്. നമുക്കതിൽ മാറ്റം വരുത്താൻ കഴിയും. കാരണം വ്യാപാരികളിൽനിന്ന് കിട്ടുന്ന 0.1 ശതമാനം സെസ്സ് മാത്രമാണ് ബോർഡിന്റെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗം. പെൻഷൻ തുകയായി 1,600 രൂപയും വിദ്യാഭ്യാസ ആനുകൂല്യമായി 500 രൂപ മുതൽ 2000 രൂപ വരെയും വിവാഹ ധനസഹായമായി 3000 രൂപയും പ്രസവാനുകൂല്യവും മറ്റ് ആനുകൂല്യങ്ങൾക്കുമായി 13,000 രൂപ മുതൽ 15,000 രൂപ വരെയും ചികിത്സാ ധനസഹായമായി പരമാവധി 25,000 രൂപ വരെയും മരണാനന്തര ധനസഹായമായി പരമാവധി 25,000 രൂപ വരെയും നൽകുന്നുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ ഇതെല്ലാം വളരെ പരിമിതമാണെന്ന് നമുക്കറിയാം. അതിനൊക്കെ വലിയ മാറ്റം വരുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ ബിൽ പാസ്സാക്കുന്നതിനെ സംബന്ധിച്ച് ഇതിന്റെ ചർച്ചയിൽ പങ്കെടുത്തവരൊക്കെത്തന്നെ അനുകൂലിക്കുകയുണ്ടായി. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് പാസ്സാക്കി

വരുന്നതോടുകൂടി ഇന്ന് ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലനിൽക്കുന്ന വികസന രംഗത്തെ സ്തംഭനാവസ്ഥയ്ക്ക് മാറ്റം വരുത്തി അതിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളെ കൂടുതൽ സഹായിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. എ. കെ. എം. അഷ്റഫ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാത്തിനാൽ ഭേദഗതി പ്രസ് ചെയ്യപ്പെട്ടില്ല)

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

**പ്രമേയം**

ചട്ടം സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, "2022 ഓഗസ്റ്റ് 23-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ അവതരണത്തിനും തുടർന്നുള്ള പൊതുചർച്ചയ്ക്കുംശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1)-ലെയും 237-ലെയും വ്യവസ്ഥകളും അതിനനുസൃതമായി ബില്ലിന്റെ തത്വത്തെപ്പറ്റിയുള്ള ചർച്ച ചെയ്യുന്നതിലേയ്ക്കായി ചട്ടം 77-ലെ വ്യവസ്ഥകളും

താൽകാലികമായി സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ ഞാൻ അവതരിപ്പിക്കുന്നു.

**ക്രമപ്രശ്നം**

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇങ്ങനെയൊരു ബിൽ സ്വാഗതാർഹമാണ്. ഒരേകാര്യത്തിനായി ഒരുപാട് നിയമങ്ങൾ നിലവിലുണ്ടാകുകയെന്നത് ആശയക്കുഴപ്പമുണ്ടാക്കും. Codification of law എന്നുപറയുന്നത് നിയമനിർമ്മാണ രംഗത്തെ ഏറെ ശ്രദ്ധേയമായ നീക്കമാണ്. ആ അർത്ഥത്തിൽ ഇതിനെ സ്വാഗതം ചെയ്യുന്നു. 105 ബില്ലുകൾ ഒഴിവാക്കിയതായി ഈ ആക്ടിൽ പ്രഖ്യാപിക്കുന്നു. പക്ഷേ ഓരോ ആക്ടും ഒഴിവാക്കുമ്പോൾ അതിനുപകരം ഏത് നിയമമാണ് ആ ഭാഗത്ത്

ഉൾക്കൊള്ളുന്നതെന്നുകൂടി ബില്ലിൽ പ്രതിപാദിക്കേണ്ടതുണ്ട്. തിരുവിതാംകൂർ, തിരു-കൊച്ചി, മലബാർ തുടങ്ങിയ മേഖലകളിലൊക്കെ പഴയ ആക്ടുകളാണ് അധികവുമുള്ളത്. അതിന് പകരമായി കേരളം നിലവിൽ വന്നതിനുശേഷം പുതിയ ബില്ലുകൾ വന്നിട്ടുണ്ടാകും. ആക്ടുകൾ ഉണ്ടെന്നുള്ളത് ഉറപ്പുമാണ്. എന്നാൽ ആ ബില്ലിൽ പറയുന്നകാര്യങ്ങൾ ഇന്ന ഭാഗത്ത് പ്രതിപാദിക്കുന്നുണ്ട്, അത് ഇന്ന് പ്രസക്തമല്ല, അതിനാൽ പ്രസ്തുത ബിൽ ഒഴിവാക്കുന്നുവെന്ന് പ്രതിപാദിക്കേണ്ടതായിരുന്നു. ചില ബില്ലുകൾ കാലഹരണപ്പെട്ടുപോയിട്ടുമുണ്ടാകും. 2007-ലെ കേരള പോലീസ് (ഭേദഗതി) ആക്ട് റദ്ദ് ചെയ്യുന്നുവെന്നാണ് ഇവിടെ പറയുന്നത്. ശരിക്കും അത് റദ്ദ് ചെയ്യേണ്ട കാര്യമില്ല. 2007-ലെ പോലീസ് (ഭേദഗതി) ആക്ട് സെലക്ട് കമ്മിറ്റിക്ക് അയച്ച് 2011-ൽ പുതിയ പോലീസ് ആക്ട് നിലവിൽ വന്നിട്ടുണ്ട്. അതോടുകൂടി 2007-ലെ ആക്ട് ഇല്ലാതെയായി. പിന്നീടത് റദ്ദ് ചെയ്യുന്ന കൂട്ടത്തിൽ പറയേണ്ടതില്ല. ഇങ്ങനെയുള്ള അപൂർണ്ണതകളുള്ള ഒരു നിയമമാണിതെന്നുള്ളതുകൊണ്ട് അവ പരിഹരിച്ചുവേണം ഇത് അവതരിപ്പിക്കാനുള്ളതെന്നതാണ് എനിക്ക് ഉന്നയിക്കാനുള്ള തടസ്സവാദം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, അദ്ദേഹം പറഞ്ഞത് ഒരു പോസിറ്റീവായ സ്റ്റെപ്പാണെന്നാണ്. ഭരണഘടനയുടെ അവസാനത്തെ ആർട്ടിക്കിൾ 395-ൽ പ്രതിപാദിക്കുന്നത് റദ്ദാക്കലുകളെ സംബന്ധിച്ചാണ്. അത് സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പുള്ള നിയമങ്ങളെല്ലാം റദ്ദാക്കപ്പെടുന്നതിനുള്ളതാണ്. എന്നാൽ പിന്നീട് 372(1)-ൽ ഏതെങ്കിലും ഒരു കോംപീറ്റന്റ് ലെജിസ്ലേഷൻ അത്തരം ഒരു നിയമം ഉണ്ടാക്കുന്നതുവരെ ഈ നിയമങ്ങൾ തുടരുന്നതായിരിക്കുമെന്നും പറയുന്നുണ്ട്. അന്നുമുതൽ നമ്മൾ ഏറ്റെടുക്കേണ്ട ദൗത്യമായിരുന്നു. അതാണ് ഇപ്പോൾ നിർവ്വഹിക്കുന്നത്. ഒരു ഘട്ടത്തിൽ ചിലതെല്ലാം റദ്ദുചെയ്തിട്ടുണ്ട്. അദ്ദേഹം ചില നിയമങ്ങൾ പ്രത്യേകമായി ഉദ്ധരിച്ചിട്ടുള്ളത് പ്രസക്തമാണ്. ഭേദഗതി ബിൽ നിയമമായി കഴിഞ്ഞാൽ ആ ഭേദഗതിയിലെ വ്യവസ്ഥകൾ ഏതെല്ലാം സെക്ഷനുകളുമായി ബന്ധപ്പെട്ടാണ് മൂലനിയമത്തിൽ നിൽക്കുന്നത് പാസായിക്കഴിഞ്ഞാൽ അതെല്ലാം നേരെ മൂലനിയമത്തിലേയ്ക്ക് പോയി മൂലനിയമത്തിന്റെ ഭാഗമാകും. പക്ഷെ ഈ ഭേദഗതി നിയമം നിയമമായി സ്റ്റാറ്റ്യൂട്ടിൽത്തന്നെ കിടക്കും. അതാണ് ഒരു പ്രശ്നം. ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ മൂലനിയമത്തിലേയ്ക്ക് എത്തിക്കഴിഞ്ഞിട്ടുണ്ട്. പേരന്റ് ആക്ടിന്റെ

ഭാഗമായി എന്നുള്ളതുകൊണ്ട് ഇത് ഓട്ടോമേറ്റിക്കായി റദ്ദ് ചെയ്യുന്നില്ല. അങ്ങ് പറഞ്ഞ പോലീസ് ആക്ടിൽ 131(1) പ്രകാരം 1960-ലെ കേരള പോലീസ് ആക്ട് റദ്ദാക്കപ്പെട്ടിരുന്നു. ആ ഭേദഗതി നിയമമായിതന്നെ നിലനിൽക്കുന്നുണ്ട്. ആ ഭേദഗതി പ്രത്യേകം റദ്ദ് ചെയ്തില്ലെങ്കിൽ അത് പ്രത്യേക നിയമമായിതന്നെ നിൽക്കും. പുതിയ നിയമം വന്നതോടുകൂടി പഴയ നിയമം മാറി. 131-ാം വകുപ്പുപ്രകാരം 1960-ലെ കേരള പോലീസ് ആക്ട് റദ്ദാക്കപ്പെട്ടു. എന്നാൽ 2007-ലെ കേരള പോലീസ് ഭേദഗതി ആക്ട് അതുപോലെ നിൽക്കുന്നുണ്ട്. പരിഷ്കരിക്കുമ്പോൾ ഓട്ടോമേറ്റിക്കായി ഭേദഗതി നിയമങ്ങൾ ഇല്ലാതാകുന്നില്ല. ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ മൂലനിയമത്തിന്റെ ഭാഗമാകും. മൂലനിയമങ്ങൾ പുതിയ വ്യവസ്ഥകളോടെയും ഭേദഗതി നിയമം നിഷ്ക്രിയമായും നിൽക്കും. ഭേദഗതി നിയമങ്ങൾ റദ്ദാക്കാൻ ലെജിസ്ലേച്ചറിന് സാധിക്കണമെന്നതാണ് ഒന്നാമത്തെ കാര്യം. അതുപോലെ, കേരള യൂണിവേഴ്സിറ്റി ആക്ട്, കോഴിക്കോട് സർവ്വകലാശാല ആക്ട്, ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്ട്, കണ്ണൂർ സർവ്വകലാശാല ആക്ട് എന്നിവ ഭേദഗതി ചെയ്യുന്നതാണ് 2006-ലെ സർവ്വകലാശാല ഭേദഗതി ആക്ട്. ഈ ആക്ട് വന്നതോടുകൂടി ആ

വ്യവസ്ഥകൾ ഈ നാല് സർവ്വകലാശാല ആക്ടുകളുടെയും ഭാഗമായി. പക്ഷേ ഭേദഗതി ആക്ട് അതുപോലെതന്നെ നിൽക്കുകയാണ്. അത് റദ്ദ് ചെയ്യേണ്ടതുണ്ട്. പിന്നീട് വനിതാ കമ്മീഷൻ ആക്ടിന്റെ കാര്യത്തെക്കുറിച്ചാണ് ബഹുമാന്യനായ അംഗം പറഞ്ഞത്. 2007-ലെ കേരള വനിതാ കമ്മീഷൻ ഭേദഗതി ആക്ട് മൂലനിയമത്തിന്റെ ഭാഗമായി. പക്ഷേ ഭേദഗതി ആക്ട് അങ്ങനെ തന്നെ നിൽക്കുന്നുവെന്നതാണ് നമ്മുടെ നിയമ വ്യവസ്ഥയുടെ ഒരു പ്രശ്നം. അതിന് പ്രത്യേകമായി റദ്ദ് ചെയ്യാനുള്ള ഒരു നിയമം കൊണ്ടുവന്നാൽ മാത്രമേ അത് റദ്ദാക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് ഈ നിയമം അനിവാര്യമാക്കിയത്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ ഡ്രാഫ്റ്റ് ചെയ്തതിലെ അപാകം നിമിത്തം അതിലെ വ്യവസ്ഥകളിൽ വ്യക്തതക്കുറവുണ്ടെന്നും റദ്ദുചെയ്യപ്പെടുന്ന നിയമങ്ങളെ സംബന്ധിച്ച് നൽകിയിട്ടുള്ള വിശദാംശങ്ങൾ പൂർണ്ണമല്ലെന്നും അപ്രകാരം അപൂർണ്ണമായ തരത്തിൽ ഈ ബിൽ പാസ്സാക്കുന്നത് നിയമാനുസൃതമല്ലെന്നും ആകയാൽ ഈ ബില്ലിന് അവതരണാനുമതി നൽകരുതെന്നുമാണ് ശ്രീ. എൻ.

ഷംസുദ്ദീൻ തന്റെ തടസ്സവാദത്തിലൂടെ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഇപ്പോൾ നിലവിലുള്ള 105 നിയമങ്ങൾ വിവിധ കാരണങ്ങളാൽ റദ്ദാക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ നിയമാനുസൃതമായും വ്യവസ്ഥാപിതമായുമാണ് തയ്യാറാക്കിയിരിക്കുന്നതെന്നും അവ്യക്തതയും അപൂർണ്ണതയും അക്കാര്യത്തിലുണ്ടെന്ന വാദത്തിൽ കഴമ്പില്ലെന്നുമാണ് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ഇവിടെ വ്യക്തമാക്കിയത്. ചെയർ ഇക്കാര്യം പരിശോധിക്കുകയും പ്രഗത്ഭരായ നിയമവിദഗ്ദ്ധരുടെ വിശദമായ പഠനത്തിന്റെയും പരിശോധനയുടെയും അടിസ്ഥാനത്തിൽ റദ്ദാക്കാവുന്നതായി കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതുമായ നിയമങ്ങളുടെ ലിസ്റ്റ് അടങ്ങിയതാണ് ഈ ബിൽ. ബില്ലിന്റെ ഉള്ളടക്കത്തിൽ ഏതെങ്കിലും തരത്തിലുള്ള അവ്യക്തതയോ അപൂർണ്ണതയോ ഉണ്ടെന്ന് പറയാൻ സാധിക്കില്ല. ഈ സാഹചര്യത്തിൽ ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ച തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി യു. പ്രതിഭ: സർ, 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 26-08-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഏകദേശം 105-ഓളം ബില്ലുകൾ ഒഴിവാക്കിക്കൊണ്ട് കാലാനുസൃതമായി മാറ്റങ്ങൾ വരുത്തുന്നതിനെകുറിച്ച് മാത്രമാണ് 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. അതുകൊണ്ടുതന്നെ അതിനകത്ത് ഒരു വലിയ തരത്തിലുള്ള മാറ്റങ്ങളുണ്ടാകുന്നില്ല.

കാലഹരണപ്പെട്ട നിയമങ്ങൾ മാറുകയും കാലാനുസൃതമായ പരിഷ്കാരങ്ങൾ വരികയുമാണ് ഇത്തരത്തിൽ ഒരു ബില്ലിലൂടെ മുന്നോട്ടുവയ്ക്കുന്നത്. ഒരുപാട് നിയമങ്ങൾ ഈ കാലഘട്ടത്തിന്റെ രീതിക്കനുസരിച്ചല്ല മുന്നോട്ടുപോകുന്നതെന്ന് നമുക്കറിയാം. അതുകൊണ്ടുതന്നെ അതിലെ ചില പ്രയോഗങ്ങളും ചില വാക്കുകളുമൊക്കെ ഓരോ കാലഘട്ടത്തിനുമനുസരിച്ച് ഭേദഗതിയിലൂടെ സഭ മാറ്റാറുണ്ട്. ഞാൻ ഫാക്ടറി ആക്ടിനെക്കുറിച്ച് ശ്രീ. പി. വി. ശ്രീനിജിൻ എം.എൽ.എ.-യുമായി രാവിലെ സംസാരിച്ചിരുന്നു. അതായത് വെള്ളം ശേഖരിക്കാൻ പണ്ടുകാലങ്ങളിലുണ്ടായിരുന്ന കുജവയ്ക്കണമെന്ന് ഫാക്ടറി ആക്ടിൽ ഇപ്പോഴും പറയുന്നുണ്ട്. വാട്ടർ ട്രീറ്റ്മെന്റ് സംവിധാനത്തിലേയ്ക്ക് മാറിയ ഈ കാലഘട്ടത്തിൽ ഇപ്പോഴും കുജവയ്ക്കണമെന്നാണ് ആ ആക്ടിൽ പറയുന്നത്. അത്തരത്തിലുള്ള വാക്കുകൾ ഈ ആധുനിക കാലഘട്ടത്തിൽ മാറ്റേണ്ടതുതന്നെയാണ്. ഇവിടെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഉൾപ്പെടെയുണ്ട്. ഫ്ലഡ് വർക്കുകൾ നമ്മൾ ചെയ്യുമ്പോൾ പഴയകാലത്തെ റൂൾസ് അനുസരിച്ചാണ് ഈ കാലഘട്ടത്തിലും ചെയ്യുന്നത്. ഈ ആവശ്യത്തിനായി സെക്രട്ടേറിയറ്റിലെ ഏതെങ്കിലും സെക്ഷനിൽ പോകുമ്പോൾ ഈ റൂൾസ് വച്ചിട്ടാണ് അവർ

കാര്യങ്ങൾ പറയുന്നത്. ഫ്ലഡ് വർക്ക് അനുവദിക്കുന്നതിന് പത്ത് ലക്ഷം രൂപയെന്നത് കാലങ്ങളായി അങ്ങനെയാണെന്നാണ് പറയുന്നത്. ഇവിടെ ഇരിക്കുന്ന എം.എൽ.എ.-മാർക്കെല്ലാം അറിയാം. അതുകൊണ്ട് കാലാനുസൃതമായ മാറ്റങ്ങൾ അത്തരത്തിലുള്ള റൂളുകളിലും ഓഡറുകളിലും ഉണ്ടാക്കേണ്ടതായിട്ടുണ്ടെന്നുകൂടി സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. പി.ഡബ്ല്യു.ഡി. കാര്യങ്ങളിലും അങ്ങനെ തന്നെയാണ്. ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റിലാണ് കാര്യങ്ങൾ നടക്കുന്നതെന്നാണ് പറയുന്നത്. ഈ കാലഘട്ടത്തിൽ പാല പ്രദേശത്തും കുട്ടനാട് പ്രദേശത്തുമൊക്കെ ഒരു പ്രവൃത്തി ചെയ്യുമ്പോൾ ഏകീകരിക്കപ്പെട്ട ഈ റേറ്റിൽ ചെയ്യാൻ സാധിക്കില്ല. അതിന് മാറ്റങ്ങൾ വരേണ്ടതായിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്ത ഈ കാലഘട്ടത്തിൽ നമ്മൾ ജീവിക്കുമ്പോൾ നിയമങ്ങളിലും ആധുനിക കാലഘട്ടത്തിലേയ്ക്ക് ആവശ്യമായിട്ടുള്ള മാറ്റങ്ങൾ ഉണ്ടാകേണ്ടതുള്ളതുകൊണ്ടുതന്നെ 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പ്രധാന്യമർഹിക്കുന്നതാണെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>മി. സ്പീക്കർ</u>: ചുരുങ്ങിയ സമയത്തിൽ ഭേദഗതി അവതരിപ്പിച്ചത് നല്ല മാതൃകയാണ്. റദ്ദാക്കലും ഒഴിവാക്കലും ബിൽ ആയതുകൊണ്ട് മറ്റംഗങ്ങളും അധികം സമയമെടുക്കില്ലെന്ന് വിചാരിക്കുന്നു.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ പറഞ്ഞതുപോലെ ദീർഘമായ ഒരു അവതരണത്തിനൊന്നും ഉദ്ദേശിക്കുന്നില്ല. കാലാനുസൃതമായിട്ടുള്ള നവീകരണവും ശുദ്ധീകരണവുമാണ് ഈ ബില്ലിലൂടെ മുന്നോട്ടുവയ്ക്കുന്നത്. എല്ലാനിലയിലും ഈ ബിൽ നമ്മുടെ സഭ ഏകകണ്ഠമായി സ്വീകരിക്കുമെന്നാണ് കരുതുന്നത്. ബ്രിട്ടീഷ് ഭരണകാലം മുതൽ ഭൂമിയിലും ആകാശത്തും അല്ലാതെയും യഥാർത്ഥത്തിൽ കാലഹരണപ്പെട്ടതും എന്നാൽ നിയമമായിട്ട് നിൽക്കുന്നതുമായ കാര്യങ്ങളാണ് ഇവിടെ കാലോചിതമായി ഒഴിവാക്കുന്നതിനുവേണ്ടി മുന്നോട്ടുവച്ചിട്ടുള്ളത്. ആ ഒരു കാഴ്ചപ്പാടിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. അതിനെ എല്ലാവരും അംഗീകരിക്കുമെന്ന് കരുതുന്നു. കൂടതലായിട്ടൊന്നും ഈ ബില്ലിന്റെ ഭാഗമായി

സംസാരിക്കണമെന്ന് ഉദ്ദേശിക്കുന്നില്ല. ഈ ബില്ലിന് പൂർണ്ണ പിന്തുണ നൽകുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, വിവിധങ്ങളായ നിയമനിർമ്മാണത്തിലൂടെ കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ 'കേരള മോഡൽ' എന്നൊരു മാതൃകയുണ്ടാക്കിയ നിയമനിർമ്മാണ സഭയാണിത്. ഈ നിയമസഭയുടെ പ്രവർത്തനത്തിൽ 'ഗുഡ് ഗവേർണൻസ്' ഒരു സുപ്രധാന അജണ്ടയായി എടുത്തുകൊണ്ടാണ് പ്രസ്തുത ബിൽ ഇവിടെ അവതരിപ്പിക്കുന്നത്. സംസ്ഥാനത്തിന്റെ വികസന അജണ്ട തീരുമാനിക്കുന്ന ഒന്നാം കേരളനിയമസഭ ഈടുറ്റ നിയമനിർമ്മാണങ്ങൾക്ക് അടിത്തറ പാകിയതുപോലെ, ലിബറൽ ജനാധിപത്യത്തിന്റെ പരിമിതിക്കുള്ളിൽനിന്നുകൊണ്ട് പൊതുക്ഷേമവും സാമൂഹ്യനീതിയും പുരോഗതിയും കൈവരിക്കുന്നതെങ്ങനെയാണെന്ന് കാണിച്ചുതന്ന ഏറ്റവും ശ്രദ്ധേയമായ നിയമനിർമ്മാണം നടത്തിയ ഈ നിയമസഭ, നിയമപരിഷ്കാര കമ്മിഷനുകളെയും കേന്ദ്രഗവൺമെന്റിന്റെ ഗുഡ് ഗവേർണൻസിന്റെയും ഭാഗമായി നടപ്പിലാക്കുന്ന, എന്നാൽ കേന്ദ്രഗവൺമെന്റ് അത്തരത്തിലുള്ള പ്രവർത്തനത്തിൽ ഒരുപാട് പിന്നാക്കം നിൽക്കുമ്പോൾ ഈ ബില്ലിലൂടെ

കാലഹരണപ്പെട്ട 105 നിയമങ്ങൾ റദ്ദാക്കപ്പെടുന്നതിനുവേണ്ടി അവതരിപ്പിക്കപ്പെടുന്ന ഈ പ്രമേയത്തെ പിന്തുണച്ചുകൊണ്ട് വാക്കുകൾ ചുരുക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. യു. എ. ലത്തീഫ്): സർ, ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ചെയർമാനായ കേരള ലാ റിഫോം കമ്മിഷന്റെ ഫൈനൽ റിപ്പോർട്ട് 24-01-2009-ന് സമർപ്പിച്ചിരുന്നെങ്കിലും 13 കൊല്ലമായി ഇതുനടപ്പാക്കാൻ സാധിച്ചിട്ടില്ല. ഇത് ബ്രിട്ടീഷുകാരുണ്ടാക്കിയ നിയമമെന്നാണ് പറയുന്നത്. എന്നാൽ 1860-ലെ ഇന്ത്യൻ പീനൽ കോഡ്, 1908-ലെ സിവിൽ പ്രൊസീഡ്യർ കോഡ്, 1872-ലെ എവിഡൻസ് ആക്ട് എന്നിവയെല്ലാം ബ്രിട്ടീഷുകാരുണ്ടാക്കിയതാണ്. പക്ഷേ ഇന്നും ഇന്ത്യയിലെ കോടതികളിൽ അതുതന്നെയാണ് സ്വീകരിച്ചുവരുന്നത്. ബില്ലിലെ 1 മുതൽ 29 വരെയുള്ള ആക്ടുകൾ മദ്രാസ് ഗവൺമെന്റിന്റെ കാലത്തുള്ളതാണ്. ഇവ മദ്രാസിന്റെ ഭാഗമായിരുന്ന മലബാറിനും ബാധകമായിരുന്നു. ബാക്കിയുള്ള 30 മുതൽ 36 വരെയുള്ള നിയമങ്ങൾ സെൻട്രൽ ആക്ടുകളും 37 മുതൽ 105 വരെയുള്ള ഭേദഗതി ആക്ടുകൾ കേരള ആക്ടുകളുമാണ്. മേൽസൂചിപ്പിച്ച കേരള ലാ റിഫോം

കമ്മീഷന്റെ റിപ്പോർട്ടിൽ ടൗൺ പ്ലാനിംഗ്, ഫിഷറീസ്, കനാൽസ് ആൻഡ് സർവ്വീസ്, ഹെൽത്ത്, ഹൈജീൻ ആൻഡ് എപ്പിഡമിക് ഡിസീസസ്, സൊസൈറ്റീസ് രജിസ്ട്രേഷൻ, രജിസ്ട്രേഷൻ ഓഫ് മെഡിക്കൽ പ്രാക്ടീഷണേഴ്സ്, പ്രിവൻഷൻ ഓഫ് ബെഗ്ഗിംഗ്, ക്രിസ്ത്യൻ മാര്യേജ് എന്നീ എട്ടുകാര്യങ്ങൾ ലാ റിഫോം കമ്മീഷന്റെ റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇതിനൊക്കെ വളരെ വിശദമായ നോട്ടെഴുതി ഇന്നകാരണം കൊണ്ടാണ് റദ്ദാക്കുന്നതെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഭേദഗതി വരുന്നതോടുകൂടി അത് മൂലനിയമത്തിൽ വരുന്നതുകൊണ്ടാണെന്ന് കണ്ടെത്തിയതുകൊണ്ടാണ് ക്രമപ്രശ്നത്തിനുപോലും എതിരായി ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നടത്തിയത്. പക്ഷേ ഈ ആക്ടുകൾ നോക്കുമ്പോൾ, ഭേദഗതിക്കുപകരമായി വന്ന മൂലആക്ട് ഏതാണ്; എങ്ങനെയാണ് ഭേദഗതിയിൽ ലയിച്ചത്; എന്നുപറയാത്തതുകൊണ്ട് ഇതിനെ ഞാൻ പൂർണ്ണമായും അനുകൂലിക്കുന്നില്ല. ഭാഗികമായി എതിർക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ അദ്ധ്യക്ഷതയിലുള്ള കമ്മീഷന്റെ

റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയ നിയമനിർമ്മാണം ആയതുകൊണ്ടായിരിക്കും ബഹുമാനപ്പെട്ട അംഗങ്ങൾ മറ്റുപ്രശ്നങ്ങളൊന്നും ഉന്നയിക്കാത്തത്. ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ച വിഷയം അപ്പോൾതന്നെ ഞാൻ വ്യക്തമാക്കിയിട്ടുള്ളതാണ്. ആദ്യം 810 നിയമങ്ങളാണ് പ്രൊപ്പോസ് ചെയ്തിരുന്നത്. അതിൽ 697 നിയമങ്ങൾ നേരത്തേ റദ്ദാക്കപ്പെട്ടിരുന്നു. അതുകൊണ്ടാണ് പിന്നീട് ആ നിയമങ്ങൾ ഇതിന്റെ ഭാഗമാക്കാതിരുന്നത്. അതിനുശേഷമുള്ള പരിശോധനയ്ക്കായി ഭരണവകുപ്പിലേയ്ക്ക് അയയ്ക്കും. ഭരണവകുപ്പിന്റെ അഭിപ്രായം കൂടി പരിഗണിച്ചാണ് 105 നിയമങ്ങളിലേയ്ക്കെത്തിയത്. അതിൽ തിരുവിതാംകൂർ നിയമങ്ങൾ-2, കൊച്ചി നിയമങ്ങൾ-9, തിരുവിതാംകൂർ-കൊച്ചിയുടെ നിയമങ്ങൾ-1, മലബാറിന്റെ നിയമങ്ങൾ 17, കേന്ദ്രംതന്നെ റദ്ദാക്കണമെന്ന് നമ്മോട് ആവശ്യപ്പെട്ട നിയമങ്ങളിൽ അതത് ഭരണവകുപ്പുകളുമായി ചർച്ച ചെയ്ത് റിപ്പീൽ ചെയ്യാമെന്ന് കണ്ടെത്തിയതാണ് 7 കേന്ദ്ര നിയമങ്ങൾ. കേരള നിയമങ്ങൾ 10 എണ്ണം. നേരത്തേ പ്രതിപാദിച്ച ഭേദഗതി വരുമ്പോൾ അത് മൂലനിയമത്തിൽ നിയമമായി അവശേഷിക്കുന്ന ഭേദഗതി നിയമങ്ങൾ 59. അതാണ് ഏറ്റവും കൂടുതൽ. അത്തരം

നിയമങ്ങളാണ് ഇതിന്റെ ഭാഗമായി റിപ്പീൽ ചെയ്യുന്നത്. ഇവിടെ ഉന്നയിച്ച പ്രശ്നം, ഏത് നിയമത്തിന്റേതാണ്; ഇതിലെ വ്യവസ്ഥകൾ മറ്റേതിനെയെങ്കിലും ബാധിക്കുമോ? എന്നിവ സംബന്ധിച്ച കാര്യങ്ങൾ ഈ നിയമത്തിന്റെ മൂന്നിൽ പറയുന്നുണ്ട്. ഈ നിയമത്തിന്റെ ഭാഗമായി നേരത്തേ നടപ്പാക്കിയ നടപടികളോ ഇതിന്റെ ഭാഗമായി എടുത്തിട്ടുള്ള ഏതെങ്കിലും കാര്യങ്ങളോ ഒന്നുംതന്നെ ഈ നിയമം റിപ്പീൽ ചെയ്യുന്നതോടുകൂടി ഇല്ലാതാകുന്നില്ലെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. അതുകൊണ്ട് ഈ നിയമം എല്ലാവരും അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**വകുപ്പുതിരിച്ചുള്ള പരിഗണന**

2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ

**രണ്ടാം വകുപ്പ്**

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

112. ഖണ്ഡം 2-ൽ 'ആക്റ്റിന്റെ' എന്നതിനുപകരം ' ആക്റ്റിലെ' എന്ന് ചേർക്കുക.

113. ഖണ്ഡം 2-ൽ 'പറഞ്ഞിട്ടുള്ള' എന്നതിനുപകരം ' ചേർത്തിട്ടുള്ള' എന്ന് ചേർക്കുക.

114. ഖണ്ഡം 2-ൽ " റദ്ദാക്കിയിരിക്കുന്നു" എന്നതിനുപകരം " റദ്ദാക്കപ്പെട്ടിരിക്കുന്നു" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 112, 113, 114 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വകുപ്പ്**

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

115. ഖണ്ഡം 3(1)-ൽ " ആക്റ്റ് മൂലം" എന്നതിനുപകരം " ആക്റ്റിലെ" എന്ന് ചേർക്കുക.

116. ഖണ്ഡം 3(1)-ൽ 'പറഞ്ഞിട്ടുള്ള' എന്നതിനുപകരം 'ചേർത്തിട്ടുള്ള' എന്ന് ചേർക്കുക.

117. ഖണ്ഡം 3(1)-ൽ 'റദ്ദാക്കിയത്, റദ്ദാക്കപ്പെട്ട' എന്നതിനുപകരം 'റദ്ദാക്കപ്പെട്ടത് മൂലം ആ' എന്ന് ചേർക്കുക.

118. ഖണ്ഡം 3(1)-ൽ 'ബാധകമാക്കിയിട്ടുള്ളതോ' എന്നതിനുപകരം 'ബാധകമായിട്ടുള്ളതോ' എന്ന് ചേർക്കുക.

119. ഖണ്ഡം 3(1)-ൽ 'ഈ ആക്റ്റ്,' എന്നതിനു ശേഷം 'മൂലം' എന്ന് ചേർക്കുക.

120. ഖണ്ഡം 3(1)-ൽ 'നേരിട്ടതോ' എന്നതിനുപകരം 'നേരിട്ടിട്ടുള്ളതോ' എന്ന് ചേർക്കുക.

121. ഖണ്ഡം 3(1)-ൽ 'പ്രാപ്തമായതോ' എന്നതിനുപകരം 'പ്രാപ്തമായിട്ടുള്ളതോ' എന്ന് ചേർക്കുക.

122. ഖണ്ഡം 3(1)-ൽ 'എന്നിവയെ' എന്നതിനുപകരം 'എന്നിവ' എന്ന് ചേർക്കുക.

123. ഖണ്ഡം 3(1)-ൽ 'ബാദ്ധ്യതാ വിമുക്തിയെയോ' എന്നതിനുപകരം 'ബാദ്ധ്യതാ മുക്തിയെയോ' എന്ന് ചേർക്കുക.

124. ഖണ്ഡം 3(1)-ൽ 'കാര്യത്തെയോ' എന്ന് വരുന്നിടത്തെല്ലാം 'കാര്യങ്ങളെയോ' എന്ന് ചേർക്കുക.

125. ഖണ്ഡം 3(1)-ൽ 'റദ്ദാക്കിയിട്ടുള്ള' എന്നതിനുപകരം 'റദ്ദാക്കപ്പെട്ടിട്ടുള്ള' എന്ന് ചേർക്കുക.

126. ഖണ്ഡം 3(1)-ൽ 'ഇപ്പോൾ' എന്നത് ഒഴിവാക്കുക.

127. ഖണ്ഡം 3(1)-ൽ "സംഗതിയെയോ" എന്നതിനുപകരം "സംഗതികളെയോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 115, 119, 121, 125 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച 115, 119, 121, 125 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 116, 117, 118, 120, 122, 123, 124, 126, 127 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പട്ടിക**

(ഭേദഗതിയില്ല)

മി. സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒന്നാം വകുപ്പും പീഠികയും പേരും**

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

110. ദീർഘശീർഷകത്തിൽ "തുടർന്ന്" എന്നതിനുശേഷം "പ്രയോഗിക്കേണ്ട" എന്ന് ചേർക്കുക.

111. പീഠികയിൽ 'തുടർന്ന് ' എന്നതിനുശേഷം ' പ്രയോഗിക്കേണ്ട' എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 110, 111 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വായന**

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പാസാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പാസാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ.... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ആഗസ്റ്റ് മാസം 24-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.07-ന് പിരിഞ്ഞു.)

* * * * * * * * *